## ദാവാസംവാദകൻ

# ഫാരൻ ഖുറേഷി

## ഇസ്ലാംമതം ഉപേക്ഷിച്ചു

“After years of having been involved in thinktanks, advocacy groups, dawah (invitation of propagation) initiatives and academic apologetics as a Muslim. I have decided to evolve my prospective of reality and existence as knowledge has reached me and renounce my faith in Islam.''



“As a Muslim apologist, I remember debating at numerous types of venues including Mosques, Churches, Universities, Convention Halls and Liabraries. Having engaged with notable Christian apologists such as Dr. James White, Dr. Tony Costa and Prof. David Wood, I learned that the purpose of apologetics was not confrontation, rather to come to an understanding of truth even if it meant evolving ones own perspective.”


നൂറുൽ ഹയാത്ത്

ജീവവെളിച്ചം

NOOR-UL-HAYATH

NOOR-UL-HAYATH
2011 APRIL-MAY-JUNE

ഉള്ളടക്കം

പേജ് നമ്പർ

ബൈബിളിലെ യഹോവയും ഖുർ ആനിലെ അല്ലാഹുവും ഒരുവൻ തന്നെയോ?
– Bro. അനിൽകുമാർ 4

അനുഭവസാക്ഷ്യം............................................................................

ഞാൻ എന്തുകൊണ്ട് മസീഹ് ഈസായിൽ വിശ്വസിക്കുന്നു 71
റവ. മൗലവി ഇമാദുദീൻ ലാഹിസി
(AD 1830-1900)

# 'മസിഹ് ഈസാ വാസ്തവമായും ക്രൂശിക്കപ്പെട്ടുവോ?'

*The Most Salvific Act of
Jesus Christ on the Cross
is Explained to Muslim brothers.*

*- Crucifixion is a fact
Not Fiction -*

***Published by*** : **Al-Noor Ministries**

*കൂടുതൽ വിവരങ്ങൾക്ക്*: **Al-Noor Ministries**
Post Box No. 743, Thrissur-680 005. Mob: 9446142236

ഒരു കോപ്പി 15 രൂപ ഒരു വർഷം 60 രൂപ

# ദാവാസംവാദക്കാരനും ഇസ്ലാം മടുത്തു!

അമേരിക്കയിലെ പ്രമുഖ ദാവാസംവാദകനും മുസ്ലീം ഡിബേറ്റ് ഇനിഷ്യേറ്റിവ് (MDI) എന്ന സംഘടനയിലെ പ്രമുഖ അംഗവുമായിരുന്ന ഫാരൻ ഖുറേഷി ഇസ്ലാംവിശ്വാസം ഉപേക്ഷിച്ചുകൊണ്ട് പരസ്യപ്രസ്താവനയുമായി രംഗത്തെത്തി.

മുസ്ലീം മതത്യാഗിയും ഇസ്ലാമിന്റെ ശക്തനായ വിമർശകനുമായ 'അലി സിന'യുടെ 'ഫെയ്ത്ത് ഫ്രീഡം' എന്ന പ്രസ്ഥാനത്തിന്റെ വെബ്സൈറ്റിൽ (www.faithfreedom.org) പ്രസിദ്ധീകരിച്ച തുറന്ന കത്തിലാണ് ഫാരൻ ഖുറേഷി താൻ ഇസ്ലാംമതം ത്യജിക്കുന്നതായി പ്രഖ്യാപിച്ചത്.

ഡോ. ജെയിംസ് വൈറ്റ്, ഡോ. ടോണികോസ്റ്റ, പ്രൊഫ. ഡേവിഡ്വുഡ് തുടങ്ങിയ പ്രഗത്ഭ ക്രിസ്ത്യൻ വിശ്വാസ സമർത്ഥകരുമായി താൻ നടത്തിയ വിവിധ സംവാദങ്ങൾ വിശ്വാസസമർത്ഥനത്തിന്റെ (apologetics) പ്രധാന ലക്ഷ്യം പരസ്പരമുള്ള ഏറ്റുമുട്ടലോ സംഘർഷമോ അല്ലെന്നും മറിച്ച് യഥാർത്ഥസത്യം, അത് ഒരുവന്റെ സ്വന്തം കാഴ്ചപ്പാടുകളെ പരിവർത്തിപ്പിക്കുന്നതാണെങ്കിൽപോലും, തിരിച്ചറിയുന്നതിലേക്കു കടന്നുവരിക എന്നതാണെന്നു ഫാരൻ ഖുറേഷി തന്റെ കത്തിൽ ചൂണ്ടിക്കാട്ടി. ഈ തിരിച്ചറിവാണ് അനേകവർഷങ്ങളായി ദാവാപ്രബോധന സംഘടനകളിലും മുസ്ലീം ബുദ്ധിജീവി സമൂഹത്തിലും ഉപദേശകസമിതികളിലും പ്രവർത്തിച്ചുവന്ന തന്നെ ഇസ്ലാമിക വിശ്വാസം പരിപൂർണ്ണമായി ഉപേക്ഷിക്കാൻ പ്രേരിപ്പിച്ചതെന്ന് ഖുറേഷി സൂചിപ്പിക്കുന്നു.

ഖുറേഷിയുടെ മതനിരാസനം വിവിധ ദാവാസംവാദക്കാരെ അക്ഷരാർത്ഥത്തിൽ അമ്പരിപ്പിക്കുകയും അങ്കലാപ്പിലാക്കുകയും ചെയ്തിരിക്കുകയാണ്. ചിലർ ഫാരനെതിരെ കടുത്ത വിമർശനവുമായി രംഗത്തെത്തി. വിവരക്കേടെന്നും വഞ്ചനയെന്നുമൊക്കെയാണ് ഒരു കൂട്ടർ ഫാരന്റെ നടപടിയെ വിശേഷിപ്പിച്ചത്. തികച്ചും നിരാശാജനകവും ആശങ്കയുളവാക്കുന്നതുമായ തീരുമാനമെന്ന് മറ്റുചിലർ. ഫാരനു സമചിത്തന നഷ്ടമായി എന്ന് ആക്ഷേപിക്കുന്നവരുമുണ്ട്. ഫാരനുമായി നിരന്തരം സമ്പർക്കം പുലർത്തി താൻ അദ്ദേഹത്തെ 'സൗഖ്യപ്പെടുത്താൻ' (heal) ശ്രമിക്കുകയാണെന്നാണു വേറൊരു ദാവാക്കാരനായ ഒസാമ അബ്ദുള്ള, ഫാരന്റെ പ്രസ്താവന പ്രസിദ്ധീകരിച്ച ഒരു ബ്ലോഗിനോടു പ്രതികരിച്ചത്. എന്നാൽ എം.ഡി.ഐ.യുടെ ഔദ്യോഗിക വെബ്സൈറ്റ് ഫാരൻ മതമുപേക്ഷിച്ചതിനെക്കുറിച്ച് നിശബ്ദത പുലർത്തുകയാണ്.

*സ്വന്തം ലേഖകൻ*

# ബൈബിളിലെ യഹോവയും ഖുർ ആനിലെ അല്ലാഹുവും ഒരുവൻ തന്നെയോ?

**Bro. അനിൽകുമാർ**

പൂർവ്വവേദങ്ങളെന്നു ഖുർആനിൽ വിശേഷിപ്പിക്കപ്പെടുന്ന തൗറാത്തും സാബൂറും ഇഞ്ചീലും അവതരിപ്പിച്ചവൻ തന്നെയാണു തങ്ങളുടെ പ്രവാചകനായ മുഹമ്മദിനു ഖുർആനും അവതരിപ്പിച്ചു കൊടുത്തതെന്നു മുസ്ലീങ്ങൾ ഉറച്ചു വിശ്വസിക്കുകയും വ്യാപകമായി പ്രചരിപ്പിക്കുകയും ചെയ്യാറുണ്ട്. ഖുർആനിലെ പല ആയത്തുകളും തങ്ങളുടെ അവകാശവാദത്തിനു തെളിവായി അവർ ഉദ്ധരിക്കുന്നതും കാണാം. എം. എം. അക്ബറിന്റെ നിച്ച് ഓഫ് ട്രൂത്തുപോലുള്ള 'ദാവാ' സംഘങ്ങൾ തങ്ങളുടെ വാദം സ്ഥാപിക്കാൻ ബൈബിളിനെപ്പോലും ദുർവ്യാഖ്യാനം ചെയ്തു പുസ്തകങ്ങൾ പ്രസിദ്ധീകരിക്കാനും പ്രഭാഷണങ്ങൾ നടത്താനും വലിയ തോതിൽ ഇറങ്ങി പുറപ്പെടാറുമുണ്ട്. യേശുവിനേയും അമ്മയായ മറിയത്തേയും പല പഴയനിയമ പ്രവാചകരേയും കുറിച്ചൊക്കെ ധാരാളം പരാമർശങ്ങൾ ഖുർആനിൽ കാണുന്നതിനാൽ ചില ക്രൈസ്തവ (നാമധാരികൾ)രും ഇസ്ലാമിക വാദത്തെ ശരിയെന്നു തലകുലുക്കി സമ്മതിക്കാറുണ്ട്. ഈയൊരു പശ്ചാത്തലത്തിലാണ്, യഹോവയും അല്ലാഹുവും ആരെന്ന് അഥവാ ആരൊക്കെയെന്ന് ഇരുവിഭാഗങ്ങൾക്കും (ക്രൈസ്തവർക്കും മുസ്ലീങ്ങൾക്കും) ഒരുപോലെ ബോധ്യപ്പെടുകയും പ്രയോജനപ്പെടുകയും ചെയ്യും എന്ന പ്രതീക്ഷയിൽ ഇപ്രകാരമൊരു പഠനം പ്രസിദ്ധീകരിക്കാൻ തുനിയുന്നത്.

"ഞങ്ങളെ നീ നേർമാർഗ്ഗത്തിൽ അഥവാ നീ അനുഗ്രഹിച്ചവരുടെ മാർഗ്ഗത്തിൽ ചേർക്കണമേ. കോപത്തിനിരയായവരുടെ മാർഗ്ഗത്തിലല്ല, പിഴച്ചുപോയവരുടെ മാർഗ്ഗത്തിലുമല്ല" സൂറ. 1:6,7 (നിച്ച് ഓഫ് ട്രൂത്ത് പ്രസിദ്ധീകരിച്ച 'വിശുദ്ധ ഖുർആൻ സമ്പൂർണ്ണ മലയാള പരിഭാഷ'യിൽ ഈ വാക്യങ്ങൾക്ക് അടിക്കുറിപ്പ് കൊടുത്തിരിക്കുന്നത് ഇങ്ങനെയാണ്: "കോപത്തിനിരയായവർ" എന്ന പദത്തിന്റെ പരിധിയിൽ അവിശ്വാസവും സത്യനിഷേധവും മർക്കടമുഷ്ടിയും കൈക്കൊണ്ട എല്ലാവരും ഉൾപ്പെടുമെങ്കിലും ഇവിടെ പ്രധാനമായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്, വേദഗ്രന്ഥത്തിന്റെ വാഹകരാണെന്നതിൽ അഭിമാനം കൊള്ളുന്നതോടൊപ്പം സ്വാർത്ഥ താല്പര്യങ്ങൾക്ക് വേണ്ടി വേദവാക്യങ്ങൾ ദുർവ്യാഖ്യാനം ചെയ്തതു നിമിത്തം അല്ലാഹുവിന്റെ കോപത്തിന് ഇരയായ യഹൂദരാണ്. ഈ നിലപാട് സ്വീകരിക്കുന്ന ഏത് സമുദായക്കാരുടെ അവസ്ഥയും ഇതുപോലെത്തന്നെ. പിഴച്ചുപോയവർ എന്നതുകൊണ്ട് ഇവിടെ പ്രധാനമായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത് യേശു

ക്രിസ്തുവെ ദൈവപുത്രനാക്കുകയും പൗരോഹിത്യത്തെ മതത്തിന്റെ അടിത്തറയാക്കുകയും ചെയ്ത ക്രിസ്ത്യാനികളാണ്. ദൈവീക സന്ദേശം ലഭിച്ചിട്ട് അതിൽനിന്ന് വ്യതിചലിച്ചുപോയ ഏത് സമുദായക്കാരും വഴിപിഴച്ച കൂട്ടത്തിൽ തന്നെയാണ്").

ക്രിസ്ത്യാനികൾ വഴിപിഴച്ചുപോയവരാണെന്ന് മുസ്ലീങ്ങൾ ആക്ഷേപമുന്നയിക്കുമ്പോൾ 'ബൈബിളിന്റെ ഭൂമികയിലും പരിപ്രേക്ഷ്യത്തിലും' നിന്നുകൊണ്ട് അതിനു മറുപടി പറയാൻ ക്രിസ്ത്യാനികളായ ഞങ്ങൾ ബാദ്ധ്യസ്ഥരാണ്. എന്തെന്നാൽ, ബൈബിളിനേയും യേശുക്രിസ്തുവിനേയും എതിർക്കുന്നവരോട് അങ്ങേയറ്റം സഹിഷ്ണുത പുലർത്തുമ്പോൾ തന്നെ, ബൈബിളിനേയും യേശുക്രിസ്തുവിനേയും എതിർക്കുന്ന ആശയങ്ങളോട് അങ്ങേയറ്റം ജീവൻ കൊടുക്കേണ്ടിവന്നാൽ പോലും എതിർത്തു നിൽക്കേണ്ടത് ഒരു ക്രിസ്ത്യാനിയുടെ സ്വാഭാവിക കർത്തവ്യം മാത്രമാകുന്നു. **ഇസ്ലാമിസ്റ്റുകൾ ചെയ്യുന്നതുപോലെ വിമർശിക്കുന്നവരുടെ ജീവനെടുക്കാനല്ല ക്രിസ്തു പഠിപ്പിച്ചത്.** മറിച്ച് വിമർശനത്തെ എതിർത്തുകൊണ്ടു ആവശ്യമെങ്കിൽ സ്വന്തം ജീവൻ കളയാൻ മാത്രമേ യഥാർത്ഥ ക്രിസ്ത്യാനിക്ക് അവകാശമുള്ളൂ. കാരണം, ജഢരക്തങ്ങളോട് കൂടിയ മനുഷ്യരോടല്ല ക്രിസ്ത്യാനിയുടെ പോരാട്ടം (എഫെ. 6:12), പിന്നെയോ, ആ മനുഷ്യരെ നിയന്ത്രിക്കുന്ന അന്ധകാരത്തിന്റെ ദുഷ്ടാത്മശക്തിയോടത്രെ. "നീതി നിമിത്തം കഷ്ടം സഹിക്കേണ്ടി വന്നാലും നിങ്ങൾ ഭാഗ്യവാന്മാർ. അവരുടെ ഭീഷണിയിൽ ഭയപ്പെടുകയും കലങ്ങുകയുമരുത്, എന്നാൽ ക്രിസ്തുവിനെ നിങ്ങളുടെ ഹൃദയങ്ങളിൽ കർത്താവായി വിശുദ്ധീകരിപ്പിൻ" എന്നും നിങ്ങളിലുള്ള പ്രത്യാശയെക്കുറിച്ച് ന്യായം ചോദിക്കുന്ന ഏവനോടും സൗമ്യതയോടെ ഭയഭക്തിയും പൂണ്ട് പ്രത്യുത്തരം പറയുവാൻ എപ്പോഴും ഒരുങ്ങിയിരിപ്പിൻ എന്നും 1 പത്രോ. 3:14,15 വാക്യങ്ങളിലൂടെ ദൈവം കല്പിച്ചിട്ടുള്ളതിനാൽ ക്രിസ്ത്യാനികളായ ഞങ്ങൾക്ക് ഇസ്ലാമിക പക്ഷത്തുനിന്നുള്ള ആരോപണങ്ങൾക്ക് മറുപടി പറഞ്ഞേ മതിയാകുകയുള്ളൂ. അതിന്റെ ഭാഗമായാണ് ബൈബിൾ വെളിപ്പെടുത്തുന്ന സത്യദൈവം തന്നെയാണോ ഖുർആൻ വെളിപ്പെടുത്തുന്ന അള്ളാഹു എന്നു പരിശോധിക്കുവാൻ ഇവിടെ തുനിയുന്നത്.

ഇതൊരു വിമർശന പഠനമല്ല, പ്രത്യുത, താരതമ്യപഠനമാണ്. ബൈബിൾ വെളിപ്പെടുത്തുന്ന ദൈവത്തിന്റെ സ്വഭാവവും ഖുർആൻ വെളിപ്പെടുത്തുന്ന അള്ളാഹുവിന്റെ സ്വഭാവവും ഈ പഠനത്തിൽ താരതമ്യം ചെയ്യപ്പെടുന്നു. അബ്രാഹാമിനു വെളിപ്പെട്ട സത്യദൈവം തന്നെയാണ് അള്ളാഹു എങ്കിൽ, യെഹൂദന്മാരും ക്രിസ്ത്യാനികളും തെറ്റായ പാതയിലാണ്, അവർ അതു തിരുത്തേണ്ടതുണ്ട്. എന്നാൽ യഹോവ എന്ന നാമത്തിൽ അബ്രാഹാമിന് വെളിപ്പെട്ട സർവ്വശക്തനായ ദൈവമല്ല അള്ളാഹു എങ്കിൽ, മുസ്ലീങ്ങൾ ഒന്നടങ്കം വഴി തെറ്റിയിരിക്കുന്നു. അവർ ദിവസവും അഞ്ചുനേരം നമസ്ക്കരിക്കുന്നത് സർവ്വശക്തനായ സത്യദൈവത്തെയല്ല, മറിച്ച് ദൈവമെന്നവകാശപ്പെടുന്ന ഒരു വ്യത്യസ്ത വ്യക്തിയെയാണ്. 'ഏത് വൃക്ഷത്തെയും ഫലംകൊണ്ട് തിരിച്ചറിയാം' എന്ന് യേശുക്രിസ്തു പറഞ്ഞിട്ടുണ്ട്

(ലൂക്കൊസ് 6:44, മത്തായി 7:15–20). ഒരു വ്യക്തി പുറപ്പെടുവിക്കുന്ന ഫലം അവന്റെ വാക്കും പ്രവൃത്തികളുമാണ്. അതായത് ബൈബിൾ വെളിപ്പെടുത്തുന്ന ദൈവത്തേയും ഖുർആൻ വെളിപ്പെടുത്തുന്ന അള്ളാഹുവിനേയും തിരിച്ചറിയേണ്ടതിന് യഥാക്രമം ബൈബിളിൽനിന്നും ഖുർആനിൽ നിന്നുമുള്ള ദൈവത്തിന്റേയും അള്ളാഹുവിന്റേയും വാക്കുകളും പ്രവൃത്തികളും താരതമ്യം ചെയ്യേണ്ടതുണ്ടെന്നർത്ഥം. ഈ താരതമ്യം വിലയിരുത്തി ഖുർആനിലെ അള്ളാഹു ബൈബിൾ വെളിപ്പെടുത്തുന്ന സത്യദൈവമാണോ എന്ന് വായനക്കാർ ചിന്തിച്ച് തീരുമാനിച്ചു കൊള്ളുക. നിത്യതയിൽ പ്രവേശിക്കുവാൻ ഇടയാകാത്തവണ്ണം ആരും നമ്മെ ചതിക്കരുത്. കാരണം, നമ്മുടെ ആത്മാവിന്റെ നഷ്ടം നമുക്ക് സംഭവിക്കാവുന്നതിൽ വെച്ച് ഏറ്റവും വലിയ ദുരന്തമാണ്. മറ്റുള്ളവർക്ക് നമ്മുടെ ആത്മാവ് നരകത്തിൽ പോകുന്നത് വലിയ കാര്യമാകണമെന്നില്ല. ആകയാൽ സർവ്വലോകത്തേക്കാളും വിലയേറിയ സ്വന്തം ആത്മാവിന്റെ നിത്യതയെ സംബന്ധിച്ച കാര്യമാണിത് എന്ന ഗൗരവബോധത്തോടെ ഈ പഠനം തുടർന്നു വായിക്കുവാൻ സ്നേഹത്തിന്റെ ഭാഷയിൽ ഓർമ്മിപ്പിക്കുന്നു.

## യഹോവ ആശയക്കുഴപ്പത്തിന്റെ ദൈവമല്ല

ബൈബിൾ വെളിപ്പെടുത്തുന്ന ദൈവം ആശയക്കുഴപ്പത്തിന്റെ ദൈവമല്ല, സമാധാനത്തിന്റെ ദൈവമാണ് (1 കൊരിന്ത്യർ 14:33). (കലക്കത്തിന്റെ എന്ന് തർജ്ജമ ചെയ്തിരിക്കുന്ന പദം ആശയക്കുഴപ്പം എന്ന അർത്ഥം ഉൾക്കൊള്ളുന്നതാണ്). സകലവും ഉചിതമായും ക്രമമായും ചെയ്യുന്നവനുമാണ് (1 കൊരിന്ത്യർ 14:39).

**I** a. ഈ പ്രസ്താവനയുടെ ഏറ്റവും ശക്തമായ തെളിവ് ബൈബിൾ തന്നെയാണ്. ലോകസൃഷ്ടിയെ സംബന്ധിച്ചായാലും മനുഷ്യന്റെ ഉല്പത്തിയെ സംബന്ധിച്ചായാലും ഇസ്രായേൽ ജനത രൂപം കൊണ്ടതിനെക്കുറിച്ചായാലും യേശുക്രിസ്തുവിന്റെ ജനനത്തെയോ ജീവിതത്തെയോ മരണ അടക്കപുനരുത്ഥാനത്തെയോ സംബന്ധിച്ചായാലും സഭയുടെ രൂപീകരണത്തേയോ വളർച്ചയേയോ സംബന്ധിച്ചായാലും അടുക്കും ചിട്ടയുമുള്ള ചരിത്ര വസ്തുതകളാണ് ബൈബിളിലൂടെ ദൈവം മനുഷ്യർക്ക് കൊടുക്കുന്നത്. 'പുരോഗമനാത്മകമായ ദൈവിക വെളിപ്പാട്' എന്ന സത്യം ബൈബിൾ ക്രമമായി വായിക്കുന്നവർക്ക് എളുപ്പം മനസ്സിലാക്കാൻ പറ്റുന്ന വസ്തുതയാണ്. ബൈബിളിൽ പലയിടത്തും ഇണവാക്യങ്ങൾ ഉണ്ടെങ്കിലും ഒരിടത്തും മടുപ്പുളവാക്കുന്ന വിധം ആവർത്തനങ്ങൾ വരുന്നില്ല എന്നതു ശ്രദ്ധേയമാണ്. ദിനവൃത്താന്തങ്ങളുടെ ഒന്നും രണ്ടും പുസ്തകങ്ങൾ അതിനുമുമ്പുള്ള പുസ്തകങ്ങളുടെ സംഗ്രഹമാണെങ്കിലും അവ പുതിയ ആശയങ്ങൾ പ്രദാനം ചെയ്യുന്നതുമൂലം ആവർത്തന വിരസത ഉളവാക്കാത്തതാണ്. സുവിശേഷങ്ങളുടെ കാര്യവും ഇങ്ങനെ തന്നെ. നാല് സുവിശേഷങ്ങളും ഒരു വ്യക്തിയുടെ ജീവചരിത്രമാണെങ്കിലും അവ നാല് വ്യത്യസ്ത വീക്ഷണകോണുകളിലൂടെ എഴുതപ്പെട്ടതിനാൽ ആവർത്തന വിരസത ഉളവാക്കുന്നില്ല.

b. എന്നാൽ ഖുർആൻ വെളിപ്പെടുത്തുന്ന അള്ളാഹു ക്രമരാഹിത്യം ഇഷ്ടപ്പെടുന്നയാളും ആശയക്കുഴപ്പം ഉണ്ടാക്കുന്നയാളും ആകുന്നു എന്നതിന് ഖുർആൻ തന്നെയാണു തെളിവ്. അന്തമില്ലാത്ത ആവർത്തനങ്ങൾ ഖുർആൻ വായിക്കാനും മനസ്സിലാക്കാനും വലിയ തടസ്സം സൃഷ്ടിക്കുന്നു.

13 വർഷം മെക്കയിലും 10 വർഷം മദീനയിലുമായി 23 വർഷം കൊണ്ട് അള്ളാഹുവിന്റെ മലഖ് (മാലാഖ) ജിബ്രീൽ മുഖാന്തരം മുഹമ്മദിന് അവതരിപ്പിച്ചു കിട്ടിയതാണ് ഖുർആൻ എന്ന് മുസ്ലീം ലോകം വിശ്വസിക്കുന്നു. നൂറ്റിപ്പതിനാല് സൂറകൾ (അദ്ധ്യായങ്ങൾ) ഉള്ള ഖുർആൻ മുഹമ്മദിന്റെ ജീവിതകാലത്ത് ഒരു ഗ്രന്ഥമായി ക്രോഡീകരിക്കപ്പെട്ടിരുന്നില്ല. മുഹമ്മദിന് ഖുർആൻ വെളിപ്പെട്ടു കിട്ടിയ കാലഘട്ടത്തെ ഖുർആനിലെ അദ്ധ്യായങ്ങളിലെ വിഷയങ്ങളുടെ അടിസ്ഥാനത്തിൽ മുസ്ലീം പണ്ഡിതർ മൂന്നായി തരം തിരിച്ചിട്ടുണ്ട്.

## 1 ഒന്നാം മക്കാ കാലഘട്ടം (AD. 611-615)

ഈ കാലഘട്ടത്തിൽ അവതരിപ്പിക്കപ്പെട്ട ആയത്തുകളിൽ (വചനങ്ങൾ) പ്രധാനമായും താക്കീതുകൾ, മുന്നറിയിപ്പുകൾ, ആരാണ് അള്ളാഹു, എന്താണ് അള്ളാഹു തന്റെ സൃഷ്ടികളിൽ നിന്ന് പ്രതീക്ഷിക്കുന്നത് തുടങ്ങിയവയായിരുന്നു പ്രതിപാദ്യം. ഈ കാലഘട്ടത്തിൽ അവതരിച്ച സൂറകളിൽ ചിലതാണ് 1, 51-53, 55-56, 68-70, 73-75, 77-97, 99-104, 111-114 എന്നിവ.

## 2 രണ്ടാം മക്കാ കാലഘട്ടം (AD. 616-622)

ഉപദേശപരമായ ആയത്തുകളാണ് ഈ കാലഘട്ടത്തിൽ കൂടുതലായി അവതരിച്ചത് 'ഇസ്ലാം മാത്രമാണ് ഏക സത്യമതം' എന്ന് പ്രഖ്യാപിക്കുന്നത് ഈ കാലഘട്ടത്തിലാണ്. ഈ സമയത്ത് അവതരിച്ച സൂറകളാണ് 6-7, 10-21, 23, 25-32, 34-36, 38-46, 50, 54, 67, 71-72, 76 എന്നിവ.

## 3 മദീനാ കാലഘട്ടം (AD. 623-632)

മക്കയിൽനിന്ന് മുഹമ്മദ് മദീനയിലേക്ക് പലായനം ചെയ്തതു മുതൽ മദീനയിൽ വെച്ച് മരിക്കുന്നതുവരെയുള്ള കാലഘട്ടം. 'അറബികളുടെ ഇടയിലേക്ക് വന്ന ഒരു താക്കീതുകാരൻ മാത്രമാണ് ഞാൻ' (സൂറാ 42:7, 13:7) എന്ന് മക്കാ കാലത്തു പറഞ്ഞിരുന്ന മുഹമ്മദ് 'മുഴുലോകത്തിന്റെയും മാതൃകയാണ് ഞാൻ' (സൂറ 3:31-32, 4:65-69,115) എന്നു പ്രഖ്യാപിച്ചതും തനിക്കുവേണ്ടി സ്വലാത്ത് (പ്രാർത്ഥന) ചൊല്ലൽ നിർബന്ധമാക്കിയതും (സൂറ 33:56) മദീനയിലെത്തിയതിനുശേഷമാണ്. **ഇവിടെ സ്വലാത്തിനെക്കുറിച്ചല്പം പറയുന്നത് ഉചിതമായിരിക്കുമെന്നു കരുതുന്നു.** കെ. ഉമർ മൗലവി സാഹിബ് തർജ്ജമ ചെയ്ത് തിരൂരങ്ങാടിയിലെ സി. എച്ച് മുഹമ്മദ് & സൺസ് പ്രസിദ്ധീകരിച്ച 'തർജ്ജമാനുൽ ഖുർആൻ (മലയാള പരിഭാഷ)യിൽ സൂറാ 33:56 തർജ്ജമ ചെയ്തിരിക്കുന്നത് ഇങ്ങനെയാണ് **"നിശ്ചയം, അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് സ്വാലത്തു ചൊല്ലുന്നു. വിശ്വസിച്ചവരെ! നിങ്ങൾ നബിക്ക് സ്വലാത്തും സലാമും ചൊല്ലുവിൻ"**

**ഏതൊരു അറബി പണ്ഡിതനോടും 'സ്വലാത്ത്' എന്ന വാക്കിന്റെ അർത്ഥമെന്താണെന്ന് ചോദിച്ചാൽ 'പ്രാർത്ഥന' എന്നായിരിക്കും പറയുന്ന ഉത്തരം. ഇവിടെ സ്വാഭാവികമായും ഉയരുന്ന ഒരു ചോദ്യമുണ്ട് 'അല്ലാഹുവും അവന്റെ മലക്കുകളും (ദൂതന്മാരും) നബിക്ക് സ്വലാത്ത് ചൊല്ലുന്നു എന്നാണ് ഈ അയത്തിന്റെ ആദ്യഭാഗത്ത് പറഞ്ഞിരിക്കുന്നത്. അള്ളാഹുവിന്റെ മലക്കുകൾ നബിക്കുവേണ്ടി അല്ലാഹുവിനോട് സ്വലാത്ത് (പ്രാർത്ഥന) ചൊല്ലുന്നു എന്നത് മനസ്സിലാക്കാം, പക്ഷെ അള്ളാഹു ആരോടാണു സ്വലാത്തു ചൊല്ലുന്നത്? അള്ളാഹുവിനേക്കാൾ വലുതായി വേറെ ആരോ ഉണ്ട് എന്നല്ലെ അതിനർത്ഥം?** ഈ പ്രശ്നത്തിന് പരിഹാരം കാണാൻ ഉമർമൗലവി സാഹിബ് ഈ ആയത്തിന് ഒരു അടിക്കുറിപ്പ് കൊടുത്തിട്ടുണ്ട്. അതിങ്ങനെയാണ്:

"അല്ലാഹു സ്വലാത്ത് ചെയ്യുന്നു എന്നു വെച്ചാൽ ആദരപൂർവ്വം ദയ കാണിക്കുന്നു എന്ന് സാരം. മലക്കുകൾ സ്വലാത്ത് ചെയ്യുന്നു എന്ന് വച്ചാൽ നബിയുടെ ഗുണത്തിനു വേണ്ടി അവർ പ്രാർത്ഥിക്കുന്നു എന്നർത്ഥം. മുഅ്മിനുകളുടെ സ്വലാത്തും സലാമും അറിയപ്പെട്ട പ്രത്യേക വാചകങ്ങളിൽ പ്രാർത്ഥിക്കൽ തന്നെ"

വ്യാഖ്യാനത്തിന്റെ ദയനീയത നോക്കുക. 'സ്വലാത്ത്' എന്ന വാക്കിന് അല്ലാഹു ചെയ്യുമ്പോൾ ഒരർത്ഥവും അല്ലാഹുവിന്റെ മലക്കുകളും മുഅ്മിനിങ്ങളും (മുസ്ലീങ്ങളായ വിശ്വാസികൾ) ചൊല്ലുമ്പോൾ വ്യത്യസ്തമായ ഒരർത്ഥവും കിട്ടുന്നതെങ്ങനെയാണാവോ? സ്വലാത്ത് എന്ന പദത്തിന് പ്രാർത്ഥിക്കുക, യാചിക്കുക തുടങ്ങിയ അർത്ഥമല്ലാതെ 'ആദരപൂർവ്വം ദയകാണിക്കുക' എന്നൊരർത്ഥം അറബിയിൽ ഇല്ലതന്നെ! 'അല്ലാഹുവിനോടു ഞാൻ സ്വലാത്ത് ചൊല്ലുന്നു' എന്ന് ഒരു മുസ്ലീം പറയുമ്പോൾ 'അല്ലാഹുവിനോട് ഞാൻ ആദരപൂർവ്വം ദയകാണിക്കുന്നു' എന്നാണോ അർത്ഥമാക്കുന്നത്? അള്ളാഹുവിന്റെ അടിമയാകാൻ ആഗ്രഹിച്ച് ഇരിക്കുന്നവർക്ക് മൗലവിയുടെ വ്യാഖ്യാനം വെള്ളം തൊടാതെ വിഴുങ്ങാൻ കഴിയും. പക്ഷേ, ചിന്താശേഷിയുള്ള മുസ്ലീങ്ങൾക്ക് ഈ വ്യാഖ്യാനം കല്ലുകടിയുണ്ടാക്കും!

കല്ലുകടിയുണ്ടാക്കും എന്നറിയുന്നതിനാൽ കേരളത്തിലെ പ്രമുഖ ദാവാപ്രസംഗകനായ ശ്രീ. എം. എം. അക്ബർ നേതൃത്വം കൊടുക്കുന്ന 'നിച്ച് ഓഫ് ട്രൂത്ത്' എന്ന സംഘടന പ്രസിദ്ധീകരിച്ച 'വിശുദ്ധ ഖുർആൻ സമ്പൂർണ്ണ മലയാള പരിഭാഷ'യിൽ സൂറാ 33:56 പരിഭാഷപ്പെടുത്തിയിരിക്കുന്നത് എപ്രകാരമാണെന്ന് നോക്കുക:

"തീർച്ചയായും അല്ലാഹുവും അവന്റെ മലക്കകളും നബിയോട് കാരുണ്യം കാണിക്കുന്നു. സത്യവിശ്വാസികളേ, നിങ്ങൾ അദ്ദേഹത്തിന്റെ മേൽ (അല്ലാഹുവിന്റെ) കാരുണ്യവും ശാന്തിയുമുണ്ടാകാൻ പ്രാർത്ഥിക്കുക".

ഉമർ മൗലവി സാഹിബിന് അല്ലാഹുവിനെ ഭയമുണ്ടായിരുന്നതിനാൽ സൂറാ. 33:56 അങ്ങനെതന്നെ അറബിയിൽ നിന്ന് മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയിട്ട് (സ്വലാത്ത്, സലാം എന്നീ പദങ്ങൾ മാത്രമേ

അദ്ദേഹം പരിഭാഷപ്പെടുത്താതിരുന്നുള്ളൂ) അതിന്റെ വ്യാഖ്യാനം അടിക്കുറിപ്പായി കൊടുക്കുകയാണുണ്ടായത്. എന്നാൽ ശ്രീ. എം. എം. അക്ബർ സ്വന്തം വ്യാഖ്യാനം തന്നെ അള്ളാഹുവിന്റെ ആയത്ത് എന്ന നിലയിൽ പരിഭാഷപ്പെടുത്തിയിരിക്കുകയാണ്. 'ജമാഅത്തെ ഇസ്ലാമി' പ്രസിദ്ധീകരിച്ച 'ഖുർആൻ ലളിതസാരം' (തർജ്ജമ -ഷേയ്ഖ് മുഹമ്മദ് കാരക്കുന്ന്, വാണിദാസ് എളയാവൂർ) എടുത്ത് നോക്കിയാൽ അതിലും വ്യാഖ്യാനം ആണ് ആയത്ത് എന്നനിലയിൽ പരിഭാഷപ്പെടുത്തിയിരിക്കുന്നത് എന്നു കാണാം. തങ്ങളുടെ സ്വന്തം മതഗ്രന്ഥം തർജ്ജമ ചെയ്യുമ്പോൾ പോലും സത്യസന്ധതയും ധാർമ്മിക മര്യാദയും പാലിക്കാത്ത ഇക്കൂട്ടരാണ് നാഴികക്ക് നാല്പത് വട്ടം 'ബൈബിൾ തിരുത്തപ്പെട്ടതാണ്' എന്ന് ഉച്ചൈസ്തരം ഉദ്ഘോഷിക്കുന്നത് എന്ന കാര്യം സാന്ദർഭികമായി ഓർമ്മിപ്പിക്കാൻ വേണ്ടിയാണ് ഇത്രയും പറഞ്ഞത്).

നമുക്കു ഖുർആൻ ആയത്തുകളുടെ കാലക്രമത്തിലേക്കു തിരിച്ചു വരാം. അള്ളാഹുവിന്റെ സ്വർഗ്ഗത്തേയും സ്വർഗ്ഗീയ കാര്യങ്ങളേയും കുറിച്ച് മക്കയിൽ വെച്ച് പറഞ്ഞിരുന്ന മുഹമ്മദ് മദീനയിലെത്തിയതിനു ശേഷം അധികവും പറയുന്നത് ശത്രുക്കളെ ആക്രമിച്ച് അവരുടെ സമ്പത്ത് കൊള്ളയടിക്കുന്നതിനെക്കുറിച്ചും അവരെ അടിമകളാക്കി പിടിക്കുന്നതിനെക്കുറിച്ചും അള്ളാഹുവിന്റെ രാജ്യം നശ്വരമായ ഈ ഭൂമിയിൽത്തന്നെ സ്ഥാപിക്കുന്നതിനെക്കുറിച്ചുമൊക്കെയാണ്. ഈ അവസാന കാലഘട്ടത്തിൽ സാമൂഹികവും രാഷ്ട്രീയവുമായ ആയത്തുകളാണ് ആത്മീയമായ ആയത്തുകളേക്കാൾ അധികം അള്ളാഹു ഇറക്കിക്കൊടുത്തിരിക്കുന്നത്. 2-5, 8-9,22,24,33, 47-49, 57-59, 60-66,98,110 എന്നീ സൂറകളാണ് മദീനയിൻ കാലഘട്ടത്തിൽ അവതരിച്ചത്.

ഇതിൽ ഉൾപ്പെടാത്ത ചില സുറകളുമുണ്ട്. 105-109വരെയുള്ളവ. അവ ഏത് കാലഘട്ടത്തിലാണ് അവതരിപ്പിക്കപ്പെട്ടത് എന്നതിനെ സംബന്ധിച്ച് മുസ്ലീം പണ്ഡിതർക്കിടയിൽ ഏകാഭിപ്രായമല്ല ഉള്ളത്.

ഖുർആനിനകത്തുള്ള വിഷയം ശരിയായ വിധത്തിൽ ഗ്രഹിക്കണമെങ്കിൽ കാലാനുക്രമത്തിൽ ഖുർആൻ വായിച്ചെങ്കിലേ മനസ്സിലാകുകയുള്ളൂ. അതുകൊണ്ട് ഖുർആൻ അവതരിച്ച കാലക്രമത്തിൽ അദ്ധ്യായങ്ങൾ ക്രോഡീകരിച്ച ഒരു പട്ടിക താഴെ കൊടുക്കുന്നു.

## പട്ടിക 1

(നിലവിലുള്ള ഖുറാനിലെ സ്ഥാനക്രമമാണ് ഓരോ സൂറായുടേയും നേരെ ബ്രാക്കറ്റിൽ നല്കിയിരിക്കുന്നത്.)

| | | |
|---|---|---|
| 1. | അലഖ് | (96) |
| 2. | ഖലം | (68) |
| 3. | മുസമ്മിൽ | (73) |
| 4. | മുദാഥിർ | (74) |
| 5. | ഫാത്തിഹ | (1) |
| 6. | ലഹബ് | (111) |
| 7. | തഖാവീർ | (81) |
| 8. | അഅ്ല | (87) |
| 9. | ലൈൽ | (92) |
| 10. | ഫജ്ർ | (89) |
| 11. | സുഹാ | (93) |
| 12. | ശർഹ് | (94) |
| 13. | അസ്ർ | (103) |
| 14. | ആദിയാത്ത് | (100) |
| 15. | കൗഥർ | (108) |

| | | | | | |
|---|---|---|---|---|---|
| 16. | തകാഥൂർ | (102) | 56. | സ്വാഫ്ഫാത്ത് | (37) |
| 17. | മാ ഊൻ | (107) | 57. | ലുഖ്മാൻ | (31) |
| 18. | കാഫിറൂൻ | (109) | 58. | സബഅ് | (34) |
| 19. | ഫീൽ | (105) | 59. | സുമർ | (39) |
| 20. | ഫലഖ് | (113) | 60. | മുഅ്മിൻ | (40) |
| 21. | നാസ് | (114) | 61. | ഹാമീം സജദ | (41) |
| 22. | ഇഖ്ലാസ് | (112) | 62. | ശൂറാ | (42) |
| 23. | നജ്മ് | (53) | 63. | സുഖ്റൂഫ് | (43) |
| 24. | അബസ | (80) | 64. | ദുഖാൻ | (44) |
| 25. | ഖദ്ർ | (97) | 65. | ജാഥിയ | (45) |
| 26. | ശംസ് | (91) | 66. | അഹ്ഖാഫ് | (46) |
| 27. | ബുറൂജ് | (85) | 67. | ദാരിയാത്ത് | (51) |
| 28. | തീൻ | (95) | 68. | ഗാശിയഃ | (88) |
| 29. | ഖുറൈസ് | (106) | 69. | അൽ കഹ്ഫ് | (18) |
| 30. | ഖാരിഅഃ | (101) | 70. | നഹ്ൽ | (16) |
| 31. | ഖിയാമ: | (75) | 71. | നൂഹാ | (71) |
| 32. | ഹുമസഃ | (104) | 72. | ഇബ്റാഹീം | (14) |
| 33. | മുർസലാത്ത് | (77) | 73. | അൻബിയാ | (21) |
| 34. | ഖാഫ് | (50) | 74. | മുഅ്മിനൂൻ | (23) |
| 35. | ബലദ് | (90) | 75. | സജദഃ | (32) |
| 36. | ത്വാരിഖ് | (86) | 76. | ത്വൂർ | (52) |
| 37. | ഖമർ | (54) | 77. | മുൽക് | (67) |
| 38. | സ്വാദ് | (38) | 78. | ഹാഖ്ഖ | (69) |
| 39. | അഅ്റാഫ് | (7) | 79. | മആരിജ് | (70) |
| 40. | ജിന്ന് | (72) | 80. | നബഅ് | (78) |
| 41. | യാസീൻ | (38) | 81. | നാസിആത്ത് | (79) |
| 42. | ഫുർഖാൻ | (25) | 82. | ഇൻഫിത്വാർ | (82) |
| 43. | ഫാത്വിർ | (35) | 83. | ഇൻശിഖാഖ് | (84) |
| 44. | മർയം | (19) | 84. | റൂം | (30) |
| 45. | ത്വാഹാ | (20) | 85. | അൻകബൂത് | (29) |
| 46. | വാഖിഅഃ | (56) | 86. | മുത്വഫ്ഫിഫീൻ | (83) |
| 47. | ശുഅറാ | (26) | 87. | അൽബഖറ | (2) |
| 48. | നംല് | (27) | 88. | അൻഫാൽ | (8) |
| 49. | ഖസസ് | (28) | 89. | ആലുഇംറാൻ | (3) |
| 50. | ഇസ്റാഅ് | (17) | 90. | അഹ്സാബ് | (33) |
| 51. | യൂനുസ് | (10) | 91. | മുംതഹന | (60) |
| 52. | ഹൂദ് | (11) | 92. | നിസാഅ് | (4) |
| 53. | യൂസുഫ് | (12) | 93. | സൽസല | (99) |
| 54. | ഹിജ്റ് | (15) | 94. | ഹദീദ് | (57) |
| 55. | അൻആം | (6) | 95. | മുഹമ്മജ് | (47) |

| | | |
|---|---|---|
| 96. | റഅ്ദ് | (13) |
| 97. | റഹ്മാൻ | (55) |
| 98. | ഇൻസാൻ | (76) |
| 99. | ത്വലാഖ് | (65) |
| 100. | ബയ്യിനാ | (98) |
| 101. | ഹശ്ർ | (59) |
| 102. | നൂർ | (24) |
| 103. | ഹജ്ജ് | (22) |
| 104. | മുനാഫിഖൂൻ | (63) |
| 105. | മുജാദിലഃ | (58) |
| 106. | ഹുജുറാത്ത് | (49) |
| 107. | തഹ്രീം | (66) |
| 108. | തഗാബൂൻ | (64) |
| 109. | സ്വഫ്ഫ് | (61) |
| 110. | ജുമുഅഃ | (62) |
| 111. | ഫത്ഹ് | (48) |
| 112. | മാഇദ | (5) |
| 113. | തൗബ | (9) |
| 114. | നസ്ർ | (110) |

ഈ വിധം കാലാനുക്രമത്തിൽ ഖുർ ആൻ അധ്യായങ്ങൾ ക്രോഡീകരിച്ചാൽ നിലവിലെ ഖുർആനിൽ 96-ാം സ്ഥാനത്ത് നിൽക്കുന്ന അദ്ധ്യായം ഒന്നാം സ്ഥാനത്ത് വരും. നിലവിലെ ഒന്നാം അദ്ധ്യായം അഞ്ചാം അദ്ധ്യായമായി മാറും. നിലവിലെ രണ്ടാം അദ്ധ്യായം 87-ാം അദ്ധ്യായമായും മാറും. പകരം 68, 73, 74 എന്നീ അദ്ധ്യായങ്ങൾ രണ്ട്, മൂന്ന്, നാല് അദ്ധ്യായങ്ങളായി വരും. മനുഷ്യരാശിക്ക് താൻ കൊടുക്കാൻ പോകുന്ന ഒരു ഗ്രന്ഥം ഇപ്രകാരം അടുക്കും ചിട്ടയുമില്ലാതെ, തലയും വാലും മനസ്സിലാക്കാൻ പറ്റാത്തവിധം കൂടിക്കുഴഞ്ഞ് ക്രമരഹിതമായിരിക്കണം എന്നാഗ്രഹിക്കുന്ന അള്ളാഹു, സകലവും ക്രമമായും ഉചിതമായും നടക്കമമെന്നാഗ്രഹിക്കുന്ന ബൈബിളിലെ സത്യദൈവം തന്നെയാണെന്ന് പറഞ്ഞാൽ സ്ഥിരബുദ്ധിയുള്ള ആരെങ്കിലും അത് വിശ്വസിക്കുമോ?

എന്തുകൊണ്ടാണ് ഖുർആൻ ഈ വിധം ക്രോഡീകരിച്ചിരിക്കുന്നതെന്ന് ഏതൊരു മുസ്ലീം പണ്ഡിതനോടു ചോദിച്ചാലും നമുക്കു ലഭിക്കുന്ന മറുപടി 'സൂറകളുടെ വലുപ്പമനുസരിച്ച് ക്രോഡീകരിച്ചതുകൊണ്ടാണ് ഇങ്ങനെ ആയിപ്പോയത്' എന്നായിരിക്കും. വലിയ അധ്യായങ്ങൾ ആദ്യവും ചെറിയ അദ്ധ്യായങ്ങൾ അവസാനവും വരത്തക്കവണ്ണമാണ് ഖുർആൻ ക്രോഡീകരിക്കപ്പെട്ടതെന്നർത്ഥം! തമാശ തോന്നുന്ന വിശദീകരണമാണിത്. എം. ടി വാസുദേവൻനായർ 'അസുരവിത്ത്' എന്ന നോവലും പ്രൊഫ. ശ്രീധരമേനോൻ 'ഇന്ത്യ ചരിത്രം' എന്ന ഗ്രന്ഥവും എഴുതിതീർത്തതിനുശേഷം രണ്ടുപേരും താന്താങ്ങളുടെ പുസ്തകങ്ങളെ അദ്ധ്യായങ്ങളുടെ വലുപ്പചെറുപ്പത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ച് പുറത്തിറക്കിയാൽ വായനക്കാരിൽ നിന്ന് ആ പുസ്തകങ്ങൾക്ക് ലഭിക്കാവുന്ന പ്രതികരണം എവ്വിധമായിരിക്കുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ.

'സൂറകളുടെ വലുപ്പചെറുപ്പത്തിന്റെ അടിസ്ഥാനത്തിലാണ് ഖുർആൻ ക്രോഡീകരിക്കപ്പെട്ടിരിക്കുന്നത്' എന്ന മുല്ലാമാരുടെ വാദത്തിന്റെ പൊള്ളത്തരം അറിയാൻ ഓരോ സൂറകളിലേയും ആയത്തുകളുടെ (വാക്യങ്ങളുടെ) എണ്ണം ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പട്ടിക താഴെ കൊടുക്കുന്നു. നിലവിലെ ഖുർആനിലുള്ള സൂറകളുടെ സ്ഥാനം, സൂറകളുടെ പേര്, ആയത്തുകളുടെ എണ്ണം എന്ന ക്രമത്തിലാണ് പട്ടിക കൊടുത്തിരിക്കുന്നത്.

## പട്ടിക 2


| | | | |
|---|---|---|---|
| 1 | ഫാത്തിഹ | - | 7 |
| 2 | അൽബഖറ | - | 286 |
| 3 | ആലുഇംറാൻ | - | 200 |
| 4 | അന്നിസാഅ് | - | 176 |
| 5 | മാഇദ | - | 120 |
| 6 | അൻആം | - | 165 |
| 7 | അഅ്റാഫ് | - | 206 |
| 8 | അൻഫാൽ | - | 75 |
| 9 | തൗബഃ | - | 129 |
| 10 | യൂനസ് | - | 109 |
| 11 | ഹൂദ് | - | 123 |
| 12 | യൂസുഫ് | - | 111 |
| 13 | റഅ്ദ് | - | 43 |
| 14 | ഇബ്റാഹിം | - | 52 |
| 15 | ഹിജ്റ് | - | 99 |
| 16 | നഹ്ൽ | - | 128 |
| 17 | ഇസ്റാഅ് | - | 111 |
| 18 | അൽകഹ്ഫ് | - | 110 |
| 19 | മർയം | - | 98 |
| 20 | ത്വാഹാ | - | 135 |
| 21 | അൻബിയാ | - | 112 |
| 22 | ഹജ്ജ് | - | 78 |
| 23 | മുഅ്മിനൂൻ | - | 118 |
| 24 | നൂർ | - | 64 |
| 25 | ഫുർഖാൻ | - | 77 |
| 26 | ശുഅറാ | - | 227 |
| 27 | നംല് | - | 93 |
| 28 | ഖസസ് | - | 88 |
| 29 | അൻകബൂത് | - | 69 |
| 30 | റൂം | - | 60 |
| 31 | ലുഖ്മാൻ | - | 34 |
| 32 | സജദഃ | - | 30 |
| 33 | അഹ്സാബ് | - | 73 |
| 34 | സബഅ് | - | 54 |
| 35 | ഫാത്വിർ | - | 45 |
| 36 | യാസീൻ | - | 83 |
| 37 | സ്വാഫ്ഫാത് | - | 182 |
| 38 | സ്വാദ് | - | 88 |
| 39 | സുമർ | - | 75 |
| 40 | മഅ്മിൻ | - | 85 |
| 41 | ഹാമീംസജദഃ | - | 54 |
| 42 | ശൂറാ | - | 53 |
| 43 | സുഖ്റൂഫ് | - | 89 |
| 44 | ദുഖാൻ | - | 59 |
| 45 | ജാഥിയ | - | 37 |
| 46 | അഹ്ഖാഫ് | - | 35 |
| 47 | മുഹമ്മദ് | - | 38 |
| 48 | ഫത്ഹ് | - | 29 |
| 49 | ഹുജുറാത്ത് | - | 18 |
| 50 | ഖാഫ് | - | 45 |
| 51 | ദാരിയാത്ത് | - | 60 |
| 52 | ത്വൂർ | - | 49 |
| 53 | നജ്മ് | - | 62 |
| 54 | ഖമർ | - | 55 |
| 55 | റഹ്മാൻ | - | 78 |
| 56 | വാഖിഅഃ | - | 96 |
| 57 | ഹദീദ് | - | 29 |
| 58 | മുജാദിലഃ | - | 22 |
| 59 | ഹശ്ർ | - | 24 |
| 60 | മുംതഹന | - | 13 |
| 61 | സ്വഫ്ഫ് | - | 14 |
| 62 | ജുമുഅഃ | - | 11 |
| 63 | മുനാഫിഖൂൻ | - | 11 |
| 64 | തഗാബൂൻ | - | 18 |
| 65 | ത്വലാഖ് | - | 12 |
| 66 | തഹ്രീം | - | 12 |
| 67 | മുൽക് | - | 30 |
| 68 | ഖലം | - | 52 |
| 69 | ഹാഖ്ഖ് | - | 52 |
| 70 | മആരിജ് | - | 44 |
| 71 | നൂഹ് | - | 28 |
| 72 | ജിന്ന് | - | 28 |
| 73 | മുസമ്മിൽ | - | 20 |
| 74 | മുദ്ദഥ്ഥിർ | - | 56 |
| 75 | ഖിയാമഃ | - | 40 |
| 76 | ഇൻസാൻ | - | 31 |
| 77 | മുർസലാത്ത് | - | 50 |

| | | | |
|---|---|---|---|
| 78 | നബഅ് | - | 40 |
| 79 | നാസിആത്ത് | - | 46 |
| 80 | അബസ | - | 42 |
| 81 | തക്‌വീർ | - | 29 |
| 82 | ഇൻഫിത്വാർ | - | 19 |
| 83 | മുത്വഫ്ഫിഫീൻ | - | 36 |
| 84 | ഇൻശിഖാഖ് | - | 25 |
| 85 | ബുറൂജ് | - | 22 |
| 86 | ത്വാരിഖ് | - | 17 |
| 87 | അഅ്‌ലാ | - | 19 |
| 88 | ഗാശിയഃ | - | 26 |
| 89 | ഫജ്ർ | - | 30 |
| 90 | ബലദ് | - | 20 |
| 91 | ശംസ് | - | 15 |
| 92 | ലൈൽ | - | 21 |
| 93 | സുഹാ | - | 11 |
| 94 | ശർഹ് | - | 8 |
| 95 | തീൻ | - | 8 |
| 96 | അലഖ് | - | 19 |
| 97 | ഖദ്ർ | - | 5 |
| 98 | ബയ്യിനഃ | - | 8 |
| 99 | സൽസലഃ | - | 8 |
| 100 | ആദിയാത്ത് | - | 11 |
| 101 | ഖാരിഅഃ | - | 11 |
| 102 | തകാഥൂർ | - | 8 |
| 103 | അസ്ർ | - | 3 |
| 104 | ഹുമുസഃ | - | 9 |
| 105 | ഫീൽ | - | 5 |
| 106 | ഖുറൈശ് | - | 4 |
| 107 | മാഊൻ | - | 7 |
| 108 | കൗഥർ | - | 3 |
| 109 | കാഫിറൂൻ | - | 6 |
| 120 | നസ്ർ | - | 3 |
| 121 | മസദ് | - | 5 |
| 122 | ഇഖ്‌ലസ് | - | 4 |
| 123 | ഫലഖ് | - | 5 |
| 124 | നാസ് | - | 6 |

(നിച്ച് ഓഫ് ട്രൂത്ത് പ്രസിദ്ധീകരിച്ച 'വിശുദ്ധ ഖുർആൻ സമ്പൂർണ്ണ മലയാള പരിഭാഷ'യിലെ ആയത്തുകളുടെ എണ്ണമാണ് കൊടുത്തിരിക്കുന്നത്)

'സൂറകളുടെ വലുപ്പ-ചെറുപ്പത്തിന്റെ അടിസ്ഥാനത്തിലാണ് ഖുർആൻ ക്രോഡീകരിച്ചിരിക്കുന്നത്' എന്ന മുസ്ലീം പണ്ഡിതരുടെ വാദം ഈ പട്ടികയുടെ മുമ്പാകെ തകർന്നു വീഴുന്നതു നോക്കുക. പ്രാർത്ഥന ഉൾക്കൊള്ളുന്ന സൂറയാണ് 'ഫാത്തിഹാ' എന്നതിനാൽ ഏഴ് വാക്യങ്ങളേ ഉള്ളുവെങ്കിലും അത് ഒന്നാം സ്ഥാനത്ത് വന്നത് മനസ്സിലാക്കാം. 286 ആയത്തുകളുള്ള 'അൽ ബഖ്റ' രണ്ടാം സ്ഥാനത്ത് വന്നതു വലുപ്പത്തിന്റെ അടിസ്ഥാനത്തിലാണെന്നും സമ്മതിക്കാം. എന്നാൽ, മൂന്നാം സ്ഥാനത്തു വരേണ്ട 227 ആയത്തുകളുള്ള 'ശുഅറാ' എന്ന സൂറ ഖുർആനിൽ 26-ാം സ്ഥാനത്താണ് ഉള്ളത്. അതുപോലെ നാലാം സ്ഥാനത്തു വരേണ്ട 206 ആയത്തുകളുള്ള അഅ്റാഫ് എന്ന സൂറ ഏഴാം സ്ഥാനത്താണ് ഉള്ളത്. വലുപ്പം കൂടിയ സൂറകൾ ആദ്യം എന്ന ക്രമത്തിൽ ക്രോഡീകരിക്കുകയാണെങ്കിൽ ഫാത്തിഹ ഉൾപ്പെടെ ആദ്യത്തെ 15 സൂറകൾ ഇപ്രകാരമായിരിക്കും (വിസ്താരഭയത്താലാണ് 15 സൂറകൾ മാത്രം എടുത്തിരിക്കുന്നത്. സൂറകളുടെ സ്ഥാനക്രമം, സുറകളുടെ പേര്, ആയത്തുകളുടെ എണ്ണം, എന്ന വിധത്തിലാണ് പട്ടിക ഒരുക്കിയിട്ടുള്ളത്. ബ്രാക്കറ്റിൽ നിലവിലെ ഖുർ ആനിൽ ആ സൂറയുടെ സ്ഥാനം).

## പട്ടിക 3

| | | |
|---|---|---|
| 1 | ഫാത്തിഹ | - 7 (1) |
| 2 | ബഖ്റ | -286 (2) |
| 3 | ശുഅറാ | -227 (26) |
| 4 | അഅ്റാഫ് | -206 (7) |
| 5 | ആലുഇംറാൻ | -200 (3) |
| 6 | സ്വാഫ്ഫാത് | -182 (37) |
| 7 | അന്നിസാഅ് | - 176 (4) |
| 8 | അൻആം | - 165 (6) |
| 9 | ത്വാഹാ | -135 (20) |
| 10 | തൗബഃ | - 129 (9) |
| 11 | നഹ്ൽ | -128 (16) |
| 12 | ഹൂദ് | -123 (11) |
| 13 | മാഇദ | - 120 (5) |
| 14 | മുഅ്മിനൂൻ | -118 (23) |
| 15 | അൻബിയാ | -112 (21) |

(75 വാക്യങ്ങൾ ഉൾക്കൊള്ളുന്ന, നിലവിൽ 8-ാം സ്ഥാനത്തുള്ള അൻഫാൽ യഥാർത്ഥത്തിൽ 32-ാം സ്ഥാനത്താണ് വരേണ്ടത്)

കാലക്രമത്തിലുമല്ല, വലുപ്പച്ചെറുപ്പത്തിന്റെ അടിസ്ഥാനത്തിലുമല്ല ഖുർആനിലെ അദ്ധ്യായങ്ങൾ ക്രോഡീകരിക്കപ്പെട്ടിരിക്കുന്നതെങ്കിൽ പിന്നെ എന്തിനുവേണ്ടിയാണ് ഈ വിധം കുഴഞ്ഞു മറിഞ്ഞ രീതിയിൽ ഖുറാനിലെ അദ്ധ്യായങ്ങൾ ക്രമീകരിക്കാൻ അള്ളാഹു ഇടയാക്കിയത്? എന്തെങ്കിലും തരത്തിലുള്ള ദുരുദ്ദേശ്യം ഈ രീതിയിലുള്ള ക്രോഡീകരണത്തിനു പുറകിൽ ഉണ്ടായിരുന്നോ? തീർച്ചയായും ഉണ്ടായിരുന്നു എന്നതാണ് ഉത്തരം. അതറിയണമെങ്കിൽ നാം ഖുർആനിലെ ദുർബലപ്പെടുത്തപ്പെട്ട അഥവാ റദ്ദ് ചെയ്യപ്പെട്ട ആയത്തുക്കളെപ്പറ്റി മനസ്സിലാക്കണം. തനിക്ക് ജിബ്രീലിൽ നിന്ന് ആദ്യവെളിപ്പാട് ലഭിച്ചു എന്നവകാശപ്പെട്ടതിനു ശേഷമുള്ള മൂന്ന് വർഷങ്ങളിൽ മുഹമ്മദ് രഹസ്യമായാണ് പ്രബോധനം നിർവ്വഹിച്ചിരുന്നത്. അടുത്ത ബന്ധുക്കളോടും ഏറ്റവുമടുത്ത സുഹൃത്തുക്കളോടും മാത്രം അദ്ദേഹം അല്ലാഹുവിനെപ്പറ്റി പറഞ്ഞു. ആദ്യത്തെ മൂന്ന് വർഷത്തിനുശേഷമുള്ള പത്തുവർഷങ്ങൾ പരസ്യപ്രബോധന കാലമായിരുന്നു. അങ്ങനെ മൊത്തം 13 വർഷത്തെ പ്രവർത്തനംകൊണ്ട് അള്ളാഹുവിനും മുഹമ്മദിനും മെക്കയിൽനിന്ന് നേടാൻ കഴിഞ്ഞത് നൂറിൽ താഴെ അനുയായികളെ മാത്രമായിരുന്നു. അതും സാമൂഹ്യശ്രേണിയിലെ ഏറ്റവും താഴെത്തട്ടിലുള്ളവർ. പ്രമാണിമാരായ അനുയായികൾ എന്നു പറയാനുള്ളത് അബുബക്കർ, ഉമർഇബിനു ഖത്താബ്, ഉസ്മാൻ, അലി തുടങ്ങി ഒരു കയ്യിലെ വിരൽ കൊണ്ട് എണ്ണാൻ പറ്റുന്നത്ര ചുരുക്കംപേർ.

ഇങ്ങനെ മെക്കയിലെ ബഹുദൈവാരാധികൾക്കിടയിൽ ന്യൂനപക്ഷങ്ങളിൽ ന്യൂനപക്ഷമായി മുസ്ലീങ്ങൾ ജീവിക്കുന്ന കാലത്ത് അള്ളാഹു മുഹമ്മദിന് ഇറക്കിക്കൊടുത്ത ആയത്തുകളും പില്ക്കാലത്ത് മുഹമ്മദ് മദീനയിലേക്ക് പലായനം ചെയ്ത് മദീന കേന്ദ്രമാക്കിക്കൊണ്ട് ഒരു ഇസ്ലാമിക രാഷ്ട്രം വാളിന്റെ വായ്ത്തലയുടെ ബലത്തിൽ സ്ഥാപിച്ചു കഴിഞ്ഞതിനുശേഷം അള്ളാഹു ഇറക്കിക്കൊടുത്ത ആയത്തുകളും തമ്മിൽ ഉള്ളടക്കത്തിൽ വലിയ വ്യത്യാസമാണുള്ളത്. കാലാനുക്രമത്തിൽ ഖുർആൻ ക്രോഡീകരിച്ചാൽ സന്ദേശത്തിലെ ഈ വൈരുദ്ധ്യം എളുപ്പം കണ്ണിൽപ്പെടും.

തന്റെ അനുയായികൾ ദുർബലരായിരിക്കുമ്പോൾ സമാധാന മാർഗ്ഗം ഉപദേശിക്കുകയും അനുയായികൾക്ക് അധികാരം ലഭിച്ചു കഴിഞ്ഞപ്പോൾ സമാധാനമാർഗ്ഗം തള്ളിക്കളഞ്ഞ് അക്രമത്തിന്റെ മാർഗ്ഗം സ്വീകരിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്ന ഇരുവാക്കുകാരനാണ് അള്ളാഹു എന്ന് മറ്റുള്ളവർ പറയാതിരിക്കണമെങ്കിൽ ഖുർആൻ ഇന്നത്തെ നിലയിൽ കുഴഞ്ഞ് മറിഞ്ഞ് തന്നെ കിടക്കണം. (ഖുർ ആൻ മറ്റ് ഭാഷകളിലേക്ക് തർജ്ജമ ചെയ്യുന്നതിനെ പല മുസ്ലീങ്ങളും എതിർക്കുന്നതിന്റെ പുറകിലെ ഉദ്ദേശ്യവും ഇതുതന്നെ!) ആദ്യം താൻ പറഞ്ഞ വാക്യങ്ങൾക്കെതിരായി പുതിയ വാക്യങ്ങൾ അവതരിപ്പിക്കുമ്പോൾ, അതിനും അള്ളാഹുവിനും ന്യായീകരണമുണ്ട്. സൂറാ 2:106 (കാലാനുക്രമമനുസരിച്ചാണെങ്കിൽ സൂറ 87:106 ആണ് ഈ ആയത്ത്)ൽ അല്ലാഹു പറയുന്നു "വല്ല ആയത്തും നാം ദുർബ്ബലപ്പെടുത്തുകയോ വിസ്മരിപ്പിക്കുകയോ ചെയ്യുകയാണെങ്കിൽ പകരം അതിനേക്കാൾ ഉത്തമമായതോ അതിനു തുല്യമായതോ നാം കൊണ്ടുവരുന്നതാണ്. നിനക്കറിഞ്ഞുകൂടെ, അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവാനാണെന്ന്?"

വീണ്ടും സൂറാ. 16:101 (കാലാനുക്രമത്തിലായിരുന്നെങ്കിൽ സൂറ. 70:101)ൽ അള്ളാഹു പറയുന്നത് ഇങ്ങനെയാണ് "ഒരു വേദവാക്യത്തിന്റെ സ്ഥാനത്ത് മറ്റൊരു വേദവാക്യം നാം പകരം വെച്ചാൽ, അല്ലാഹുവാകട്ടെ താൻ അവതരിപ്പിക്കുന്നതിനെപ്പറ്റി നല്ലവണ്ണം അറിയുന്നവനാണ് താനും, അവർ പറയും, നീ കെട്ടിച്ചമച്ചു പറയുന്നവൻ മാത്രമാകുന്നു എന്ന്. അല്ല, അവരിൽ അധികംപേരും കാര്യം മനസ്സിലാക്കുന്നില്ല"

വീണ്ടും സൂറ.22:52 (കാലക്രമമനുസരിച്ച് 103:52)ൽ അള്ളാഹു ഇപ്രകാരം പറയുന്നു. "പിശാച് ഇട്ടുകൊടുക്കുന്ന ദുർബോധനങ്ങളെ അല്ലാഹു മാച്ചുകളയും"

ഖുർആനിലെ ആയത്തുക്കളെ ദുർബ്ബലപ്പെടുത്തുകയോ, റദ്ദുചെയ്യുകയോ ചെയ്യുന്ന ഈ പരിപാടിക്ക് മുസ്ലീം പണ്ഡിതർ പറയുന്ന പേരാണ് 'മൻസൂഖ്' എന്നത്. ദുർബ്ബലപ്പെടുത്തിയിട്ടു (റദ്ദുചെയ്തിട്ട്) പകരം അള്ളാഹു ഇറക്കിക്കൊടുക്കുന്ന ആയത്തുകൾക്ക് പറയുന്ന പേര് 'നസ്ഖ്' എന്നാണ്. ഖുർആനിലെ ഏതെല്ലാം ആയത്തുകളാണ് 'മൻസൂഖ്' ഏതെല്ലാം ആയത്തുകളാണ് 'നസ്ഖ്' എന്ന കാര്യത്തിന് മുസ്ലീം പണ്ഡിതർക്കിടയിൽ ഏകാഭിപ്രായമല്ല ഉള്ളത്. ചിലർ 'മൻസൂഖ്' എന്നും ആയി കരുതുന്ന ആയത്തുകൾ മറ്റുചിലരുടെ ദൃഷ്ടിയിൽ മൻസൂഖ് അല്ല. 'മൻസൂഖ്' ആയ ആയത്തുകൾ മുസ്ലീങ്ങൾ അനുസരിക്കേണ്ട ആവശ്യമില്ലെന്ന് ചിലർ വാദിക്കുമ്പോൾ മറുഭാഗത്തുള്ളവർ പറയുന്നത് ഖുർആനിലെ എല്ലാ ആയത്തുകളും ഒരു ഇസ്ലാം മതവിശ്വാസി അനുസരിക്കാൻ കടപ്പെട്ടവനാണെന്നാണ്. ചുരുക്കത്തിൽ, അള്ളാഹു റദ്ദ് ചെയ്ത ആയത്തുകൾ ഏത്, സ്ഥിരപ്പെടുത്തിയ ആയത്തുകൾ ഏത് എന്നറിയാതെ പാവം മുസ്ലീം പണ്ഡിതർ അന്ധർ ആനയെക്കണ്ടതുപോലെ ഇരുട്ടിൽത്തപ്പുകയാണ്.

ഇതിലെ തമാശ ഇതൊന്നുമല്ല, 'അള്ളാഹുവിന്റെ വചനങ്ങൾക്ക് മാറ്റമുണ്ടാവുകയില്ല' (സൂറ10:64) "അള്ളാഹുവിന്റെ വചനങ്ങൾക്ക് ഭേദഗതി വരുത്താനാരുമില്ല'' (സൂറ.18:27)

"തീർച്ചയായും നാമാണ് ആ ഉദ്ബോധനം (ഖുർആൻ) അവതരിപ്പിച്ചത്, നാം തന്നെ അതിനെ (ഖുർആനെ) കാത്തു സൂക്ഷിക്കുന്നതുമാണ്" (സൂറ15:9) എന്ന് ഇതേ ഖുർആനിൽ ഇതേ അള്ളാഹു പ്രസ്താവിച്ചിട്ടുണ്ട് എന്നതാണ്. ഇതിലേതാണ് ഒരു മുസ്ലീം വിശ്വാസത്തിലെടുക്കേണ്ടത്? 'അള്ളാഹുവിന്റെ വചനങ്ങൾക്ക് മാറ്റമില്ല' എന്നത് സത്യമാണെന്ന് വിശ്വസിച്ചാൽ, 'അള്ളാഹു തന്റെ തന്നെ വചനങ്ങളെ ദുർബലപ്പെടുത്തി പകരം അതിനേക്കാൾ മെച്ചമായവ കൊണ്ടുവരും' എന്ന് പറഞ്ഞിരിക്കുന്ന ആയത്തുകളെല്ലാം നുണയാണ്, അത് അള്ളാഹുവിന്റെ വചനമാണെന്ന് വിശ്വസിക്കാൻ പറ്റില്ല. അതല്ല, അള്ളാഹു അടിക്കടി തന്റെ വചനങ്ങൾ മാറ്റിക്കൊണ്ടിരിക്കുന്ന ആളാണെങ്കിൽ 'അള്ളാഹുവിന്റെ വചനങ്ങൾക്ക് മാറ്റമുണ്ടാവുകയില്ല' എന്നമട്ടിലുള്ള ആയത്തുകളെല്ലാം നുണയാണ്, അത് അള്ളാഹുവിന്റെ പക്കൽനിന്നുള്ള വചനമാണെന്ന് വിശ്വസിക്കാൻ പാടില്ല. ഏതായാലും ഇത് രണ്ടും ഒരുമിച്ച് സത്യമാവുകയില്ല എന്ന കാര്യം ചിന്താശേഷിയുള്ള ഏതൊരാളും രണ്ടാമതൊരു വട്ടം ചിന്തിക്കാതെ തന്നെ സമ്മതിക്കും എന്നകാര്യത്തിൽ വായനക്കാർക്ക് സംശയമുണ്ടാവുകയില്ലല്ലോ! മാത്രമല്ല, വെറും ഇരുപത്തിമൂന്നു കൊല്ലത്തിനിടയിലാണ് ഈ മാറ്റം മറിച്ചിലുകൾ വന്നിരിക്കുന്നതെന്നും ഓർക്കണം.

ഭാവി കാണാൻ കഴിവില്ലാത്ത മനുഷ്യനാണ് ഓരോ കാലഘട്ടത്തിലും ആദ്യത്തേതിനേക്കാൾ മെച്ചപ്പെട്ട പ്രമാണങ്ങൾ കൊണ്ടുവന്ന് സമൂഹത്തേയും ജീവിതത്തേയും പുരോഗതിയിലേക്ക് നയിക്കാൻ പരിശ്രമിക്കുന്നത്. എന്നാൽ ഭൂതവർത്തമാന, ഭാവി കാലങ്ങളെല്ലാം ഒരുപോലെ അറിയുന്ന സർവ്വജ്ഞാനിയെന്നവകാശപ്പെടുന്ന അള്ളാഹുവിന് "ഓരോ കാലഘട്ടത്തിനും ഓരോ പ്രമാണ ഗ്രന്ഥമുണ്ട്" (സൂറ.13:38) എന്നും "ഒരു ആയത്ത് നാം ദുർബ്ബലപ്പെടുത്തി പകരം അതിനേക്കാൾ ഉത്തമമായത് കൊണ്ടുവരുന്നതാണ്" (സൂറ.2:106) എന്നും പറയേണ്ടി വരുന്നതിലൂടെ തെളിയുന്നത് മനുഷ്യന്റെ പരിമിതമായ ബുദ്ധിശക്തിക്ക് തുല്യം ബുദ്ധിശക്തി മാത്രമേ അള്ളാഹുവിനുമുള്ളൂ എന്നതല്ലേ? അല്ലാഹു സർവ്വജ്ഞാനിയായിരുന്നെങ്കിൽ, ആദ്യത്തേതിനേക്കാൾ ഉത്തമമായത്' എന്ന് പറഞ്ഞ് രണ്ടാമത് തന്ന ഈ ആയത്തുകളെല്ലാം ആദ്യം തന്നെ തന്നാൽ മതിയായിരുന്നല്ലോ. അങ്ങനെയായിരുന്നെങ്കിൽ താൻ പറഞ്ഞത് വിഴുങ്ങേണ്ടി വരുന്ന ദുർഗ്ഗതി അള്ളാഹുവിന് ഒഴിവാക്കുകയും ചെയ്യാമായിരുന്നു. ഇവിടെ നാം ബൈബിളിലെ സത്യദൈവമായ യഹോവ തന്റെ വചനങ്ങളെക്കുറിച്ച് പറഞ്ഞിരിക്കുന്ന ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. സങ്കീർത്തനം 89:34ൽ നാം ഇപ്രകാരം വായിക്കുന്നു.

"ഞാൻ എന്റെ നിയമത്തെ ലംഘിക്കുകയോ എന്റെ അധരങ്ങളിൽ നിന്നു പുറപ്പെട്ടതിനു ഭേദം വരുത്തുകയോ ചെയ്യുകയില്ല"

മുഴുബൈബിളും പരിശോധിച്ചു നോക്കിക്കോളൂ, ഈ പ്രസ്താവനയ്ക്ക് വിരുദ്ധമായ ഒരു കാര്യം യഹോവ ചെയ്തിട്ടില്ലയെന്ന് അപ്പോൾ ബോധ്യപ്പെടും. സൂറ. 2:106ൽ പറഞ്ഞിരിക്കുന്നതും സങ്കീർത്തനം 89:34ൽ പറഞ്ഞിരിക്കു

ന്നതും എങ്ങനെയാണ് പൊരുത്തപ്പെടുക? ഇത് രണ്ടും പറഞ്ഞിരിക്കുന്നത് രണ്ട് വ്യക്തികളാണ്, അല്ലാതെ ഒരാളല്ല എന്ന് പകൽപോലെ സ്പഷ്ടമല്ലേ.

ഇനി നമുക്ക് 'മൻസൂഖ്' (റദ്ദുചെയ്യപ്പെട്ടത്) ആയതും 'നസ്ഖ്' (റദ്ദുചെയ്യപ്പെട്ടതിന് പകരം കൊണ്ടുവന്നതും) ആയതുമായ ഖുർആൻ വചനങ്ങളിൽ ചിലത് പരിശോധിക്കാം. കലാനുക്രമത്തിലാണ് ഖുർആൻ ക്രോഡീകരിക്കപ്പെട്ടിരുന്നതെങ്കിൽ ആ സൂറയുടെ സ്ഥാനം എത്രാമത്തെയായിരിക്കും എന്നുള്ളത് ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്നു.

**1. അപവാദത്തോടുള്ള സമീപനം**

സൂറ. 73:10(3:10) "അവർ (അവിശ്വാസികൾ) പറയുന്നതിനെപ്പറ്റി നീ ക്ഷമിക്കുകയും, ഭംഗിയായ വിധത്തിൽ അവരിൽ നിന്ന് ഒഴിഞ്ഞു നിൽക്കുകയും ചെയ്യുക" (സത്യനിഷേധികൾ പരിഹസിക്കാൻ തുടങ്ങുമ്പോൾ അവരുമായി ശണ്ഠകൂടാൻ ഒരുങ്ങാതെ മാന്യമായി അവരിൽ നിന്ന് മാറിനിൽക്കാൻ അല്ലാഹു നബി(സ)യെ ഉദ്ബോധിപ്പിക്കുന്നു' എന്ന് നിച്ച് ഓഫ് ട്രൂത്തിന്റെ ഖുർആനിൽ അടിക്കുറിപ്പ് കൊടുത്തിട്ടുമുണ്ട്)

ഖുർആനിൽ ഈ വാക്യം 73-ാം അധ്യായത്തിലാണെങ്കിലും യഥാർത്ഥത്തിൽ മക്കയിൽവച്ച് താൻ പ്രവാചകനാണെന്ന് പരസ്യപ്പെടുത്തിയ സമയത്താണ് ഈ ആയത്ത് അവതരിപ്പിച്ചത്. കാലക്രമമനുസരിച്ച് ഖുർആനിലെ വാക്യങ്ങളും അദ്ധ്യായങ്ങളും ക്രമീകരിച്ചിരുന്നെങ്കിൽ മൂന്നാം അധ്യായം പത്താം വാക്യമായിട്ടാണ് ഈ ആയത്ത് സ്ഥിതിചെയ്യുമായിരുന്നത്. ഈ ആയത്ത് അവതരിച്ച പശ്ചാത്തലം നാം മനസ്സിലാക്കണം. മുഹമ്മദിന്റെ ആദ്യഭാര്യ ഖദീജയല്ലാതെ മറ്റാരും അദ്ദേഹത്തെ പ്രവാചകനായി അംഗീകരിച്ചിട്ടില്ല. നാട്ടുകാർ മുഴുവൻ പരിഹസിക്കുന്നു. അവരോട് എതിരിടാനുള്ള ശേഷിയും മുഹമ്മദിനിന്നില്ല. അവരോട് എതിരിടാൻ നിന്നാൽ തന്റെ ദാസന്റെ തടി കേടാകുമെന്ന് മനസ്സിലാക്കിയ അള്ളാഹു ബുദ്ധിപൂർവ്വം ഉപദേശം കൊടുക്കുകയാണിവിടെ, 'നീയങ്ങു ക്ഷമിക്ക്, എന്നിട്ട് ഭംഗിയായ വിധത്തിൽ ('തടികേടാകാത്ത വിധത്തിൽ' എന്ന് പച്ചമലയാളം) അവരിൽ നിന്ന് മാറിപ്പൊയ്ക്കോ' ഈ ഉപദേശത്തെ കുറ്റം പറയാൻ പറ്റില്ല. ക്ഷമിക്കുന്നതെപ്പോഴും നല്ല കാര്യമാണ് ക്ഷമ ആട്ടിൻ സൂപ്പിന്റെ ഫലം ചെയ്യും എന്ന് പണ്ടുള്ളവർ പറഞ്ഞിട്ടുണ്ടല്ലോ.

എന്നാൽ കാലം കുറേക്കഴിഞ്ഞു, മുഹമ്മദ് മദീനയിലെത്തി, മദീനക്ക് സമീപത്തുകൂടി ചരക്കുമായി പോയിരുന്ന വാണിജ്യസംഘങ്ങളെ കൊള്ളയടിച്ച് മുഹമ്മദും സംഘവും സമ്പത്തുണ്ടാക്കുകയും ആ സമ്പത്തുപയോഗിച്ച് ആയുധങ്ങൾ വാങ്ങിക്കൂട്ടുകയും ചെയ്തു. പിന്നെ മദീനയിലും ചുറ്റുപാടുമുണ്ടായിരുന്ന യഹൂദഗോത്രങ്ങളെ ആക്രമിച്ച് പുരുഷൻമാരെ വധിക്കുകയും സ്ത്രീകളേയും കുട്ടികളേയും അടിമകളാക്കി പിടിക്കുകയും ചെയ്തു. (അടിമ സ്ത്രീകളെ വിറ്റ് പകരം ആയുധം വാങ്ങിയതിന്റെ വിവരണങ്ങൾ ഹദീസുകളിലും ഇബ്ൻ ഇഷാഖിന്റെ 'സീറാറസുൽ അള്ളാ' യിലും കൊടുത്തിട്ടുണ്ട്). ഇങ്ങനെ മദീന കേന്ദ്രമാക്കി ഒരു മുസ്ലീം രാഷ്ട്രം രൂപീകരിക്കപ്പെടുകയും മുഹമ്മദിന്റെ കീഴിൽ സുശക്തമായ മുസ്ലീം

സൂറകളുടെ കാര്യത്തിലെന്നപോലെ ഓരോ സൂറയിലേയും ആയത്തുകളുടെ ക്രമത്തിന്റെ കാര്യത്തിലും ഒട്ടേറെ കൂടിക്കുഴച്ചിലുകൾ നടന്നിട്ടുണ്ട്. പക്ഷേ, വായനക്കാരുടെ സൗകര്യാർത്ഥം ഖുർആനിലെ നിലവിലെ ക്രമംതന്നെ ഇവിടെ നല്കുന്നു.

സൈന്യം നിലകൊള്ളുകയും ചെയ്തപ്പോൾ അതാ വരുന്നു അള്ളാഹുവിന്റെ ആയത്ത്, സൂറ. 8:12 (88:12) ന്റെ"രൂപത്തിൽ" നിന്റെ രക്ഷിതാവ് മലക്കുകൾക്ക് ബോധനം നൽകിയിരുന്ന സന്ദർഭം (ഓർക്കുക) ഞാൻ നിങ്ങളുടെ കൂടെയുണ്ട്. അതിനാൽ സത്യവിശ്വാസികളെ നിങ്ങൾ ഉറപ്പിച്ചു നിർത്തുക. സത്യനിഷേധികളുടെ മനസ്സിൽ ഞാൻ ഭയം ഇട്ടുകൊടുക്കുന്നതാണ്. അതിനാൽ കഴുത്തുകൾക്ക് മീതെ നിങ്ങൾ വെട്ടിക്കൊള്ളുക അവരുടെ വിരലുകളെല്ലാം നിങ്ങൾ വെട്ടിക്കളയുകയും ചെയ്യുക" (സൂറ.2:191, 87:191) "അവരെ കണ്ടുമുട്ടുന്നേടത്തു വെച്ച് നിങ്ങളവരെ കൊന്നു കളയുകയും അവർ നിങ്ങളെ പുറത്താക്കിയേടത്ത് നിന്ന് നിങ്ങൾ അവരെ പുറത്താക്കുകയും ചെയ്യുക. (കാരണം, അവർ നടത്തുന്ന) മർദ്ദനം കൊലയേക്കാൾ നിഷ്ഠൂരമാകുന്നു. മസ്ജിദുൽ ഹറാമിനടുത്തുവെച്ച് നിങ്ങൾ അവരോട് യുദ്ധം ചെയ്യരുത്, അവർ നിങ്ങളോട് അവിടെവച്ച് യുദ്ധം ചെയ്യുന്നതുവരെ ഇനി അവർ നിങ്ങളോട് (അവിടെ വെച്ച്) യുദ്ധത്തിലേർപ്പെടുകയാണെങ്കിൽ അവരെ കൊന്നുകളയുക. അപ്രകാരമാണ് സത്യനിഷേധികൾക്കുള്ള പ്രതിഫലം"

എങ്ങനെയുണ്ട് കാര്യം? മുഹമ്മദും അനുയായികളും മക്കയിൽ ന്യൂനപക്ഷങ്ങളിൽ ന്യൂനപക്ഷമായി കഴിഞ്ഞിരുന്ന കാലത്ത് സത്യനിഷേധികളുടെ മനസ്സിൽ ഭയം ഇട്ടുകൊടുക്കാനുള്ള കഴിവ് അള്ളാഹുവിനുണ്ടായിരുന്നില്ലേ? അനുയായികൾ ദുർബ്ബലരായിരിക്കുമ്പോൾ അള്ളാഹു ദുർബ്ബലരിൽ ദുർബ്ബലൻ. അനുയായികൾ ശക്തരാകുമ്പോൾ അള്ളാഹുവും ശക്തരിൽ ശക്തൻ!! തീർന്നില്ല, മുഹമ്മദും കൂട്ടരും മക്കയും കീഴടക്കി ശക്തി പ്രാപിച്ചു കഴിഞ്ഞപ്പോൾ അതാവീണ്ടും വരുന്നു പുതിയൊരു ആയത്ത്, സൂറ.5:33 (സൂറ112:33)ന്റെ രൂപത്തിൽ "അല്ലാഹുവോടും അവന്റെ ദൂതനോടും പോരാടുകയും ഭൂമിയിൽ കുഴപ്പമുണ്ടാക്കാൻ ശ്രമിക്കുകയും ചെയ്യുന്നവർക്കുള്ള പ്രതിഫലം അവർ കൊന്നൊടുക്കപ്പെടുകയോ, ക്രൂശിക്കപ്പെടുകയോ, അവരുടെ കൈകളും കാലുകളും എതിർ വശങ്ങളിൽ നിന്നായി മുറിച്ചു കളയപ്പെടുകയോ, നാടുകടത്തപ്പെടുകയോ ചെയ്യുക മാത്രമാകുന്നു. അതവർക്ക് ഇഹലോകത്തുള്ള അവമാനമാകുന്നു. പരലോകത്ത് അവർക്ക് കനത്ത ശിക്ഷയുണ്ടായിരിക്കും."

പോരേ പൂരം! തൊടുപുഴയിലെ വിവാദ ചോദ്യപേപ്പർ സംഭവത്തിൽ പ്രൊഫസ്സറിന്റെ വലതുകയ്യും ഇടതു കാലും വെട്ടിയത് ഈ ആയത്ത് അനുസരിക്കാൻ വേണ്ടിയായിരുന്നു. മക്കയിൽ വെച്ച് അള്ളാഹുവിനേയും മുഹമ്മദിനേയും എതിർത്തവരോട് ക്ഷമിക്കാൻ പറഞ്ഞ അള്ളാഹുതന്നെയാണ് പത്തിരുപത് വർഷം കഴിഞ്ഞപ്പോഴേക്കും സ്വരം മാറ്റിയത് എന്നോർക്കണം. ബൈബിളിലെ യഹോവ ഈ വിധം ഇരട്ടസ്വഭാവം പുലർത്തുന്ന വ്യക്തിയല്ല എന്ന് ബൈബിൾ വായിച്ചിട്ടുള്ളവർക്കറിയാം.

ഇതിലേതാണ് ഒരു മുസ്ലീം വിശ്വസിക്കേണ്ടത്? മുഹമ്മദിനെതിരെ ആരെങ്കിലും എന്തെങ്കിലും പറഞ്ഞാൽ ഖുർആൻ 73:10 പ്രകാരം അവരോട് ക്ഷമിക്കുകയും ഭംഗിയായ വിധത്തിൽ അവരിൽനിന്ന് ഒഴിഞ്ഞ് നിൽക്കുകയും ചെയ്യണമോ അതോ ഖുർആൻ 5:33 പ്രകാരം അവരുടെ

കൈയ്യും കാലും എതിർദിശകളിൽ നിന്ന് വെട്ടിക്കളഞ്ഞ് പിന്നെ അവരെ കൊല്ലണമോ? ഏതെങ്കിലും ഒന്ന് അനുസരിച്ചാൽ മറുഭാഗത്തുള്ള ആയത്ത് ലംഘിക്കുകയാണ്. ലംഘിക്കുന്നതും അള്ളാഹുവിന്റ വചനം തന്നെയാണ് എന്നോർക്കണം, ഇനിയുമുണ്ട് ഇങ്ങനെയുള്ള വാക്യങ്ങൾ.

**2. ആരാധന:** അന്യമതസ്ഥരുടെ ആരാധനയെക്കുറിച്ച് അല്ലാഹുവിന്റെ ആദ്യനിലപാട് നോക്കുക. സൂറ. 109:1–6 (6:1–6) ഈ അദ്ധ്യായത്തിൽ ആകെ ആറ് വാക്യങ്ങളേയുള്ളൂ. അത് മുഴുവൻ താഴെകൊടുക്കുന്നു.

"(നബിയേ) പറയുക: അവിശ്വാസികളേ, നിങ്ങൾ ആരാധിച്ചു വരുന്നതിനെ ഞാൻ ആരാധിക്കുന്നില്ല. ഞാൻ ആരാധിച്ചു വരുന്നതിനെ നിങ്ങളും ആരാധിക്കുന്നവരല്ല. നിങ്ങൾ ആരാധിച്ചു വന്നതിനെ ഞാൻ ആരാധിക്കുവാൻ പോകുന്നവനുമല്ല. ഞാൻ ആരാധിച്ചു വരുന്നതിനെ നിങ്ങളും ആരാധിക്കാൻ പോകുന്നവരല്ല. **നിങ്ങൾക്ക് നിങ്ങളുടെ മതം. എനിക്ക് എന്റെ മതവും"**

എം. എം. അക്ബറിന്റെ ഖുർആനിൽ അടിവരയിട്ട വാക്യത്തിന് അടിക്കുറിപ്പ് കൊടുത്തിട്ടുണ്ട് അതിങ്ങനെയാണ്: "ഒരു സത്യവിശ്വാസി വിശ്വാസപരവും ആരാധനാപരവുമായ തന്റെ വ്യതിരിക്തത നിലനിർത്തേണ്ടവനാണ്. ഏകദൈവത്വത്തിനെതിരായ ഒരു ആരാധനരീതിയും അവന് സ്വീകരിക്കാവുന്നതല്ല. എന്നാൽ ബഹുദൈവവിശ്വാസിക്ക് അയാളുടെ മതവും ആരാധനാ രീതിയും തുടരാനുള്ള സ്വാതന്ത്ര്യം ഇസ്ലാം നിഷേധിക്കുന്നില്ല."

ഈ അടിക്കുറിപ്പിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ എത്രത്തോളം സത്യമാണെന്നറിയാൻ സൗദിഅറേബ്യയിൽ പോയിട്ടുള്ള ഏതെങ്കിലും സുഹൃത്തുക്കളോ ബന്ധുക്കളോ നിങ്ങൾക്കുണ്ടെങ്കിൽ അവരോട് ചോദിച്ചാൽ മതി. രാമായണമോ മഹാഭാരതമോ വേദങ്ങളോ ഭഗവദ്ഗീതയോ ബൈബിളോ ഇങ്ങനെ ഖുർആനൊഴികെയുള്ള ഏതെങ്കിലും മതഗ്രന്ഥവും പിടിച്ച് സൗദി അറേബ്യയിലെ റോഡിലൂടെ നടക്കാൻ ഒരുവൻ തയ്യാറായാൽ അവനെ പിന്നെ കമ്പിയഴികൾക്കുള്ളിൽ നോക്കിയാൽ മതി! ഖുർആനൊഴികെയുള്ള മതഗ്രന്ഥം എന്ന് ഞാൻ പറഞ്ഞത് എല്ലാ ഖുർആനേയും ഉദ്ദേശിച്ചല്ല. സൗദി ഭരണകൂടം അംഗീകരിച്ചിട്ടുള്ള വഹാബി ഖുർആനുണ്ട്. വഹാബികൾ അംഗീകരിക്കുന്നതിൽനിന്ന് വ്യത്യസ്തമായ ഖുർആനുമുണ്ട്. തർജ്ജമയിലുള്ള വ്യത്യാസമല്ല, മൂലഭാഷയായ അറബിയിൽ തന്നെയുള്ള വ്യത്യാസമാണ്. വ്യത്യസ്തമായ 19 തരത്തിലുള്ള ഖുർആനുകൾ നിലവിലുണ്ട്. അവയുടെ പട്ടിക താഴെ കൊടുക്കുന്നു.

1. വാർഷ് ഖുറാൻ (The Varsh Quran)
2. ഹഫ്സ് ഖുറാൻ (Hafs Quran)
3. ഖലൂൺ ഖുറാൻ (Qalun Quran)
4. അൽ–ബാസ്സി ഖുറാൻ (Al-Bazzi Quran)
5. ഖുൻബൂൽ ഖുറാൻ (Qunbul Quran)
6. അൽദൂരി ഖുറാൻ (Al-Duri Quran)
7. അൽസൂരി ഖുറാൻ (Al-Suri Quran)
8. ഹിശാം ഖുറാൻ (Hisham Quran)

9. ഇബ്ൻ ധ്വാൻ ഖുറാൻ (Ibn Dhakwan Quran)
10. ഖലാഫ് ഖുറാൻ (Khalaf Quran)
11. ഖല്ലാദ് ഖുറാൻ (Khallad Quran)
12. അബുൽ ഹാരിത്ത് ഖുറാൻ (Abul Harith Quran)
13. ഇബ്ൻ അയ്യാഷ് ഖുറാൻ (Ibnayyash Quran)
14. ഇബ്ൻ വർദാൻ ഖുറാൻ (Ibnwardan Quran)
15. ഇബ്ൻ ജമാസ് ഖുറാൻ (Ibn Jamaz Quran)
16. റുവൈസ് ഖുറാൻ (Ruways Quran)
17. റവ്ഹ് ഖുറാൻ (Rawh Quaran)
18. ഇഷാഖ് ഖുറാൻ (Ishaq Quaran)
19 ഇദ്രിസ്-അൽഹദ്ദാദ് ഖുറാൻ (Idris-al-Haddad Quaran)

ഇതിൽ ഒന്നും രണ്ടും സ്ഥാനത്തുള്ള വാർഷ് ഖുർആനും ഹഫ്സ് ഖുറാനും തമ്മിൽ 17 വാക്യങ്ങളിൽ സാരമായ വ്യതിയാനമുണ്ട്. ഇവയാണ് ആ ആയത്തുകൾ 1:4, 2:9, 7:5, 9:37, 2:259, 3:81, 6:96, 2:140, 2:215, 3:146, 2:132, 3:133, 5:45, 2:139, 2:214, 2:184, 28:48. ആഫ്രിക്കയിലാണ് വർഷ്ഖുറാൻ പ്രചാരത്തിലുള്ളത് മദ്ധ്യപൂർവ്വരാജ്യങ്ങളിൽ ഹഫ്സ് ഖുർആനും. വഹാബികൾ അംഗീകരിക്കാത്ത വർഷ് ഖുറാൻ സൗദി അറേബ്യയിൽ വെച്ച് നിങ്ങളുടെ കൈയ്യിൽനിന്ന് കണ്ടെടുത്തെന്നിരിക്കട്ടെ, ആദ്യത്തെ പ്രാവശ്യം 200 ചാട്ടവാറടിയായിരിക്കും നിങ്ങൾക്കു കിട്ടുന്ന ശിക്ഷ. വാർഷ് ഖുറാൻ കൈവശം വെയ്ക്കുകയെന്ന 'കുറ്റം' നിങ്ങൾ വീണ്ടും ചെയ്തുവെന്നിരിക്കട്ടെ, ഇപ്രാവശ്യം വഹാബികൾ നിങ്ങളുടെ കഴുത്ത് വെട്ടിക്കളഞ്ഞ് നിങ്ങളെ പരലോകത്തേക്ക് യാത്രയാക്കും വ്യത്യസ്ത ഖുർആൻ കൈവശം വെച്ചാൽ ഇതാണ് ശിക്ഷയെങ്കിൽ മറ്റു വേദങ്ങൾ പേറുന്നവരോട് ഇവർ എങ്ങനെയായിരിക്കും ഇടപെടുക എന്ന് ഊഹിക്കാവുന്നതേയുള്ളൂ.

'ബഹുദൈവ വിശ്വാസിക്ക് അയാളുടെ മതവും ആരാധനാരീതിയും തുടരാനുള്ള സ്വാതന്ത്ര്യം ഇസ്ലാം നിഷേധിക്കുന്നില്ല' എന്ന കല്ലുവെച്ച നുണ യാതൊരു ഉളുപ്പുമില്ലാതെ തട്ടിവിടുന്ന ശ്രീ. എം.എം. അക്ബറിന് ഒരൊറ്റ ഹൈന്ദവ ക്ഷേത്രം സൗദിഅറേബ്യക്കുള്ളിൽ കാണിച്ചു തരാൻ കഴിയുമോ? അവിടെ ധാരാളം ഹിന്ദുക്കൾ ജോലി ചെയ്യുന്നുണ്ടല്ലോ. അവർക്ക് അവരുടെ മതവും ആരാധനകളും തുടരേണ്ടതല്ലേ? ഒരു ക്രിസ്ത്യൻ ചർച്ച്, അല്ലെങ്കിൽ ഒരു യഹൂദ സിനഗോഗ്, സൗദിഅറേബ്യയുടെ അതിർത്തിക്കകത്തുണ്ടോ? യാതൊന്നുമില്ലെന്ന് ഏതൊരു കൊച്ചുകുട്ടിക്കുമറിയാം. എന്നിട്ടും, ആടിനെ പട്ടിയും പട്ടിയെ പേപ്പട്ടിയും ആക്കാൻ കഴിയുന്നവർ മാത്രമേ 'ഇസ്ലാം അന്യമതസ്ഥരുടെ ആരാധനാസ്വാതന്ത്ര്യം നിഷേധിക്കുന്നില്ല' എന്നു പറയുകയുള്ളൂ.

ദാവാ പ്രസംഗകരുടെ കാര്യം അവിടെ നിൽക്കട്ടെ, അള്ളാഹു ഖുറാനിൽ എന്താണ് പറഞ്ഞിരിക്കുന്നതെന്ന് നോക്കാം. മക്കയിൽ വച്ച് രണ്ടു കൈയ്യിലേയും വിരലുകൾകൊണ്ട്

മുഹമ്മദിന്റെ അനുയായികളുടെ എണ്ണമെടുക്കൽ പറ്റുന്നവിധം ന്യൂന പക്ഷങ്ങളിൽ ന്യൂനപക്ഷമായി മുസ്ലീങ്ങൾ കഴിയുമ്പോൾ 'നിനക്ക് നിന്റെ മതം, എനിക്ക് എന്റെ മതം' എന്ന് ബഹുദൈവവിശ്വാസികളോട് പറയാൻ മുഹമ്മദിനോട് ആവശ്യപ്പെട്ട അള്ളാഹു, മുഹമ്മദ് മദീനയിലെത്തി ഇസ്ലാമികരാഷ്ട്രം സ്ഥാപിച്ചതിനു ശേഷം ആവശ്യപ്പെടുന്നതെന്തെന്ന് ഖുർആനിലുണ്ട്. ഖുറാൻ 2:216 (87:216) ''യുദ്ധം ചെയ്യാൻ നിങ്ങൾക്കിതാ നിർബന്ധകല്പന നൽകപ്പെട്ടിരിക്കുന്നു.'' ഖുറാൻ 2:193 (87:193) "മർദ്ദനം ഇല്ലാതെയാവുകയും മതം അല്ലാഹുവിനുവേണ്ടിയാവുകയും ചെയ്യുന്നതുവരെ നിങ്ങളവരോട് യുദ്ധം നടത്തിക്കൊള്ളുക" ഖുർആൻ 8:39 (88:39) "കുഴപ്പം ഇല്ലാതെയാവുകയും മതം മുഴുവനും അള്ളാഹുവിനു വേണ്ടിയാവുകയും ചെയ്യുന്നതുവരെ നിങ്ങൾ അവരോട് യുദ്ധം ചെയ്യുക." ഖുറാൻ 9:5 (113:5): "അങ്ങനെ ആ വിലക്കപ്പെട്ട മാസങ്ങൾ കഴിഞ്ഞാൽ ആ ബഹുദൈവ വിശ്വാസികളെ നിങ്ങൾ കണ്ടെത്തിയേടത്ത് വച്ച് കൊന്നുകളയുക. അവരെ പിടികൂടുകയും വളയുകയും അവർക്കുവേണ്ടി പതിയിരിക്കാവുന്നിടത്തെല്ലാം പതിയിരിക്കുകയും ചെയ്യുക".

മുസ്ലീങ്ങൾ ന്യൂനപക്ഷമായിരുന്നപ്പോൾ 'നിനക്ക് നിന്റെ മതം എനിക്ക് എന്റെ മതം' എന്ന് ബഹുദൈവാരാധകരോട് പറയാൻ ആവശ്യപ്പെട്ട വിശാലമനസ്കനായ അല്ലാഹുവാണ് പിന്നീട് വാക്കു മാറ്റിപ്പറയുന്നതെന്ന് ഓർക്കണം. ഇതൊന്നും പ്രതിരോധപരമായ യുദ്ധമായിരുന്നില്ല, ആക്രമണപരമായിരുന്നു എന്നും ശ്രദ്ധിക്കണം. ഇടതടവില്ലാതെ ബഹുദൈവാരാധകർക്കെതിരെ മുസ്ലീങ്ങൾ യുദ്ധം ചെയ്തുകൊണ്ടിരുന്നപ്പോൾ ചില മുസ്ലീങ്ങൾക്ക് തുടർച്ചയായ യുദ്ധത്തിൽ മടുപ്പുതോന്നിത്തുടങ്ങിയിരുന്നു. അവർ അല്പം വിശ്രമം ലഭിക്കാനും കുടുംബത്തോടൊപ്പം കുറച്ചുനാൾ ചിലവിടാനും വേണ്ടി ചില യുദ്ധങ്ങളിൽനിന്ന് മാറിനിന്നു. അപ്പോൾ അള്ളാഹുവിന്റെ ആയത്ത് ഇറങ്ങി സൂറ. 8:65 (88:65): "നബിയേ, നീ വിശ്വാസികളെ യുദ്ധത്തിന് പ്രോത്സാഹിപ്പിക്കുക'' എന്നിട്ടും വലിയ കാര്യമൊന്നുമുണ്ടായില്ല. അവർ യുദ്ധത്തിന് പോകാതെ കുടുംബത്തോടൊപ്പം കുറച്ചുനാൾ ചിലവിടാൻ വേണ്ടി ചില യുദ്ധങ്ങളിൽനിന്ന് മാറിനിന്നു. അപ്പോൾ അള്ളാഹു 'അവർക്ക് വേദനയേറിയ ശിക്ഷകിട്ടും' എന്നുപറഞ്ഞു ഭീഷണിപ്പെടുത്തിക്കൊണ്ടുള്ള ആയത്തിറക്കി, ഖുറാൻ 9/38 (113/38) സത്യവിശ്വാസികളെ നിങ്ങൾക്കെന്തുപറ്റി? അള്ളാഹു യുദ്ധത്തിന് ഇറങ്ങിപുറപ്പെട്ടു കൊൾവിൻ' എന്ന് നിങ്ങളോട് പറയപ്പെട്ടാൽ നിങ്ങൾ ഭൂമിയിലേക്ക് അമർന്നുകളയുന്നു. പരലോകത്തിനു പകരം ഇഹലോകജീവിതംകൊണ്ട് നിങ്ങൾ തൃപ്തിപ്പെട്ടിരിക്കയാണോ? എന്നാൽ പരലോകത്തിനു മുമ്പിൽ ഇഹലോകത്തിലെ സുഖാനുഭവം തുച്ഛം മാത്രമാകുന്നു' ഖുറാൻ 9:39 (113:39) 'നിങ്ങൾ യുദ്ധത്തിന് ഇറങ്ങി പുറപ്പെടുന്നില്ലെങ്കിൽ അല്ലാഹു നിങ്ങൾക്ക് വേദനയേറിയ ശിക്ഷ നൽകുകയും നിങ്ങളല്ലാത്ത വല്ല ജനതയേയും അവൻ പകരം കൊണ്ടുവരികയും ചെയ്യും. അവന് ഒരു ഉപദ്രവവും ചെയ്യാൻ നിങ്ങൾക്കാവില്ല. അള്ളാഹു ഏതു കാര്യത്തിനും കഴിവുള്ളവനാകുന്നു". ഖുറാൻ 4:41 (113:41): നിങ്ങൾ

ഇതുകൊണ്ടും ഫലം നാസ്തി. അപ്പോൾ അള്ളാഹു പറയുന്നത് യുദ്ധത്തിന് പോകാതിരിക്കുന്നവരോട് യുദ്ധം ചെയ്യാനാണ്. ഖുറാൻ 9:73 (113:73) "നബിയേ, സത്യനിഷേധികളോടും കപടവിശ്വാസികളോടും (അള്ളാഹുവിനുവേണ്ടി യുദ്ധം ചെയ്യാനിറങ്ങാത്ത മുസ്ലീങ്ങൾ) യുദ്ധം ചെയ്യുകയും അവരോട് പരുഷമായി പെരുമാറുകയും ചെയ്യുക. അവർക്കുള്ള സങ്കേതം നരകമത്രെ. ചെന്നു ചേരാനുള്ള ആ സ്ഥലം വളരെ ചീത്ത തന്നെ." എന്നിട്ടും അവർ യുദ്ധത്തിന് പോയില്ല. ഇനി ഇവരോട് താൻ ഒരിക്കലും ക്ഷമിക്കുന്ന പ്രശ്നമേയില്ലെന്ന് പറഞ്ഞുകൊണ്ട് അള്ളാഹുവിന്റെ ആയത്തിറങ്ങി. ഖുറാ. 9:80,81 (113:80,81): (നബിയേ) നീ അവർക്കുവേണ്ടി പാപമോചനം തേടിക്കൊള്ളുക അല്ലെങ്കിൽ അവർക്കുവേണ്ടി പാപമോചനം തേടാതിരിക്കുക. നീ അവർക്കുവേണ്ടി എഴുപത്പ്രാവശ്യം പാപമോചനം തേടിയാലും അല്ലാഹു അവർക്ക് പൊറുത്തു കൊടുക്കുകയേയില്ല. അവർ അല്ലാഹുവിലും അവന്റെ ദൂതനിലും അവിശ്വസിച്ചതുകൊണ്ടത്രേ അത്. ധിക്കാരികളായ ജനങ്ങളെ അല്ലാഹു നേർവഴിയിലാക്കുകയില്ല (യുദ്ധത്തിനു പോകാതെ), പിൻമാറി ഇരുന്നവർ അല്ലാഹുവിന്റെ ദൂതന്റെ കല്പനക്കെതിരായുള്ള അവരുടെ ആ ഇരുത്തത്തിൽ സന്തോഷംപൂണ്ടു. തങ്ങളുടെ സ്വത്തുക്കൾകൊണ്ടും ശരീരങ്ങൾകൊണ്ടും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സമരം ചെയ്യുവാൻ അവർ ഇഷ്ടപ്പെട്ടില്ല. അവർ പറഞ്ഞു: ഈ ഉഷ്ണത്തിൽ നിങ്ങൾ ഇറങ്ങി പുറപ്പെടേണ്ട, പറയുക; നരകാഗ്നി കൂടുതൽ കഠിനമായ ചൂടുള്ളതാണ്. സൗകര്യമുള്ളവരാണെങ്കിലും ഞെരുക്കമുള്ളവരാണെങ്കിലും യുദ്ധത്തിന് ഇറങ്ങിപുറപ്പെട്ടുകൊള്ളുക. നിങ്ങളുടെ സ്വത്തുക്കൾകൊണ്ടും ശരീരങ്ങൾകൊണ്ടും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിങ്ങൾ യുദ്ധം ചെയ്യുക. അതാണ് നിങ്ങൾക്കുത്തമം; നിങ്ങൾ മനസ്സിലാക്കുന്നുണ്ടെങ്കിൽ" ഖുറാൻ 9:44 (113:44) "അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവരാരോ അവർ തങ്ങളുടെ സ്വത്തുക്കൾകൊണ്ടും ശരീരങ്ങൾകൊണ്ടും യുദ്ധം ചെയ്യുന്നതിൽനിന്ന് ഒഴിഞ്ഞു നിൽക്കാൻ നിന്നോട് അനുവാദം ചോദിക്കുകയില്ല" എന്നിട്ടും ഫലമുണ്ടായില്ല. അവർ യുദ്ധത്തിനു പോകാതിരുന്നപ്പോൾ അള്ളാഹു അവരെ കപടവിശ്വാസികളായി പരിഗണിച്ച അവരെ ശപിച്ച് നരകത്തിലേക്ക് തള്ളിക്കളയുമെന്ന് ഭീഷണിപ്പെടുത്തിക്കൊണ്ട് ആയത്തിറക്കി. ഖുറാൻ 9:66 (113:66): "നിങ്ങൾ ഒഴികഴിവുകളൊന്നും പറയണ്ട. വിശ്വസിച്ചതിനു ശേഷം നിങ്ങൾ അവിശ്വസിച്ചു കഴിഞ്ഞിരിക്കുന്നു. നിങ്ങളിൽ ഒരു വിഭാഗത്തിനു നാം മാപ്പുനൽകുകയാണെങ്കിൽതന്നെ മറ്റൊരു വിഭാഗത്തിന് അവർ കുറ്റവാളികളായിരുന്നതിനാൽ നാം ശിക്ഷ നൽകുന്നതാണ്." ശിക്ഷ എന്താണെന്ന് 68-ാം വാക്യത്തിൽ പറഞ്ഞിട്ടുണ്ട്. ഖുറാൻ 9:68 (113:68) "കപടവിശ്വാസികൾക്കും കപടവിശ്വാസിനികൾക്കും സത്യനിഷേധികൾക്കും അല്ലാഹു നരകാഗ്നി വാഗ്ദാനം ചെയ്തിരിക്കുന്നു. അവരതിൽ നിത്യവാസികളായിരിക്കും. അവർക്കതുമതി. അവരെ അല്ലാഹു ശപിക്കുകയും ചെയ്തിരിക്കുന്നു. അവർക്ക് സ്ഥിരമായ ശിക്ഷയുണ്ടായിരിക്കുന്നതാണ്."

അവർ കാര്യം ഗ്രഹിക്കുന്നവരായിരുന്നെങ്കിൽ.”

എന്നിട്ടും കോപമടങ്ങാതെ അല്ലാഹു അവരുടെ മേലുള്ള സാമൂഹ്യഭ്രഷ്ട് അവരുടെ മരണശേഷവും നിലനിർത്തിക്കൊണ്ട് ഒരായത്തിറക്കി ഖുറാൻ 9:84 (113/84) “അവരുടെ കൂട്ടത്തിൽനിന്ന് മരണപ്പെട്ട യാതൊരാളുടെ പേരിലും നീ ഒരിക്കലും നമസ്കരിക്കരുത്. അവന്റെ ഖബറിന്നരികിൽ നിൽക്കുകയും ചെയ്യരുത്. തീർച്ചയായും അവർ അല്ലാഹുവിലും അവന്റെ ദൂതനിലും അവിശ്വസിക്കുകയും ധിക്കാരികളായിക്കൊണ്ട് മരിക്കുകയും ചെയ്തിരിക്കുന്നു.” പിന്നീടുള്ള ആയത്തുകളിൽ അല്ലാഹു അവരെ ‘പെൺകോന്തന്മാർ’ എന്ന വിധത്തിൽ പരിഹസിക്കുകയാണ്. ഖുറാൻ 9:86,87 (113/86,99): “നിങ്ങൾ അല്ലാഹുവിൽ വിശ്വസിക്കുകയും അവന്റെ ദൂതനോടൊപ്പം സമരത്തിൽ ഏർപ്പെടുകയും ചെയ്യുക എന്ന് (നിർദ്ദേശിച്ചുകൊണ്ട്) വല്ല അദ്ധ്യായവും അവതരിപ്പിക്കപ്പെട്ടാൽ അവരുടെ കൂട്ടത്തിൽ കഴിവുള്ളവർ നിന്നോട് (യുദ്ധത്തിന് പോകാതിരിക്കാൻ) സമ്മതം തേടുന്നതാണ്. അവർ പറയും: ഞങ്ങളെ വിട്ടേക്കണം. ഞങ്ങൾ ഒഴിഞ്ഞിരിക്കുന്നവരുടെ കൂട്ടത്തിൽ ആകാം. (യുദ്ധത്തിന് പോകാതെ) ഒഴിഞ്ഞിരിക്കുന്ന സ്ത്രീകളുടെ കൂട്ടത്തിലായിരിക്കുന്നതിൽ അവർ തൃപ്തിയടഞ്ഞിരിക്കുന്നു. അവരുടെ ഹൃദയങ്ങളിൽ മുദ്രവയ്ക്കപ്പെടുകയും ചെയ്തിരിക്കുന്നു. അതിനാൽ അവർ (കാര്യം) ഗ്രഹിക്കുകയുമില്ല.” ഈ കളിയാക്കൽ അള്ളാഹു ആവർത്തിക്കുന്നുമുണ്ട് ഖുറാൻ 9:93 (113/93). “ഐശ്വര്യമുള്ളവരായിരിക്കെ (ഒഴിഞ്ഞുനിൽക്കാൻ) നിന്നോട് സമ്മതം തേടുകയും ഒഴിഞ്ഞിരിക്കുന്ന സ്ത്രീകളുടെ കൂട്ടത്തിൽ ആയിരിക്കുന്നതിൽ തൃപ്തി അടയുകയും ചെയ്ത വിഭാഗത്തിനെതിരിൽ മാത്രമാണ് (കുറ്റമാരോപിക്കാൻ) മാർഗ്ഗമുള്ളത്. അവരുടെ ഹൃദയങ്ങളിൽ അല്ലാഹു മുദ്രവയ്ക്കുകയും ചെയ്തിരിക്കുന്നു. അതിനാൽ അവർ (കാര്യം) മനസ്സിലാക്കുകയില്ല.”

ഇത്രക്കങ്ങ് നരകാഗ്നിയിൽ ശിക്ഷിക്കപ്പെടാനും ശപിക്കപ്പെടാനും സാമൂഹ്യഭ്രഷ്ട് നേരിടുവാനും പരിഹാസം ഏറ്റുവാങ്ങാനും മാത്രം ഇവർ ചെയ്തതെറ്റെന്താണ്? മുസ്ലീങ്ങളല്ലാത്തവരോടു യുദ്ധത്തിന് പോയില്ല എന്ന ‘കൊടും പാപ’മാണവർ ചെയ്തത്, മക്കയിലായിരുന്നപ്പോൾ അമുസ്ലീങ്ങളോട് യുദ്ധം ചെയ്യുന്നതായിരുന്നു പാപം. അള്ളാഹുവിന്റെ ചിന്താഗതികൾ എത്ര വിചിത്രം!! അത് ആരാഞ്ഞറിയുന്നവൻ ആര്? ഏതായാലും യുദ്ധത്തിന് പോകാതെ ഒഴിഞ്ഞ് നിന്നതിൽ മക്കയിൽ നിന്ന് മുഹമ്മദിനോടൊപ്പം വന്നവരും മദീനയിലെ സ്ഥിരതാമസക്കാരും ഉണ്ടായിരുന്നു ഖുറാൻ 9:101 (113/101)ൽ അവരെപ്പറ്റിപ്പറയുന്നുണ്ട് ‘നിങ്ങളുടെ ചുറ്റുമുള്ള അ്അറാബികളുടെ കൂട്ടത്തിലും കപടവിശ്വാസികളുണ്ട്; മദീനക്കാരുടെ കൂട്ടത്തിലുമുണ്ട്. കാപട്യത്തിൽ അവർ കടുത്തു പോയിരിക്കുന്നു. നിനക്ക് അവരെ അറിയില്ല. നമുക്ക് അവരെ അറിയാം. രണ്ട് പ്രാവശ്യം നാം അവരെ ശിക്ഷിക്കുന്നതാണ്. പിന്നീട് വമ്പിച്ച ശിക്ഷയിലേക്ക് അവർ തള്ളപ്പെടുന്നതുമാണ്”. ഇതോടൊപ്പം തന്റെ ‘പ്രവാചകന്റെ’ ജീവന് സുരക്ഷ ഉറപ്പുവരുത്താൻ അള്ളാഹു ഒരു ആയത്തുകൂടി ഇറക്കി. ഖുറാൻ 9:120 (113/120) “മദീന

ക്കാർക്കും അവരുടെ ചുറ്റുപാടുമുള്ള അഅ്റാബികൾക്കും അല്ലാഹുവിന്റെ ദൂതനെ വിട്ട് പിൻമാറി നിൽക്കാനോ അദ്ദേഹത്തിന്റെ കാര്യം അവഗണിച്ചു കൊണ്ട് അവരവരുടെ (സ്വന്തം) കാര്യങ്ങളിൽ താല്പര്യം കാണിക്കാനോ പാടുള്ളതല്ല"

ഈ യുദ്ധങ്ങളെല്ലാം ആക്രമണപരമായിരുന്നു എന്നതിന് തെളിവ് യുദ്ധങ്ങളിൽ പങ്കെടുക്കാനുള്ള ഇവരുടെ വിമുഖത തന്നെയാണ്. കാരണം, ബഹുദൈവാരാധകർ ഒത്തുകൂടി മദീനക്കെതിരെ നടത്തിയ യുദ്ധമായിരുന്നു ഇതെങ്കിൽ അള്ളാഹുവും മുഹമ്മദും പറയാതെ തന്നെ ഇവർ ആയുധമെടുക്കുമായിരുന്നു. തങ്ങളുടെ സ്ത്രീകളും കുട്ടികളും സ്വത്തുകളും ബഹുദൈവാരാധകരുടെ കൈവശം എത്തിച്ചേരണമെന്ന് അവർ ഒരിക്കലും ആഗ്രഹിക്കുകയില്ലല്ലോ. എന്നാൽ ഇതെല്ലാം മദീനക്ക് പുറത്തുവച്ച് ശത്രുക്കളുടെ നഗരങ്ങളെ അങ്ങോട്ട് കയറി ആക്രമിക്കുന്ന യുദ്ധങ്ങളായതിനാൽ ഇതിൽ പങ്കെടുത്തില്ലെങ്കിൽ യുദ്ധമുതലിൽ ഓഹരികിട്ടുകയില്ല എന്നതല്ലാതെ വേറെ നാശനഷ്ടമെന്നുമില്ല. അതുകൊണ്ടാണ് അവർ അല്പം വിശ്രമത്തിനുവേണ്ടി യുദ്ധങ്ങളിൽനിന്ന് ഒഴിഞ്ഞ് നിൽക്കാൻ ആഗ്രഹിച്ചത്. 'പ്രതിരോധത്തിനുവേണ്ടി മാത്രമേ മുഹമ്മദും കൂട്ടരും യുദ്ധം ചെയ്തിട്ടുള്ളൂ' എന്ന ആധുനിക മുസ്ലീം പണ്ഡിതരുടെ കള്ളപ്രചരണം ഈ 9-ാം (113/30) സൂറയിൽ തകർന്നു വീഴുന്നതു നോക്കുക.

ഖുർആനിലെ വാക്യങ്ങൾ എല്ലാം അനുസരിക്കേണ്ടതാണെന്ന് വിശ്വസിക്കുന്ന ഒരു മുസ്ലീം ഇതിൽ ഏതാണ് അനുസരിക്കുക? 'നിനക്ക് നിന്റെ മതം എനിക്ക് എന്റെ മതം' എന്ന ആയത്ത് ആണോ, അതോ ബഹുദൈവാരാധകരെ കണ്ടിടത്തു വച്ച് കൊല്ലാൻ ആവശ്യപ്പെടുന്ന ആയത്തുകളാണോ?

**3. വിശ്വാസം:** അല്ലാഹുവിലുള്ള വിശ്വാസത്തേയും അവിശ്വാസത്തേയും പറ്റി ഖുറാനിലെ വിരുദ്ധ ആയത്തുകൾ കാണുക. സൂറ 10:99,100 (51:99,100) 'നിന്റെ രക്ഷിതാവ് ഉദ്ദേശിച്ചിരുന്നെങ്കിൽ ഭൂമിയിലുള്ളവരെല്ലാം ഒന്നിച്ച് വിശ്വസിക്കുമായിരുന്നു. എന്നിരിക്കെ ജനങ്ങൾ സത്യവിശ്വാസികളാകാൻ നീ അവരെ നിർബ്ബന്ധിക്കുകയാണോ? യാതൊരാൾക്കും അല്ലാഹുവിന്റെ അനുമതി പ്രകാരമല്ലാതെ വിശ്വസിക്കുവാൻ കഴിയുന്നതല്ല. ചിന്തിച്ചു മനസ്സിലാക്കാത്തവർക്ക് അല്ലാഹു നികൃഷ്ടത വരുത്തി വെക്കുന്നതാണ്.

ഒരു വ്യാഖ്യാനത്തിനും ആവശ്യമില്ലാത്ത വിധം വളരെ വ്യക്തമായ വാക്യങ്ങളാണ് മുകളിൽ ഉള്ളത്. ഭൂമിയുള്ളവരെല്ലാം സത്യവിശ്വാസികളാകുവാൻ അള്ളാഹു ഉദ്ദേശിച്ചിട്ടില്ലെന്നും അതുകൊണ്ട് തന്നെ ജനങ്ങളെ വിശ്വാസം സ്വീകരിക്കാൻ നിർബന്ധിക്കരുതെന്നും അള്ളാഹു വ്യക്തമാക്കുന്നു. എന്നാൽ താഴെയുള്ള ഈ ആയത്തുകൾ നോക്കുക. മുകളിൽ പറഞ്ഞതിന് കടകവിരുദ്ധമായതാണവ.

സൂറ 2:193 (87:193): 'മർദ്ദനം ഇല്ലാതെയാവുകയും മതം അള്ളാഹുവിന് വേണ്ടിയാവുകയും ചെയ്യുന്നതുവരെ നിങ്ങളവരോട് യുദ്ധം നടത്തിക്കൊള്ളുക' സൂറ 9:123 (113:123):

'സത്യവിശ്വാസികളേ, നിങ്ങളുടെ അടുത്തു താമസിക്കുന്ന സത്യനിഷേധികളോട് നിങ്ങൾ യുദ്ധം ചെയ്യുക. അവർ നിങ്ങളിൽ രൂക്ഷത കണ്ടെത്തണം' സൂറ 8:39 (88:39): 'കുഴപ്പം ഇല്ലാതാവുകയും മതം മുഴുവനും അള്ളാഹുവിനു വേണ്ടിയാവുകയും ചെയ്യുന്നതുവരെ നിങ്ങളവരോട് യുദ്ധം ചെയ്യുക' മതം മാറാൻ ആരേയും നിർബ്ബന്ധിക്കരുത് എന്ന് 10:99ൽ പറഞ്ഞ അള്ളാഹു പിന്നീട് പറയുന്നത് മതം മുഴുവൻ അള്ളാഹുവിന്റെ കീഴിലാകുന്നതുവരെ സത്യനിഷേധികളോട് യുദ്ധം ചെയ്യണമെന്നാണ്. ഇതിലേതാണ് സത്യം?

**4. ശത്രുക്കളോടുള്ള സമീപനം**: ഇക്കാര്യത്തിലുള്ള ഖുറാനിലെ വൈരുദ്ധ്യ നിലപാടുകൾ നോക്കുക. സൂറ. 15:85 (54:85) '... തീർച്ചയായും അന്ത്യസമയം വരികതന്നെ ചെയ്യും. ആയതിനാൽ നീ ഭംഗിയായി മാപ്പു ചെയ്ത് കൊടുക്കുക' ഈ ആയത്തിന് ശ്രീ. എം.എം. അക്ബറിന്റെ ഖുർആനിൽ കൊടുത്തിരിക്കുന്ന അടിക്കുറിപ്പ് ഇങ്ങനെയാണ്: 'സത്യനിഷേധികൾ ശിക്ഷിക്കപ്പെടാതെ പോകുമെന്ന് കരുതി വ്യാകുലപ്പെടേണ്ടതില്ല. ന്യായവിധിയുടെ നാൾ വരുമെന്ന് ഉറപ്പാണ്. അതിനാൽ അവരുടെ ദുഷ്ടതകൾക്ക് മാപ്പു നൽകിയേക്കുക. അള്ളാഹു അവരെ കൈകാര്യം ചെയ്തുകൊള്ളും' തീർച്ചയായും ഈ വിധമുള്ള ചിന്താഗതി യുക്തിഭദ്രമാണ്. പരലോകത്ത് നരകശിക്ഷാവിധി സത്യനിഷേധികൾക്കുണ്ട് എന്നറിഞ്ഞ് അവരുടെ തെറ്റുകൾക്ക് മാപ്പു കൊടുക്കേണ്ടത് ഒരു സത്യവിശ്വാസിയുടെ ബാധ്യതയാണ്. എന്നാൽ ഇസ്ലാമികവിശ്വാസം ഉപേക്ഷിക്കുന്നവരെക്കുറിച്ചുള്ള ഒരു ആയത്ത് നോക്കുക. സൂറ 4:89 (92:89) 'അവർ അവിശ്വസിച്ചതുപോലെ നിങ്ങളും അവിശ്വസിക്കുകയും അങ്ങനെ നിങ്ങളെല്ലാം ഒരുപോലെയായിത്തീരുകയും ചെയ്യാനാണ് അവർ കൊതിക്കുന്നത്. അതിനാൽ അവർ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സ്വന്തം നാട് വിട്ടുവരുന്നതുവരെ അവരിൽ നിന്ന് നിങ്ങൾ മിത്രങ്ങളെ സ്വീകരിച്ചു പോകരുത്. എന്നാൽ അവർ പിന്തിരിഞ്ഞു കളയുകയാണെങ്കിൽ നിങ്ങളവരെ പിടികൂടുകയും അവരെ കണ്ടുമുട്ടിയേടത്ത് വെച്ച് നിങ്ങളവരെ കൊലപ്പെടുത്തുകയും ചെയ്യുക. അവരിൽനിന്ന് യാതൊരു മിത്രത്തേയും സഹായിയേയും നിങ്ങൾ സ്വീകരിച്ചു പോകരുത്.

ഇസ്ലാം സ്വീകരിച്ചതിനുശേഷം പിൻമാറിപ്പോയവരെ കൈകാര്യം ചെയ്യേണ്ടതെങ്ങനെയെന്നാണ് 'പരമ കാരുണികനായ അള്ളാഹു' ഇവിടെ വെളിപ്പെടുത്തുന്നത്. നരകശിക്ഷയുമില്ല, മാപ്പുകൊടുക്കലുമില്ല, കണ്ടുമുട്ടിയാൽ തട്ടിക്കളയുക അത്രതന്നെ. ഇവിടെ ബൈബിളിലെ സത്യദൈവവുമായി ഒരു താരതമ്യപഠനം അനിവാര്യമാണ്, ഒരുവൻ ക്രൈസ്തവ വിശ്വാസം ഉപേക്ഷിച്ചുപോയാൽ അവനെ എങ്ങനെ "കൈകാര്യം" ചെയ്യണമെന്ന് വിശുദ്ധ ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

യാക്കോബ് 5:19-20 'സഹോദരൻമാരേ, നിങ്ങളിൽ ഒരുവൻ സത്യം വിട്ടു തെറ്റിപ്പോവുകയും അവനെ ഒരുവൻ തിരിച്ചു വരുത്തുകയും ചെയ്താൽ പാപിയെ നേർവഴിക്ക് ആക്കുന്നവൻ അവന്റെ പ്രാണനെ മരണത്തിൽനിന്ന് രക്ഷിക്കുകയും പാപ

ഇവിടെയൊന്നും ഒരിടത്തു പോലും സത്യംവിട്ടു തെറ്റിപ്പോയ വനെ ശാരീരികമോ മാനസികമോ ഉപദ്രവിക്കുവാൻ ദൈവം വിശ്വാസി കൾക്ക് അനുവാദം നൽകുന്നില്ല. സത്യം വിട്ടു പിന്തിരിഞ്ഞവനെ കണ്ടു മുട്ടിയേടത്തുവച്ച് കഴുത്തു വെട്ടാൻ അനുയായികളോട് ആവശ്യപ്പെടുന്ന അള്ളാഹുവും സത്യം വിട്ടുതെറ്റിപ്പോ യവനെ സൗമ്യതയുടെ ആത്മാവിൽ യഥാസ്ഥാനപ്പെടുത്താൻ ആവ ശ്യപ്പെടുന്ന ബൈബിളിലെ സത്യ ദൈവവും ഒരാളാകുന്നതെങ്ങനെ?

ഇത് ഇസ്ലാം സ്വീകരിച്ചതിനു ശേഷം തങ്ങളുടെപഴയ മതത്തിലേക്ക് പിന്തിരിഞ്ഞുപോയവരെ കൈകാര്യം ചെയ്യേണ്ട വിധമാണ്. ഇനി നമുക്ക് ഇസ്ലാം സ്വീകരിക്കാത്ത 'സത്യനിഷേ ധികളെ' എങ്ങനെ കൈകാര്യം ചെയ്യ ണമെന്നാണ് അല്ലാഹു പറയുന്നത് എന്ന് നോക്കാം.

സൂറ. 2:191 (87:191) 'അവരെ കണ്ടുമുട്ടുന്നേടത്തുവച്ച് നിങ്ങളവരെ കൊന്നുകളയുകയും അവർ നിങ്ങളെ പുറത്താക്കിയേടത്ത് നിന്ന് നിങ്ങൾ അവരെ പുറത്താക്കുകയും ചെയ്യുക. (കാരണം, അവർ നടത്തുന്ന) മർദ്ദനം കൊലയേക്കാൾ നിഷ്ഠൂരമാകുന്നു. മസ്ജിദുൽ ഹറാമിനടുത്തുവെച്ച് നിങ്ങൾ അവരോട് യുദ്ധം ചെയ്യുന്ന തുവരെ ഇനി അവർ നിങ്ങളോട് (അ വിടെവച്ച്) യുദ്ധത്തിലേർപ്പെടുകയാ ണെങ്കിൽ അവരെ കൊന്നുകളയുക അപ്രകാരമാണ് സത്യ നിഷേധി കൾക്കുള്ള പ്രതിഫലം.'

എവിടെപ്പോയി മാപ്പുകൊടു ക്കലും നരകശിക്ഷാവിധിയുമൊക്കെ? മുസ്ലീങ്ങൾ ന്യൂനപക്ഷമായിരിക്കു മ്പോൾ, സത്യനിഷേധികൾക്ക് നരക ങ്ങളുടെ ബഹുത്വം മറയ്ക്കുകയും ചെയ്യും എന്ന് അവൻ അറിഞ്ഞു കൊള്ളട്ടെ.'

സത്യംവിട്ടുതെറ്റിപ്പോയവനെ തട്ടിക്കളയുകയല്ല, സത്യത്തിലേക്ക് തിരിച്ചു വരുത്തുകയാണ് ചെയ്യേണ്ട തെന്ന് ദൈവം പറയുന്നു. മാത്രമല്ല എങ്ങനെയാണ് അവനോട് ഇടപെടേ ണ്ടത് എന്നും പറയുന്നുണ്ട്: ഗലാത്യർ 6:1 'സഹോദരന്മാരേ, ഒരു മനുഷ്യൻ വല്ല തെറ്റിലും അകപ്പെട്ടുപോയെ ങ്കിൽ ആത്മികരായ നിങ്ങൾ അങ്ങ നെയുള്ളവനെ സൗമ്യതയുടെ ആത്മാവിൽ യഥാസ്ഥാനപ്പെടുത്തു വിൻ'

അവനെ ശകാരിക്കാൻ പോലും ദൈവവചനം ഒരു വിശ്വാസിയോട് പറ യുന്നില്ല. സൗമ്യതയോടുകൂടെ അവനെ വിശ്വാസത്തിൽ യഥാ സ്ഥാനപ്പടുത്താനാണ് ദൈവം പറയു ന്നത്. എന്നിട്ടും അവൻ വിശ്വാസത്തി ലേക്ക് തിരിച്ചു വരുന്നില്ലെങ്കിൽ അവന്റെ കാര്യം ദൈവത്തിന്റെ കൈയ്യിൽ ഏല്പിക്കാനാണ് ദൈവം പറയുന്നത്, നോക്കുക എബ്രായർ 10:29,30

“ദൈവപുത്രനെ ചവിട്ടിക്കളയു കയും തന്നെ വിശുദ്ധീകരിച്ച നിയമ രക്തത്തെ മലിനം എന്ന് നിരൂപിക്കു കയും കൃപയുടെ ആത്മാവിനെ നി ന്ദിക്കുകയും ചെയ്യുന്നവൻ അത്ര കഠി നമേറിയ ശിക്ഷയ്ക്ക് പാത്രമാകും എന്ന് വിചാരിപ്പിൻ “പ്രതികാരം എനി ക്കുള്ളത്, ഞാൻ പകരം വീട്ടും'' എന്നും “കർത്താവു തന്റെ ജനത്തെ ന്യായം വിധിക്കും” എന്നും അരുളി ചെയ്തവനെ നാം അറിയുന്നുവല്ലൊ. ജീവനുള്ള ദൈവത്തിന്റെ കൈയ്യിൽ വീഴുന്നതു ഭയങ്കരം”

യേശുക്രിസ്തുവിനെ തങ്ങളുടെ രക്ഷിതാവും കർത്താവുമായി സ്വീകരിക്കാത്തവരോടും ക്രിസ്ത്യാനികളെ ഉപദ്രവിക്കുന്നവരോടും എങ്ങനെയാണ് ഇടപെടേണ്ടത് എന്ന് ബൈബിളിൽ വെളിപ്പെടുത്തിയിരിക്കുന്നത് എപ്രകാരമാണ് എന്നുകൂടി നമുക്കൊന്ന് പരിശോധിക്കാം. യേശുക്രിസ്തു ഭൂമിയിലായിരുന്നപ്പോൾ തന്റെ ശിഷ്യന്മാരോട് ഇപ്രകാരം പറഞ്ഞു.

"എന്നാൽ കേൾക്കുന്നവരായ നിങ്ങളോട് ഞാൻ പറയുന്നത്: നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ, നിങ്ങളെ പകയ്ക്കുന്നവർക്ക് (ദ്രോഹിക്കുന്നവർക്ക്) ഗുണം ചെയ്വിൻ. നിങ്ങളെ ശപിക്കുന്നവരെ അനുഗ്രഹിപ്പിൻ. നിങ്ങളെ ദുഷിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിപ്പിൻ. നിന്നെ ഒരു ചെകിടത്ത് അടിക്കുന്നവനു മറ്റേതും കാണിച്ചു കൊടുക്കുക. നിന്റെ പുതപ്പ് എടുത്തുകളയുന്നവന് വസ്ത്രവും തടുക്കരുത്. നിന്നോട് ചോദിക്കുന്ന ഏവനും കൊടുക്ക, നിനക്കുള്ളത് എടുത്തുകളയുന്നവനോട് മടക്കി ചോദിക്കരുത്. മനുഷ്യർ നിങ്ങൾക്ക് ചെയ്യണം എന്ന് നിങ്ങൾ ഇച്ഛിക്കുന്നതു പോലെ തന്നെ അവർക്കും ചെയ്വിൻ. നിങ്ങളെ സ്നേഹിക്കുന്നവരെ സ്നേഹിച്ചാൽ നിങ്ങൾക്ക് എന്തു ഉപകാരം? പാപികളും തങ്ങളെ സ്നേഹിക്കുന്നവരെ സ്നേഹിക്കുന്നുവല്ലോ. നിങ്ങൾക്ക് നന്മ ചെയ്യുന്നവർക്ക് നന്മചെയ്താൽ നിങ്ങൾക്ക് എന്ത് ഉപകാരം? പാപികളും അങ്ങനെ തന്നെ ചെയ്യുന്നുവല്ലോ. മടക്കി വാങ്ങിക്കൊള്ളാം എന്നു നിങ്ങൾ ആശിക്കുന്നവർക്ക് കടം കൊടുത്താൽ നിങ്ങൾക്ക് എന്ത് കിട്ടും? പാപികളും കുറയാതെ മടക്കി

ശിക്ഷാവിധിയുള്ളതിനാൽ നിങ്ങൾ അവർക്ക് മാപ്പു കൊടുക്കുക എന്നു പറയുന്ന അള്ളാഹു മുസ്ലീങ്ങൾ ഭൂരിപക്ഷമായി തീർന്നപ്പോൾ പറയുന്നത് സത്യനിഷേധികളോട് യുദ്ധം ചെയ്യാനും അവരെ കൊല്ലാനുമാണ്. കഴിഞ്ഞില്ല, സത്യനിഷേധികൾക്ക് സഹായം ചെയ്യുന്നവരെ എങ്ങനെ കൈകാര്യം ചെയ്യണമെന്നും ഖുറാനിലുണ്ട്. സൂറ. 33:26-27(90:26,27) 'വേദക്കാരിൽ നിന്ന് അവർക്ക് (സത്യനിഷേധികൾക്ക്) പിന്തുണ നൽകിയവരെ അവരുടെ കോട്ടകളിൽ നിന്ന് അവൻ ഇറക്കിവിടുകയും അവരുടെ ഹൃദയങ്ങളിൽ അവൻ ഭയം ഇട്ടുകൊടുക്കുകയും ചെയ്തു അവരിൽ ഒരു വിഭാഗത്തെ നിങ്ങളതാ കൊല്ലുന്നു. ഒരു വിഭാഗത്തെ നിങ്ങൾ തടവിലാക്കുകയും ചെയ്യുന്നു. അവരുടെ ഭൂമിയും വീടുകളും സ്വത്തുക്കളും നിങ്ങൾ മുമ്പ് കാലെടുത്ത് വെച്ചിട്ടില്ലാത്ത ഒരു ഭൂപ്രദേശവും നിങ്ങൾക്കവൻ അവകാശപ്പെടുത്തിത്തരികയും ചെയ്തു. അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു.'

സത്യനിഷേധികൾക്ക് ആരെങ്കിലും പിന്തുണ കൊടുത്താൽ അവരുടെ ഭവനങ്ങളിൽനിന്ന് അവരെ ഇറക്കി വിടുക, അവരിലെ പുരുഷന്മാരെ കൊല്ലുക, സ്ത്രീകളേയും കുട്ടികളേയും അടിമകളാക്കി പിടിക്കുക, അവരുടെ വീടും സ്വത്തുക്കളും പിടിച്ചെടുക്കുക. ഇങ്ങനെയാണ് അവരെ കൈകാര്യം ചെയ്യേണ്ടത്, അല്ലാതെ മാപ്പു കൊടുക്കലിലൂടെയല്ല (26-ാം ആയത്ത് ബനുഖുറൈദയിലെ യെഹൂദന്മാരോടും 27-ാം ആയത്ത് ഖൈബറിലെ യെഹൂദന്മാരോടും മുഹമ്മദും കൂട്ടരും ഇടപ്പെട്ട രീതിയെപ്പറ്റിയാണ് സൂചിപ്പിക്കുന്നത്)

വാങ്ങേണ്ടതിന് പാപികൾക്ക് കടം കൊടുക്കുന്നുവല്ലോ. നിങ്ങളോ ശത്രുക്കളെ സ്നേഹിപ്പിൻ, അവർക്കു നന്മ ചെയ്‌വിൻ, ഒന്നും പകരം ഇച്ഛിക്കാതെ കടം കൊടുപ്പിൻ, എന്നാൽ നിങ്ങളുടെ പ്രതിഫലം വളരെ ആകും, നിങ്ങൾ അത്യുന്നതന്റെ മക്കൾ ആകും, അവർ നന്ദികെട്ടവരോടും ദുഷ്ടന്മാരോടും ദയാലുവല്ലോ. അങ്ങനെ നിങ്ങളുടെ പിതാവു മനസ്സലിവുള്ളവൻ ആകുന്നതുപോലെ നിങ്ങളും മനസ്സലിവുള്ളവർ ആകുവിൻ. വിധിക്കരുത്, എന്നാൽ നിങ്ങളേയും വിധിക്കയില്ല, ശിക്ഷയ്ക്ക് വിധിക്കരുത്, എന്നാൽ നിങ്ങൾക്കും ശിക്ഷാവിധി ഉണ്ടാവുകയില്ല, ക്ഷമിപ്പിൻ, എന്നാൽ നിങ്ങളോടും ക്ഷമിക്കും. കൊടുപ്പിൻ, എന്നാൽ നിങ്ങൾക്ക് കിട്ടും, അമർത്തി കുലുക്കി കവിയുന്നൊരു നല്ല അളവ് നിങ്ങളുടെ മടിയിൽ തരും, നിങ്ങൾ അളക്കുന്ന അളിവിനാൽ നിങ്ങൾക്ക് അളന്നു കിട്ടും' (ലൂക്കോസ് 6:27–38)

കേവലം അസാധ്യമായ ഒരു കാര്യം പ്രസംഗിച്ച് ആൾക്കൂട്ടത്തിന്റെ മുമ്പിൽ ആളാകുകയായിരുന്നില്ല യേശുക്രിസ്തു. ഇതിൽ പറഞ്ഞകാര്യങ്ങൾ അവിടുന്ന് തന്റെ ജീവിതത്തിൽ ചെയ്ത് കാണിച്ചിട്ടുള്ളതാണ്. യേശുക്രിസ്തുവിന്റെ അടുക്കൽ വന്ന ഒരാൾക്കും വെറും കയ്യോടെ പോകേണ്ടി വന്നിട്ടില്ല. ഒരാൾക്കും അവിടുന്ന് ഒന്നും കൊടുക്കാതിരിന്നുട്ടുമില്ല. രോഗസൗഖ്യം വേണ്ടവർക്ക് രോഗസൗഖ്യം, കുരുടർക്ക് കാഴ്ച, ബധിരർക്ക് കേൾവിശക്തി, മനഃസമാധാനമില്ലാത്തവർക്ക് മനഃസമാധാനം, ഊമർക്ക് സംസാരശേഷി, വിശക്കുന്നവർക്ക് അപ്പം, മരണമടഞ്ഞവർക്ക് ജീവൻ. ഇതിനെല്ലാം ഉപരിയായി ആത്മീയ മരണത്തിന് വിധേയരായി നരകശിക്ഷക്ക് വിധിക്കപ്പെട്ടിരുന്നവർക്ക് നിത്യജീവനും തത്ഫലമായ സ്വർഗ്ഗീയ സൗഭാഗ്യങ്ങളും. ഒന്നും പകരം ചോദിക്കാതെയാണ് അവിടുന്ന് ഇതെല്ലാം മനുഷ്യർക്ക് കൊടുത്തത്.

ജനക്കൂട്ടം ഇടയൻ ഇല്ലാത്ത ആടുകളെപ്പോലെ ആകകൊണ്ട് യേശു അവരോട് മനസ്സലിവു കാണിച്ചു, യേശു ആരേയും വിധിച്ചില്ല, പക്ഷെ അവിടുന്ന് വിധിക്കപ്പെട്ടു, യേശു ആരേയും പരിഹസിച്ചില്ല, പക്ഷെ അവിടുന്ന് പരിഹാസമേറ്റു. യേശു ആരേയും ഉപദ്രവിച്ചില്ല, പക്ഷെ അവിടന്ന് ഉപദ്രവമേറ്റു. തന്നെ പിടിക്കാൻ വന്നവരിലൊരാളുടെ കാത് തന്റെ ശിഷ്യനായ പത്രോസ് വാളുകൊണ്ട് വെട്ടിക്കളഞ്ഞപ്പോൾ യേശു ആ പടയാളിയുടെ കാതിൽ തൊട്ട് സൗഖ്യമാക്കുകയും വാൾ ഉറയിലിടാൻ തന്റെ ശിഷ്യന്മാരോട് ആജ്ഞാപിക്കുകയും ചെയ്തു. യേശുക്രിസ്തുവിനെ അനുഗമിക്കുന്ന ഒരാളും അദ്ദേഹത്തിനുവേണ്ടി വാൾ എടുത്തിട്ടില്ല. യേശു ക്രിസ്തു തന്റെ സാമ്രാജ്യം സ്ഥാപിച്ചത് വാളിന്റെ സഹായത്തോടെയുമല്ല. യഥാർത്ഥ ക്രിസ്ത്യാനികൾ തങ്ങളെ വീണ്ടെടുത്ത പ്രാണനാഥനുവേണ്ടി ഒഴുക്കിയ രക്തം അന്യന്റേതായിരുന്നില്ല, സ്വന്തം രക്തം തന്നെയായിരുന്നു. യേശുക്രിസ്തുവിനുവേണ്ടി മരിക്കാൻ തയ്യാറായി ഇന്നും അനേകരുണ്ട്. പക്ഷെ അവരാരും അള്ളാഹുവിനു വേണ്ടി ചാവേറാകാൻ നടക്കുന്ന ഇന്നത്തെ 'ജിഹാദി'കളെപ്പോലെയല്ല. നിരപരാധികളെ വധിച്ചു കൊണ്ടല്ല

അവർ തങ്ങളുടെ വിശ്വാസം വെളിപ്പെടുത്തുന്നത്, വിശ്വാസം സംരക്ഷിക്കാൻ വേണ്ടി രക്തസാക്ഷിയാകാനും തയ്യാറായിക്കൊണ്ടാണ്. ഉത്തര കൊറിയ, വിയറ്റ്നാം, ചൈന തുടങ്ങിയ കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങളിലും ആഫ്രിക്ക, ഏഷ്യ, യൂറോപ്പ് എന്നിവിടങ്ങളിലുള്ള ഇസ്ലാമിക രാജ്യങ്ങളിലും അനേകർ ഇന്നും ക്രിസ്തുവിനു വേണ്ടി രക്തസാക്ഷികളായിത്തീർന്നു കൊണ്ടിരിക്കുന്നു.

യേശുക്രിസ്തുവിനെ ക്രൂശിച്ചപ്പോൾ അവിടുന്ന് ആദ്യം പറഞ്ഞത് 'പിതാവേ ഇവർ ചെയ്യുന്നത് ഇന്നത് എന്ന് അറിയായ്കയാൽ ഇവരോട് ക്ഷമിക്കേണമേ' എന്നായിരുന്നു. ക്രൂശിക്കപ്പെട്ട യേശുവിനെ പരിഹസിക്കുകയും നിന്ദിക്കുകയും ചെയ്തുകൊണ്ട് മഹാപുരോഹിതനും സംഘവും ക്രൂശിന് താഴെ ഉണ്ടായിരുന്നു. അപ്പോഴും അവർക്കെതിരായി അവിടുന്ന് ഒരു വാക്കുപോലും ഉച്ചരിച്ചില്ല, ക്രൂശികരണത്തിന് ദൃക്സാക്ഷിയായിരുന്ന പത്രോസ് അതേപ്പറ്റി ഇങ്ങനെ എഴുതിയിരിക്കുന്നു:

'ക്രിസ്തുവും നിങ്ങൾക്കു വേണ്ടി കഷ്ടം അനുഭവിച്ചു, നിങ്ങൾ അവന്റെ കാൽച്ചുവട് പിന്തുടരുവാൻ ഒരു മാതൃക നൽകിയിരിക്കുന്നു. അവൻ പാപം ചെയ്തിട്ടില്ല, അവന്റെ വായിൽ വഞ്ചന ഒന്നും ഉണ്ടായിരുന്നില്ല. തന്നെ ശകാരിച്ചിട്ടു പകരം ശകാരിക്കാതെയും കഷ്ടം അനുഭവിച്ചിട്ടു ഭീഷണിപ്പെടുത്താതെയും ന്യായമായി വിധിക്കുന്നവങ്കൽ കാര്യം ഭരമേല്പിക്കയത്രെ ചെയ്തത്. നാം പാപം സംബന്ധിച്ചു മരിച്ചു നീതിക്കു ജീവിക്കേണ്ടതിന് അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ട് ക്രൂശിന്മേൽ കയറി, അവന്റെ അടിപ്പിണരാൽ നിങ്ങൾക്ക് സൗഖ്യം വന്നിരിക്കുന്നു' (1 പത്രോസ് 2:22-24).

ഇത് യേശുക്രിസ്തു തന്നെ ദ്രോഹിച്ചവരോട് ഇടപെട്ടവിധം. ഇനി ശിഷ്യന്മാർ തങ്ങളെ ദ്രോഹിച്ചവരോട് ഇടപെട്ടത് എങ്ങനെയെന്ന് നോക്കാം. ക്രൈസ്തവ സഭയുടെ ആദ്യ രക്തസാക്ഷിയായ സ്തെഫാനോസിന്റെ അന്ത്യ നിമിഷങ്ങൾ ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ 7-ാം അദ്ധ്യായം 54-60 വരെയുള്ള വേദഭാഗത്ത് നാം ഇങ്ങനെ വായിക്കുന്നു. 'ഇതുകേട്ടപ്പോൾ അവർ കോപപരവശരായി സ്തെഫാനോസിന്റെ നേരെ പല്ലുകടിച്ചു. അവനോ പരിശുദ്ധാത്മാവ് നിറഞ്ഞവനായി സ്വർഗ്ഗത്തിലേക്ക് ഉറ്റുനോക്കി, ദൈവമഹത്വവും ദൈവത്തിന്റെ വലത്തുഭാഗത്ത് യേശു നിൽക്കുന്നതുംകണ്ടു. ഇതാ, സ്വർഗ്ഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രൻ ദൈവത്തിന്റെ വലത്തുഭാഗത്ത് നിൽക്കുന്നതും ഞാൻ കാണുന്നു എന്നു പറഞ്ഞു. അവർ ഉറക്കെ നിലവിളിച്ച്, ചെവിപൊത്തിക്കൊണ്ട് ഒന്നിച്ച് അവന്റെ നേരെ പാഞ്ഞുചെന്ന്, അവനെ നഗരത്തിൽ നിന്ന് തള്ളി പുറത്താക്കി കല്ലെറിഞ്ഞു. സാക്ഷികൾ തങ്ങളുടെ വസ്ത്രം ശൗൽ എന്നു പേരുള്ള ഒരു ബാല്യക്കാരന്റെ കാൽക്കൽവച്ചു. കർത്താവായ യേശുവേ, എന്റെ ആത്മാവിനെ കൈക്കൊള്ളണമേ എന്ന് വിളിച്ചപേക്ഷിക്കയിൽ അവർ അവനെ കല്ലെറിഞ്ഞു. അവനോ മുട്ടുകുത്തി: കർത്താവേ, അവർക്ക് ഈ പാപം നിർത്തരുതേ എന്ന് ഉച്ചത്തിൽ നിലവിളിച്ചു. ഇതു പറഞ്ഞിട്ട് അവൻ നിദ്രപ്രാപിച്ചു."

കല്ലേറേറ്റ് അതികഠിന വേദന യാൽ പുളയുമ്പോഴും സ്തെഫാനോസിന്റെ വായിൽനിന്ന് ശാപമോ പ്രാക്കോ ശകാരമോ പുറത്തുവന്നില്ല. പകരം, തന്നെ കല്ലെറിയുന്നവരുടെ മേൽ ഈ പാപം കണക്കിടരുതേ എന്നുള്ള പ്രാർത്ഥനയാണ് വന്നത്. ഇതല്ലേ ദൈവീകമായത്? തന്നെ ഉപദ്രവിക്കുന്നവരെ തിരിച്ചും ഉപദ്രവിക്കുന്നത് മാനുഷികമായ കാര്യമാണ്. എന്നാൽതന്നെ ഉപദ്രവിക്കുന്നവരോട് അതുംതികച്ചും പ്രാകൃതമായ രീതിയിൽ കല്ലെറിഞ്ഞ് കൊല്ലുന്നവരോടുപോലും ക്ഷമിക്കാനും അവർക്കുവേണ്ടി പ്രാർത്ഥിക്കാനും ദൈവീക സമ്പർക്കമില്ലാതെ ജീവിക്കുന്നയാൾക്ക് കഴിയുമോ? ഖുർആന്റെ അനുയായികൾക്ക് ആർക്കെങ്കിലും ഇതേവിധം മരിക്കാനൊക്കുമോ? അതിന് അള്ളാഹു സമ്മതിക്കുമോ? കാരണം അള്ളാഹു യുദ്ധത്തിനാണ് ആഹ്വാനം ചെയ്യുന്നത്, ക്ഷമിക്കാനല്ല! യുദ്ധത്തിന് പോകാത്തവരുടെ മേൽ അള്ളാഹുവിന്റെ ക്രോധവും ശാപവും നിപതിക്കും, അവൻ കപട വിശ്വാസിയാണ്, അവനെ കാത്തിരിക്കുന്നത് നരകത്തിലെ എരിതീ മാത്രമാണ്. ഒരുത്തന് ക്ഷമിക്കാനുള്ള മനസ്സുണ്ടെങ്കിൽ അതും ഇല്ലാതാക്കിക്കളയുകയല്ലേ അള്ളാഹു ഇങ്ങനെയുള്ള ആയത്തുകളിലൂടെ ചെയ്തിരിക്കുന്നത്?

ദൈവസഭയെ ഉപദ്രവിച്ചു മുടിക്കാൻ ശ്രമിച്ച ശൗൽ (പൗലോസിന്റെ ആദ്യ നാമം) മാനസാന്തരപ്പെട്ട് ക്രിസ്ത്യാനിയായിത്തീർന്ന ശേഷം അനുഭവിച്ച പീഢനങ്ങൾ വിവരണാതീതമാണ്. അതിൽ ചില സംഭവങ്ങൾ നമുക്ക് ബൈബിളിൽ നിന്ന് കണ്ടെത്താൻ സാധിക്കും. നമുക്ക് പരിശോധിക്കാം: 'ശൗലോ മേൽക്കുമേൽ ശക്തിപ്രാപിച്ച്, യേശു തന്നെ ക്രിസ്തു എന്ന് തെളിയിച്ച് ദമസ്കോസിൽ പാർക്കുന്ന യെഹൂദന്മാരെ മിണ്ടാതാക്കി. കുറേനാൾ കഴിഞ്ഞപ്പോൾ യെഹൂദന്മാർ അവനെ കൊല്ലുവാൻ ആലോചിച്ചു. ശൗൽ അവരുടെ കൂട്ടുകെട്ട് അറിഞ്ഞു, അവനെ കൊല്ലുവാൻ അവർ രാവും പകലും നഗരഗോപുരങ്ങളിൽ കാവൽവെച്ചു. എന്നാൽ അവന്റെ ശിഷ്യന്മാർ രാത്രിയിൽ അവനെ ഒരു കൊട്ടയിലാക്കി മതിൽ വഴിയായി ഇറക്കിവിട്ടു" (അപ്പൊ. പ്രവൃത്തികൾ 9:22 –25)

'യവനഭാഷക്കാരായ യെഹൂദന്മാരോടും പൗലോസ് സംഭാഷിച്ചു തർക്കിച്ചു. അവരോ അവനെ കൊല്ലുവാൻ വട്ടംകൂടി. സഹോദരന്മാർ അത് അറിഞ്ഞ് അവനെ കൈസര്യയിലേക്ക് കൂട്ടികൊണ്ടുപോയി. അവിടെ നിന്ന് തർസോസിലേക്ക് അയച്ചു' (അപ്പൊ. പ്രവൃത്തികൾ 9:29–30) ഇവിടെയൊന്നും ക്രിസ്തുശിഷ്യന്മാർ തങ്ങളെ ഉപദ്രവിച്ചവർക്കെതിരെ യാതൊരു വിധമായ എതിർപ്പും പ്രകടിപ്പിച്ചില്ല എന്നത് ശ്രദ്ധിക്കുക. എതിർപ്പുള്ള ഇടങ്ങളിൽ നിന്ന് അവർ ഒഴിഞ്ഞുമാറിപ്പോയതേയുള്ളൂ. അപ്പൊസ്തലപ്രവൃത്തി 12–ാം അദ്ധ്യായത്തിൽ ക്രൈസ്തവ സഭ നേരിട്ട പീഢനത്തിന്റെ ചിത്രം കാണാം. 1–5 വരെയുള്ള വാക്യങ്ങൾ നാം ഇങ്ങനെ വായിക്കുന്നു. "ആ കാലത്ത് ഹെരോദാ രാജാവ് സഭയിൽ ചിലരെ പീഡിപ്പിക്കേണ്ടതിന് കൈ നീട്ടി. യോഹന്നാന്റെ സഹോദരനായ യാക്കോബിനെ അവൻ വാൾകൊണ്ട് കൊന്നു. അത് യെഹൂദന്മാർക്ക് പ്രസാദമായി എന്നു കണ്ട് അവൻ

പത്രോസിനേയും പിടിച്ചു. അപ്പോൾ പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ ആയിരുന്നു. അവനെ പിടിച്ച ശേഷം പെസഹ കഴിഞ്ഞിട്ടു ജനത്തിന്റെ മുമ്പിൽ നിർത്തുവാൻ ഭാവിച്ചു തടവിലാക്കി അവനെ കാക്കുവാൻ നാലു ഭടന്മാർ വീതം ഉള്ള നാലുകൂട്ടത്തിന് ഏല്പിച്ചു. ഇങ്ങനെ പത്രോസിനെ തടവിൽ സൂക്ഷിച്ചു വരുമ്പോൾ സഭ ശ്രദ്ധയോടെ അവനുവേണ്ടി പ്രാർത്ഥന കഴിച്ചുപോന്നു."

അപ്പൊസ്തലന്മാരിൽ ഒരാളായ യാക്കോബിനെ കൊല്ലുകയും മറ്റൊരു അപ്പൊസ്തലനായ പത്രോസിനെ തടവിലാക്കുകയും ചെയ്ത സന്ദർഭത്തിലും സഭ യാതൊരു വിധമായ ആക്രമണങ്ങളും സംഘടിപ്പിച്ചില്ല, പകരം അതിശ്രദ്ധയോടെ പത്രോസിനു വേണ്ടി ദൈവത്തോട് പ്രാർത്ഥിക്കുകയായിരുന്നു ചെയ്തത്. അതിന്റെ അനന്തരഫലം എന്തായിരുന്നു എന്ന് 6-10 വരെയുള്ള വാക്യങ്ങൾ കാണാം. കർത്താവിന്റെ ദൂതൻ കാരഗൃഹത്തിന്റെ ഉള്ളിൽനിന്ന് പത്രോസിനെ രക്ഷിച്ച് പുറത്തെത്തിക്കുന്നതിന്റെ വിവരണം അവിടെയുണ്ട്. മാത്രമല്ല, സഭയെ ഉപദ്രവിച്ച ഹെരോദോ രാജാവിന് എന്തു സംഭവിച്ചു എന്നും ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അപ്പൊ. പ്രവൃത്തികൾ 12:18-23വരെയുള്ള ഭാഗത്ത് ഇങ്ങനെ കാണാം. "നേരം വെളുത്തപ്പോൾ പത്രോസ് എവിടെപ്പോയി എന്ന് പടയാളികൾക്ക് അല്പമല്ലാത്ത പരിഭ്രമം ഉണ്ടായി. ഹെരോദാവ് അവനെ അന്വേഷിച്ചിട്ട് കാണായ്കയാൽ കാവൽക്കാരെ വിസ്തരിച്ച് അവരെ കൊല്ലുവാൻ കല്പിച്ചു, പിന്നെ അവൻ (പത്രോസ്) യെഹൂദ്യ വിട്ടു കൈസര്യയിലേക്ക് പോയി അവിടെ പാർത്തു.

ഹെരോദാവ് **സോര്യരുടേയും** സീദോന്യരുടേയും നേരെ ക്രൂദ്ധിച്ചിരിക്കുമ്പോൾ രാജാവിന്റെ ദേശത്ത് നിന്ന് തങ്ങളുടെ ദേശത്തിന് ആഹാരം കിട്ടിവരികയാൽ അവർ ഏകമനസ്സോടെ അവന്റെ അടുക്കൽ ചെന്ന്, രാജാവിന്റെ പള്ളിയറക്കാരനായ ബ്ലസ്തോസിനെ വശത്താക്കി സന്ധിക്കായി അപേക്ഷിച്ചു. നിശ്ചയിച്ച ദിവസത്തിൽ ഹെരോദാവ് രാജവസ്ത്രം ധരിച്ച് രാജാസനത്തിൽ ഇരുന്ന് അവരോട് പ്രസംഗം കഴിച്ചു, ഇതു മനുഷ്യന്റെ ശബ്ദമല്ല, ഒരു ദേവന്റെ ശബ്ദമത്രെ എന്ന് അവർ ആർത്തു. അവൻ ദൈവത്തിന് മഹത്വം കൊടുക്കായ്കയാൽ കർത്താവിന്റെ ദൂതൻ ഉടനെ അവനെ അടിച്ചു. അവൻ കൃമിക്ക് ഇരയായി പ്രാണനെ വിട്ടു"

അന്നും ഇന്നും എന്നും ദൈവസഭയെ ഉപദ്രവിച്ചവരെ ശിക്ഷിച്ചിട്ടുള്ളത് ദൈവമാണ്. അല്ലാതെ വിശ്വാസികളല്ല. ഈ കേരളത്തിൽ പോലും സുവിശേഷം പ്രസംഗിക്കുന്നവൻ സുവിശേഷത്തിന്റെ ശത്രുക്കളിൽനിന്ന് മർദ്ദനം ഏറ്റുവാങ്ങുന്ന സന്ദർഭങ്ങൾ പലപ്പോഴും ഉണ്ടായിട്ടുണ്ട്. എന്നാൽ അതിന്റെ പേരിൽ ഞങ്ങൾ പോലീസിൽ പരാതി കൊടുക്കുകയോ കേസ് എടുപ്പിക്കുകയോ ചെയ്യാറില്ല, ക്ഷമിക്കുകയും അവർക്കു വേണ്ടി പ്രാർത്ഥിക്കുകയുമാണ് ചെയ്യാറുള്ളത്. സുവിശേഷ പ്രസംഗകരെ ഉപദ്രവിച്ച ആരെയെങ്കിലും നിങ്ങൾക്ക് പരിചയമുണ്ടെങ്കിൽ അവരുടെ ജീവിതം നിങ്ങളൊന്ന് പരിശോധിച്ച് നോക്കുക. ഒന്നുകിൽ അവർ ക്രിസ്തുവിനെ അനുഗമിക്കുന്നവരായിത്തീർന്നിരിക്കും, അല്ലെങ്കിൽ ദൈവത്തിന്റെ ശിക്ഷ അവരുടെ മേലോ

അവരുടെ കുടുംബാംഗങ്ങളുടെ മേലോ പതിച്ചിട്ടുണ്ടായിരിക്കും. എന്തായാലും സുവിശേഷം അറിയിച്ചവരെ ഉപദ്രവിക്കുന്നതിനുമുമ്പ് അവർ ജീവിച്ച ജീവിതം ഒരിക്കലും അവർക്ക് തുടർന്നു കൊണ്ടുപോകാൻ കഴിയില്ല ഉറപ്പ്.

വീണ്ടും പൗലോസിലേക്ക് തിരിച്ചുവരാം. അപ്പൊ. പ്രവൃത്തികൾ 14:19 -22 വരെയുള്ള വേദഭാഗത്ത് നാം ഇപ്രകാരം വായിക്കുന്നു "എന്നാൽ അന്ത്യോക്ക്യയിൽ നിന്നും ഇക്കോന്യയിൽനിന്നും യെഹൂദന്മാർ വന്നുകൂടി പുരുഷാരത്തെ വശത്താക്കി പൗലോസിനെ കല്ലെറിഞ്ഞു, അവൻ മരിച്ചു എന്ന് വിചാരിച്ചിട്ട് അവനെ പട്ടണത്തിന് പുറത്തേക്ക് ഇഴച്ചുകളഞ്ഞു. എന്നാൽ ശിഷ്യന്മാർ അവനെ ചുറ്റി നിൽക്കുകയിൽ അവൻ എഴുന്നേറ്റ് പട്ടണത്തിൽ ചെന്നു, പിറ്റെന്നാൾ ബർണബാസിനോട് കൂടെ ദെർബ്ബക്ക് പോയി. ആ പട്ടണത്തിലും സുവിശേഷം അറിയിച്ചു പലരേയും ശിഷ്യരാക്കിയശേഷം അവർ ലുസ്ത്ര, ഇക്കോന്യ, അന്ത്യോക്യ എന്നീ പട്ടണങ്ങളിലേക്ക് മടങ്ങിചെന്നു. വിശ്വാസത്തിൽ നിലനിൽക്കണം എന്നും നാം അനേകം കഷ്ടങ്ങളിൽകൂടി ദൈവരാജ്യത്തിൽ കടക്കേണ്ടതാകുന്നു എന്നും പ്രബോധിപ്പിച്ചു ശിഷ്യന്മാരുടെ മനസ്സ് ഉറപ്പിച്ചു പോന്നു"

ഇവിടെയും ക്രിസ്ത്യാനികൾ യാതൊരു വിധത്തിലും ശത്രുക്കൾക്കെതിരെ പ്രതികരിക്കുന്നില്ല എന്നത് ശ്രദ്ധേയമാണ്. അപ്പൊ. പ്രവൃ. 16:16-40, 17:5-14, 18:12-17, 19:23 -41, 21:27-36, 22:22-29, 23:12-32 ഈ വേദഭാഗങ്ങളിലെല്ലാം പൗലോസ് ശത്രുക്കളുടെ കയ്യാൽ അനുഭവിച്ച പീഡനങ്ങളുടെ വിവരണങ്ങൾ കാണാം. ഒരിടത്തുപോലും പൗലോസോ മറ്റ് ക്രിസ്ത്യാനികൾ ആരെങ്കിലുമോ പ്രതികരിച്ചതായ ചരിത്രമില്ല. താൻ അനുഭവിച്ച കഷ്ടങ്ങളുടെ ഒരു ലഘുവിവരണം കൊരിന്ത്യർക്കെഴുതിയ രണ്ടാം ലേഖനം 11-ാം അദ്ധ്യായം 22 മുതൽ 33 വരെയുള്ള വേദഭാഗത്ത് കാണാം. "അവർ എബ്രായരോ? ഞാനും അതെ, ക്രിസ്തുവിന്റെ ശുശ്രൂഷകരോ? ഞാൻ ബുദ്ധിഭ്രമമായി സംസാരിക്കുന്നു ഞാൻ അധികം ! ഞാൻ ഏറ്റവും അധികം അധ്വാനിച്ചു, അധികം പ്രാവശ്യം തടവിലായി, അനവധി അടികൊണ്ടു, പലപ്പോഴും പ്രാണഭയത്തിലായി, യെഹൂദരാൽ ഞാൻ ഒന്നു കുറയെ നാല്പത് അടി അഞ്ചുവട്ടം കൊണ്ടു, മൂന്നുവട്ടം വടിയാൽ അടി കൊണ്ടു, ഒരിക്കൽ കല്ലേറു കൊണ്ടു, മൂന്നുവട്ടം കപ്പൽച്ചേതത്തിൽ അകപ്പെട്ടു, ഒരു രാപ്പകൽ വെള്ളത്തിൽ കഴിച്ചു. ഞാൻ പലപ്പോഴും യാത്ര ചെയ്തു, നദികളിലെ ആപത്ത്, കള്ളന്മാരാലുള്ള ആപത്ത്, ജാതികളാലുള്ള ആപത്ത്, പട്ടണത്തിലെ ആപത്ത്, കാട്ടിലെ ആപത്ത്, കടലിലെ ആപത്ത്, കള്ള സഹോദരന്മാരാലുള്ള ആപത്ത്, അദ്ധ്വാനം, പ്രയാസം, പലവട്ടം ഉറക്കിളപ്പ്, പൈദാഹം, പലവട്ടം പട്ടിണി, ശീതം, നഗ്നത എന്നീ അസാധാരണ സംഗതികൾ ഭവിച്ചതു കൂടാതെ എനിക്ക് ദിവസേന സർവ്വ സഭകളെയുംക്കുറിച്ചുള്ള ചിന്താഭാരം എന്ന തിരക്കും ഉണ്ട്. ആർ ബലഹീനനായിട്ട് ഞാൻ ബലഹീനനാകാതെ ഇരിക്കുന്നു? ആർ ഇടറിപ്പോയിട്ട് ഞാൻ അഴലാതിരിക്കുന്നു? പ്രശംസിക്കണമെങ്കിൽ എന്റെ ബലഹീനത സംബന്ധിച്ച് ഞാൻ പ്രശംസിക്കും. നമ്മുടെ കർത്താവായ യേശുക്രിസ്തു

വിന്റെ ദൈവവും പിതാവുമായി എന്നേക്കും വാഴ്ത്തപ്പെട്ടവൻ. ഞാൻ ഭോഷ്കല്ല പറയുന്നത് എന്നറിയുന്നു. ദമാസ്കസിലെ അരേതാ രാജാവിന്റെ നാടുവാഴി എന്നെ പിടിക്കുവാൻ ഇഛിച്ചു, ദമാസ്കൊസ് പട്ടണത്തെ കാവൽ വച്ചു കാത്തു. എന്നാൽ അവർ എന്നെ മതിലിലുള്ള ഒരു കിളിവാതിൽ വഴിയായി ഒരു കൊട്ടയിൽ ഇറക്കിവിട്ടു, അങ്ങനെ ഞാൻ അവന്റെ കയ്യിൽനിന്ന് തെറ്റി ഓടിപ്പോയി."

ക്രൈസ്തവർ ലോകമെമ്പാടും വ്യാപിച്ചത് ഇതേവിധമുള്ള ത്യാഗനിർഭരമായ ജീവിതങ്ങളിലൂടെയായിരുന്നു. വാളിന്റെ വായ്ത്തലയുടെ ബലത്തിലോ അസ്ത്രങ്ങളുടെ മൂർച്ചയിലോ കുന്തത്തിന്റേയും കുതിരപ്പടയുടേയും ശക്തിയിലോ അല്ല, ദൈവീക ശക്തിയുടെ സഹായത്താൽ നിർവ്യാജ സ്നേഹത്തിലധിഷ്ഠിതമായ ആത്മസമർപ്പണത്തിലൂന്നിയ ജീവിത സാക്ഷ്യങ്ങളാലാണ് ലോകത്ത് യേശുക്രിസ്തുവിന് ഇത്രമാത്രം അനുയായികൾ ഉണ്ടായത്. തങ്ങളുടെ അരുമനാഥൻ തങ്ങൾക്കുവേണ്ടി അനുഭവിച്ച കഷ്ടങ്ങളെക്കുറിച്ചുള്ള ബോധം കർത്താവിനുവേണ്ടി കഷ്ടങ്ങൾ സഹിക്കാൻ അവരെ പ്രാപ്തരാക്കുന്നു. അപ്പൊസ്തലനായ പൗലോസിന്റെ വാക്കുകൾ നോക്കുക 'അതുകൊണ്ട് ഞാൻ ക്രിസ്തുവിനുവേണ്ടി ബലഹീനത, കയ്യേറ്റം, ബുദ്ധിമുട്ട്, ഉപദ്രവം, ഞെരുക്കം എന്നിവ സഹിപ്പാൻ ഇഷ്ടപ്പെടുന്നു. ബലഹീനനായിരിക്കുമ്പോൾതന്നെ ഞാൻ ശക്തനാകുന്നു' (2 കൊരി. 12:10).

അപ്പൊസ്തലന്മാർ മാത്രമല്ല, സാധാരണ വിശ്വാസികളും ക്രിസ്തുവിനുവേണ്ടി അനുഭവിച്ച കഷ്ടങ്ങളുടെ ചിത്രം ബൈബിളിലുണ്ട്. ചില വേദഭാഗങ്ങൾ ശ്രദ്ധിക്കുക, 'നിങ്ങളെ ഒരുവൻ അടിമപ്പെടുത്തിയാലും കൊള്ളയടിച്ചാലും പിടിച്ചുകൊണ്ടുപോയാലും നിങ്ങളോട് അഹങ്കരിച്ചാലും നിങ്ങൾ പൊറുക്കുന്നുവല്ലോ' (2 കൊരി. 11:20) 'എന്നാൽ നിങ്ങൾ പ്രകാശനം ലഭിച്ചശേഷം നിന്ദകളാലും പീഢനകളാലും കൂത്തുകാഴ്ചയായി ഭവിച്ചും ആ വക അനുഭവിക്കുന്നവർക്ക് കൂട്ടാളികളായിത്തീർന്നും ഇങ്ങനെ കഷ്ടങ്ങളാൽ വളരെ പോരാട്ടം കഴിച്ച പൂർവ്വകാലം ഓർത്തുകൊള്ളുവിൻ. തടവുകാരോട് നിങ്ങൾ സഹതാപം കാണിച്ചതല്ലാതെ സ്വർഗ്ഗത്തിൽ നിലനിൽക്കുന്ന ഉത്തമ സമ്പത്ത് നിങ്ങൾക്ക് ഉണ്ട് എന്നറിഞ്ഞു സമ്പത്തുകളുടെ അപഹാരവും സന്തോഷത്തോടെ സഹിച്ചുവല്ലൊ' (എബ്രാ. 10:32-34)

അപ്പൊസ്തലനായ പൗലോസ് തിമൊഥെയോസിനോട് പറയുന്നത് ശ്രദ്ധിക്കുക: 'ചെമ്പുപണിക്കാരൻ അലക്സെന്തർ എനിക്ക് വളരെ ദോഷം ചെയ്തു. അവന്റെ പ്രവൃത്തികൾക്ക് പകരം കർത്താവ് അവന് പകരം ചെയ്യും. അവൻ നമ്മുടെ പ്രസംഗത്തോട് അത്യന്തം എതിർത്തു നിന്നതുകൊണ്ട് നീയും അവനെ സൂക്ഷിച്ചുകൊള്ളുക' (2 തിമൊഥെയോസ് 4:14,15). അലക്സെന്തരിനെ സൂക്ഷിക്കണമെന്ന മുന്നറിയിപ്പ് മാത്രമേ പൗലോസ് തിമൊഥെയോസിന് കൊടുക്കുന്നുള്ളൂ. ഇരുട്ടിന്റെ മറവിൽ അവനെ കൊന്നുകളയാനോ ദൈവദൂഷണം ആരോപിച്ച് കല്ലെറിയാനോ ഒന്നു പറയുന്നില്ല. ഇനിയും അനേകം വേദഭാഗങ്ങൾ നൽകാനുണ്ട്. എങ്കിലും വിസ്താരഭയത്താൽ

ഒഴിവാക്കുന്നു. ക്രിസ്തു ഭൂമിയിലായിരുന്നപ്പോഴും ക്രിസ്ത്രീയസഭ രൂപംകൊണ്ട ആരംഭനാളുകളിൽ ക്രിസ്ത്യാനികൾ ന്യൂനപക്ഷങ്ങളായിരുന്നപ്പോഴും ക്രിസ്തീയത ലോകമെമ്പാടും വ്യാപിച്ച് ക്രിസ്ത്യാനികൾ ഭൂരിപക്ഷമായിത്തീർന്നപ്പോഴും ബൈബിളിലെ സത്യദൈവത്തിന് ഒരു വാക്കുമാത്രമേയുള്ളൂ. അനുയായികളുടെ അംഗബലത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനങ്ങൾ മാറ്റുന്നയാളല്ല ബൈബിളിലെ സത്യദൈവം, മറിച്ച് ഏകനായി മഹാത്ഭുതങ്ങളെ പ്രവർത്തിക്കുന്നവനാണ്.

അവിശ്വാസികളോട് സമാധാനത്തിൽ വർത്തിക്കാനും യുദ്ധം ചെയ്യാനും ആവശ്യപ്പെടുന്ന വിരുദ്ധ ആയത്തുകൾ ഖുറാനിൽ ഇനിയുമുണ്ട്. അതെല്ലാം വിശദീകരിക്കാൻ സ്ഥലം തികയാത്തതിനാൽ റഫറൻസുകൾ മാത്രം തരുന്നു. മലയാളത്തിലുള്ള ഖുറാനിൽ നിങ്ങൾ സ്വയം പരിശോധിച്ചു നോക്കുക.

| **സമാധാനം** | | **യുദ്ധം** |
|---|---|---|
| സൂറ 45:14 (65:14) | X | 8:60 (88:60) |
| സൂറ 43:88,89 (63:88,89) | X | 47:4 (95:4) |
| സൂറ 50:45 (34:45) | X | സൂറ 8:65 (88:65) |
| സൂറ 29:46 (85:46) | X | സൂറ 9:29 (113:29) |
| സൂറ 2:256 (87:256) | X | സൂറ 4:84 (92:84) |
| സൂറ 103:1–3 (13:1–3) | X | സൂറ 61:11 (109:11) |

ഇതെല്ലാം യുദ്ധത്തിന്റേയും സമാധാനത്തിന്റേയും ആയത്തുകളാണ്. ലോകമെമ്പാടുമുള്ള ഇസ്ലാമിസ്റ്റുകൾ തങ്ങൾ ജീവിക്കുന്ന രാജ്യങ്ങളിലെ സാമൂഹ്യ പരിസ്ഥിതിക്കൊത്തവണ്ണം ഇവയെ ഉപയോഗിക്കുന്നുമുണ്ട്. ഉദാഹരണത്തിന്, ഇന്ത്യ, യൂറോപ്പ്, അമേരിക്ക, ആസ്ട്രേലിയ തുടങ്ങി മുസ്ലീം ന്യൂനപക്ഷ രാജ്യങ്ങളിൽ ഇസ്ലാമിസ്റ്റുകൾ പുറത്തെടുക്കുന്നത് സമാധാനത്തിന്റെ ആയത്തുകളായിരിക്കും. 'ഇസ്ലാം സമാധാനമാണ്' എന്നുപറഞ്ഞുകൊണ്ടുള്ള ചുവരെഴുത്തുകളും സെമിനാറുകളും നാം ധാരാളം കണ്ടിട്ടുള്ളതാണല്ലോ. എന്നാൽ മുസ്ലീം ഭൂരിപക്ഷ രാജ്യങ്ങളിലെ സ്ഥിതിയെന്താണ്? നമ്മുടെ അയൽരാജ്യമായ പാക്കിസ്ഥാൻ സ്വതന്ത്രമാവുന്ന സമയത്ത് (1947ൽ) അവിടുത്തെ മൊത്തം ജനസംഖ്യയുടെ 13%പേർ ക്രിസ്ത്യൻ, ഹിന്ദു, സിഖ് വിഭാഗങ്ങളിൽപ്പെട്ട ന്യൂനപക്ഷങ്ങളായിരുന്നു. അറുപത് വർഷങ്ങൾക്കിപ്പുറം, ഈ മൂന്ന് വിഭാഗങ്ങളുടെ കൂടി അവിടെ രണ്ടരശതമാനത്തിൽ താഴെയാണ് ന്യൂനപക്ഷങ്ങൾ. മതനിന്ദാ നിയമം എന്ന ഭ്രാന്തൻ പ്രമാണമുണ്ടാക്കി ക്രൈസ്തവരേയും ഹിന്ദുക്കളേയും അഹമ്മദീയരേയും മെല്ലാം മുസ്ലീം മതഭ്രാന്തന്മാർ നിഷ്കരുണം വേട്ടയാടുന്നു. അതിനെ എതിർക്കുന്നവർക്ക് മരണവുമായി ജിഹാദിസ്റ്റുകൾ ഉറഞ്ഞുതുള്ളുന്നു. ബംഗ്ലാദേശിന്റെ കാര്യവും വ്യത്യസ്തമല്ല. സ്വാതന്ത്ര്യം കിട്ടുമ്പോൾ ക്രിസ്ത്യൻ, ഹിന്ദു, ബുദ്ധവിഭാഗങ്ങളിൽപെട്ട ന്യൂനപക്ഷങ്ങൾ അവിടെ 34% ആയിരുന്നു. ഇന്നത് 20% ആണ്. ബാക്കിയുള്ളവർ എവിടെപ്പോയി? കുറേപ്പേർ ഇസ്ലാം സ്വീകരിക്കാൻ നിർബന്ധിതരായിത്തീർന്നു, കുറേപ്പേർ തങ്ങളുടെ വിശ്വാസം സംരക്ഷിക്കാൻ വേണ്ടി ഇന്ത്യയിലേക്ക് പലായനം ചെയ്തു. പാകിസ്ഥാനിലെ ന്യൂനപക്ഷങ്ങൾ ഓരോ വാക്കും സൂക്ഷിച്ച് ഉപയോഗിച്ചില്ലെങ്കിൽ മത

## 5. ഖിബ്‌ല

നമുക്ക് വിഷയത്തിലേക്ക് മടങ്ങിവരാം. യുദ്ധത്തിന്റേയും സമാധാനത്തിന്റേയും കാര്യത്തിൽ മാത്രമല്ല, മറ്റു പല വിഷയങ്ങളിലും അള്ളാഹു ആദ്യം പറഞ്ഞവാക്ക് പിൽക്കാലത്ത് മാറ്റിയിട്ടുണ്ട്. അതിലൊന്ന് 'ഖിബ്‌ല' യെ സംബന്ധിച്ചുള്ളതാണ്. (മുസ്ലീങ്ങൾ നിസ്കാരസമയത്ത് ലക്ഷ്യം വെക്കുന്ന സ്ഥാനമാണ് ഖിബ്‌ല) സൂറ 2:142-144 ൽ (87/142-144) നാം ഇപ്രകാരം വായിക്കുന്നു. "അവർ ഇതുവരെ (പ്രാർത്ഥനാ വേളയിൽ) തിരിഞ്ഞുനിന്നിരുന്ന ഭാഗത്തുനിന്ന് ഇവരെ തിരിച്ചുവിട്ട കാരണമെന്താണെന്ന് മൂഢന്മാരായ ആളുകൾ ചോദിച്ചേക്കും. (നബിയേ) പറയുക, അല്ലാഹുവിന്റേതു തന്നെയാണ് കിഴക്കും പടിഞ്ഞാറുമെല്ലാം. അവനുദ്ദേശിക്കുന്നവരെ അവൻ നേരായ മാർഗ്ഗത്തിലേക്ക് നയിക്കുന്നു.

അപ്രകാരം നിങ്ങളെ നാം ഒരുത്തമ സമുദായമാക്കിയിരിക്കുന്നു. നിങ്ങൾ ജനങ്ങൾക്ക് സാക്ഷികളായിരിക്കുവാനും, റസൂൽ നിങ്ങൾക്ക് സാക്ഷിയായിരിക്കാനും വേണ്ടി റസൂലിനെ പിൻപറ്റുന്നതാരൊക്കെയെന്നും പിൻമാറിക്കളയുന്നതാരൊക്കെയെന്നും തിരിച്ചറിയാൻ വേണ്ടി മാത്രമായിരുന്നു നീ ഇതുവരെ തിരിഞ്ഞുനിന്നിരുന്ന ഭാഗത്തെ നാം ഖിബ്‌ലയായി നിശ്ചയിച്ചത്. അല്ലാഹു നേർവഴിയിലാക്കിയവരൊഴിച്ച് മറ്റെല്ലാവർക്കും അത് (ഖിബ്‌ല മാറ്റം) ഒരു വലിയ പ്രശ്നമായിത്തീർന്നിരിക്കുന്നു. അല്ലാഹു നിങ്ങളുടെ വിശ്വാസത്തെ പാഴാക്കിക്കളയുന്നതല്ല. തീർച്ചയായും അല്ലാഹു മനുഷ്യരോട് അത്യധികം ദയയുള്ളവനും കരുണാനിധിയുമാകുന്നു.

നിന്ദാ നിയമമനുസരിച്ച് കൊലപ്പെടാനുള്ള സാധ്യത ഡെമോക്ലീസിന്റെ വാൾപോലെ അവരുടെ തലക്കുമീതെ തൂങ്ങിക്കിടക്കുകയാണ്. വ്യാപകമായി ന്യുനപക്ഷങ്ങൾക്കെതിരെ ദുരുപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഒരു നിയമമാണത്. അതിർത്തിത്തർക്കമോ മറ്റ് ഏതെങ്കിലും വിധത്തിലുള്ള പ്രശ്നമോ ഒരു മുസ്ലീമിനും അമുസ്ലീമിനും ഇടയിൽ ഉണ്ടായാൽ എത്രയും പെട്ടെന്ന് പ്രശ്നം പരിഹരിക്കാൻ അവിടത്തെ മുസ്ലീങ്ങൾ ഉപയോഗിക്കുന്നത് ഈ മതനിന്ദാ നിയമമാണ്. മുസ്ലീങ്ങളായ രണ്ട് സാക്ഷികളെ സംഘടിപ്പിച്ച് കോടതിയിൽ ശത്രുക്കൾക്കെതിരെ ആരോപണമുന്നയിച്ചാൽ അതോടെ തീർന്നു അവരുടെ ജീവിതം. നിരപരാധികളുടെ ജീവനെടുക്കുന്നതിന് ഈ നിയമം കാരണമാകുന്നുണ്ട് എന്ന് തിരിച്ചറിഞ്ഞതുകൊണ്ടാണ് മുൻ പഞ്ചാബ് ഗവർണ്ണറായ സൽമാൻ തസീർ ഈ നിയമം ഭേദഗതി ചെയ്യണം എന്നാവശ്യപ്പെട്ടത്. അതിന്റെ അനന്തരഫലമെന്തായിരുന്നു എന്ന് നാം കണ്ടതാണല്ലോ. സ്വന്തം അംഗരക്ഷകന്റെ കയ്യാൽ അദ്ദേഹം വധിക്കപ്പെട്ടു. അധികാരശ്രേണിയിൽ പിടിപാടുള്ള ഒരു മുസ്ലീമിന്റെ ഗതി ഇതാണെങ്കിൽ പാകിസ്ഥാനിലെ ന്യൂനപക്ഷങ്ങളുടെ അവസ്ഥയെന്തായിരിക്കുമെന്ന് എളുപ്പം ഊഹിക്കാവുന്നതല്ലേയുള്ളൂ. അവിടെത്തെ ഏക ക്രൈസ്തവ മന്ത്രി ഷഹബാസ് ഭട്ടിയേയും ജിഹാദിസ്റ്റുകൾ ക്രൂരമായി കൊലപ്പെടുത്തി. ഈ കൊലയെ അപലപിക്കാൻപോലും അവിടുത്തെ പ്രധാനമന്ത്രിയും പ്രസിഡന്റുമൊക്കെ ഭയപ്പെടുന്ന അവസ്ഥയാണുള്ളത്.

(നബിയേ) നിന്റെ മുഖം ആകശത്തേക്ക് തിരിഞ്ഞുകൊണ്ടിരിക്കുന്നത് നാം കാണുന്നുണ്ട്. അതിനാൽ നിനക്കിഷ്ടമാകുന്ന ഒരു ഖിബ്‌ലയിലേക്ക് നിന്നെ നാം തിരിക്കുകയാണ്. ഇനിമേൽ നീ നിന്റെ മുഖം മസ്ജിദുൽ ഹറാമിന്റെ നേർക്കുതിരിക്കുക. നിങ്ങൾ എവിടെയായിരുന്നാലും അതിന്റെ നേർക്കാണ് നിങ്ങൾ മുഖം തിരിക്കേണ്ടത്. വേദം നൽകപ്പെട്ടവർക്ക് ഇത് തങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള സത്യമാണെന്ന് നന്നായി അറിയാം. അവർ പ്രവർത്തിക്കുന്നതിനെപ്പറ്റിയൊന്നും അള്ളാഹു അശ്രദ്ധനല്ല"

എം. എം. അക്ബറിന്റെ ഖുറാനിൽ ഇതിന് കൊടുത്തിരിക്കുന്ന അടിക്കുറിപ്പ് നോക്കുക "ബൈത്തുൽ മുഖദസ് അഥവാ മസ്ജിദുൽ അഖ്സായിലേക്ക് തിരിഞ്ഞുകൊണ്ട് നമസ്ക്കരിക്കാനായിരുന്നു മുസ്ലീംകൾ ആദ്യകാലത്ത് കല്പിക്കപ്പെട്ടിരുന്നത്. മദീനാ ജീവിതത്തിലെ രണ്ടാമത്തെ വർഷമാണ് കഅ്ബയിലേക്ക് തിരിഞ്ഞ് നമസ്കരിക്കുവാൻ അല്ലാഹുവിന്റെ കല്പന ലഭിച്ചത്"

അള്ളാഹു സത്യദൈവമല്ലെന്നും ഖുർആൻ സത്യവചനമല്ലെന്നും മുഹമ്മദ് സത്യദൈവത്തിന്റെ പ്രവാചകനല്ലെന്നും ഒരുവന് തെളിയിക്കുവാൻ ഈ മൂന്ന് ആയത്തുകളും ഈ അടിക്കുറിപ്പും ധാരാളം. അവന് ചരിത്രത്തെക്കുറിച്ച് സാമാന്യ അറിവും അല്പം യുക്തിബോധവും ഉണ്ടായിരിക്കണമെന്നു മാത്രം. നമുക്ക് ഇവയൊന്ന് വിശകലനം ചെയ്തു നോക്കാം. മുഹമ്മദ് പ്രവാചകനായി രംഗപ്രവേശം ചെയ്ത കാലം മുതൽ മദീനയിലേക്ക് പലായനം ചെയ്തതിന്റെ രണ്ടാം വർഷം വരെ (ഏകദേശം 15ലധികം വർഷം) നിസ്കാര സമയത്ത് ബൈത്തുൽ മുഖദ്ദസ് അഥവാ മസ്ജിദുൽ അഖ്സായിലേക്ക് (യെരുശലേമിലുള്ള ദേവാലയം) മുഖം തിരിച്ചു നിൽക്കണമെന്നാണ് അല്ലാഹു കല്പിച്ചിരിക്കുന്നത്. മുഹമ്മദ് മക്കയിലുണ്ടായിരുന്ന 13 വർഷവും മദീനയിലെത്തിയതിനു ശേഷം 2 വർഷവും മുസ്ലീങ്ങൾ യെരുശലേമിലെ മസ്ജിദുൽ അഖ്സായുടെ നേർക്ക് തിരിഞ്ഞുനിന്നാണ് നിസ്കരിച്ചിരുന്നത്. മറ്റ് പല ആയത്തുകളുടെ കാര്യത്തിലെന്നപോലെ, മുഹമ്മദ് മദീനയിലെത്തിയതിനുശേഷം ഇതിലും ഭേദഗതി വരുത്തി. അള്ളാഹു ആണോ മുഹമ്മദ് ആണോ ഭേദഗതി വരുത്തിയതെന്ന് സംശയമുളവാക്കുന്ന വിധമാണ് ആയത്ത് ഖുറാനിൽ കാണുന്നത്. ഖിബ്‌ലാ മാറ്റത്തെക്കുറിച്ചുള്ള ആദ്യത്തെ പരാമർശം സൂറ 2:142 (87/142)ലാണ് ഉള്ളത് 'അവർ ഇതുവരെ (പ്രാർത്ഥനാ വേളയിൽ) തിരിഞ്ഞു നിന്നിരുന്ന ഭാഗത്തുനിന്ന് ഇവരെ തിരിച്ചു വിട്ട കാരണമെന്താണെന്ന് മൂഢൻമാരായ ആളുകൾ ചോദിച്ചേക്കും' എന്നതാണ് ആ പരാമർശം. അതിനുശേഷം 144–ാം ആയത്തിലാണ് 'ഇനിമേൽ നീ നിന്റെ മുഖം മസ്ജിദുൽ ഹറാമിന്റെ നേർക്ക് തിരിക്കുക. നിങ്ങൾ എവിടെയായിരുന്നാലും അതിന്റെ നേർക്കാണ് നിങ്ങൾ മുഖം തിരിക്കേണ്ടത്' എന്ന ആയത്ത് ഇറങ്ങുന്നത്. എന്നാൽ ഈ ആയത്ത് ഇറങ്ങുന്നതിനുമുമ്പ് തന്നെ ഖിബ്‌ലമാറ്റാൻ മുഹമ്മദ് ഉത്തരവിട്ടിരുന്നു. ഇത്രനാൾ നിസ്കാരത്തിനായി തിരിഞ്ഞുനിന്നിരുന്ന ഭാഗത്തു നിന്ന് ഇപ്പോൾ ദിശമാറ്റുന്നതിന്റെ സാധുത ചിലർ ചോദ്യം ചെയ്തപ്പോഴാണ് തന്റെ ദാസനെ സഹായിക്കാനായി

അല്ലാഹു ഖുറാനിലെ 2:142-144 വരെയുള്ള ആയത്തുകൾ അവതരിപ്പിക്കുന്നത്. സൂറ 2:142 നുമുമ്പ് ഖിബ്‌ല മാറ്റാനുള്ള വഹ്‌യ് മുഹമ്മദിന് കിട്ടിയിട്ടില്ല. കിട്ടിയിരുന്നെങ്കിൽ അത് ഖുറാനിൽ എവിടെയെങ്കിലും കാണുമായിരുന്നല്ലോ, അങ്ങനെയൊന്ന് കാണാനില്ല. പിന്നീട് ആ ഉത്തരവിന്റെ പേരിൽ മുസ്ലീങ്ങൾക്കിടയിൽ ഭിന്നത ഉണ്ടായപ്പോഴാണ് ഖിബ്‌ല മാറ്റത്തിന്റെ സാധുതയെ ചോദ്യം ചെയ്ത മുസ്ലീങ്ങളെ 'മൂഢൻമാർ' എന്ന് ആക്ഷേപിച്ചുകൊണ്ട് 2:142-ാം ആയത്ത് ഇറങ്ങുന്നത്.

എന്തുകൊണ്ടാണ് അല്ലാഹുവിന്റെ വഹ്‌യ് കിട്ടാതെ തന്നെ ഖിബ്‌ല മാറ്റാൻ മുഹമ്മദ് ഉത്തരവിട്ടത്? ഇതിന്റെ ഉത്തരം തേടുന്നതിന്റെ മുമ്പ് മറ്റൊരു കുഴക്കുന്ന പ്രശ്നത്തിന് പരിഹാരം കാണേണ്ടതുണ്ട്. ആ പ്രശ്നം ഇതാണ്. ബൈത്തുൽ മുഖദസ് അഥവാ മസ്ജിദുൽ അഖ്സായിലേക്ക് തിരിഞ്ഞു നിന്നുകൊണ്ടാണ് നിങ്ങൾ നമസ്കരിക്കേണ്ടത്' എന്ന് അല്ലാഹു പറഞ്ഞിട്ടുള്ളത് ഖുർആനിൽ എവിടെയാണ് ഉള്ളത്? ആദ്യഖിബ്‌ല മസ്ജിദുൽ അഖ്സയായിരുന്നല്ലോ. അവിടേക്ക് തിരിഞ്ഞു നിന്നുകൊണ്ട് നമസ്കരിക്കാനായിരുന്നു മുസ്ലീംകൾ ആദ്യകാലത്ത് കല്പിക്കപ്പെട്ടിരുന്നത്' എന്ന് എം. എം. അക്ബറിന്റെ ഖുർആനിൽ അടിക്കുറിപ്പ് കാണുന്നുണ്ട്. ആ കൽപന എവിടെ? എന്റെ കൈവശം മൂന്ന് മലയാളം ഖുറാൻ ഉണ്ട് തർജമാനുൽ ഖുർ ആൻ (കെ. ഉമർ മൗലവി സാഹിബിന്റെ പരിഭാഷ), ഖുർ ആൻ ലളിതസാരം (പരിഭാഷ ഷെയ്ഖ് മുഹമ്മദ് കാരക്കുന്ന്, വാണിദാസ് എളയാവൂർ), വിശുദ്ധ ഖുർ ആൻ സമ്പൂർണ്ണ മലയാള പരിഭാഷ എന്ന എം.എം. അക്ബറിന്റെ സ്വന്തം ഖുർആനും ഈ മൂന്ന് ഖുർആനിലും ഫാത്തിഹ മുതൽ നാസ് വരെയുള്ള 114 സൂറകൾ വായിച്ചിട്ടും അതിലൊരിടത്തുപോലും ആദ്യത്തെ ഖിബ്‌ല മസ്ജിദുൽ അഖ്സയാണ് എന്നു പറഞ്ഞുകൊണ്ടുള്ള ഒരൊറ്റ ആയത്ത്പോലും ലേഖകൻ കണ്ടിട്ടില്ല, അപ്പോൾ ശ്രീ. എം.എം. അക്ബറിന്റെ ഖുറാനിൽ സൂറ2:142ന് കൊടത്തിരിക്കുന്ന അടിക്കുറിപ്പ് ശുദ്ധനുണയാണെന്നർത്ഥം, അതല്ല എം.എം. അക്ബറിന്റെ അടിക്കുറിപ്പ് സത്യമാണെങ്കിൽ, മസ്ജിദുൽ അഖ്സയെ ഖിബ്‌ലയാക്കി നിശ്ചയിച്ചുകൊണ്ടുള്ള അല്ലാഹുവിന്റെ ആയത്ത് ഇന്നത്തെ ഖുറാനിൽ ഇല്ല, അത് എന്നെന്നേക്കുമായി നഷ്ടപ്പെട്ടുപോയിരിക്കുന്നു എന്നർത്ഥം!!!

ഭൂമിയേയും ആകാശത്തേയും സൃഷ്ടിക്കുന്നതിനുമുമ്പേ അല്ലാഹു ഖുർആനാണ് സൃഷ്ടിച്ചത് എന്ന് ഹദീസുകളിൽ കാണാം. ദൂതന്മാരെപോലും സൃഷ്ടിക്കുന്നതിനുമുമ്പ് തന്റെ കയ്യിലുള്ള സ്വർണ്ണപ്പേന കൊണ്ട് സ്വർഗ്ഗത്തിലുള്ള സ്വർണ്ണഫലകത്തിൽ അല്ലാഹു ഖുറാൻ രേഖപ്പെടുത്തിവച്ചുവത്രെ, അങ്ങനെയുള്ള സ്വർഗ്ഗത്തിലെ ഖുർആന്റെ ഭൂമിയിലുള്ള അറബി പതിപ്പിൽ അല്ലാഹുവിന്റെ ഒരു കല്പന ഇല്ല! ഇതിനേക്കാൾ സഹതാപാർഹമായി വേറെ എന്താണുള്ളത്? ഒരിക്കൽ പറഞ്ഞത് പിന്നീട് മാറ്റിപ്പറയേണ്ടി വരുന്നതിന്റെ ഗതികേട് ഒരുവശത്ത്, മറുവശത്ത് ഒരിക്കൽ കൊടുത്ത കല്പന നഷ്ടപ്പെട്ടുപോയതിന്റെ ദയനീയാവസ്ഥയും. പാവം അല്ലാഹു, താൻ ഒരിക്കൽ കൊടുത്ത കല്പന തന്റെ ഗ്രന്ഥത്തിൽനിന്ന് നഷ്ടപ്പെട്ടുപോകാതെ

സൂക്ഷിക്കാനുള്ള ശക്തിപോലു മില്ലാത്ത ഈ അള്ളാഹു ബൈബിൾ വെളിപ്പെടുത്തപ്പെട്ടിരിക്കുന്ന സർവ്വശക്തനായ ദൈവമാണ് എന്ന് പറയണമെങ്കിൽ അപാര തൊലിക്കട്ടി തന്നെ വേണം!!!

എന്തിനുവേണ്ടിയാണ് ഖിബ്‌ല മാറ്റിയത് എന്നു ഖുർആനിൽ അള്ളാഹു പറയുന്നുണ്ട് "റസൂലിനെ പിൻപറ്റുന്നതാരൊക്കെയെന്നും, പിൻമാറിക്കളയുന്നതാരൊക്കെയെന്നും തിരിച്ചറിയുവാൻ വേണ്ടി മാത്രമായിരുന്നു നീ ഇതുവരെ തിരിഞ്ഞു നിന്ന ഭാഗത്തെ നാം ഖിബ്‌ലയായി നിശ്ചയിച്ചത്" (സൂറ 2:143) കെ ഉമ്മർ മൗലവി സാഹിബിന്റെ ഖുറാനിൽ ഇതിന് അടിക്കുറിപ്പ് കൊടുത്തിരിക്കുന്നത് ഇപ്രകാരമാണ് "അതായത് കുറെക്കാലം ബൈത്തുൽ മുഖദ്ദസിലേക്ക് തിരിഞ്ഞ് നമസ്കരിച്ചതിനുശേഷം പിന്നെ മക്കത്തെ പള്ളിയുടെ നേരെ തിരിയുവാൻ കല്പിക്കുമ്പോൾ നബിയെ സ്വീകരിക്കുവാനും സ്വീകരിക്കാത്തവനും ആരൊക്കെയാണെന്ന് തെളിയുന്നതാണ്. അതിനുവേണ്ടിയാണ് ഇങ്ങനെ ചെയ്തത്." ഈ വ്യഖ്യാനം വെള്ളം തൊടാതെ വിഴുങ്ങാൻ കുറച്ച് ബുദ്ധിമുട്ടുണ്ട്. കാരണം അള്ളാഹു സർവ്വജ്ഞാനിയാണെന്നല്ലേ അവകാശപ്പെടുന്നത്? അപ്പോൾ ഇങ്ങനെയൊരു പരീക്ഷണം നടത്തിയിട്ട് വേണമോ സത്യവിശ്വാസികളേയും കപടവിശ്വാസികളേയും തിരിച്ചറിയാൻ? 'മനുഷ്യരുടെ ഹൃദയ വിചാരങ്ങളെ തിരിച്ചറിയാനുള്ള കഴിവ് അള്ളാഹുവിന് ഇല്ല' എന്ന് സമ്മതിക്കുകയാണെങ്കിൽ ഉമർ മൗലവി സാഹിബിന്റെ വ്യാഖ്യാനം അംഗീകാരയോഗ്യമാണ്.

രണ്ടാമത്തെ പ്രശ്നം കഅ്ബയുടെ പ്രാധാന്യവുമായി ബന്ധപ്പെട്ടതാണ് 'ജാഹ്‌ലിയ്യാ' കാലഘട്ടത്തിൽ (ഇസ്ലാം രൂപം കൊള്ളുന്നതിനു മുമ്പുള്ള കാലഘട്ടം. ജാഹ്‌ലിയ്യാ എന്ന അറബി വാക്കിന്റെ അർത്ഥം 'അജ്ഞത' എന്നാണ്) അറബികൾ നിസ്കാര സമയത്ത് ലക്ഷ്യം വെച്ചിരുന്നത് കഅ്ബയെ ആയിരുന്നു (നിസ്കാരം ഇസ്ലാം രൂപം കൊള്ളുന്നതിനു മുമ്പേ അറബികൾക്കിടയിലുണ്ടായിരുന്ന ആചാരമായിരുന്നു. നിസ്കാരം മാത്രമല്ല, ഹജ്ജ്, നോമ്പ്, സക്കാത്ത്, പരിഛേദന കഴിക്കൽ തുടങ്ങി ഇന്ന് ഇസ്ലാമിൽ നിലവിലുള്ള മതപരമായ എല്ലാ ആചാരങ്ങളും മുഹമ്മദിനു മുമ്പേ മക്കയിലും പരിസരപ്രദേശങ്ങളിലും നിലവിലുണ്ടായിരുന്നതാണ്. ചിലത് യഹൂദന്മാരുടെ ആചാരമായിരുന്നെങ്കിൽ ചിലത് ക്രിസ്ത്യാനികളുടെതും മറ്റ് ചിലത് ബഹുദൈവാരാധകരുടേതുമായിരുന്നു. ഇസ്ലാം രൂപം കൊള്ളുന്നതിന് മുമ്പുവരെ ഈ വിഭാഗങ്ങളെല്ലാം അറേബ്യൻ ഉപദ്വീപിൽ സമാധാനത്തോടെ സഹവർത്തിച്ചിരുന്നു.

ഇന്ന് ഇസ്ലാമിലുള്ള ഒരു മതകർമ്മവും മുഹമ്മദ് പുതുതായി അവതരിപ്പിച്ചതല്ല. വ്യത്യസ്ത മതവിഭാഗങ്ങളിൽപ്പെട്ടവരെ തന്റെ പുതിയ മതത്തിലേക്ക് ആകർഷിക്കുന്നതിന്റെ ഭാഗമായി അവരുടെ മതകർമ്മങ്ങളെ മുഹമ്മദ് ഇസ്ലാമിലേക്ക് സ്വീകരിക്കുകയായിരുന്നു. ഈ വിഷയം കൂടുതൽ വിശദമായ പഠനം അർഹിക്കുന്നതായതിനാൽ സ്ഥലപരിമിതിമൂലം ഇവിടെ ഇപ്പോൾ ചർച്ച ചെയ്യുന്നില്ല) ഇസ്ലാമിന്റെ ആരംഭകാലത്ത് മുസ്ലീങ്ങൾക്ക് കല്പനകിട്ടിയത് യെരുശലേമിലേക്ക് ലക്ഷ്യം വച്ച് നിസ്കരിക്കാ

നായിരുന്നു. യെഹൂദന്മാരേയും ക്രിസ്ത്യാനികളേയും പ്രീണിപ്പിക്കാൻ വേണ്ടിയാണ് ഇങ്ങനെയൊരു കല്പനവന്നതെന്ന് തീർച്ച! പിന്നീട് 13 വർഷം മെക്കയിൽ സമാധാനത്തിന്റെ സന്ദേശങ്ങൾ അവതരിപ്പിച്ചുകൊണ്ട് മതപ്രചാരണം നടത്തിയിട്ടും മദീനയിലെത്തി 2 വർഷത്തോളം വാളിന്റെ വായ്ത്തലയുടെ മൂർച്ചയിൽ ബലപ്രയോഗത്തിലൂടെ മതപ്രചരണം നടത്തിയിട്ടും മക്കയിലും മദീനയിലുമുണ്ടായിരുന്ന യെഹൂദൻമാരും ക്രിസ്ത്യാനികളും മുഹമ്മദിനെ സത്യദൈവത്തിൽ നിന്നുള്ള പ്രവാചകനായി അംഗീകരിക്കുകയോ ഇസ്ലാമിനെ സത്യവിശ്വാസമായി സ്വീകരിക്കുകയോ ചെയ്തില്ല. ഒരു വിധത്തിലും ഈ രണ്ട് വിഭാഗക്കാർ തന്നെ അംഗീകരിക്കുകയില്ല എന്ന കാര്യം വ്യക്തമായപ്പോഴാണ് ഖിബ്ല യെരുശലേമിൽ നിന്ന് മെക്കയിലെ കഅ്ബയിലേക്ക് മാറ്റിക്കൊണ്ട് മുഹമ്മദ് ഉത്തരവിടുന്നത്.

ഈ ഉത്തരവ് മുഹമ്മദ് ഒരിക്കലും പ്രതീക്ഷിക്കാത്ത ഫലമാണ് ഉളവാക്കിയത്. മുസ്ലീംങ്ങളിലെ വളരെ വലിയൊരു കൂട്ടം ഖിബ്ല മറ്റുന്നതിനെ അംഗീകരിച്ചില്ല. തങ്ങൾ ഇതുവരെ യെരുശലേമിലേക്ക് തിരിഞ്ഞ് നമസ്കരിച്ചത് എല്ലാം പാഴായിപ്പോകുമോ എന്ന ഭയമായിരുന്നു ഇങ്ങനെയൊരു നിലപാട് സ്വീകരിക്കാൻ അവരെ പ്രേരിപ്പിച്ചത്. മുഹമ്മദിനെ വിട്ട് പിൻമാറിക്കളയാനും തയ്യാറുള്ള ആളുകൾ മുസ്ലീംങ്ങളിലുണ്ടായിരുന്നു എന്നാണ് സൂറ. 2:143 വായിക്കുമ്പോൾ നമുക്കു മനസ്സിലാവുന്നത്. മുസ്ലീംങ്ങളെല്ലാം നേർവഴിയിലല്ല എന്ന് അല്ലാഹു കുറ്റപ്പെടുത്തുന്നുമുണ്ട്. 'അല്ലാഹു നേർവഴിയിലാക്കിയവരൊഴിച്ച് മറ്റെല്ലാവർക്കും അത് (ഖിബ്ല മാറ്റം) ഒരു വലിയ പ്രശ്നമായി ത്തീർന്നിരിക്കുന്നു' (സൂറ 2:143) എന്ന് അല്ലാഹു തന്നെ പറയുമ്പോൾ മുഹമ്മദ് അവിടെ അഭിമുഖീകരിച്ചത് ഒരു വലിയ പ്രതിസന്ധി തന്നെയായിരുന്നു എന്ന് കാണാം.

ഇങ്ങനെ അന്നത്തെ മുസ്ലീംങ്ങളിൽ മഹാഭൂരിപക്ഷം പേരും യെരുശലേമിനു നേർക്കു മുഖം തിരിച്ചും ബാക്കിയുള്ളവർ മെക്കയിലേക്ക് മുഖം തിരിച്ചും നിസ്കരിച്ചു കൊണ്ടിരുന്നപ്പോൾ മുഹമ്മദ് എവിടേക്ക് ആണ് മുഖം തിരിച്ചിരുന്നത്? യെരുശലേമിനു നേർക്കോ അതോ മക്കയുടെ നേർക്കോ? രണ്ടുഭാഗത്തേക്കുമായിരുന്നില്ല എന്നതാണ് രസകരമായ സംഗതി! മുഹമ്മദിന്റെ മുഖം എവിടേക്കായിരുന്നു തിരിഞ്ഞിരുന്നത് എന്ന് അള്ളാഹു തന്നെ പറയുന്നുണ്ട്. സുറ 2:142 "(നബിയേ) നിന്റെ മുഖം ആകാശത്തേക്ക് തിരിഞ്ഞുകൊണ്ടിരിക്കുന്നത് നാം കാണുന്നുണ്ട് അതിനാൽ നിനക്കിഷ്ടമാകുന്ന ഒരു ഖിബ്ലയിലേക്ക് നിന്നെ നാം തിരിക്കുകയാണ്" മുഹമ്മദ് ഈ പ്രശ്നത്തിൽ തന്ത്രപരമായ ഒരു നിലപാടാണ് എടുത്തത്, തന്റെ കല്പനക്കൊത്തവണ്ണം മക്കയെ ഖിബ്ലയായി പരിഗണിച്ച് നിസ്കരിച്ചാൽ മഹാഭൂരിപക്ഷം വരുന്ന ഒരു കൂട്ടം ഇസ്ലാം ഉപേക്ഷിച്ചു പോകാൻ സാധ്യതയുണ്ട്. പഴയതുപോലെ യെരുശലേമിനെ തന്നെ ഖിബ്ലയായി നിശ്ചയിച്ച് നിസ്കരിച്ചാൽ തന്റെ കല്പന താൻ തന്നെ അംഗീകരിക്കുന്നില്ലെന്ന് വരും, അപ്പോൾ ഏറ്റവും നല്ലത് നിഷ്പക്ഷ നിലപാട് സ്വീകരിച്ചുകൊണ്ട് ആകാശത്തേക്ക് നോക്കി നിസ്കരിക്കുന്നതാണ്!!!

ഏതുവിധത്തിലായാലും ഇസ്ലാമിക ചരിത്രത്തിലെ ആദ്യത്തെ 15 വർഷക്കാലം, 'അള്ളാഹുവിന്റെ ഭവനം' (**ദാറുൽ-ഹദാ**) എന്നറിയപ്പെടുന്ന കഅ്ബക്ക് യാതൊരു പ്രധാന്യവുമുണ്ടായിരുന്നില്ല. ദൈവശാസ്ത്രപരമായി മുസ്ലീം പണ്ഡിതർക്ക് ഉത്തരം തരാൻ ബുദ്ധിമുട്ടുള്ള കാര്യമാണിത്. അള്ളാഹുവിന് ഭൂമിയിലുള്ള ഒരേയൊരു ഭവനം ആണ് കഅ്ബ എന്ന് ഹദീസുകളിൽ കാണാം. ആകാശത്ത് നിന്ന് അള്ളാഹു ഇട്ടുകൊടുത്തു എന്ന് പറയപ്പെടുന്ന ഒരു കറുത്ത കല്ല് (ഹജ്റുൽ അസ്വദ്) അതിനുള്ളിൽ സൂക്ഷിച്ചിട്ടുമുണ്ട്. ഹജ്ജിന്റെ സമയത്ത് **വി.വി.വി.ഐ.പി മാരായ** ഹാജിമാർക്ക് ആ കറുത്ത കല്ലിനെ ചുംബിക്കാനുള്ള അവസരം സൗദി ഗവൺമെന്റ് ഒരുക്കിക്കൊടുക്കുന്നുമുണ്ട്. (ഇസ്ലാമിൽ വിഗ്രഹാരാധന ഇല്ല എന്ന് പറയുന്നവർ ഈ കല്ലിനെ ചുംബിക്കുന്ന കലാപരിപാടിയെപ്പറ്റി ഒരക്ഷരം മിണ്ടാറില്ല) ഇത്രമാത്രം പ്രാധാന്യമുള്ള കഅ്ബയെ അവഗണിച്ചുകൊണ്ടാണ് ഇസ്ലാമിന്റെ ആരംഭത്തിലെ 15 വർഷങ്ങൾ യെരുശലേമിലെ പള്ളിക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് കടന്നു പോയത്. യെഹൂദന്മാരുടേയും ക്രിസ്ത്യാനികളുടേയും അംഗീകാരം കിട്ടാൻ വേണ്ടി തന്റെ ആലയം പോലും ത്യജിച്ചുകൊണ്ട് ഒരു ഒത്തുതീർപ്പിന് അള്ളാഹു തയ്യാറായി എന്ന് സാരം.

ഇത് ബൈബിളിലെ ദൈവത്തിന്റെ സ്വഭാവമല്ല. ദൈവത്തെ അംഗീകരിക്കാത്തവരുമായി ആത്മീയ വിഷയങ്ങളിൽ യാതൊരുവിധ ഒത്തുതീർപ്പും പാടില്ല എന്ന് തന്റെ ജനത്തിന് കല്പന കൊടുത്തിട്ടുള്ളവനാണവൻ. ദൈവത്തിനുള്ളത് ദൈവത്തിന് തന്നെ കിട്ടണമെന്ന നിർബന്ധമുള്ളവൻ!! ആ ദൈവം തന്റെ ആലയത്തെ ത്യജിച്ചുകൊണ്ട് അവിശ്വാസികളോട് ഒരു കോംപ്രമൈസിനു തയ്യാറാകുമോ? നിങ്ങൾ തന്നെ ചിന്തിച്ചു നോക്കുക.

ഏതായാലും അള്ളാഹു തന്റെ ദാസനെ സഹായിച്ചുകൊണ്ട് ആയത്തിറക്കി ഖിബ്‌ല പ്രശ്നം പരിഹരിച്ചു. എന്നാൽ ആ ആയത്തുകൾ പുതിയ പല പ്രശ്നങ്ങളും ഉയർത്തുന്നുമുണ്ട്. 'ഇനിമേൽ നീ നിന്റെ മുഖം മസ്ജിദുൽ ഹറാമിന്റെ നേർക്കു തിരിക്കുക. നിങ്ങൾ എവിടെയിരുന്നാലും അതിന്റെ നേർക്കാണ് നിങ്ങൾ മുഖം തിരിക്കേണ്ടത്' എന്ന അള്ളാഹുവിന്റെ വചനം, അനുസരിക്കാൻ മനുഷ്യന് ഒരിക്കലും കഴിയാത്തകാര്യമാണ്. ഭൂമി പരന്നതായിരുന്നെങ്കിൽ, ഈ ആജ്ഞ അനുസരിക്കാൻ പറ്റിയേനെ. പക്ഷേ, ഉരുണ്ട ഭൂമിയിലിരുന്നുകൊണ്ട് ഈ ആജ്ഞ അനുസരിക്കാൻ കഴിയുന്നത് കഅ്ബക്ക് ചുറ്റുപാടുമുള്ള ജനങ്ങൾക്ക് മാത്രമാണ്. ബാക്കിയുള്ളവർ, ഉദാഹരണത്തിന് ഇന്ത്യയിലും പാകിസ്ഥാനിലും ബംഗ്ലാദേശിലുമുള്ള മുസ്ലീങ്ങൾ നിസ്കാര സമയത്ത് കഅ്ബക്ക് നേരെ മുഖം തിരിക്കുന്നത് യഥാർത്ഥത്തിൽ ചക്രവാളത്തിനു നേർക്കാണ്! ധ്രുവ പ്രദേശങ്ങളിലുള്ള മുസ്ലീങ്ങൾ നിസ്കരിക്കുമ്പോൾ അവരുടെ മുഖം തിരിഞ്ഞിരിക്കുന്നതും അനന്തവിഹായസ്സിലേക്കാണ്, അല്ലാതെ കഅ്ബയുടെ നേർക്കല്ല. ഇത് തെളിയിക്കുന്നത് ഭൂമി പരന്നതാണെന്ന വിശ്വാസക്കാരനായിരുന്നു അള്ളാഹു എന്നാണ്. യഥാർത്ഥത്തിൽ ഭൂമിയെ സൃഷ്ടിച്ച ആളായിരുന്നു അള്ളാഹു എങ്കിൽ ഇങ്ങനെയൊരബദ്ധം പറ്റില്ലാ

യിരുന്നു എന്ന് പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ.

ഭാവിയിൽ ശാസ്ത്രം വികസിക്കുമെന്നും മനുഷ്യർ ശ്യൂന്യാകാശത്ത് പോകുമെന്നും 7-ാം നൂറ്റാണ്ടിലെ അള്ളാഹുവിന് അറിയില്ലായിരുന്നു എന്ന് തോന്നുന്നു. കാരണം 5 നേരം നിസ്കരിക്കുകയും മറ്റ് മതവിധികൾ പാലിക്കുകയും ചെയ്യുന്ന ഒരു മുസൽമാൻ ശൂന്യാകാശത്ത് ചെന്നാൽ നിസ്കരിക്കാൻ തുടങ്ങുമ്പോൾ എവിടേക്കാണ് മുഖം തിരിക്കേണ്ടത്? അവന്റെ വാഹനം ഭൂമിക്കു ചുറ്റും ഭ്രമണം ചെയ്തുകൊണ്ടിരിക്കുകയാണെന്ന് ഓർക്കണം. മാത്രമല്ല, അവന്റെ ശുന്യാകശ വാഹനം ഭൂമിക്കും സൂര്യനും ഇടയിൽ വരുമ്പോൾ അവന് പകലാണ്. ഭൂമിയുടെ നിഴലുള്ള ഭാഗത്തേക്ക് അവന്റെ വാഹനം ചെല്ലുമ്പോൾ അവന് രാത്രിയുമാണ്. അവന്റെ വാഹനത്തിന്റെ ഭ്രമണ വേഗതയനുസരിച്ച് ഭൂമിയെ 24 മണിക്കൂർ സമയത്തിനുള്ളിൽ അവന് 8 പകലും രാത്രിയും അഥവാ 8 ദിവസങ്ങൾ കിട്ടുന്നു. 8x5=40 നിസ്കാരം അവൻ 24 മണിക്കൂറിനുള്ളിൽ നിർവ്വഹിക്കേണ്ടി വരുമെന്നർത്ഥം! ഇത് അസാധ്യമാണെന്ന് പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ.

മറ്റൊന്ന് ധ്രുവപ്രദേശങ്ങളെ സംബന്ധിച്ചുള്ളതാണ്. ഭൂമിയുടെ 23Ω ഡിഗ്രി ചെരിവിനനുസരിച്ച് ഭൂമി ഉത്തരായനത്തിലും ദക്ഷിണായനത്തിലുമായിരിക്കുന്ന പ്രത്യേക കാലത്ത് (ആറാറ് മാസങ്ങൾ വീതം) ധ്രുവപ്രദേശങ്ങളിൽ ആറ് മാസം പകലും ആറ് മാസം രാത്രിയുമായിരിക്കും. ആറ് മാസം പകലായിരിക്കുന്ന സമയത്ത് ധ്രുവപ്രദേശത്ത് ചെന്നുപെടുന്ന മുസൽമാന് ഈ ആറ് മാസത്തിനിടയിൽ ആകെ അഞ്ച് വട്ടം നിസ്കരിച്ചാൽ മതിയാകും. കഷ്ടകാലത്തിന് റമദാൻ മാസത്തിലെങ്ങാനുമാണ് അവൻ അവിടെ ചെന്നു പറ്റുന്നതെങ്കിൽ ആകെ കുഴഞ്ഞതുതന്നെ. സൂര്യനസ്തമിക്കാതെ പച്ച വെള്ളംപോലും കുടിക്കാൻ പാടില്ലാത്തതുകൊണ്ട് ആറ് മാസം പട്ടിണികിടക്കുകയേ നിവൃത്തിയുള്ളു. ഇങ്ങനെ നോമ്പിന്റെ കാര്യത്തിലായാലും നിസ്കാരത്തിന്റെ കാര്യത്തിലായാലും എല്ലാ മനുഷ്യർക്കും ഒരുപോലെ അനുസരിക്കാൻ പറ്റാത്ത കാര്യമാണ് അല്ലാഹു കല്പിച്ചിരിക്കുന്നത്. ജ്യോതിശാസ്ത്രത്തിലും ഭൂമിശാസ്ത്രത്തിലും പ്രാഥമികമായ അറിവെങ്കിലുമുണ്ടായിരുന്നെങ്കിൽ ഇങ്ങനെയുള്ള കല്പനകൾ അല്ലാഹു ഒരിക്കലും കൊടുക്കുകയില്ലായിരുന്നു.

നിർഭാഗ്യകരമെന്നു പറയട്ടെ, ഈ രണ്ടുവിഷയത്തിൽ മാത്രമല്ല, ചരിത്രത്തിലും അള്ളാഹുവിന് യാതൊരു ഗ്രാഹ്യവുമില്ല എന്ന് തെളിയുകയാണ് 'മസ്ജിദുൽ അക്സാ അഥവാ ബൈത്തുൽ മുഖദ്ദസി'ലേക്ക് തിരിഞ്ഞുകൊണ്ട് നമസ്ക്കരിക്കണം' എന്ന് കല്പനയിട്ടതിലൂടെ. മുഹമ്മദിന്റെ കാലത്ത് യെരുശലേമിൽ അങ്ങനെയൊരു പള്ളിയേ ഉണ്ടായിരുന്നില്ല എന്നതാണ് വാസ്തവം. യെരുശലേമിൽ ഉണ്ടായിരുന്ന ആദ്യത്തെ ദൈവാലയം ദാവീദിന്റെ മകൻ ശലോമോൻ പണികഴിപ്പിച്ചതാണ്. അത് ബി. സി. 586ൽ നെബുഖദ്നേസർ തകർത്തുകളഞ്ഞു. അതേ സ്ഥലത്തു പിന്നീട് കോരെശ് രാജാവിന്റെ കല്പനപ്രകാരം മഹാപുരോഹിതനായ യോശുവയും ദേശാധിപതിയായ സെരുബ്ബാബേലും പുതിയ ഒരാലയം പണിതു (ബി. സി. 515ൽ) ഈ ദൈവാലയം

വലിപ്പത്തിൽ ചെറുതായിരുന്നു. മഹാനായ ഹെരോദാവ് ബി. സി. 20ൽ ഈ ആലയം പുതുക്കിപ്പണിതു. എ. ഡി. 64ൽ ആണ് പണി പൂർത്തീകരിച്ചത്. എങ്കിലും ആറ് വർഷം കഴിഞ്ഞ് എ. ഡി. 70ൽ റോമൻ സൈന്യാധിപനായ ടൈറ്റസിന്റെ നേതൃത്വത്തിൽ റോമക്കാർ ഈ ദൈവാലയം കൊള്ളയടിച്ചതിനുശേഷം തീവെച്ചു നശിപ്പിക്കുകയും തുടർന്ന് ആനകളെ കൊണ്ടുവന്ന് കല്ലിൻമേൽ കല്ല് ശേഷിക്കാതെ ഉഴുത് മറിക്കുകയും ചെയ്തു. ഒന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന പ്രസിദ്ധ യഹൂദ ചരിത്രകാരനായ ജോസിഫസിന്റെ 'ആന്റികിഥീറ്റീസി'ൽ ഇതേപ്പറ്റി വ്യക്തമായി പറയുന്നുണ്ട്.

മുഹമ്മദിന്റെ കാലത്ത് യെരുശലേമിൽ യാതൊരുവിധ ദൈവാലയവുമുണ്ടായിരുന്നില്ല. അവിടം കല്ലിൻമേൽ കല്ല് ശേഷിക്കാതെ തകർന്ന് കിടക്കുകയായിരുന്നു. അപ്പോൾ 'അവിടത്തെ ദൈവാലയത്തിലേക്ക് നോക്കി നിസ്കരിക്കണം' എന്ന അള്ളാഹുവിന്റെ കല്പനയുടെ സംഗത്യമെന്ത്? വായനക്കാർ ചിന്തിക്കുക.

ബൈത്തുൽ മുഖദ്ദിസ് അഥവാ മസ്ജിദുൽ അഖ്സാ എന്ന പേരിൽ യെരുശലേമിൽ ഒരു മുസ്ലീം ദേവാലയം ഉണ്ടല്ലോ എന്ന് ഒരു പക്ഷെ നിങ്ങൾ ചിന്തിക്കുന്നുണ്ടാകാം. തീർച്ചയായും യെരുശലേമിൽ ഒരു മുസ്ലീം പള്ളിയുണ്ട്, അതിന്റെ പേര് മസ്ജിദുൽ അഖ്സ എന്നു തന്നെയാണ്. അത് നിർമ്മിക്കപ്പെട്ടത് ഏത് കാലഘട്ടത്തിലാണ് എന്ന് നിങ്ങൾ ഏതെങ്കിലും മതേതര ചരിത്രകാരനോട് ചോദിക്കുക. മുഹമ്മദിന്റെ കാലശേഷം അബൂബക്കർ ഖലീഫയായി ഭരണം നടത്തി. അബൂബക്കറിനുശേഷം ഉമർ ഖലീഫയായിരിക്കുമ്പോഴാണ് മുസ്ലീം സൈന്യം യെരുശലേം ആക്രമിച്ചു കീഴടക്കുന്നത്. അതിനുശേഷമാണ് അവിടെ മസ്ജിദിന്റെ പണി ആരംഭിക്കുന്നത്. ഉമർ ഉത്തരവിട്ടിട്ടാണ് ഇത് പണിതത് എന്നതിനാൽ ഈ മസ്ജിദ് 'ഉമറിന്റെ പള്ളി' എന്നും അറിയപ്പെടുന്നു. ചുരുക്കത്തിൽ, 'യെരുശലേമിലെ മസ്ജിദുൽ അഖ്സായിലേക്ക് നോക്കി നിസ്കരിക്കണം' എന്ന കല്പനവെളിവാക്കുന്നത് ചരിത്രത്തെക്കുറിച്ച് അള്ളാഹുവിന് വലിയ പിടിപാടുണ്ടായിരുന്നില്ല എന്നു തന്നെയാണ്!

ചരിത്രത്തെക്കുറിച്ച് മാത്രമാണോ, ക്രിസ്ത്യാനികളുടെ ആരാധന രീതികളെക്കുറിച്ചും അള്ളാഹുവിന് വലിയ അറിവില്ലായിരുന്നു എന്ന് തെളിയുകയാണ് സൂറ 2:145. "വേദം നൽകപ്പെട്ടവരുടെ അടുക്കൽ നീ എല്ലാവിധ ദൃഷ്ടാന്തവും കൊണ്ട് ചെന്നാലും അവർ നിന്റെ ഖിബ്ലയെ പിൻതുടരുന്നതല്ല അവരുടെ ഖിബ്ലയെ നീയും പിൻതുടരുന്നതല്ല. അവരിൽ ഒരു വിഭാഗം മറ്റൊരു വിഭാഗത്തിന്റെ ഖിബ്ലയെ പിൻതുടരുകയുമില്ല. നിനക്ക് ശരിയായ അറിവ് വന്നുകിട്ടിയ ശേഷം നീയെങ്ങാനും അവരുടെ ഇച്ഛകളെ പിൻപറ്റിയാൽ നീയും അതിക്രമക്കാരികളുടെ കൂട്ടത്തിൽ തന്നെയായിരിക്കും."

വേദം നൽകപ്പെട്ടവർ എന്ന് ഖുർ ആനിൽ പറഞ്ഞിരിക്കുന്നത് യെഹൂദന്മാരേയും ക്രിസ്ത്യാനികളേയും ഉദ്ദേശിച്ചാണ്. 'അവരുടെ ഖിബ്ല' എന്ന് ഇവിടെ പറഞ്ഞിരിക്കുന്നത് യെഹൂദന്മാരുടെയും ക്രിസ്ത്യാനികളുടേയും ഖിബ്ലയെ ആണ്. യെഹൂദൻ യെരുശലേമിനു നേരെ തിരിഞ്ഞ് പ്രാർത്ഥിക്കും. പക്ഷെ

‘ഓരോ വിഭാഗക്കാർക്കും അവർ (പ്രാർത്ഥനാ വേളയിൽ) തിരിഞ്ഞു നിൽക്കുന്ന ഓരോ ഭാഗമുണ്ട്’ എന്ന ആയത്തിന്റെ അർത്ഥം ‘ഓരോ സമുദായത്തിനും ഓരോ ഖിബ്‌ലയുണ്ട്’ എന്നാണെന്ന് എം.എം. അക്ബറിന്റെ ഖുറാനിലെ അടിക്കുറിപ്പ് നമ്മോട് പറയുന്നു. വാസ്തവത്തിൽ ഓരോ സമുദായക്കാർക്കും ഏതെങ്കിലും പ്രത്യേക ലക്ഷ്യസ്ഥാനങ്ങളുണ്ടോ? ഇല്ല എന്നാണ് ഉത്തരം. ഉദാഹരണത്തിന് ഹിന്ദുസമുദായത്തെ എടുക്കുക. അവർക്ക് പ്രാർത്ഥന വേളയിൽ ഒരു പ്രത്യേക ദിശയിലേക്ക് മുഖം തിരിക്കുന്ന പതിവുണ്ടോ? ഇല്ല, അവരിൽ ചിലർ കിഴക്കോട്ട് നോക്കി പ്രാർത്ഥിക്കുന്നവരാണെങ്കിൽ ചിലർ പടിഞ്ഞാറോട്ട് നോക്കി പ്രാർത്ഥിക്കുന്നവരാണ്. തെക്കോട്ടും വടക്കോട്ടും നോക്കി പ്രാർത്ഥിക്കുന്നവരുണ്ട്. ഇനിയും ചിലർ ആകാശത്തേക്ക് നോക്കി പ്രാർത്ഥിക്കുന്നവരാണ്. ഇതൊന്നുമില്ലാതെ വേറെ ചിലർ ഉണ്ട്, അവർ ‘മുഖം ഏത് ദിശയിലേക്ക് തിരിഞ്ഞാലും കണ്ണുകൾ അടച്ച് അകക്കണ്ണുകൾ തുറന്ന് വേണം പ്രാർത്ഥിക്കാൻ’ എന്ന് പറയുന്നവരാണ്. വസ്തുത ഇതായിരിക്കെ ‘ഓരോ സമുദായത്തിനും ഓരോ ഖിബ്‌ലയുണ്ടെന്ന’ ഖുർ ആൻ പ്രഖ്യാപനം സത്യമാണോ എന്ന് വായനക്കാർ ചിന്തിക്കുക. എന്തായാലും ബൈബിളിലെ ദൈവം ഇങ്ങനെയുള്ള അശാസ്ത്രീയമോ അബദ്ധമോ അസത്യമോ ആയ പ്രസ്താവനകൾ നടത്തുകയോ അനുസരിക്കാൻ സാധ്യമല്ലാത്ത കല്പനകൾ പുറപ്പെടുവിക്കുകയോ ചെയ്യുന്ന ദൈവമല്ല.

ക്രിസ്ത്യാനികളോട് ഏതെങ്കിലും പ്രത്യേക ലക്ഷ്യസ്ഥാനത്തേക്ക് നോക്കി പ്രാർത്ഥിക്കുവാൻ ബൈബിൾ നിർദ്ദേശിക്കുന്നില്ല. സർവ്വശക്തനായ ദൈവം മനുഷ്യവേഷം ധരിച്ച് ഭൂമിയിലായിരുന്നപ്പോൾ തന്റെ ശിഷ്യന്മാരോട് പറഞ്ഞത് “രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ കൂടി വരുന്നിടത്തൊക്കെയും ഞാൻ അവരുടെ നടുവിൽ ഉണ്ട്” (മത്തായി 18:20) എന്നാണ്. യേശുവിന്റെ നാമത്തിൽ കൂടി ആത്മാവിലും സത്യത്തിലും ആരാധിക്കുക എന്നതാണു ക്രൈസ്തവപ്രമാണം.

ക്രിസ്ത്യാനിയെക്കുറിച്ച് മാത്രമല്ല, മറ്റ് ജനവിഭാഗങ്ങളുടെ ആരാധനാരീതികളെകുറിച്ചും അള്ളാഹുവിന് വലിയ അറിവൊന്നുമുണ്ടായിരുന്നില്ലെന്ന് സൂറ 2:148 തെളിയിക്കുന്നു. “ഓരോ വിഭാഗക്കാർക്കും അവർ (പ്രാർത്ഥനാ വേളയിൽ) തിരിഞ്ഞു നിൽക്കുന്ന ഓരോ ഭാഗമുണ്ട്” (സൂറ2:148a). ഈ ആയത്തിന് എം.എം. അക്ബർ കൊടുത്തിരിക്കുന്ന അടിക്കുറിപ്പ് ഇങ്ങനെയാണ് ‘ഓരോ സമുദായത്തിനും അവരുടെ പ്രാർത്ഥനകൾക്ക് ഏകീഭാവം നൽകുന്നതിനായി ഒരു ഖിബ്‌ല നിശ്ചയിക്കുന്നു. ഖിബ്‌ല നിശ്ചയിക്കുന്നതിൽ പരിഗണിക്കേണ്ട ഘടകങ്ങളെപ്പറ്റി ഭിന്ന വീക്ഷണങ്ങൾ ഉണ്ടായെന്ന് വരാം. എന്നാൽ അത്തരം ഭിന്നതകൾ മറന്ന് വിശ്വാസികൾ ഒന്നടങ്കം അല്ലാഹുവിന്റെ നിശ്ചയം അംഗീകരിക്കുകയാണ് വേണ്ടത്. ഖിബ്‌ലയുടെ കാര്യമുൾപ്പെടെ ഏത് വിഷയത്തിലും അല്ലാഹുവിന്റെ കല്പനകൾ പൂർണ്ണമായി അനുസരിക്കുന്നതാണ് മനുഷ്യർക്ക് ഗുണമായിട്ടുള്ളത്”

## 6. ഇബ്‌ലിസിന്റെ പ്രശ്നം

ഖിബ്‌ലയുടെ കാര്യം പോലെത്തന്നെയുള്ള ഒരു പ്രശ്നമാണ് ഇബ്‌ലിസിന്റെ കാര്യത്തിലും ഖുർആനിൽ കാണുന്നത്. ഇബ്‌ലിസ് നേർവഴിവിട്ടു പോയതിനെപ്പറ്റി ഖുർആനിൽ പറയുന്ന ചില ആയത്തുകൾ നമുക്കൊന്ന് പരിശോധിക്കാം.

സൂറ 2:34 "ഓർമ്മിക്കുക ആദമിനു സുജൂദ് ചെയ്യുക എന്ന് നാം മലക്കുകളോട് പറഞ്ഞു, അപ്പോൾ ഇബ്‌ലിസ് ഒഴിച്ച് എല്ലാവരും സുജൂദ് ചെയ്തു. അവൻ വിസമ്മതിക്കുകയും അഹങ്കരിക്കുകയും നിഷേധികളിൽപെട്ടവനായിത്തീരുകയും ചെയ്തു"

സൂറ 7:11 "നിങ്ങളെ നാം പടച്ചു, പിന്നെ നിങ്ങളെ നാം രൂപപ്പെടുത്തി, പിന്നെ മലക്കുകളോട് നാം പറഞ്ഞു 'നിങ്ങൾ ആദമിനു സുജ്ജദ് ചെയ്യുവിൻ' എന്ന് അപ്പോൾ അവർ സുജൂദ് ചെയ്തു, ഇബ്‌ലിസൊഴികെ. സുജൂദ് ചെയ്തവരുടെ കൂട്ടത്തിൽ അവൻ ചേർന്നില്ല"

സൂറ 18:50 "ആദമിനു സുജൂദ് ചെയ്യുവിൻ എന്ന് നാം മലക്കുകളോട് അരുളിയ സന്ദർഭം! അപ്പോൾ അവർ സുജൂദ് ചെയ്തു, ഇബ്‌ലിസ് ഒഴികെ, അവൻ ജിന്നുകളിൽപെട്ടവനായിരുന്നു. അങ്ങനെ അവൻ തന്റെ നാഥന്റെ കല്പന ധിക്കരിച്ചു, അപ്പോൾ നിങ്ങൾ എന്നെവിട്ട് **അവനേയും അവന്റെ മക്കളേയും മിത്രങ്ങളായി സ്വീകരിക്കുന്നുവോ**? അവർ നിങ്ങൾക്ക് ശത്രുക്കളാണ് താനും, അധർമ്മകാരികൾക്ക് പകരം കിട്ടിയത് എത്ര ചീത്ത!"

സൂറ 17:61 "ആദമിനു നിങ്ങൾ സുജൂദ് ചെയ്യണമെന്ന് മലക്കുകളോട് നാം പറഞ്ഞ സന്ദർഭം അപ്പോൾ അവർ സുജൂദ് ചെയ്തു ഇബ്‌ലിസ് ഒഴിച്ച്, അവൻ പറഞ്ഞു 'കളിമണ്ണു കൊണ്ട് നീ സൃഷ്ടിച്ചവന് ഞാൻ സുജൂദ് ചെയ്യുയോ?

'സുജൂദ്' എന്ന വാക്കിന്റെ അർത്ഥം 'നമസ്കരിക്കുക, ആരാധിക്കുക' എന്നൊക്കെയാണ്. 'അല്ലാഹുവിനു മാത്രമേ സുജൂദ് ചെയ്യാവൂ' എന്ന് മുസ്ലീംങ്ങൾ ഉറക്കെ പറയുന്നു. സൂറ.16:51ൽ ഇങ്ങനെ നാം കാണുന്നുമുണ്ട്. "അള്ളാഹു പറഞ്ഞു 'രണ്ട് ആരാധ്യന്മാരെ നിങ്ങൾ സ്വീകരിക്കരുത്. ആരാധ്യൻ ഏകാരാധ്യൻ മാത്രമാണ്, അതുകൊണ്ട് എന്നെ മാത്രം നിങ്ങൾ ഭയപ്പെടുവിൻ" ഇത് മനസ്സിൽ വെച്ചിട്ടു വേണം ഈ വിഷയം നമ്മൾ വിശകലനം ചെയ്യുവാൻ.

ആരാധനാ (സുജൂദ്) അള്ളാഹുവിനു മാത്രമുള്ളതാണെന്ന് പറയുന്ന ഖുആൻ തന്നെയാണ് മനുഷ്യനായ ആദമിനെ സുജൂദ് ചെയ്യുവാൻ (ആരാധിക്കുവാൻ) മലക്കുകളോട് അള്ളാഹു കല്പിച്ചു എന്ന് പറയുന്നത്. താൻ തന്നെ ഒരിക്കൽ കൊടുത്തിട്ടുള്ള തന്റെ കല്പനയ്ക്ക് വിരുദ്ധമായ കാര്യങ്ങൾ ചെയ്യുവാൻ തന്റെ സൃഷ്ടികളെ നിർബന്ധിക്കുന്ന അള്ളാഹു ധർമ്മനിഷ്ഠ പാലിക്കുന്നയാളാണോ? വായനക്കാർ ചിന്തിക്കുക.

മലക്കുകളോടാണ് ആദമിനു സുജൂദ് ചെയ്യാൻ അല്ലാഹു കല്പിച്ചത്. **'ഇബ്‌ലീസ് ജിന്നുകളിൽപെട്ടവനായിരുന്നു'** എന്ന് സൂറ 18:50ൽ പറഞ്ഞിട്ടുണ്ട്. മലക്കുകളോട് പറഞ്ഞ കാര്യം ജിന്നുകളിൽപ്പെട്ട ഒരുവൻ അനുസരിക്കാതിരുന്നതിന് അവനെ കുറ്റപ്പെടുത്താമോ? ചിന്തിക്കുക.

അള്ളാഹുവിനു മാത്രമേ സുജൂദ് ചെയ്യാവൂ, അള്ളാഹുവിനു പുറമെ ആർക്ക് സുജൂദ് ചെയ്താലും അത് 'ശിർക്ക്' (ക്ഷമിക്കപ്പെടാത്ത പാപം) ആണെന്ന് അറിയാവുന്ന ഇബ്ലീസ് ആദമിനു സുജൂദ് ചെയ്യാതിരുന്നതിലൂടെ യഥാർത്ഥത്തിൽ അള്ളാഹുവിനോടുള്ള ഭക്തി വെളിപ്പെടുത്തുകയല്ലേ ചെയ്തത്? പരസ്പര വിരുദ്ധമായ രണ്ട് കല്പനകൾ അള്ളാഹുവിൽ നിന്ന് കിട്ടിയപ്പോൾ 'കളിമണ്ണു കൊണ്ട് സൃഷ്ടിക്കപ്പെട്ടവനേക്കാൾ അഗ്നിയാൽ സൃഷ്ടിക്കപ്പെട്ടവൻ ഉന്നതനാണെന്നുള്ള തന്റെ ധാരണയുടെ അടിസ്ഥാനത്തിൽ 'അള്ളാഹുവിനു മാത്രം സുജൂദ് ചെയ്താൽ മതി' എന്ന് തീരുമാനിച്ച ഇബ്ലിസ് ആദമിനു സുജൂദ് ചെയ്യാതിരുന്നത് ശരിയായ കാര്യമായിരുന്നില്ലേ? 'അള്ളാഹുവിനു സുജൂദ് ചെയ്യില്ല' എന്ന് ഇബ്ലീസ് ഒരിക്കലും പറഞ്ഞിട്ടില്ല എന്നത് പ്രത്യകം ശ്രദ്ധിക്കണം.

ആദമിനു സുജൂദ് ചെയ്ത മലക്കുകൾ യഥാർത്ഥത്തിൽ, 'അള്ളാഹുവിനു മാത്രമേ സുജൂദ് ചെയ്യാവൂ' എന്ന കല്പന ലംഘിക്കുകയല്ലേ ചെയ്തത്? കല്പനാ ലംഘനം നടത്തിയ മലക്കുകളെ ശിക്ഷിക്കാതിരുന്ന അല്ലാഹുവിന്റെ നടപടി നീതിയാണോ?

സുറ18:50ൽ 'അങ്ങനെ അവൻ തന്റെ നാഥന്റെ കല്പന ധിക്കരിച്ചു, അപ്പോൾ നിങ്ങൾ എന്നെ വിട്ട് **അവനേയും അവന്റെ മക്കളേയും** മിത്രങ്ങളായി സ്വീകരിക്കുന്നുവോ?' എന്ന് വായിക്കുന്നു. ഇവിടെ അവൻ എന്നു പറഞ്ഞിരിക്കുന്നത് ഇബ്ലീസിനെയാണ്, 'അവന്റെ മക്കളേയും' എന്നു പറഞ്ഞിരിക്കുന്നത് ഇബ്ലീസിന്റെ മക്കളെപ്പറ്റിയാണ്. ഇബ്ലീസിനു മക്കളുണ്ടെന്ന് അള്ളാഹു പറയുമ്പോൾ ക്രിസ്ത്യാനികളായ ഞങ്ങളുടെ മറു ചോദ്യം 'ആരാണ് ഇബ്ലീസിന്റെ ഭാര്യ? എന്നതാണ്. (യേശുക്രിസ്തുവിനെ ബൈബിൾ 'ദൈവപുത്രൻ' എന്നു വിശേഷിപ്പിച്ചിട്ടുള്ളതിനെ പരിഹസിച്ചുകൊണ്ട് ഇസ്ലാമിക പണ്ഡിതർ സാധാരണ ചോദിക്കാറുള്ളതാണ് 'ആരാണ് ദൈവത്തിന്റെ ഭാര്യ' എന്ന്.)

ഖുറാനിൽ പല വിഷയങ്ങളും ഇതുപോലെ അടുക്കും ചിട്ടയുമില്ലാതെ ക്രമരഹിതമായി കിടക്കുകയാണ്. ഖുർആൻ കാലാനുക്രമത്തിൽ ക്രോഡീകരിക്കപ്പെട്ടിരുന്നെങ്കിൽ ഈ വൈരുദ്ധ്യങ്ങൾ വായനക്കാർ പെട്ടെന്നു തിരിച്ചറിഞ്ഞേനെ റദ്ദുചെയ്യപ്പെട്ടവയോ ദുർബലപ്പെടുത്തപ്പെട്ടവയോ ആയിട്ടുള്ള ആയത്തുകളും ഒട്ടേറെവൈരുദ്ധങ്ങളും ശ്രദ്ധയിൽപ്പെടാതിരിക്കണമെങ്കിൽ ഖുർആൻ കുഴഞ്ഞുമറിഞ്ഞ രൂപത്തിൽതന്നെ ഇരിക്കുന്നതാണ് നല്ലത് എന്നു ക്രോഡീകരിച്ചവർ നിശ്ചയിക്കുകയായിരുന്നു. ('മൻസൂഖ്' 'നസ്ഖ്' എന്നീ കാര്യങ്ങളെക്കുറിച്ച് ക്രിസ്ത്യാനികളായ ഞങ്ങളുടെ നിലപാട് താഴെപ്പറയുന്നതാണ്.)

Ia ഖുർആൻ യഥാർത്ഥത്തിൽ സത്യദൈവത്തിന്റെ വചനമായിരുന്നെങ്കിൽ, **അത് ഒരു വിധത്തിലുള്ള മാറ്റവും** ആർക്കും വരുത്താൻ കഴിയാത്തതായിരിക്കണം.

b ഖുർആൻ യഥാർത്ഥത്തിൽ സത്യദൈവത്തിന്റെ വചനമായിരുന്നെങ്കിൽ, അത് പൂർണ്ണതയുള്ളതായിരിക്കണം. അതിലെ ഒരു വാക്യം പോലും മറ്റേതെങ്കിലും വാക്യ

ത്തിന്റെ മുകളിലോ താഴെയോ ആയിരിക്കരുത്, മറിച്ച്, തുല്യമായിരിക്കണം.

ദയനീയമെന്ന് പറയട്ടെ, ഈ രണ്ട് കാഴ്ചപ്പാടുകൾക്കുമൊത്തവണ്ണമല്ല ഖുറാൻ ഉള്ളത്. 23 വർഷത്തിനുള്ളിൽത്തന്നെ അതിൽ പല മാറ്റങ്ങളും വന്നിട്ടുണ്ട്, അതും സാഹചര്യങ്ങൾക്കൊത്ത വിധം. അതിലെ ചില വാചകങ്ങൾ നീക്കിക്കളഞ്ഞിട്ട് പകരം അതിനേക്കാൾ മെച്ചമായ വാക്യങ്ങൾ കൊണ്ടുവരും എന്നു പറഞ്ഞിട്ടുള്ളത് അള്ളാഹു തന്നെയാണ് സൂറ 2:106ൽ ബൈബിൾ വെളിപ്പെടുത്തുന്ന സത്യദൈവം 'തന്റെ അധരങ്ങളിൽ നിന്ന് പുറപ്പെട്ട തന്റെ വചനത്തിന് ഭേദഗതി' വരുത്താത്ത ദൈവമാണ്. ഇവർ രണ്ടുപേരും ഒരാളാണ് എന്ന് യുക്തിബോധമുള്ളവർ പറയുമോ? ഇതു മാത്രമല്ല, യഹോവയേയും അള്ളാഹുവിനേയും തമ്മിൽ തമ്മിൽ വ്യത്യസ്തരാക്കുന്ന വേറേയും ചില കാര്യങ്ങളുണ്ട്. അവയും നമുക്ക് വേഗത്തിലൊന്ന് പിരിശോധിക്കാം.

**സൃഷ്ടവസ്തുക്കൾ:**

IIa ബൈബിളിലെ ദൈവം സൂര്യനേയും ചന്ദ്രനേയും നക്ഷത്രങ്ങളേയും സൃഷ്ടിച്ചത് അവ മനുഷ്യർക്ക് അടയാളങ്ങളായും കാലം, ദിവസം, സംവത്സരം എന്നിവയെ തിരിച്ചറിയാനും ഭൂമിയെ പ്രകാശിപ്പിക്കാനുമാണ് (ഉൽപത്തി 1:14-15)

b ഖുറാനിലെ അള്ളാഹു നക്ഷത്രങ്ങളെ ഉണ്ടാക്കിയത് പിശാചുക്കളെ എറിയാനാണ്! "ഏറ്റവും അടുത്ത ആകാശത്തെ നാം ചില വിളക്കുകൾ കൊണ്ട് അലങ്കരിച്ചിരിക്കുന്നു. അവയെ നാം പിശാചുക്കളെ എറിഞ്ഞോടിക്കാനുള്ളവയുമാക്കിയിരിക്കുന്നു" (സൂറ 67:5)

ആത്മരൂപിയും അദൃശ്യനുമായ പിശാചിനെ എറിഞ്ഞോടിക്കാനുള്ളതാണോ നക്ഷത്രങ്ങൾ? നമ്മുടെ സൗരയൂഥത്തെത്തന്നെ അപ്പാടെ വിഴുങ്ങാൻ ശേഷിയുള്ള നക്ഷത്രങ്ങൾ പ്രപഞ്ചത്തിലുണ്ടെന്ന് ഇന്ന് നമുക്കറിയാം. വാനശാസ്ത്രം അത്ര പുരോഗമിച്ചിട്ടുണ്ട്. പക്ഷെ, ഏഴാം നൂറ്റാണ്ടിലെ വാനശാസ്ത്രജ്ഞന്മാർ കരുതിയിരുന്നത് നക്ഷത്രങ്ങൾ ഭൂമിയേക്കാളൊക്കെ വളരെ വളരെ ചെറുതാണെന്നായിരുന്നു. ആ ചിന്താഗതിയാണ് സൂറ 67:5 ൽ കാണുന്നത്. യഥാർത്ഥത്തിൽ അള്ളാഹു സൃഷ്ടിച്ചതാണ് നക്ഷത്രങ്ങളെ എങ്കിൽ അവ പിശാചുക്കളെ എറിഞ്ഞോടിക്കാനുള്ളവയല്ല എന്ന കാര്യം അള്ളാഹുവിന് അറിയേണ്ടതല്ലേ?

ചന്ദ്രനെ സംബന്ധിച്ച ഒരു കാര്യം അള്ളാഹു പറഞ്ഞിരിക്കുന്നത് നോക്കുക "ചന്ദ്രന് നാം ചില ഘടകങ്ങൾ നിശ്ചയിച്ചിരിക്കുന്നു. അങ്ങനെ അത് പഴയ ഈത്തപ്പഴക്കുലയുടെ വളഞ്ഞ തണ്ടു പോലെ ആയിത്തീരുന്നു" (സൂറ 36:39)

ചന്ദ്രൻ ഭൂമിയുടെ ഒരു ഉപഗ്രഹമാണെന്നും അതിനൊരിക്കലും രൂപമാറ്റം സംഭവിക്കുന്നില്ലെന്നും ഇന്ന് നമുക്കറിയാം. 'ചന്ദ്രൻ സ്വയമായി പ്രകാശിക്കുന്നില്ല' എന്ന ആധു

നിക വാനശാസ്ത്രത്തിന്റെ കണ്ടുപിടുത്തങ്ങൾക്കു സഹസ്രാബ്ദങ്ങൾക്കു മുമ്പേ ബൈബിളിലൂടെ ദൈവം അത് വെളിപ്പെടുത്തിയിട്ടുണ്ട്. 'ചന്ദ്രൻപോലും പ്രകാശിക്കുന്നില്ലല്ലോ' (ഇയ്യോബ് 25:5) എന്നാൽ അള്ളാഹു പറയുന്നത് 'ചന്ദ്രൻ ഈത്തപ്പഴക്കുലയുടെ വളഞ്ഞ തണ്ടുപോലെ ആയിത്തീരുന്നു' എന്ന ഏഴാം നൂറ്റാണ്ടിലെ വാനശാസ്ത്രത്തിന്റെ അബദ്ധജഡികമായ അറിവാണ്.

**രക്ഷ:**

IIIa ബൈബിൾ വെളിപ്പെടുത്തുന്ന ദൈവം സകല മനുഷ്യരും രക്ഷ പ്രാപിപ്പാനും സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തുവാനും ഇഛിക്കുന്ന ദൈവമാണ് (1 തിമൊഥെയോസ് 2:5).

പുത്രനെ നോക്കിക്കൊണ്ട് അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യ ജീവൻ ഉണ്ടാകണമെന്നാകുന്നു എന്റെ പിതാവിന്റെ ഇഷ്ടം (യോഹ. 6:40).

'തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ച ദൈവമാണ് (യോഹ. 3:16) ബൈബിളിൽ ഉള്ളത്.

b ഇനി ഖുറാനിലെ അള്ളാഹുവിനെ നോക്കാം

'നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിച്ചവർ ബധിരരും ഊമകളും ഇരുട്ടുകളിൽ അകപ്പെട്ടവരുമത്രെ. **താൻ ഉദ്ദേശിച്ചവരെ അള്ളാഹു വഴികേടിലാക്കും.** താൻ ഉദ്ദേശിക്കുന്നവരെ അവൻ നേർമാർഗ്ഗത്തിലാക്കുകയും ചെയ്യും (സൂറ 6:39).

'...... അപ്രകാരം അള്ളാഹു താൻ ഉദ്ദേശിക്കുന്നവരെ പിഴപ്പിക്കുകയും താൻ ഉദ്ദേശിക്കുന്നവരെ നേർവഴിയിലാക്കുകയും ചെയ്യുന്നു' (സൂറ 74:31).

'ഈ കക്ഷിയിലേക്കോ ആ കക്ഷിയിലേക്കോ ചേരാതെ അതിനിടയിൽ ആടിക്കൊണ്ടിരിക്കുന്നവരാണവർ. **വല്ലവനേയും അള്ളാഹു വഴിപിഴപ്പിച്ചാൽ,** അവന് പിന്നെ ഒരു മാർഗ്ഗവും നീ കണ്ടെത്തുകയില്ല' (സൂറ 4:143).

'അപ്പോൾ ഏതൊരുത്തനെ നേർവഴിയിലാക്കാൻ അള്ളാഹു ഉദ്ദേശിക്കുന്നുവോ അവന്റെ ഹൃദയത്തെ അല്ലാഹു ഇസ്ലാമിന് വിശാലമാക്കും, **ഏതൊരുത്തനെ വഴിപിഴപ്പിക്കുവാൻ** അവൻ ഉദ്ദേശിക്കുന്നുവോ ആകാശത്തിൽ വിഷമിച്ചു കയറിപ്പോവുന്നതുപോലെ **അവന്റെ ഹൃദയത്തെ ഇടുങ്ങിയതും ഞെരുങ്ങിയതുമാകും**' (സൂറ. 6:125).

ഇനിയും ധാരാളം ആയത്തുകൾ ഇപ്രകാരമുള്ളവയുണ്ടെങ്കിലും വിസ്താര ഭയത്താൽ ചേർക്കുന്നില്ല. ഈ ആയത്തുകളിൽ നിന്ന് മനസ്സിലാകുന്നത് മനുഷ്യൻ വഴിതെറ്റിപ്പോകുന്നതിന്റെ ഉത്തരവാദി അള്ളാഹു ആണെന്നാണ് എല്ലാ മനുഷ്യരും രക്ഷപ്രാപിക്കണമെന്നാഗ്രഹിക്കുന്ന ബൈബിളിലെ സത്യ

ദൈവവും താൻ ഉദ്ദേശിക്കുന്ന വരെ ദുർമാർഗ്ഗത്തിലാക്കുന്ന ഖുർആനിലെ അല്ലാഹും ഒരാളാകുന്നതെങ്ങനെ? ചിന്തിക്കുക

**മനുഷ്യനെക്കുറിച്ചുള്ള കരുതൽ:**

IVa ബൈബിളിലെ ദൈവം നരകം സൃഷ്ടിച്ചത് പിശാചിനും അവന്റെ ദൂതന്മാർക്കും വേണ്ടിയാണ് (മത്തായി 25:41). എന്നാൽ പിശാചിന്റെ കെണിയിലകപ്പെട്ട് മനുഷ്യവർഗ്ഗം പാപത്തിനടിമകളായിത്തീർന്നിരിക്കയാൽ പാപമോചനം പ്രാപിക്കാത്ത മനുഷ്യരും നരകത്തിലേക്ക് പോകേണ്ടിവരും. എങ്കിലും 'മനസ്സോടെയല്ല, അവൻ മനുഷ്യപുത്രൻമാരെ ദുഃഖിപ്പിച്ച് വ്യസനിപ്പിക്കുന്നത്' (വിലാപങ്ങൾ 3:33). മാത്രമല്ല, 'ദുഷ്ടന്റെ മരണത്തിൽ എനിക്ക് അല്പമെങ്കിലും താല്പര്യം ഉണ്ടോ? അവൻ തന്റെ വഴികളെ വിട്ടുതിരിഞ്ഞ് ജീവിക്കണമെന്നല്ലയോ എന്റെ താല്പര്യം' എന്ന് യഹോവയായ കർത്താവിന്റെ അരുളപ്പാട് (യെഹസ്കേൽ 18:23). 'മരിക്കുന്നവന്റെ മരണത്തിൽ എനിക്ക് ഇഷ്ടമില്ല എന്ന് യഹോവയായ കർത്താവിന്റെ അരുളപ്പാട്, ആകയാൽ നിങ്ങൾ മനം തിരിഞ്ഞു ജീവിച്ചുകൊൾവിൻ (യെഹസ്കേൽ 18:32) എന്നും ബൈബിളിലെ ദൈവം മനുഷ്യനോട് ആവശ്യപ്പെടുന്നു.

b ഖുർആനിലെ അല്ലാഹു ജിന്നുകൾക്കും മനുഷ്യർക്കും വേണ്ടിയാണ് നരകത്തെ സൃഷ്ടിച്ചത്. നരകത്തിനു വേണ്ടിതന്നെ അവൻ മനുഷ്യരേയും സൃഷ്ടിച്ചിട്ടുണ്ട്. താഴെയുള്ള ആയത്തുകൾ ശ്രദ്ധിക്കുക

'സത്യമായും ജിന്നുകളിൽനിന്നും **മനുഷ്യരിൽനിന്നും** ധാരാളം പേരെ നരകത്തിനു വേണ്ടി നാം പടച്ചിരിക്കുന്നു' (സൂറ 7:179)

'നാം ഉദ്ദേശിച്ചിരുന്നെങ്കിൽ ഓരോ ആൾക്കും അവരുടെ സൻമാർഗ്ഗം കൊടുക്കുമായിരുന്നു, പക്ഷെ ജിന്നുകൾ, **മനുഷ്യർ** എന്നീ രണ്ടു കൂട്ടരെക്കൊണ്ടു തന്നെ **നരകം നിറയ്ക്കുമെന്നുള്ള വാക്ക് എന്റെ** പക്കൽനിന്ന് സ്ഥിരപ്പെട്ടു' (സൂറാ 32:13).

'നിന്റെ നാഥൻ ഉദ്ദേശിച്ചിരുന്നെങ്കിൽ മനുഷ്യരെയെല്ലാം ഒറ്റ സമുദായമാക്കുമായിരുന്നു, അവർ ഭിന്നിച്ചവരായിത്തന്നെയിരിക്കുന്നു. നിന്റെ നാഥൻ കരുണ ചെയ്തവരൊഴികെ, അതിനു വേണ്ടിയാണ് അവരെ അവൻ പടച്ചത്. ജിന്നുകൾ, **മനുഷ്യർ എന്നീ രണ്ടുകൂട്ടരെക്കൊണ്ടു തന്നെ നരകം ഞാൻ നിറക്കുമെന്നുള്ള നാഥന്റെ വചനം പൂർത്തിയായിരിക്കുന്നു**' (സൂറ 11:118,119).

ജിന്നുകൾ, മനുഷ്യർ എന്നീ രണ്ട് കൂട്ടരെക്കൊണ്ട് നരകം നിറയ്ക്കുമെന്ന് അല്ലാഹു ആദ്യം സത്യം ചെയ്യുന്നു. പിന്നെ അവൻ മനുഷ്യരെ സൃഷ്ടിക്കുന്നു. പിന്നീട് അതിൽ കുറെപ്പേരെ അൻ ദുർമ്മാർഗ്ഗത്തി

ലാക്കുന്നു. അതിനുശേഷം അവരെല്ലാം ദുർമ്മാർഗ്ഗികളാണെന്ന കുറ്റം ചുമത്തി അവൻ അവരെ നരകത്തിലിടുന്നു. ഇങ്ങനെ ജിന്നുകളെക്കൊണ്ടും മനുഷ്യരെ കൊണ്ടും നരകം നിറക്കുന്നതാണെന്ന തന്റെ സത്യത്തെ അള്ളാഹു നിറവേറ്റുന്നു!

ഇത് എന്ത് തരം നീതി ബോധമാണ്? സൂറാ 2:7ൽ സത്യ നിഷേധികളെപ്പറ്റി അള്ളാഹു പറയുന്നത് ഇപ്രകാരമാണ്: അവരുടെ മനസ്സുകൾക്കും കാതിനും അള്ളാഹു മുദ്രവച്ചിരിക്കുകയാണ്. അവരുടെ ദൃഷ്ടികളിൻമേലും ഒരു മൂടിയുണ്ട്. അവർക്കാകുന്നു കനത്ത ശിക്ഷയുള്ളത്.' മനുഷ്യരുടെ മനസ്സും കണ്ണും കാതും മൂടിക്കളഞ്ഞ് അള്ളാഹു അവരെ വഴി കേടിലാക്കുകയാണെങ്കിൽ പിന്നെ എന്തിനാണ് അവർക്ക് കല്പനകൾ കൊടുത്തിരിക്കുന്നത്? മനസ്സും കാതും കണ്ണും അടഞ്ഞിരിക്കുന്ന ഒരുവന് കല്പനകൾ ഗ്രഹിക്കാനാകുമോ? ഇങ്ങനെയാണെങ്കിൽ മനുഷ്യന് 'സ്വാതന്ത്ര്യ ഇഛ' (Free will) നൽകേണ്ട കാര്യമെന്ത്? മനുഷ്യർ ചെയ്യുന്ന എല്ലാ പ്രവൃത്തികളുടേയും ഉത്തരവാദിത്തം അള്ളാഹുവിനാണെങ്കിൽ പിന്നെ മനുഷ്യനെ ശിക്ഷിക്കുന്നതിന്റെ ന്യായമെന്ത്? ചിന്തിക്കുക!

**സ്തീകളോടുള്ള നിലപാട്:**

Va ബൈബിളിലെ ദൈവം സ്ത്രീകളെ സ്നേഹിക്കുകയും അവർക്കു വേണ്ടി കരുതുകയും ചെയ്യുന്ന ദൈവമാണ്. സ്ത്രീകളെ ഉപദ്രവിക്കുന്നവരേയും അപവാദം പറഞ്ഞുണ്ടാക്കുന്നവരേയും ശിക്ഷിക്കാൻ ആവശ്യപ്പെടുന്ന ദൈവം. ചില വാക്യങ്ങൾ ബൈബിളിൽ നിന്ന് പരിശോധിക്കാം.

1. 'ഭാര്യ ജീവനോടിരിക്കുമ്പോൾ അവളെ ദുഃഖിപ്പിക്കുവാൻ അവളുടെ സഹോദരിയുടെ നഗ്നത അനാവൃതമാക്കുമാറ് അവളെ കൂടെ പരിഗ്രഹിക്കരുത്' (ലേവ്യ. 18:18).

2. 'വിവാഹ നിശ്ചയം കഴിഞ്ഞിരിക്കുന്ന ഒരു യുവതിയെ ഒരുത്തൻ വയലിൽ വെച്ചു കണ്ടു ബലാൽക്കാരം ചെയ്ത് അവളോടുകൂടെ ശയിച്ചാൽ പുരുഷൻമാത്രം മരണശിക്ഷ അനുഭവിക്കണം. യുവതിയോടോ ഒന്നും ചെയ്യരുത്. അവൾക്ക് മരണയോഗ്യമായ പാപമില്ല (ആവർത്തനം 22:25,26).

3. വിവാഹനിശ്ചയം കഴിയാത്ത കന്യകയായ ഒരു യുവതിയെ ഒരുത്തൻ കണ്ട് അവളെപിടിച്ച് അവളോടുകൂടെ ശയിക്കുകയും അവരെ കണ്ടുപിടിക്കുകയും ചെയ്താൽ അവളോടുകൂടെ ശയിച്ച പുരുഷൻ യുവതിയുടെ അപ്പന് അമ്പത് വെള്ളിക്കാശ് കൊടുക്കണം. അവൾ അവന്റെ ഭാര്യയാകുകയും വേണം. അവൻ അവൾക്ക് കളങ്കം വരുത്തിയല്ലോ. **അവനു തന്റെ ആയുഷ്കാലത്തൊരിക്കലും അവളെ ഉപേക്ഷിച്ചു കൂടാ'** (ആവർത്തനം 22:28,29)

ഭാര്യയെ അകാരണമായി സംശയിക്കുന്ന ഭർത്താവിനും ശിക്ഷയുണ്ട്

'അവൻ യിസ്രായേലിൽ ഒരു കന്യകയുടെ മേൽ അപവാദം പറഞ്ഞുണ്ടാക്കിയതിനാൽ അവർ അവനെക്കൊണ്ട് നൂറ് വെള്ളിക്കാശ് പിഴ ചെയ്യിച്ച് യുവതിയുടെ അപ്പന് കൊടുക്കണം. **അവനു തന്റെ ആയുഷ്കാലത്തൊരിക്കലും അവളെ ഉപേക്ഷിച്ചുകൂടാ**' (ആവർത്തനം 22:19).

4. ഒരു സ്ത്രീ ഭർത്താവിനെ വഞ്ചിക്കുകയും അതിനു തെളിവില്ലാതിരിക്കുകയും ചെയ്താൽ സംശയത്തിന്റെ അടിസ്ഥാനത്തിൽ മനുഷ്യരാരും അവളെ ശിക്ഷിക്കരുത്. സ്ത്രീയെ നിയമാനുസരണമുള്ള പരിശോധനയ്ക്ക് വിധേയമാക്കാൻ ദൈവാലയത്തിൽ കൊണ്ടുവരണം. **അവൾ തെറ്റു ചെയ്തിട്ടുണ്ടെങ്കിൽ ദൈവം തന്നെയായിരിക്കും അവളെ ശിക്ഷിക്കുന്നത്**. (സംഖ്യാപുസ്തകം 5:11 -30)

5 അപ്പനെ മാത്രമല്ല, അമ്മയേയും ബഹുമാനിക്കണം (പുറപ്പാട് 20:12)

6 അപ്പനെ മാത്രമല്ല, അമ്മയേയും ഭയപ്പെടണം (ലേവ്യാപുസ്തകം 19:3)

7 'തന്റെ യൗവ്വനത്തിലെ ഭാര്യയോട് ആരും അവിശ്വസ്തത കാണിക്കരുത് ഞാൻ ഉപേക്ഷണം വെറുക്കുന്നു' (മലാഖി 2:15-16)

8 'ഒരു വിശ്വാസിക്ക് അവിശ്വാസിയായ ഭാര്യ ഉണ്ടായിരിക്കുകയും അവൾ അവനോടുകൂടെ പാർക്കുവാൻ സമ്മതിക്കുകയും ചെയ്താൽ അവളെ ഉപേക്ഷിക്കരുത് (1 കൊരി. 7:12)

9 'ഭർത്താക്കന്മാരേ, ക്രിസ്തു സഭയെ സ്നേഹിച്ചതുപോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ. അവൻ അവളെ വചനത്തോടുകൂടിയ ജലസ്നാനത്താൽ വെടിപ്പാക്കി വിശുദ്ധീകരിക്കേണ്ടതിനു കറ, ചുളുക്കം മുതലായത് ഒന്നുമില്ലാതെ സഭയെ ശുദ്ധയും നിഷ്കളങ്കയുമായി തനിക്കുതന്നെ തേജസ്സോടെ മുൻ നിറുത്തേണ്ടതിനും തന്നത്താൻ അവൾക്ക് വേണ്ടി ഏല്പിച്ചുകൊടുത്തു. **അവ്വണ്ണം ഭർത്താക്കന്മാരും തങ്ങളുടെ ഭാര്യമാരെ സ്വന്തശരീരങ്ങളെപ്പോലെ സ്നേഹിക്കേണ്ടതാകുന്നു. ഭാര്യയെ സ്നേഹിക്കുന്നവൻ തന്നത്താൻ സ്നേഹിക്കുന്നു**. ആരും തന്റെ ജഡത്തെ (ശരീരത്തെ) ഒരുനാളും പകച്ചിട്ടില്ലല്ലോ. ക്രിസ്തുവും സഭയെ ചെയ്യുന്നതുപോലെ അതിനെ പോറ്റിപ്പുലർത്തുകയത്രെ ചെയ്യുന്നത്' (എഫേസ്യർ 5:25-29).

10 'അങ്ങനെ തന്നെ ഓരോരുത്തൻ **താന്താന്റെ ഭാര്യയെ തന്നെപ്പോലെത്തന്നെ സ്നേഹിക്കണം**. ഭാര്യയോ ഭർത്താവിനെ ഭയപ്പെടേണ്ടതാകുന്നു (എഫേസ്യർ 5:32)

11 'ഭർത്താക്കന്മാരെ, നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ, അവരോട് കൈപ്പായിരിക്കയുമരുത്' (കൊലോസ്യർ 3:19)

12 ‘അങ്ങനെതന്നെ ഭർത്താക്കന്മാരേ, നിങ്ങളുടെ പ്രാർത്ഥനയ്ക്ക് മുടക്കം വരാതിരിക്കേണ്ടതിന് വിവേകത്തോടുകൂടെ ഭാര്യമാരോടുകൂടെ വസിച്ച്, സ്ത്രീജനം ബലഹീനപാത്രം എന്നും അവർ ജീവന്റെ കൃപക്ക് കൂട്ടവകാശികൾ എന്നും ഓർത്ത് അവർക്ക് ബഹുമാനം കൊടുപ്പിൻ’ (1 പത്രോ. 3:7).

**ഇനി നമുക്ക് ഖുറാനിൽ നിന്നുള്ള ചില ആയത്തുകൾ പരിശോധിക്കാം. സ്ത്രീകളെ അള്ളാഹു കാണുന്നത് ഏത് വിധമാണെന്ന് ഈ ആയത്തുകൾ നമ്മോട് പറയും.**

1. ‘നിങ്ങളുടെ ഭാര്യമാർ നിങ്ങളുടെ കൃഷിയിടമാകുന്നു. അതിനാൽ നിങ്ങൾ ഇഛിക്കും വിധം നിങ്ങൾക്ക് നിങ്ങളുടെ കൃഷിയിടത്തിൽ ചെല്ലാവുന്നതാണ്’ (സൂറ 2:223)

2. ‘അനാഥകളുടെ കാര്യത്തിൽ നീതി പാലിക്കാതിരിക്കുന്നതിനെ നിങ്ങൾ ഭയപ്പെട്ടാൽ **ഈരണ്ടായും മുമ്മൂന്നായും നന്നാലായും നിങ്ങൾക്കിഷ്ടമുള്ള സ്ത്രീകളെ വിവാഹം ചെയ്തുകൊള്ളൂ**. എന്നാൽ നിങ്ങൾ നീതി ചെയ്യാതിരിക്കുന്നതിനെ ഭയപ്പെട്ടാൽ ഒന്നുമാത്രമേ പാടുള്ളൂ. അല്ലെങ്കിൽ നിങ്ങൾ ഉടമയാക്കിയ അടിമസ്ത്രീകളെ, നിങ്ങൾ അനീതി ചെയ്യാതിരിക്കുന്നതിന് ഏറ്റവും സഹായകമാണ് അത്’ (സൂറ 4:3)

(‘നിങ്ങൾ എത്രതന്നെ ആഗ്രഹിച്ചാലും ഭാര്യമാർക്കിടയിൽ തുല്യനീതി പാലിക്കാൻ നിങ്ങൾക്കൊരിക്കലും സാധിക്കുകയില്ല’ എന്ന് സൂറ 4:129ൽ അള്ളാഹു പറയുന്നുണ്ട്’)

3. ‘നിങ്ങളുടെ സന്താനങ്ങളുടെ കാര്യത്തിൽ അല്ലാഹു നിങ്ങൾക്ക് നിർദ്ദേശം നൽകുന്നു. ആണിന് രണ്ട് പെണ്ണിന്റേതിനു തുല്യമായ ഓഹരിയാണുള്ളതെന്ന്. ഇനി രണ്ടിലധികം പെൺമക്കളാണുള്ളതെങ്കിൽ (മരിച്ച ആൾ) വിട്ടേച്ചുപോയ സ്വത്തിന്റെ മൂന്നിൽ രണ്ടു ഭാഗമാണ് അവർക്കുള്ളത്. ഒരു മകൾ മാത്രമാണെങ്കിൽ അവൾക്ക് പകുതിയാണുള്ളത് (സൂറ 4:11)

4. ‘നിങ്ങളുടെ മാതാക്കൾ, പുത്രിമാർ, സഹോദരിമാർ, പിതൃസഹോദരിമാർ, മാതൃസഹോദരിമാർ, സഹോദരപുത്രിമാർ, സഹോദരീപുത്രിമാർ, നിങ്ങളെ മുലകുടിപ്പിച്ച പോറ്റമ്മമാർ, മുലകുടി മുഖേനെയുള്ള നിങ്ങളുടെ സഹോദരിമാർ, നിങ്ങളുടെ ഭാര്യാമാതാക്കൾ എന്നിവർ (അവരെ വിവാഹം ചെയ്യൽ) നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ലൈംഗിക വേഴ്ചയിൽ ഏർപ്പെട്ടിട്ടുള്ള നിങ്ങളുടെ ഭാര്യമാരുടെ സന്താനങ്ങളായി നിങ്ങളുടെ സംരക്ഷണത്തിലുള്ള വളർത്തുപുത്രിമാരും (അവരെ വിവാഹം ചെയ്യുന്നതും നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു) **ഇനി നിങ്ങൾ അവരുമായി ലൈംഗിക വേഴ്ചയിൽ ഏർപ്പെട്ടിട്ടില്ലെങ്കിൽ (അവരുടെ മക്കളെ വേൾക്കുന്നതിൽ) നിങ്ങൾക്കു കുറ്റമില്ല**’ (സൂറ 4:23). ഈ ആയത്തിന്റെ ബലത്തിൽ സുന്ദരികളായ പെൺമ

ക്കളുള്ള വൃദ്ധ വിധവകളെ ചില മുസ്ലീങ്ങൾ വിവാഹം ചെയ്യാറുണ്ട്.

5. '(മറ്റുള്ളവരുടെ) വിവാഹബന്ധത്തിലിരിക്കുന്ന സ്ത്രീകളും (നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു) **നിങ്ങളുടെ കൈകൾ ഉടമപ്പെടുത്തിയവർ (അടിമ സ്ത്രീകൾ) ഒഴികെ'** (സൂറ 4:24)

6. 'പുരുഷൻമാർ സ്ത്രീകളുടെ മേൽ നിയന്ത്രണാധികാരമുള്ളവരാകുന്നു. മനുഷ്യരിൽ ഒരു വിഭാഗത്തിന് മറുവിഭാഗത്തേക്കാൾ അല്ലാഹു കൂടുതൽ കഴിവു നൽകിയതുകൊണ്ടും (പുരുഷന്മാർ) അവരുടെ ധനം ചെലവഴിച്ചതു കൊണ്ടുമാണത്. അതിനാൽ നല്ലവരായ സ്ത്രീകൾ അനുസരണ ശീലമുള്ളവരും, അല്ലാഹു സംരക്ഷിച്ച പ്രകാരം (പുരുഷന്മാരുടെ) അഭാവത്തിൽ (സംരക്ഷിക്കേണ്ടതെല്ലാം) സംരക്ഷിക്കുന്നവരുമാണ്. എന്നാൽ അനുസരണക്കേട് കാണിക്കുമെന്ന് നിങ്ങൾ ആശങ്കിക്കുന്ന സ്ത്രീകളെ നിങ്ങൾ ഉപദേശിക്കുക. കിടപ്പറകളിൽ അവരുമായി അകന്നു നിൽക്കുക. **അവരെ അടിക്കുകയും ചെയ്തു കൊള്ളുക.** (സൂറ 4:34)

7. 'പ്രവാചക പത്നിമാരേ, നിങ്ങളിൽ ആരെങ്കിലും വ്യക്തമായ നീചവൃത്തി ചെയ്യുന്നപക്ഷം അവൾക്ക് ശിക്ഷ രണ്ടിരട്ടിയായി വർദ്ധിപ്പിക്കപ്പെടുന്നതാണ്. അത് അല്ലാഹുവെ സംബന്ധിച്ചിടത്തോളം എളുപ്പമായിട്ടുള്ളതാകുന്നു (സൂറ 33:30)

8. നബിയേ, നീ വിവാഹമൂല്യം കൊടുത്തിട്ടുള്ളവരായ നിന്റെ ഭാര്യമാരെ നിനക്ക് നാം അനുവദിച്ചു തന്നിരിക്കുന്നു. അല്ലാഹു നിനക്ക് (യുദ്ധത്തിൽ) അധീനപ്പെടുത്തിത്തന്ന കൂട്ടത്തിൽ നിന്റെ വലതുകൈ ഉടമപ്പെടുത്തിയ (അടിമ) സ്ത്രീകളേയും നിന്നോടൊപ്പം സ്വദേശം വിട്ടുപോന്നവരായ നിന്റെ പിതൃവിന്റെ പുത്രിമാർ, നിന്റെ പിതൃസഹോദരിമാരുടെ പുത്രിമാർ, നിന്റെ അമ്മാവന്റെ പുത്രിമാർ, നിന്റെ മാതൃസഹോദരിമാരുടെ പുത്രിമാർ എന്നിവരേയും (വിവാഹം ചെയ്യാൻ അനുവദിച്ചിരിക്കുന്നു) സത്യവിശ്വാസിനിയായ ഒരു സ്ത്രീ (സ്വദേഹം) നബിക്ക് ദാനം ചെയ്യുന്നപക്ഷം നബി അവളെ വിവാഹം കഴിക്കാനുദ്ദേശിക്കുന്നുവെങ്കിൽ അതും അനുവദിച്ചിരിക്കുന്നു. **ഇത് സത്യവിശ്വാസികളെക്കൂടാതെ നിനക്ക് മാത്രമായുള്ളതാകുന്നു.** അവരുടെ ഭാര്യമാരുടേയും അവരുടെ വലതുകൈകൾ ഉടമപ്പെടുത്തിയവരുടേയും കാര്യത്തിൽ നാം നിയമമായി നിശ്ചയിച്ചിട്ടുള്ളത് നമുക്കറിയാം. **നിനക്ക് യാതൊരു വിഷമവും ഉണ്ടാകാതിരിക്കാൻ വേണ്ടിയത്രെ ഇത്**. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു. **അവരിൽ നിന്ന് നീ ഉദ്ദേശിക്കുന്നവരെ നിനക്ക് മാറ്റി നിർത്താം. നീ ഉദ്ദേശിക്കുന്നവരെ നിന്റെ അടുക്കലേക്ക് അടുപ്പിക്കുകയും ചെയ്യാം. നീ മാറ്റി നിർത്തിയവരിൽ നിന്ന്**

**വല്ലവരെയും നീ ആഗ്രഹിക്കുന്നുവെങ്കിൽ നിനക്ക് കുറ്റമില്ല.** അവരുടെ കണ്ണുകൾ കുളിർക്കുവാനും അവർ ദുഃഖിക്കാതിരിക്കുവാനും നീ അവർക്ക് നൽകിയതിൽ അവരെല്ലാം സംതൃപ്തി അടയുവാനും ഏറ്റവും അനുയോജ്യമായ മാർഗ്ഗമാകുന്നു അത്. (സൂറ 33:50-51)

9. **'അങ്ങനെ സൈദ്** (മുഹമ്മദിന്റെ വളർത്തു പുത്രനായിരുന്ന സൈദ് - ലേഖകൻ) **അവളിൽനിന്ന് ആവശ്യം നിറവേറ്റിക്കഴിഞ്ഞപ്പോൾ അവളെ നിനക്ക് നാം ഭാര്യയാക്കിത്തന്നു.** തങ്ങളുടെ ദത്തുപുത്രൻമാർ അവരുടെ ഭാര്യമാരിൽ നിന്ന് ആവശ്യം നിറവേറ്റിക്കഴിഞ്ഞിട്ട് അവരെ വിവാഹം കഴിക്കുന്ന കാര്യത്തിൽ സത്യവിശ്വാസികൾക്ക് യാതൊരു വിഷമവും ഉണ്ടാതിരിക്കാൻ വേണ്ടിയത്രെ അത്. (സൂറ. 33:37)

സ്ത്രീകളെ വെറും ഭോഗവസ്തുവായിട്ടാണ് ഏഴാം നൂറ്റാണ്ടിലെ അപരിഷ്കൃത അറബികൾ പരിഗണിച്ചിരുന്നത് എന്നാണ് മുസ്ലീം പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നത്. ഈ ആയത്തുകൾ വായിക്കുമ്പോൾ അള്ളാഹുവും അങ്ങനെത്തന്നെയാണ് പരിഗണിച്ചിരുന്നത് എന്ന് മനസ്സിലാക്കാം. ഏതായാലും 'റോമിയോ ജിഹാദ്' എന്ന കെണിയിൽപ്പെട്ട് ഇസ്ലാമിലേക്ക് മാറാൻ തയ്യാറായിരിക്കുന്ന ഏതെങ്കിലും ക്രൈസ്തവ-ഹൈന്ദവ യുവതികൾ ഇത് വായിക്കുന്നുണ്ടെങ്കിൽ, ഒരു വീണ്ടുവിചാരം നടത്തുവാൻ അഭ്യർത്ഥിക്കുന്നു. നിങ്ങളുടെ ജീവിതം വെറുതെ കൊണ്ടുപോയി നശിപ്പിച്ചുകളയാനുള്ളതല്ലല്ലോ.

## ആണയിടൽ

VIa ബൈബിളിലെ സത്യദൈവം തന്നെക്കൊണ്ടു തന്നെയാണ് സത്യം ചെയ്യുന്നത്. 'നീ എന്റെ വാക്ക് അനുസരിച്ചതുകൊണ്ട് നിന്റെ സന്തതി മുഖാന്തരം ഭൂമിയിലുള്ള സകല ജാതികളും അനുഗ്രഹിക്കപ്പെടും എന്ന് ഞാൻ എന്നെക്കൊണ്ട് തന്നെ സത്യം ചെയ്തിരിക്കുന്നു എന്ന് യഹോവ അരുളിചെയ്തിരിക്കുന്നു' (ഉല്പ. 22:18). എന്തുകൊണ്ടാണ് യഹോവ തന്നെക്കൊണ്ടുതന്നെ സത്യം ചെയ്തിരിക്കുന്നത് എന്ന് എബ്രായ ലേഖനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 'ദൈവം അബ്രാഹാമിനോട് വാഗ്ദത്തം ചെയ്യുമ്പോൾ **തന്നെക്കാൾ വലിയവനെക്കൊണ്ട് സത്യം ചെയ്യുവാൻ ഇല്ലാതിരുന്നിട്ട്** തന്നെക്കൊണ്ടു തന്നെ സത്യം ചെയ്തു. "ഞാൻ നിന്നെ അനുഗ്രഹിക്കുകയും നിന്നെ വർദ്ധിപ്പിക്കുകയും ചെയ്യും" എന്ന് അരുളിചെയ്തു (എബ്രായർ 6:13,14).

ആരായാലും സത്യം ചെയ്യുന്നത് തങ്ങളേക്കാൾ വലിയവരെക്കൊണ്ടാണ് എന്നത് തർക്കമില്ലാത്ത സംഗതിയാണ്. മാതാവിനെ, പിതാവിനെ, ദൈവത്തിനെ, ദൈവികഗ്രന്ഥത്തെ, ആരാധനാമന്ദിരങ്ങളെ ഒക്കെ പിടിച്ച് മനുഷ്യൻ സത്യം ചെയ്യുന്നത് ഇവ

യെല്ലാം അവനേക്കാൾ വലിയതായി അവൻ പരിഗണിക്കുന്നതുകൊണ്ടാണ്. തങ്ങളുടെ മക്കളെ പിടിച്ച് ചിലർ ആണയിടാറുണ്ട്. കാരണം പ്രായംകൊണ്ട് ചെറുതാണെങ്കിലും അവർ സ്വന്തജീവനേക്കാൾ അധികം പ്രിയപ്പെട്ടതാണ് എന്നതാണ്. ഏത് വിധത്തിലായാലും തങ്ങളേക്കാൾ വലിയവരേയോ തങ്ങളേക്കാൾ പ്രിയപ്പെട്ടവരേയോ പിടിച്ചാണ് മനുഷ്യൻ സത്യം ചെയ്യുന്നത്.

b എന്നാൽ ഖുറാനിലെ ദൈവം ഭൂമിയിലെ നശ്വരവസ്തുക്കളെക്കൊണ്ടാണ് സത്യം ചെയ്യുന്നത്. ഉദാഹരണങ്ങൾ നോക്കുക.

'നിസ്സംശയം. ചന്ദ്രനെത്തന്നെയാണ സത്യം. രാത്രി പിന്നിട്ടുപോകുമ്പോൾ അതിനെ തന്നെയാണ സത്യം. പ്രഭാതം പുലർന്നാൽ അതുതന്നെയാണ സത്യം'. (സൂറ. 74:32-34) 'ഉയിർത്തെഴുന്നേൽപിന്റെ നാളുകൊണ്ട് ഞാനിതാ സത്യം ചെയ്യുന്നു' (സൂറ. 75:1)

(അവിശ്വാസികളിലേക്ക്) ഇറങ്ങിച്ചെന്ന് (അവരുടെ ആത്മാക്കളെ) ഊരിയെടുക്കുന്നവ തന്നെയാണ സത്യം. (സത്യവിശ്വാസികളുടെ ആത്മാവുകളെ) സൗമ്യതയോടെ പുറത്തെടുക്കുന്നവ തന്നെയാണ, സത്യം. ഊക്കോടെ ഒഴുകി വരുന്നവ തന്നെയാണ, സത്യം. എന്നിട്ട് മുന്നോട്ട് കുതിച്ചുപോകുന്നവയും കാര്യം നിയന്ത്രിക്കുന്നവയും തന്നെയാണ, സത്യം. (സൂറ. 79:1–5)

(മുകളിലെ ആയത്ത് എന്തിനെക്കുറിച്ചുള്ളതാണെന്ന് ആർക്കും ഒരു പിടിയുമില്ല, ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്നത് - 'അവിശ്വാസികളിലേക്ക്, അവരുടെ ആത്മാവുകളെ, സത്യവിശ്വാസികളുടെ ആത്മാവുകളെ' എന്നിവ - ഖുറാനിലുള്ളതല്ല. പണ്ഡിതരുടെ കൂട്ടിച്ചേർക്കപ്പെട്ട അഭിപ്രായമാണ് ബ്രാക്കറ്റിൽ ഉള്ളത് എടുത്തുമാറ്റിയിട്ട് വായിച്ചാൽ ആർക്കും ഒരെത്തും പിടിയും കിട്ടുകയില്ല. ചിലർ ഇത് ലൈംഗികബന്ധത്തെക്കുറിച്ചുള്ളതാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്)

'പിൻവാങ്ങിക്കൊണ്ടിരിക്കുന്നവയും സഞ്ചരിച്ചുകൊണ്ടിരിക്കുന്നവയും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നവയുമായവയെ (നക്ഷത്രങ്ങളെ)ക്കൊണ്ട് ഞാൻ സത്യംചെയ്ത് പറയുന്നു' (സൂറാ. 81:15,16).

'നൂൻ-പേനയും അവർ എഴുതുന്നതും തന്നെയാണ സത്യം' (സൂറാ. 68:1)

'കുറ്റപ്പെടുത്തുന്ന മനസ്സിനെക്കൊണ്ടും ഞാൻ സത്യംചെയ്തുപറയുന്നു' (സൂറാ. 75:2)

'വാഗ്ദാനം ചെയ്യപ്പെട്ട ആ ദിവസം തന്നെയാണ സത്യം.' (സൂറാ. 85:2)

'സാക്ഷിയും സാക്ഷ്യം വഹിക്കപ്പെടുന്ന കാര്യവും തന്നെയാണ സത്യം' (സൂറ. 85:3)

'ഈ രാജ്യത്തെ (മക്കയെ)ക്കൊണ്ട് സത്യംചെയ്ത് പറയുന്നു' (സൂറ. 90:1)

'സൂര്യനും അതിന്റെ പ്രഭയും തന്നെയാണ സത്യം' (സൂറ. 91:1)

'ചന്ദ്രൻ തന്നെയാണ സത്യം' (സൂറ. 91:2)

'പകലിനെ തന്നെയാണ സത്യം' (91:3)

'രാത്രിയെത്തന്നെയാണ സത്യം' (91:4)

'ആകാശത്തേയും അതിനെ സ്ഥാപിച്ച രീതിയേയും തന്നെയാണ സത്യം' (സൂറാ. 91:5)

'ഭൂമിയേയും അതിനെ വിസ്തൃതമാക്കിയ രീതിയേയും തന്നെയാണ സത്യം' (സൂറ. 91:6)

'മനുഷ്യാസ്തിത്വത്തേയും അതിനെ സംവിധാനിച്ചരീതിയേയും തന്നെയാണ സത്യം' (സൂറ. 91:7)

'രാവിനെ തന്നെയാണ സത്യം' (സൂറ. 92:1)

'പകലിനെതന്നെയാണ സത്യം' (സൂറ. 92:2)

'ആണിനേയും പെണ്ണിനേയും സൃഷ്ടിച്ച രീതിയെ തന്നെയാണ സത്യം' (സൂറ. 92:3)

'പൂർവ്വാഹ്നം തന്നെയാണ സത്യം' (സൂറ. 93:1)

'രാത്രി തന്നെയാണ സത്യം' (സൂറ. 93:2)

'അത്തിയും, ഒലീവും, സീനാ പർവ്വതവും, നിർഭയത്വമുള്ള ഈ രാജ്യവും തന്നെയാണ സത്യം' (സൂറ. 95:1–3)

'എന്നാൽ അസ്തമയ ശോഭയെക്കൊണ്ടും, രാത്രിയും അത് ഒന്നിച്ചു ചേർക്കുന്നവയുംകൊണ്ടും, ചന്ദ്രൻ പൂർണ്ണത പ്രാപിക്കുമ്പോൾ അതിനെക്കൊണ്ടും ഞാൻ സത്യം ചെയ്ത് പറയുന്നു' (സൂറ. 84:16–18)

'ശക്തമായി (പൊടി) വിതറിക്കൊണ്ടിരിക്കുന്നവ (കാറ്റുകൾ) തന്നെയാണ സത്യം! (ജല) ഭാരം വഹിക്കുന്നവ (മേഘങ്ങൾ) തന്നെയാണ സത്യം! നിഷ്പ്രയാസം സഞ്ചരിക്കുന്നവ (കപ്പലുകൾ) തന്നെയാണ, സത്യം! കാര്യങ്ങൾ വിഭജിച്ചു കൊടുക്കുന്നവർ തന്നെയാണ സത്യം! (സൂറ. 51:1–4)

'ഖാഫ്. മഹത്വമേറിയ ഖുർആൻ തന്നെയാണ, സത്യം' (സൂറ. 50:1)

ഇനിയും സത്യം ചെയ്യുന്ന ആയത്തുകൾ ഉണ്ടെങ്കിലും വിസ്താരഭയത്താൽ ഉദ്ധരിക്കുന്നില്ല. നശ്വരമായ വസ്തുക്കളെക്കൊണ്ട് സത്യം ചെയ്യുന്ന അള്ളാഹുവിന്റെ ഈ സ്വഭാവം ബൈബിളിലെ സത്യ ദൈവത്തിനില്ല. ബൈബിളിന്റെ മാനദണ്ഡമനുസരിച്ച് വിലയിരുത്തിയാൽ ഈ പറഞ്ഞ നശ്വരവസ്തുക്കളെല്ലാം അള്ളാഹുവിന്റെ മുകളിലാണെന്ന് വരും. മാത്രമല്ല മറ്റൊരു പ്രശ്നം സൂറ. 68:10 ആണ്.

'അധികമായി സത്യം ചെയ്യുന്നവനെ അനുസരിച്ച് പോകരുത്' എന്നാണ് ആ ആയത്ത്. എം.എം. അക്ബറിന്റെ ഖുറാനിൽ സൂറ. 68:10 -നു കൊടുത്തിരിക്കുന്ന അടിക്കുറിപ്പ് ഇപ്രകാരമാണ്:

**'ചില നുണയന്മാരുണ്ട്. സാധാരണനിലയിൽ അവരുടെ വാക്കുകൾ ആരും മുഖവിലക്കെടുക്കുകയില്ല. അവർക്ക്തന്നെ ഇത് നന്നായി അറിയാം. അതിനാൽ അവർ എന്തുപറയുമ്പോഴും മറ്റുള്ളവരെക്കൊണ്ട് വിശ്വസിപ്പിക്കാനുള്ള നിർബന്ധബുദ്ധി നിമിത്തം ആണയിട്ടുകൊണ്ടിരിക്കും'.**

ഖുറാനിൽ ഇത്രമാത്രം ആണയിടൽ കാണുമ്പോൾ, ഈ അടിക്കുറിപ്പിന്റെ അടിസ്ഥാനത്തിൽ 'അല്ലാഹു നുണയനാണ്' എന്നൊരാൾ ചിന്തിച്ചുപോയാൽ അവനെ കുറ്റം പറയാനൊക്കുമോ?

VIIa ബൈബിളിലെ ദൈവം ശത്രുക്കളുടെ ഫലവൃക്ഷങ്ങൾക്ക് നേരെ യുദ്ധം നടത്തരുതെന്ന് കല്പിച്ച ദൈവമാണ്:

എന്നാൽ ഖുറാനിലെ അല്ലാഹു അവ നശിപ്പിക്കാൻ കല്പിച്ചവനും, ഉദാഹരണങ്ങൾ നോക്കുക.

**ബൈബിൾ:** 'ഒരു പട്ടണം പിടിപ്പാൻ അതിനോടു യുദ്ധംചെയ്ത് വളരെക്കാലം നിരോധിക്കേണ്ടി വന്നാൽ അതിന്റെ ചുറ്റുമുള്ള വൃക്ഷങ്ങളെ കോടാലിക്കൊണ്ട് വെട്ടി നശിപ്പിക്കരുത്. അവയുടെ ഫലം നിനക്ക് ഭക്ഷിക്കാവുന്നതാകയാൽ അവയെ വെട്ടിക്കളയരുത്; നീ പറമ്പിലെ വൃക്ഷത്തോട് പോരാടുവാൻ അത് മനുഷ്യനാകുന്നുവോ? (ആവർത്തന പുസ്തകം 20:19)

**ഖുർആൻ:** 'നിങ്ങൾ വല്ല ഈത്തപ്പനയും മുറിച്ചുകളഞ്ഞാൽ അഥവാ അവയെ മുരടുകളിൽ നിൽക്കുന്നവയായി വിട്ടാൽ അതെല്ലാം അല്ലാഹുവിന്റെ കല്പനപ്രകാരമാണ്. ഈ താന്തോന്നികളെ അപമാനിക്കാൻവേണ്ടിയും (സൂറ. 59:5).

ബനൂനദിർ ഗോത്രക്കാരുടെ (മദീനക്കടുത്തുണ്ടായിരുന്ന അതിസമ്പന്നരായ ഒരു അറബി യഹൂദഗോത്രം) കോട്ടകൾ ഉപരോധിച്ചഘട്ടത്തിൽ അവരെ പുറത്തേക്ക് കൊണ്ടുവരാൻ അവരുടെ ഈത്തപ്പനകൾ മുറിക്കാൻ മുഹമ്മദ് കല്പനയിട്ടിരുന്നു. മരുഭൂമിയിൽ ഭക്ഷ്യവസ്തുക്കൾ വളരെ വിലയേറിയതായതുകൊണ്ട് അറബികൾ യുദ്ധത്തിൽ ശത്രുവിന്റെ തോട്ടങ്ങൾ പിടിച്ചെടുക്കുമെന്നല്ലാതെ അത് നശിപ്പിക്കുന്ന പതിവുണ്ടായിരുന്നില്ല. മുഹമ്മദ് അറബികളുടെ ഈ യുദ്ധമര്യാദ ലംഘിച്ചപ്പോൾ അതിനെ ന്യായീകരിച്ചുകൊണ്ടാണ് അല്ലാഹു ഈ ആയത്ത് (59:5) ഇറക്കിയത്. സ്വഹീഹ് മുസ്ലിം, വാല്യം-2, ഭാഗം 32, ഹദീസ് നമ്പർ: 1746 -ൽ ഇപ്രകാരം കാണുന്നു:

'ഇബ്നു ഉമർ നിവേദനം: റസൂൽ ബനുനദീർ ഗോത്രത്തിന്റെ ഈത്തപ്പനകൾ മുറിക്കുകയും അത് കത്തിക്കുകയും ചെയ്തു. അതുമായി ബന്ധപ്പെട്ട് ഹസ്സാൻ പാടി: 'ബുവൈറത്ത് പ്രദേശത്ത് വ്യാപിച്ചു കിടക്കുന്ന ഈത്തപ്പനകൾ കത്തിക്കരിഞ്ഞതിനാൽ ബനൂലുഅയ്യ് ഗോത്രത്തിലെ നായകന്മാർ നിന്ദ്യരായി.' ഈ വിഷയവുമായി ബന്ധപ്പെട്ടുകൊണ്ടാണ് ഈ വചനം (സൂറ. 59:5) ഇറങ്ങിയത്.' 'പറമ്പിലെ വൃക്ഷത്തോട് പോരാടുവാൻ അത് മനുഷ്യനാകുന്നുവോ?' എന്ന് ചോദിക്കുന്ന യഹോവയും' ശത്രുവിന്റെ ഈത്തപ്പനത്തോട്ടം വെട്ടി മുറിച്ച് കത്തിച്ചുകളഞ്ഞത് എന്റെ കല്പനപ്രകാരമാണ്' എന്നു പറയുന്ന അല്ലാഹുവും ഒരാളാകുന്നതെങ്ങനെ?

## അത്ഭുതങ്ങൾ ദൈവദാസരുടെ പ്രവാചകത്വത്തിനു തെളിവ്

VIIIa ബൈബിളിലെ ദൈവം, തന്നെ ജനം വിശ്വസിക്കേണ്ടതിന് തന്റെ ദാസന്മാരിലൂടെ അത്ഭുതങ്ങൾ, അടയാളങ്ങൾ മുതലായ തെളിവുകൾ നൽകുന്ന ദൈവമാണ്. ചില വാക്യങ്ങൾ ശ്രദ്ധിക്കുക:

(1) അതിനു മോശെ: അവർ എന്റെ വാക്കു കേൾക്കാതെ യഹോവ നിനക്കു പ്രത്യക്ഷനായിട്ടില്ല എന്നു പറയും എന്നുത്തരം പറഞ്ഞു. യഹോവ അവനോട്: നിന്റെ കൈയ്യിൽ ഇരിക്കുന്നത് എന്ത് എന്ന് ചോദിച്ചു. ഒരു വടി എന്ന് അവൻ പറഞ്ഞു. അത് നിലത്തിടുക എന്ന് കല്പിച്ചു. അവൻ നിലത്തിട്ടു, അത് ഒരു സർപ്പമായിത്തീർന്നു. മോശെ അതിനെക്കണ്ട് ഓടിപ്പോയി. യഹോവ മോശെയോട്: നിന്റെ കൈനീട്ടി അതിനെ വാലിന് പിടിക്ക എന്ന് കല്പിച്ചു. അവൻ കൈനീട്ടി അതിനെ പിടിച്ചു; അത് അവന്റെ കൈയ്യിൽ വടിയായിത്തീർന്നു. ഇത് അബ്രഹാമിന്റെ ദൈവവും യിസ്ഹാക്കിന്റെ ദൈവവും യാക്കോബിന്റെ ദൈവവുമായി അവരുടെ പിതാക്കന്മാരുടെ ദൈവമായ യഹോവ നിനക്ക് പ്രത്യക്ഷനായി എന്ന് അവർ വിശ്വസിക്കേണ്ടതിന് ആകുന്നു. യഹോവ പിന്നെയും അവനോട്: നിന്റെ കൈ മാറിടത്തിൽ ഇടുക എന്നു കല്പിച്ചു. അവൻ കൈ മാറിടത്തിൽ ഇട്ടു. പുറത്ത് എടുത്തപ്പോൾ കൈ ഹിമംപോലെ വെളുത്ത് കുഷ്ഠമുള്ളതായി കണ്ടു. നിന്റെ കൈ വീണ്ടും മാറിടത്തിൽ ഇടുക എന്ന് കല്പിച്ചു. അവൻ കൈ വീണ്ടും മാറിടത്തിൽ ഇട്ടു. മാറിടത്തിൽനിന്നു പുറത്തെടുത്തപ്പോൾ അത് വീണ്ടും അവന്റെ മറ്റേ മാംസം പോലെ ആയിത്തീർന്നു. എന്നാൽ അവർ വിശ്വസിക്കാതെയും ആദ്യത്തെ അടയാളം അനുസരിക്കാതെയും ഇരുന്നാൽ അവർ പിന്നത്തെ അടയാളം വിശ്വസിക്കും. ഈ രണ്ടടയാളങ്ങളും അവർ വിശ്വസിക്കാതെയും നിന്റെ വാക്കു കേൾക്കാതെയും ഇരുന്നാൽ നീ നദിയിലെ വെള്ളംകോരി ഉണങ്ങിയ നിലത്തൊഴിക്കണം. നദിയിൽനിന്ന് കോരിയ വെള്ളം ഉണങ്ങിയ നിലത്ത് രക്തമായിത്തീരും (പുറപ്പാട് 4:1–9).

2. 'പിന്നെ മോശെയും അഹരോനും പോയി, യിസ്രായേൽ മക്കളുടെ മൂപ്പൻമാരെ ഒക്കെയും കൂട്ടി വരുത്തി. യഹോവ മോശെയോട് കല്പിച്ച വചനങ്ങളെല്ലാം അഹരോൻ പറഞ്ഞു കേൾപ്പിച്ചു. ജനം കാൺകെ ആ അടയാളങ്ങളും പ്രവർത്തിച്ചു. അപ്പോൾ ജനം വിശ്വസിച്ചു; യഹോവ യിസ്രായേൽ മക്കളെ സന്ദർശിച്ചു എന്നും തങ്ങളുടെ കഷ്ടത കടാക്ഷിച്ചു എന്നും കേട്ടിട്ട് അവർ കുമ്പിട്ടു നമസ്കരിച്ചു.' (പുറപ്പാട് 4:29–31).

3. യഹോവ മോശെയോടും അഹരോനോടും: ഫറവോൻ നിങ്ങളോട് ഒരു അത്ഭുതം കാണിപ്പിൻ എന്നുപറഞ്ഞാൽ നീ അഹരോ

നോട്: നിന്റെ വടി എടുത്ത് ഫറവോന്റെ മുമ്പാകെ നിലത്തിടുക എന്ന് പറയണം; അത് ഒരു സർപ്പമായിത്തീരും എന്ന് കല്പിച്ചു. അങ്ങനെ മോശെയും അഹരോനും ഫറവോന്റെ അടുക്കൽചെന്ന് യഹോവ തങ്ങളോട് കല്പിച്ചതുപോലെ ചെയ്തു. അഹരോൻ തന്റെ വടി ഫറവോന്റെയും അവന്റെ ഭൃത്യന്മാരുടെയും മുമ്പാകെ നിലത്തിട്ടു; അത് സർപ്പമായിത്തീർന്നു. അപ്പോൾ ഫറവോൻ വിദ്വാന്മാരേയും ക്ഷുദ്രക്കാരേയും വിളിപ്പിച്ചു; മിസ്രയീമ്യ മന്ത്രവാദികളായ ഇവരും തങ്ങളുടെ മന്ത്രവാദത്താൽ അതുപോലെ ചെയ്തു. അവർ ഓരോരുത്തൻ താന്താന്റെ വടി നിലത്തിട്ടു. അവയും സർപ്പങ്ങളായിത്തീർന്നു; എന്നാൽ അഹരോന്റെ വടി അവരുടെ വടികളെ വിഴുങ്ങിക്കളഞ്ഞു' (പുറപ്പാട് 7:8-12)

ഇസ്രായേൽ മക്കളെ മിസ്രയീമിൽ (ഈജിപ്തിൽ) നിന്നു വിടുവിക്കുന്നതിന്റെ ഭാഗമായി യഹോവയായ ദൈവം ഫറവോന്റെ മേലും മിസ്രയീമ്യരുടെ മേലും മിസ്രയീമിലെ ദേവന്മാരുടെ മേലും മോശെയിലൂടെയും അഹരോനിലൂടെയും ന്യായവിധി നടത്തി. വിസ്താരഭയത്താൽ അവയെല്ലാം ഇവിടെ എഴുതുന്നില്ല. എങ്കിലും ആ സംഭവങ്ങളുടെ റഫറൻസ് താഴെ കൊടുക്കുന്നു:

നദിയിലെ വെള്ളം രക്തമായി മാറുന്നത് (പുറപ്പാട് 7:17-21)

മിസ്രയീമിൽ മുഴുവൻ തവള കയറുന്നത് (പുറ. 8:1-6)

മിസ്രയീമിലെ പൊടി എല്ലാം പേൻ ആയിത്തീർന്നത് (പുറ. 8:16-19)

മിസ്രയീമിലെ മുഴുവനും നായീച്ച നിറഞ്ഞത് (പുറ. 8:20-24)

മിസ്രയീമിലെ മൃഗങ്ങൾ അതികഠിനമായ വ്യാധിയാൽ ചത്തൊടുങ്ങിയത് (പുറ. 9:27)

മിസ്രയീമിലെ മനുഷ്യരുടെയും മൃഗങ്ങളുടേയുംമേൽ പരുക്കൾ ഉണ്ടായത് (പുറ. 9:8-11)

മിസ്രയീമിനു മുകളിൽ കൽമഴയും തീയും ഉണ്ടായത് (പുറപ്പാട് 9:18-26)

മിസ്രയീമിൽ വെട്ടുക്കിളിബാധ (പുറ. 10:4-15)

മിസ്രയീം ദേശത്തെങ്ങും മൂന്ന് ദിവസത്തേക്ക് കൂരിരുട്ട് (പുറ. 10:21-24)

മിസ്രയീമിലെ ആദ്യജാതന്മാർ എല്ലാം കൊല്ലപ്പെട്ടത് (പുറ. 11:1-12:30)

അവസാനത്തെ ന്യായവിധിയുടെ ഫലമായി ഫറവോൻ യിസ്രായേൽ മക്കളെ തന്റെ രാജ്യത്ത് നിന്ന് വിട്ടയച്ചു. എങ്കിലും അവരെ വീണ്ടും പിടിച്ചു കൊണ്ടുവരുവാൻ അവൻ സൈന്യസമേതനായി പുറപ്പെട്ടു. യിസ്രായേൽ മക്കൾ ചെങ്കടലിനരികിൽ എത്തിയപ്പോഴേക്കും ഫറവോനും സൈന്യവും പുറകിൽ എത്തിയിരുന്നു. ബൈബിളിൽ ആ ഭാഗം നാം ഇപ്രകാരം വായിക്കുന്നു.

'മോശെ കടലിന്മേൽ കൈനീട്ടി; യഹോവ അന്നു രാത്രി മുഴുവനും മഹാശക്തിയുള്ള ഒരു കിഴക്കൻ കാറ്റുകൊണ്ട് കടലിനെ പിൻവാങ്ങിച്ച് ഉണങ്ങിയ നിലം ആക്കി; അങ്ങനെ വെള്ളം തമ്മിൽ വേർപിരിഞ്ഞു. യിസ്രായേൽ മക്കൾ കടലിന്റെ നടുവിൽ ഉണങ്ങിയ നിലത്തുകൂടി നടന്നുപോയി. അവരുടെ ഇടത്തും വലത്തും വെള്ളം മതിലായി നിന്നു. മിസ്രയീമ്യർ പിൻതുടർന്നു; ഫറവോന്റെ കുതിരയും രഥങ്ങളും കുതിരപ്പടയും എല്ലാം അവരുടെ പിന്നാലെ കടലിന്റെ നടുവിലേക്ക് ചെന്നു. പ്രഭാതയാമത്തിൽ യഹോവ അഗ്നിമേഘസ്തംഭത്തിൽനിന്ന് മിസ്രയീമ്യസൈന്യത്തെ നോക്കി മിസ്രയീമ്യ സൈന്യത്തെ താറുമാറാക്കി. അവരുടെ രഥചക്രങ്ങളെ തെറ്റിച്ച് ഓട്ടം പ്രയാസമാക്കി. അതുകൊണ്ട് മിസ്രയീമ്യർ: യഹോവ അവർക്കുവേണ്ടി മിസ്രയീമ്യരോട് യുദ്ധം ചെയ്യുന്നു എന്നു പറഞ്ഞു.

അപ്പോൾ യഹോവ മോശെയോട് വെള്ളം മിസ്രയീമ്യരുടെ മേലും അവരുടെ രഥങ്ങളിന്മേലും കുതിരപ്പടയുടെ മേലും മടങ്ങിവരേണ്ടതിന് കടലിന്മേൽ കൈനീട്ടുക എന്ന് കല്പിച്ചു. മോശെ കടലിന്മേൽ കൈനീട്ടി; പുലർച്ചക്ക് കടൽ അതിന്റെ സ്ഥിതിയിലേക്ക് മടങ്ങിവന്നു. മിസ്രയീമ്യർ അതിന് എതിരായി ഓടി. യഹോവ മിസ്രയീമ്യരെ കടലിന്റെ നടുവിൽ തള്ളിയിട്ടു. വെള്ളം മടങ്ങിവന്ന് അവരുടെ പിന്നാലെ കടലിലേക്ക് ചെന്നിരുന്ന രഥങ്ങളേയും കുതിരപ്പടയേയും ഫറവോന്റെ സൈന്യത്തേയും എല്ലാം മുക്കിക്കളഞ്ഞു; അവരിൽ ഒരുത്തൻപോലും ശേഷിച്ചില്ല. യിസ്രായേൽ മക്കൾ കടലിന്റെ നടുവേ ഉണങ്ങിയ നിലത്തുകൂടി കടന്നുപോയി. വെള്ളം അവരുടെ ഇടത്തും വലത്തും മതിലായി നിന്നു (പുറ. 14:21–29).

ഈ കാര്യത്തിന്റെ അനന്തരഫലം എന്തായിരുന്നു എന്നു പുറപ്പാടു 14:31ൽ പറഞ്ഞിട്ടുണ്ട്. 'യഹോവ മിസ്രായീമ്യരിൽ ചെയ്ത ഈ മഹാപ്രവൃത്തി യിസ്രായേല്യർ കണ്ടു; **ജനം യഹോവയെ ഭയപ്പെട്ടു. യഹോവയിലും അവന്റെ ദാസനായ മോശയിലും വിശ്വസിച്ചു.**

മോശെയിലൂടെ യഹോവയായ ദൈവം ചെയ്ത അനേക അത്ഭുതങ്ങൾ ഇനിയുമുണ്ട്. സ്ഥലപരിമിതിമൂലം അവയെല്ലാം ഇവിടെ എഴുതാൻ കഴിയില്ല. എങ്കിലും ഒരു കാര്യംകൂടി പറയാതെ വയ്യ. യഹോവ മോശെ മുഖാന്തരം യിസ്രായേൽ ജനത്തിന് ന്യായപ്രമാണം കൊടുക്കുന്നതിനു മുൻപ് മോശെയോട് കല്പിച്ച കാര്യമാണത്. പുറ. 19:9–ാം വാക്യം ഇപ്രകാരമാണ്:

'യഹോവ മോശെയോട്: ഞാൻ നിന്നോട് സംസാരിക്കുമ്പോൾ ജനം കേൾക്കേണ്ടതിനും **നിന്നെ എന്നേക്കും വിശ്വസിക്കേണ്ടതിനും** ഞാൻ ഇതാ മേഘതമസ്സിൽ നിന്റെ അടുക്കൽ വരുന്നു എന്ന് അരുളിച്ചെയ്തു'.

പറഞ്ഞതുപോലെത്തന്നെ

യഹോവ പ്രവൃത്തിച്ചു എന്നതിന് പുറപ്പാട് 19:16-20 വരെയുള്ള വേദഭാഗങ്ങൾ സാക്ഷി.

'മൂന്നാംദിവസം നേരം വെളുത്തപ്പോൾ ഇടിമുഴക്കവും മിന്നലും പർവ്വതത്തിൽ കാർമേഘവും മഹാഗംഭീരമായ കാഹളധ്വനിയും ഉണ്ടായി; പാളയത്തിലുള്ള ജനം ഒക്കെയും നടുങ്ങി. ദൈവത്തെ എതിരേൽപാൻ മോശെ ജനത്തെ പാളയത്തിൽനിന്ന് പുറപ്പെടുവിച്ചു. അവർ പർവ്വതത്തിന്റെ അടിവാരത്തുനിന്നു. യഹോവ തീയിൽ നിന്ന് സീനായ് പർവ്വതത്തിലിറങ്ങുകയാൽ അതുമുഴുവനും പുകകൊണ്ട് മൂടി. അതിന്റെ പുക തീച്ചൂളയിലെ പുകപോലെ പൊങ്ങി. പർവ്വതം ഒക്കെയും ഏറ്റവും കുലുങ്ങി. കാഹളധ്വനി ദീർഘമായി ഉറച്ചുറച്ച് വന്നപ്പോൾ മോശെ സംസാരിച്ചു; ദൈവം ഉച്ചത്തിൽ അവന് ഉത്തരം അരുളി. യഹോവ സീനായി പർവ്വതത്തിൽ പർവ്വതത്തിന്റെ കൊടുമുടിയിൽ ഇറങ്ങി; യഹോവ മോശെയെ പർവ്വതത്തിന്റെ കൊടുമുടിയിലേക്ക് വിളിച്ചു; മോശെ കയറിച്ചെന്നു'.

ഇത്കണ്ട ജനത്തിന്റെ പ്രതികരണം എങ്ങനെയായിരുന്നു എന്ന് ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പുറപ്പാട് 20:18-22 വരെ.

'ജനം ഒക്കെയും ഇടിമുഴക്കവും മിന്നലും കാഹളധ്വനിയും പർവ്വതം പുകയുന്നതും കണ്ടു; ജനം അതു കണ്ടപ്പോൾ വിറച്ചുകൊണ്ട് ദൂരത്തുനിന്നു. അവർ മോശെയോട്: നീ ഞങ്ങളോട് സംസാരിക്ക; ഞങ്ങൾ കേട്ടുകൊള്ളാം; ഞങ്ങൾ മരിക്കാതിരിക്കേണ്ടതിന് ദൈവം ഞങ്ങളോട് സംസാരിക്കരുതേ എന്നു പറഞ്ഞു. മോശെ ജനത്തോട്: ഭയപ്പെടേണ്ട, നിങ്ങളെ പരീക്ഷിക്കേണ്ടതിനും നിങ്ങൾ പാപം ചെയ്യാതിരിപ്പാൻ അവനിലുള്ള ഭയം നിങ്ങൾക്ക് ഉണ്ടായിരിക്കേണ്ടതിനും ആകുന്നു ദൈവം വന്നിരിക്കുന്നത് എന്ന് പറഞ്ഞു. അങ്ങനെ ജനം ദൂരത്തുനിന്നു. മോശെയോ ദൈവം ഇരുന്ന ഇരുളിന് അടുത്തുചെന്നു. അപ്പോൾ യഹോവ മോശെയോട് കല്പിച്ചത്, നീ യിസ്രായേൽ മക്കളോട് ഇപ്രകാരം പറയണം: ഞാൻ സ്വർഗ്ഗത്തിൽ നിന്ന് നിങ്ങളോട് സംസാരിച്ചത് നിങ്ങൾ കണ്ടിരിക്കുന്നുവല്ലോ'

ഇവിടെയെല്ലാം, ദൈവം ഈ വൻകാര്യങ്ങളെ ചെയ്തതിനു പുറകിലെ ഉദ്ദേശ്യം 'ജനം തന്നിലും തന്റെ ദൂതനായ മോശെയിലും വിശ്വസിക്കണം' എന്നുള്ളതാണ് എന്ന് വ്യക്തമാക്കിയിരിക്കുന്നു. വിശ്വാസം ഒരു മനുഷ്യന്റെ ഹൃദയത്തിന്റെ ഉള്ളിൽനിന്നു വരേണ്ടതാണ്. അത് അബദ്ധമായിരിക്കരുത്, മറിച്ച് വസ്തുകതളിൽ അധിഷ്ഠിതമായിരിക്കണം എന്ന കാര്യം മനുഷ്യന് യുക്തിബോധം പ്രദാനം ചെയ്തിട്ടുള്ള ദൈവത്തിനറിയാം. യാതൊരു തെളിവുമില്ലാതെ ഒരുത്തൻ വന്ന് 'ഞാൻ ദൈവത്തിന്റെ പ്രവാചകനാണ് നിങ്ങൾ എന്നിൽ വിശ്വസിക്കണം' എന്നു പറഞ്ഞാൽ ചിന്താശേഷിയും യുക്തിബോധവുമുള്ള ഒരാളും അത് അംഗീകരിക്കുകയില്ല എന്നതി

നാലാണ് ദൈവം തെളിവിനായി ഇത്ര മാത്രം അത്ഭുതങ്ങളും അടയാളങ്ങളും കാണിച്ചത്.

ഇനി പുതിയ നിയമത്തിലേക്കു വരാം. കർത്താവായ യേശുക്രിസ്തു ഭൂമിയിലായിരുന്നപ്പോൾ മനുഷ്യവർഗ്ഗം അന്നോളം കണ്ടിട്ടില്ലാത്ത അത്ഭുതങ്ങളും അടയാളങ്ങളും കാണിച്ചു. യേശുക്രിസ്തുവിന്റെ ശിഷ്യന്മാരും അവ പ്രവർത്തിച്ചു. ശിഷ്യന്മാർ അത്ഭുതങ്ങൾ കാണിച്ചതിന്റെ ഉദ്ദേശ്യം എന്തായിരുന്നുവെന്നു മർക്കോസ് 16/20ൽ പറഞ്ഞിട്ടുണ്ട്.

'അവർ പുറപ്പെട്ട് എല്ലായിടത്തും പ്രസംഗിച്ചു, കർത്താവ് അവരോട്കൂടെ പ്രവർത്തിച്ചും അവരാൽ നടന്ന അടയാളങ്ങളാൽ വചനത്തെ ഉറപ്പിച്ചും പോന്നു'

തന്റെ വചനങ്ങളാണ് അപ്പൊസ്തലന്മാർ സംസാരിക്കുന്നത് എന്ന് ജനം മനസ്സിലാക്കേണ്ടതിനാണ് കർത്താവ് അവരുടെകയ്യാൽ അടയാളങ്ങൾ ചെയ്തത്. എബ്രായ ലേഖനക്കാരൻ അതേപ്പറ്റി ഇങ്ങനെ എഴുതിയിരിക്കുന്നു. 'കർത്താവു താൻ പറഞ്ഞു തുടങ്ങിയതും ദൈവം അടയാളങ്ങളാലും അത്ഭുതങ്ങളാലും വിവിധ വീര്യ പ്രവർത്തികളാലും തന്റെ ഇഷ്ടപ്രകാരം പരിശുദ്ധാത്മാവിനെ നൽകികൊണ്ട് സാക്ഷിനിന്നതും കേട്ടവർ നമുക്ക് ഉറപ്പിച്ചു തന്നതുമായ ഇത്ര വലിയ രക്ഷ നാം ഗണ്യമാക്കാതെ പോയാൽ എങ്ങനെ തെറ്റി ഒഴിയും? (എബ്രായർ 2:3,4)

സുവിശേഷം അറിയിച്ചവരുടെ ഭാഗത്ത് നിന്നുകൊണ്ട് അവർക്ക് വേണ്ടി സാക്ഷി പറഞ്ഞത് ദൈവമായിരുന്നു എന്നാണ് എബ്രായലേഖനത്തിലൂടെ ദൈവം പറയുന്നത്. തമ്പുരാൻ നേരിട്ട് സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്ന് സാക്ഷി പറയുകയായിരുന്നില്ല, പകരം അത്ഭുതങ്ങളും അടയാളങ്ങളും വിവിധ വീര്യപ്രവർത്തികളും അവരുടെ കൈയ്യാൽ ചെയ്യിച്ചുകൊണ്ടാണ് ദൈവം അവർക്ക് വേണ്ടി സാക്ഷിയായി നിന്നത്. അപ്പസ്തോലന്മാർ പ്രഘോഷിച്ചും വചനത്തിന്റെ സ്ഥിരീകരണത്തിന് കർത്താവ് അടയാളങ്ങൾവഴി സാക്ഷിനിന്നു എന്ന് മർക്കോസ് 16:20 വായിക്കുമ്പോൾ നമുക്ക് പിടികിട്ടും.

ഇനി നമുക്ക് ഖുറാനിലേക്ക് ഒന്ന് നോക്കാം.

VIII b ഖുർ ആനിലെ അള്ളാഹു അത്ഭുതങ്ങൾ പ്രവർത്തിക്കാൻ ശക്തിയില്ലാത്തയാളാണ്. 'ഞങ്ങൾ നിന്നിൽ വിശ്വസിക്കേണ്ടതിന് എന്തെങ്കിലും തരത്തിലുള്ള അത്ഭുതം/ അടയാളം നീ പ്രവർത്തിക്കണം' എന്ന് മക്കയിലും മദീനയിലും വച്ച് പലരും മുഹമ്മദിനോട് പറഞ്ഞിട്ടുണ്ട്. ഒരിക്കൽപോലും അള്ളാഹു മുഹമ്മദിന്റെ കൈയ്യാൽ ഒരൊറ്റ അടയാളം പോലും ചെയ്യിച്ചില്ല. ഇങ്ങനെയുള്ള ആവശ്യത്തിന്റെ മുന്നിൽനിന്ന് അള്ളാഹു അതിവിദഗ്ധമായി ഒഴിഞ്ഞു മാറുകയും ചില സമയങ്ങളിൽ അടയാളം ആവശ്യപ്പെട്ട ആളുകളെ ശാസിക്കുകയും ചെയ്യുന്നുണ്ട്. ചില ആയത്തുകൾ നമുക്കൊന്ന് പരിശോധിക്കാം.

1 സൂറ 6:109 'തങ്ങൾക്ക് വല്ലദൃഷ്ടാന്തവും വന്നുകിട്ടുന്ന പക്ഷം അതിൽ വിശ്വസിക്കുക തന്നെ ചെയ്യുമെന്ന് അവർ അല്ലാഹുവിന്റെ മേൽ തങ്ങളെക്കൊ

ണ്ടാവും വിധം ഉറപ്പിച്ച് സത്യം ചെയ്ത് പറയുന്നു. പറയുക, ദൃഷ്ടാന്തങ്ങൾ അല്ലാഹുവിന്റെ അധീനത്തിൽ മാത്രമാണുള്ളത്. നിങ്ങൾക്കെന്തറിയാം? **അത് വന്നു കിട്ടിയാൽ തന്നെ അവർ വിശ്വസിക്കുന്നതല്ല.**

ഇതെന്തൊരു ന്യായീകരണമാണ്? 'ദൃഷ്ടാന്തം വന്നുകിട്ടുന്ന പക്ഷം അതിൽ വിശ്വസിക്കുക തന്നെ ചെയ്യുമെന്ന് അവർ പറയുമ്പോൾ ഒരു ദൃഷ്ടാന്തമെങ്കിലും ഇറക്കിക്കൊടുക്കേണ്ട ബാധ്യത അള്ളാഹുവിനുണ്ടായിരുന്നു. അത് ചെയ്യാതെ 'ദൃഷ്ടാന്തം വന്നുകിട്ടിയാൽ തന്നെ അവർ വിശ്വസിക്കുന്നതല്ല' എന്ന് പറഞ്ഞ് പ്രശ്നത്തിൽ നിന്ന് ഒളിച്ചോടുകയാണ് അള്ളാഹു ചെയ്തത്.

2. അവർ പറയുന്നു അദ്ദേഹത്തിന് (നബിക്ക്) തന്റെ രക്ഷിതാവിങ്കൽ നിന്ന് ഒരു തെളിവ് (നേരിട്ട്) ഇറക്കിക്കൊടുക്കപ്പെടാത്തതെന്തുകൊണ്ട്? (നബിയേ) പറയുക, അദൃശ്യജ്ഞാനം അള്ളാഹുവിന് മാത്രമാകുന്നു. അതിനാൽ നിങ്ങൾ കാത്തിരിക്കൂ.. തീർച്ചയായും ഞാനും നിങ്ങളോടൊപ്പം കാത്തിരിക്കുന്നവരുടെ കൂട്ടത്തിലാകുന്നു' (സൂറ 10:20)

ഇവിടേയും ജനം തന്റെ ദാസനിൽ വിശ്വസിക്കേണ്ടതിന് അള്ളാഹു യാതൊന്നും പ്രവർത്തിക്കുന്നില്ല എന്നത് ശ്രദ്ധിക്കുക.

3 (നബിയെ പരിഹസിച്ചുകൊണ്ട്) സത്യനിഷേധികൾ പറയുന്നു ഇവന്റെ രക്ഷിതാവിങ്കിൽ നിന്ന് ഇവന്റെമേൽ എന്താണ് ഒരു ദൃഷ്ടാന്തം ഇറക്കപ്പെടാത്തത്? (നബിയേ) നീ ഒരു മുന്നറിയിപ്പുകാരൻ മാത്രമാകുന്നു. എല്ലാ ജനവിഭാഗത്തിനുമുണ്ട് ഒരു മാർഗ്ഗദർശി (സൂറ 13:7)

ഇതിനും അല്ലാഹുവിന്റെ മറുപടി തഥൈവ!

4 'ഇയാൾക്ക് ഒരു നിധി ഇറക്കപ്പെടുകയോ, ഇയാളോടൊപ്പം ഒരു മലക്ക് വരികയോ ചെയ്യാത്തതെന്ത് എന്ന് (നിന്നെപ്പറ്റി) അവർ പറയുന്ന കാരണത്താൽ നിനക്ക് നൽകപ്പെടുന്ന സന്ദേശങ്ങളിൽ ചിലത് നീ വിട്ടുകളയുകയും, അതിന്റെ പേരിൽ നിനക്ക് മനഃപ്രയാസമുണ്ടാകുകയും ചെയ്തേക്കാം. എന്നാൽ നീ ഒരു താക്കീതുകാരൻ മാത്രമാകുന്നു. അല്ലാഹു എല്ലാ കാര്യത്തിന്റേയും സംരക്ഷണമേറ്റവനാകുന്നു' (സുറ 11:12)

എല്ലാ കാര്യത്തിന്റേയും സംരക്ഷണമേറ്റിട്ടുള്ള അല്ലാഹു, തന്റെ ദാസനെ ബഹുദൈവാരാധകരുടെ പരിഹാസ ശരങ്ങളിൽ നിന്ന് സംരക്ഷിക്കേണ്ട കാര്യം മാത്രം ഏറ്റിരുന്നില്ല എന്നു തോന്നുന്നു.

5 'അവിശ്വസിച്ചവർ (നബിയെപ്പറ്റി) പറയുന്നു. ഇവന്റെമേൽ എന്തുകൊണ്ടാണ് ഇവന്റെ രക്ഷിതാവിങ്കൽ നിന്ന് വല്ല ദൃഷ്ടാന്തവും ഇറക്കപ്പെടാത്തത്? (നബിയേ) പറയുക, തീർച്ചയായും അല്ലാഹു താനുദ്ദേശിക്കുന്നവരെ വഴികേടിലാക്കുന്നു. പശ്ചാത്തപിച്ച് മടങ്ങിയവരെ തന്റെ മാർഗ്ഗത്തിലേക്ക്

അവൻ നയിക്കുകയും ചെയ്യുന്നു' (സൂറ 13:27)

വിശ്വസിക്കേണ്ടതിന് തെളിവ് ചോദിച്ചവരെ അല്ലാഹു വഴികേടിലാക്കിയിരിക്കുന്നു, കഷ്ടം!

6 'അവർ പറഞ്ഞു, ഈ ഭൂമിയിൽ നിന്ന് നീ ഞങ്ങൾക്ക് ഒരു ഉറവ് ഒഴുക്കിത്തരുന്നതുവരെ ഞങ്ങൾ നിന്നെ വിശ്വസിക്കുകയേയില്ല. അല്ലെങ്കിൽ നിനക്ക് ഈത്തപ്പനയുടേയും മുന്തിരിയുടേയും ഒരു തോട്ടമുണ്ടായിരിക്കുകയും, അതിനിടയിലൂടെ നീ സമൃദ്ധമായി അരുവികൾ ഒഴുക്കുകയും ചെയ്യുന്നതുവരെ. അല്ലെങ്കിൽ നീ ജൽപ്പിച്ചതുപോലെ ആകാശത്തെ ഞങ്ങളുടെമേൽ കഷ്ണം കഷ്ണമായി നീ വീഴ്ത്തുന്നതുവരെ, അല്ലെങ്കിൽ അല്ലാഹുവെയും മലക്കുകളെയും കൂട്ടം കൂട്ടമായി നീ കൊണ്ടുവരുന്നതുവരെ അല്ലെങ്കിൽ നിനക്ക് സ്വർണ്ണം കൊണ്ടുള്ള ഒരു വീട് ഉണ്ടാകുന്നതുവരെ, അല്ലെങ്കിൽ ആകാശത്തുകൂടി നീ കയറിപ്പോകുന്നതുവരെ,. ഞങ്ങൾക്കു വായിക്കാവുന്ന ഒരു ഗ്രന്ഥം ഞങ്ങളുടെ അടുത്തേക്ക് ഇറക്കി കൊണ്ടുവരുന്നതുവരെ **നീ കയറിപ്പോയതായി ഞങ്ങൾ വിശ്വസിക്കുകയേ ഇല്ല'** (സൂറ. 17/90-92). ഇതിന് അല്ലാഹു പറഞ്ഞുകൊടുക്കുന്ന മറുപടി നോക്കുക: (നബിയേ) പറയുക, എന്റെ രക്ഷിതാവ് എത്ര പരിശുദ്ധൻ! ഞാനൊരു ദൂതനായ മനുഷ്യൻ മാത്രമല്ലേ? (സൂറ 17:93)

തീർച്ചയായും മുഹമ്മദ് ഒരു മനുഷ്യൻ മാത്രമായിരുന്നു. എന്നാൽ നാം ഓർക്കേണ്ടത് മോശെയും ഏലിയാവും എലീശയും കർത്താവിന്റെ അപ്പൊസ്തലന്മാർ എല്ലാവരും സാധാരണ മനുഷ്യർ മാത്രമായിരുന്നു എന്നതാണ്. എന്നിട്ടും അവർ അത്ഭുതങ്ങൾ പ്രവർത്തിച്ചു, മരിച്ചവരെ ജീവിപ്പിച്ചത് അടക്കമുള്ള അത്ഭുതങ്ങൾ!! ഇവരെയെല്ലാം ഭൂമിയിലേക്ക് സന്ദേശവുമായി വിട്ടത് അല്ലാഹു ആണെന്നാണ് ഖുറാൻ പറയുന്നത് (സൂറ 2:136, 3:3,4) യഥാർത്ഥത്തിൽ ഇവരെയെല്ലാം ഭൂമിയിലേക്ക് അയച്ചത് അള്ളാഹു ആയിരുന്നെങ്കിൽ, ഇവർ പ്രവർത്തിച്ചതിനേക്കാൾ വലിയ അത്ഭുതങ്ങൾ അല്ലേ തന്റെ അന്ത്യപ്രവാചകനായ മുഹമ്മദിലൂടെ അള്ളാഹു ചെയ്യേണ്ടിയിരുന്നത്? അവർ ചെയ്തതിനേക്കാൾ വലിയ അത്ഭുതങ്ങൾ വേണമെന്നില്ല, അവർ ചെയ്ത അത്രയും വേണമെന്നുമില്ല, അതിന്റെ പതിനായിരത്തിലൊരംശം വരുന്ന ഒരു അത്ഭുതം മുഹമ്മദിലൂടെ അള്ളാഹു ചെയ്യിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു,. പക്ഷെ, അങ്ങനെയൊന്നുണ്ടായില്ല. 'ഈ പ്രവാചകന്മാരെയൊക്കെ അയക്കുന്ന സമയത്ത് അള്ളാഹു യുവാവായിരുന്നു. പിന്നീട് നൂറ്റാണ്ടുകൾക്ക് ശേഷം മുഹമ്മദിനെ അറബികൾക്കിടയിലേക്ക് പ്രവാചകനായി അയക്കുന്ന സമയമായപ്പോഴേക്കും വാർദ്ധക്യത്തിലെത്തിയ അള്ളാഹുവിന്റെ ശക്തിയൊക്കെയും ക്ഷയിച്ചു പോയി

ട്ടുണ്ടാകും. അതുകൊണ്ടാണ് മുഹമ്മദിലൂടെ അത്ഭുതങ്ങൾ പ്രവർത്തിക്കാൻ അള്ളാഹുവിന് കഴിയാതിരുന്നത്' എന്നാരെങ്കിലും സംശയിച്ചു പോയാൽ അത് തെറ്റാണെന്ന് പറയാനൊക്കുമോ?

ഇനി സൂറ 17:90–93 വരെയുള്ള ആയത്തുകൾ അവതരിക്കുവാനിടയാക്കിയ സാഹചര്യം കൂടി പരിശോധിച്ചു നോക്കാം. സൂറ. 17:1–ൽ പറഞ്ഞിരിക്കുന്ന കാര്യത്തിന്റെ അനുബന്ധമായുള്ള ചോദ്യങ്ങളാണ് 17:90–93 വരെയുള്ള ഭാഗത്ത് ഉള്ളത്. സൂറ 17:1 ഇപ്രകാരമാണ്.

'തന്റെ ദാസനെ (നബിയെ) ഒരു രാത്രിയിൽ മസ്ജിദുൽ ഹറാമിൽ നിന്ന് മസ്ജിദുൽ അഖ്സായിലേക്ക് – അതിന്റെ പരിസരം നാം അനുഗൃഹീതമാക്കിയിരിക്കുന്നു – നിശായാത്ര ചെയ്യിച്ചവൻ എത്രയോ പരിശുദ്ധൻ! നമ്മുടെ ദൃഷ്ടാന്തങ്ങളിൽ ചിലത് അദ്ദേഹത്തിന് നാം കാണിച്ചു കൊടുക്കാൻ വേണ്ടിയത്രെ അത്. തീർച്ചയായും അവൻ (അല്ലാഹു) എല്ലാം കേൾക്കുന്നവനും കാണുന്നവനുമത്രെ'

ഈ ആയത്തിന് ശ്രീ. എം.എം. അക്ബറിന്റെ ഖുറാനിൽ അടിക്കുറിപ്പു കൊടുത്തിട്ടുണ്ട് 'അല്ലാഹു മുഹമ്മദ് നബി(സ)യെ ഒരു രാത്രിയിൽ മക്കയിൽ നിന്ന് ആദ്യം ഫലസ്തീനിലെ മസ്ജിദുൽ അഖ്സാ (അൽബൈത്തുൽ മുഖദ്ദസ്) യിലേക്കും, പിന്നീട് അവിടെ നിന്നു ആകാശങ്ങളിലേക്കും കൊണ്ടുപോവുകയും, മക്കയിൽ തന്നെ തിരിച്ചെത്തിക്കുകയും ചെയ്തു. ഒരു 'മുഅ്ജിസത്ത്' (അസാധാരണ സംഭവം) ആയിരുന്നു ഇത്. ഹിജ്റയുടെ ഒരു വർഷം മുമ്പ് റബ്ബീ ഉൽ അവ്വൽ 17–ാം രാത്രിയിലായിരുന്നു ഈ സംഭവമെന്ന് ചില വ്യാഖ്യാതാക്കൾ രേഖപ്പെടുത്തിയിരിക്കുന്നു' (മക്കയിൽ നിന്ന് യരുശലേം വഴി മുഹമ്മദ് ആകാശത്തേക്ക് കയറിപ്പോയ സംഭവം അറിയണമെങ്കിൽ ഹദീസുകൾ വായിക്കണം. ആകാശയാത്രയുടെ ആയത്ത് ഇറങ്ങുന്നതിനു മുമ്പുതന്നെ മുഹമ്മദ് താൻ ആകാശയാത്ര നടത്തിയെന്ന അവകാശവാദവുമായി നടന്നിരുന്നു. എന്നാൽ മുസ്ലീങ്ങളിൽ പലരും – ഉമറുപോലും – അതു വിശ്വസിച്ചിരുന്നില്ല എന്ന് ഹദീസുകളിൽ കാണാം).

മുഹമ്മദ് ഒരൊറ്റ രാത്രികൊണ്ട് മക്കയിൽ നിന്ന് യെരുശലേമിലെത്തി അവിടത്തെ പള്ളിയിൽ രണ്ട് റകഅ്ത്ത് നിസ്കാരവും കഴിഞ്ഞ് ഏഴാം സ്വർഗ്ഗത്തിലെത്തി അള്ളാഹുവുമായി അഭിമുഖ സംഭാഷണവും കഴിഞ്ഞ് നേരം വെളുക്കുന്നതിനുമുമ്പ് തിരിച്ച് മക്കയിലെ ഭവനത്തിൽ, തന്റെ കിടക്കയിൽ തന്നെ വന്ന കാര്യം മറ്റുള്ളവരോട് പറഞ്ഞപ്പോൾ സ്വാഭാവികമായും അവർ അത് അവിശ്വസിച്ചു. മുഹമ്മദ് സ്വപ്നം കണ്ടിരിക്കാനാണ് സാധ്യത എന്ന് മുസ്ലീങ്ങളിൽ തന്നെ പലരും സംശയിച്ചിരുന്നതായി ഹദീസുകളിൽ കാണാം.

ഈ സംഭവം അറിഞ്ഞപ്പോൾ അമുസ്ലീങ്ങൾ മുഹമ്മദിനോട് തെളിവ് ആവശ്യപ്പെട്ട കാര്യ മാണ് സൂറ 17:90-93 വരെയുള്ള ഭാഗത്ത് നാം കണ്ടത്.

മുഹമ്മദിന്റെ ആകാശയാത്രക്ക് ഖുറൈശികൾ തെളിവ് ആവശ്യ പ്പെട്ടുകൊണ്ടേയിരുന്നപ്പോൾ അവരുടെ ശല്യത്തിൽ നിന്ന് തന്റെ ദാസനെ രക്ഷിക്കാൻ അള്ളാഹു അവതരിപ്പിച്ച ആയ ത്താണ് സൂറ 17:1 (ഖുറാനിൽ ഓരോ അദ്ധ്യായത്തിലേയും ആയത്തുകൾപോലും കുഴഞ്ഞു മറിഞ്ഞാണ് കിടക്കുന്നതെന്ന തിനു തെളിവാണ് 17/90-93 ൽ സംശയാലുക്കൾ ഉന്നയിക്കുന്ന പ്രശ്നത്തിന് 17/1 ൽ അല്ലാഹു പരിഹാരം നിർദ്ദേശിക്കുന്ന വിചി ത്രരീതി). ഈ ആയത്ത് ഇറ ങ്ങിയതോടെ മുഹമ്മദിന്റെ ആകാശയാത്രയിൽ സംശയാലു ക്കളായിരുന്ന മുസ്ലീങ്ങൾ സംശ യമുപേക്ഷിച്ചു. എങ്കിലും ഖുറൈ ശികൾ മുഹമ്മദ് പറഞ്ഞത് വിശ്വ സിച്ചില്ല. അന്നത്തെ പ്രശ്ന ത്തിൽ തന്റെ ദാസനെ രക്ഷി ക്കാൻ അള്ളാഹു ആയത്ത് ഇറ ക്കിയെങ്കിലും ഇന്നത്തെ ചിന്താ ശേഷിയുള്ള മുസ്ലീങ്ങൾക്ക് ഈ ആയത്ത് കൂടതൽ പ്രശ്നങ്ങൾ സൃഷ്ടിക്കുകയാണ്. മുഹമ്മ ദിന്റെ കാലത്ത് നിലവിലില്ലാതി രുന്ന ഒരു പള്ളിയാണ് മസ്ജി ദുൽ അഖ്സാ (എ.ഡി. ഒന്നാം നൂറ്റാണ്ടിൽതന്നെ യരൂശലേം ദേവാലയം തകർക്കപ്പെട്ടിരുന്നു). 'അതിലേക്ക് മുഹമ്മദിനെ നാം കൊണ്ടുപോയി' എന്നും ഇല്ലാത്ത 'പള്ളിയുടെ പരിസരം നാം അനുഗൃഹീതമാക്കിയിരി ക്കുന്നു' എന്നും അള്ളാഹു പറ യുന്നത് അസത്യമല്ലേ? നുണ പറഞ്ഞുകൊണ്ട് വേണമോ അള്ളാഹുവിന് തന്റെ ദാസനെ പ്രശ്നങ്ങളിൽനിന്ന് രക്ഷി ക്കാൻ? എന്തായാലും ജനങ്ങൾ മുഹമ്മദ് പറഞ്ഞത് വിശ്വസിക്കാൻ തെളിവ് ആവശ്യ പ്പെട്ടപ്പോൾ 'സർവ്വശക്തനായ' അള്ളാഹു ഒന്നും പ്രവർത്തിക്കാ തിരുന്നത് വളരെ മോശമായി പ്പോയി!

7 'അവർ പറഞ്ഞു "അദ്ദേഹം (പ്ര വാചകൻ) എന്തുകൊണ്ട് ഞങ്ങൾക്ക് തന്റെ രക്ഷിതാവി ങ്കൽ നിന്ന് ഒരു ദൃഷ്ടാന്തം കൊണ്ടുവന്നു തരുന്നില്ല?'' തികച്ചും ന്യായമായ ഈ ചോദ്യ ത്തിന് അള്ളാഹുവിന്റെ മറുപടി "പൂർവ്വഗ്രന്ഥങ്ങളിലെ പ്രത്യക്ഷ മായ തെളിവ് അവർക്ക് വന്നു കിട്ടിയിട്ടില്ലേ?" എന്നാണ് (സൂറ 20:133)

പൂർവ്വഗ്രന്ഥങ്ങളിൽ (ബൈബിൾ പഴയനിയമവും പുതിയനിയമ വും) പല തെളിവുകളുമുണ്ട്, അതിൽ തർക്കമില്ല. എന്നാൽ ആ പൂർവ്വ ഗ്രന്ഥങ്ങൾക്കും അള്ളാഹുവിനും തമ്മിലെന്തു ബന്ധം? തെളിവ് ആവശ്യപ്പെ ടുന്ന ജനത്തോട് ജീവനുള്ള സത്യദൈവത്തിന്റെ വചന ത്തിൽ തെളിവുണ്ട് എന്ന് പറ ഞ്ഞാണോ അള്ളാഹു രക്ഷപ്പെ ടേണ്ടത്?

8 'എന്നാൽ നമ്മുടെ പക്കൽ നിന്നുള്ള സത്യം (മുഹമ്മദ് നബിമുഖേനെ) അവർക്ക് വന്നെ

ത്തിയപ്പോൾ അവർ പറയുകയാണ് മൂസാക്ക് നൽകപ്പെട്ടതുപോലെയുള്ള ദൃഷ്ടാന്തങ്ങൾ ഇവന് നൽകപ്പെടാത്തതെന്താണ് എന്ന്. എന്നാൽ മൂസാക്ക് നൽകപ്പെട്ടതിൽ അവർ അവിശ്വസിക്കുകയുണ്ടായില്ലേ? അവർ പറഞ്ഞു: 'പരസ്പരം പിന്തുണ നൽകിയ രണ്ട് ജാലവിദ്യകളാണിവ'. **'ഞങ്ങൾ ഇതൊക്കെ അവിശ്വസിക്കുന്നവരാണ്'** എന്നും അവർ പറഞ്ഞു (സൂറ 28:48).

മോശെ അത്ഭുതം കാണിച്ചതും അതുകണ്ട ജനത്തിന്റെ പ്രതികരണവും ബൈബിളിൽ നിന്നും നാം കണ്ടതാണ്. 'ജനം യഹോവയിലും അവന്റെ ദാസനായ മോശെയിലും വിശ്വസിച്ചു' (പുറപ്പാട് 14:31) എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ജനം മോശെയോട് മുറുതലിച്ചതായും അനുസരണക്കേട് കാണിച്ചതായും ബൈബിളിൽ പറഞ്ഞിട്ടുണ്ട്. പക്ഷെ ഒരിക്കൽ പോലും 'മോശെ യഹോവയുടെ പ്രവാചകനല്ല' എന്ന് ജനം പറഞ്ഞിട്ടില്ല.

വസ്തുത ഇതായിരിക്കെ, സൂറ28:48ന്റെ അവസാന ഭാഗത്ത് പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ശുദ്ധനുണയല്ലേ? മോശെക്ക് യഹോവ നൽകിയതുപോലെയുള്ള ദൃഷ്ടാന്തങ്ങൾ മുഹമ്മദിന് നൽകാൻ അല്ലാഹുവിന് കഴിയുകയില്ല എന്നതിനാൽ ജനങ്ങളുടെ ചോദ്യങ്ങളിൽ നിന്ന് രക്ഷപ്പെടാൻ വേണ്ടിയല്ലേ മോശെയുടെ കാലത്തെ ജനങ്ങളിൽ കുറ്റം ആരോപിച്ച് അല്ലാഹു ആയത്തിറക്കിയത്?

9 'അവർ പറഞ്ഞു: ഈ ദൂതൻ എന്താണിങ്ങനെ? ഇയാൾ ഭക്ഷണം കഴിക്കുകയും അങ്ങാടികളിലൂടെ നടക്കുകയും ചെയ്യുന്നല്ലോ. ഇയാളുടെ കൂടെ ഒരു താക്കീതുകാരനായിരിക്കത്തക്ക വണ്ണം ഇയാളുടെ അടുത്തേക്ക് എന്തുകൊണ്ട് ഒരു മലക്ക് ഇറക്കപ്പെടുന്നില്ല? അല്ലെങ്കിൽ എന്തുകൊണ്ട് ഇയാൾക്ക് ഒരു നിധി ഇട്ടുകൊടുക്കപ്പെടുന്നില്ല? അല്ലെങ്കിൽ എന്തുകൊണ്ട് ഇയാൾക്ക് (കായ്കനികൾ) എടുത്തു തിന്നാൻ പാകത്തിൽ ഒരു തോട്ടമുണ്ടാകുന്നില്ല? (റസൂലിനെപ്പറ്റി) അക്രമികൾ പറഞ്ഞു: മാരണം ബാധിച്ച ഒരാളെ മാത്രമാകുന്നു നിങ്ങൾ പിൻപറ്റുന്നത് (സൂറ 25:7,8)

മുഹമ്മദ് മാരണം ബാധിച്ച ആൾ ആണെന്ന് പറയുന്ന ജനം അതിനു മുമ്പ് വേറെ ഒരു കാര്യം കൂടി പറയുന്നുണ്ട്. അത് ഖുർആനിനെക്കുറിച്ചാണ്: "സത്യനിഷേധികൾ പറഞ്ഞു **'ഇത് (ഖുർആൻ) അവൻ കെട്ടിച്ചമച്ച നുണമാത്രമാകുന്നു. വേറെ ചില ആളുകൾ അവനെ അതിനു സഹായിച്ചിട്ടുമുണ്ട്.** എന്നാൽ അന്യായത്തിലും തന്നെയാണ് ഈ കൂട്ടർ വന്നെത്തിയിരിക്കുന്നത് **'ഇത് പൂർവ്വികന്മാരുടെ കെട്ടുകഥകൾ മാത്രമാണ്.** ഇവൻ അത് എഴുതിവച്ചിരിക്കുന്നു. എന്നിട്ടത് രാവിലെയും വൈകുന്നേരവും അവന് വായിച്ചു കേൾപ്പിക്കപ്പെടുന്നു' എന്നും അവർ പറഞ്ഞു (സൂറ 25:4,5)

മുഹമ്മദ്, 'അള്ളാഹുവിന്റെ പ്രവാചകനാണ് താൻ' എന്ന് അവകാശപ്പെടുകയും പ്രവാചകത്വത്തിനുള്ള തെളിവ് ജനങ്ങൾ ആവശ്യപ്പെട്ടപ്പോൾ ഒഴിഞ്ഞുമാറുകയും ചെയ്യുന്നത് തുടർക്കഥയായി മാറിയപ്പോൾ ജനങ്ങൾ പറഞ്ഞു 'മുഹമ്മദിന് മാരണം ബാധിച്ചിരിക്കുന്നു' എന്നു മാത്രമല്ല, "അള്ളാഹുവിൽ നിന്നുള്ള വെളിപ്പാട്" എന്നു പറഞ്ഞുകൊണ്ട് മുഹമ്മദ് അവതരിപ്പിച്ച കാര്യങ്ങൾ എല്ലാം തന്നെ ജനം മുമ്പേ പലരിൽ നിന്നും കേട്ടിട്ടുള്ള കാര്യങ്ങളുമാണ്. (അബ്രാഹാമിനെപ്പറ്റി, ആദം ഹവ്വമാരെപ്പറ്റി, യിസ്രയേല്യരെപ്പറ്റി, മോശെയെപ്പറ്റി, യേശുവിനെപ്പറ്റി, ദാവീദീനെപ്പറ്റി ശലമോനെപ്പറ്റി എല്ലാം ഖുറൈശികൾ ക്രിസ്ത്യാനികളിൽ നിന്നും യഹൂദൻമാരിൽ നിന്നും ധാരാളം കേട്ടിട്ടുണ്ട്) തങ്ങൾ പലരിൽനിന്നും കേട്ടിട്ടുള്ളവ തന്നെയാണു മുഹമ്മദ് ആവർത്തിക്കുന്നതെന്ന് അവർക്കു വ്യക്തമായിരുന്നു.

ഇത്ര ഗുരുതരമായ ആരോപണം തന്റെ ദാസനുനേരെയും തന്റെ ഗ്രന്ഥത്തിനു നേരെയും ഖുറൈശികൾ ഉന്നയിച്ചപ്പോൾ അള്ളാഹു ജനങ്ങൾക്ക് ദൃഷ്ടാന്തം കൊടുക്കാൻ തയ്യാറായി. അള്ളാഹു സത്യദൈവമാണെന്നും മുഹമ്മദ് അള്ളാഹുവിന്റെ ദൂതനാണെന്നും തെളിയിക്കുന്ന ദൃഷ്ടാന്തമാണ് കൊടുത്തത്. എന്തായിരുന്നു ആ ദൃഷ്ടാന്തമെന്ന് സൂറ 24:1ൽ പറഞ്ഞിട്ടുണ്ട്: "നാം അവതരിപ്പിക്കുകയും, നിയമമാക്കിവെക്കുകയും ചെയ്തിട്ടുള്ള ഒരധ്യായമത്രെ ഇത്. നിങ്ങൾ ആലോചിച്ച് മനസ്സിലാക്കുന്നതിനുവേണ്ടി വ്യക്തമായ ദൃഷ്ടാന്തങ്ങൾ നാം ഇതിൽ അവതരിപ്പിച്ചിരിക്കുന്നു"

ഇതാണ് ആ ദൃഷ്ടാന്തം ജനം ആവശ്യപ്പെട്ട ദൃഷ്ടാന്തമെന്തായിരുന്നു? മുഹമ്മദിന് ഒരുനിധി ഇറക്കപ്പെടുകയോ, മുഹമ്മദിനോടൊപ്പം ഒരു മലക്ക് പ്രത്യക്ഷപ്പെടുകയോ, മരുഭൂമിയിൽ ഉറവ ഒഴുക്കിക്കൊടുക്കുകയോ, മുഹമ്മദ് ഈത്തപ്പനയുടേയും മുന്തിരിയുടേയും തോട്ടം ഉണ്ടാക്കി അതിനിടയിലൂടെ സമൃദ്ധമായി അരുവികൾ ഒഴുക്കുകയോ സ്വർണ്ണംകൊണ്ട് ഒരു വീട് അല്ലാഹു മുഹമ്മദിന് ഉണ്ടാക്കിക്കൊടുക്കുകയോ ആകാശത്തെ കഷ്ണം കഷ്ണമായി ഖുറൈശികളുടെ മേൽ വീഴ്ത്തുകയോ, മുഹമ്മദ് ആകാശത്തേക്ക് കയറിപ്പോവുകയോ അല്ലാഹുവും മലക്കുകളും കൂട്ടം കൂട്ടമായി മുഹമ്മദിനടുത്തേക്ക് ഇറങ്ങിവരികയോ അങ്ങനെ എന്തെങ്കിലും ഒരു ദൃഷ്ടാന്തമാണ് ജനങ്ങൾ ചോദിച്ചത്. അല്ലാഹു കൊടുത്തതോ? ഖുറാനിലെ ഒരദ്ധ്യായം (സൂറ 24) അവതരിപ്പിച്ചു കൊടുത്തു. അതിൽ ആവശ്യത്തിന് ദൃഷ്ടാന്തങ്ങൾ, ഉണ്ടത്രെ എന്നൊരു പദേശവും!! 'ജനങ്ങൾ അതൊക്കെ വായിച്ച് ആലോചിച്ച് മനസ്സിലാക്കിക്കോ'

ഇതെങ്ങനെയാണ് മുഹമ്മദ് ദൈവത്തിന്റെ പ്രവാചകനാണെന്നതിനുള്ള തെളിവ് ആകുന്നത്? ഒരു പുസ്തകമെഴുതുകയും ആ പുസ്തകത്തിൽ അത്ഭുതങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ ഉണ്ടായിരിക്കുകയും ചെയ്താൽ അയാൾ പ്രവാചകനാകുമെങ്കിൽ, മാന്ത്രിക നോവലുകൾ എഴുതുന്ന ഏറ്റുമാനൂർ ശിവകുമാർ തുടങ്ങി ഹാരിപോട്ടറുടെ സ്രഷ്ടാവായ ജെ.കെ. റൗളിങ്ങ് വരെയുള്ളവർ പ്രവാചകന്മാരും പ്രവാചികമാരുമാ

ണെന്ന് പറയേണ്ടി വരില്ലേ? സ്ഥിരബുദ്ധിയുള്ള ആരെങ്കിലും ഇവർ ദൈവത്തിന്റെ പ്രവാചകരാണെന്ന് അംഗീകരിക്കുമോ? ഖുറാനെക്കുറിച്ച് ജനങ്ങൾ പറയുന്നത് 'ഇത് കെട്ടിച്ചമച്ച നുണയും പൂർവ്വികന്മാരുടെ കെട്ടുകഥകളും മാത്രമാണ്' എന്നാണ് (സൂറ. 25:4,5). അങ്ങനെയുള്ള ഖുറാനിനകത്ത് ഉണ്ടെന്ന് പറയപ്പെടുന്ന ദൃഷ്ടാന്തങ്ങൾക്ക് ആരെങ്കിലും എന്തെങ്കിലും വില കൊടുക്കുമോ?

വില കൊടുക്കുകയില്ല എന്ന സത്യം ഖുറാനിൽ നിന്നുതന്നെ നമുക്ക് മനസ്സിലാക്കാൻ കഴിയും. സൂറ. 15:6-ൽ നാം വായിക്കുന്നത് ഇങ്ങനെയാണ് "അവർ (അവിശ്വാസികൾ) പറഞ്ഞു: ഹേ, ഉത്ബോധനം അവതരിപ്പിക്കപ്പെട്ടിട്ടുള്ള മനുഷ്യാ! തീർച്ചയായും നീ ഒരു ഭ്രാന്തൻ തന്നെ." വിസ്മയകരമെന്ന് പറയട്ടെ, 'മനുഷ്യവംശത്തിന് മുഴുവൻ' മാതൃകയായി താൻ അയച്ച അന്ത്യപ്രവാചകനെ സമകാലീനരായ മനുഷ്യർ ഭ്രാന്തൻ എന്നു വിളിച്ചിട്ടും ഭൂമിയിലുള്ള സകല മനുഷ്യർക്കും മാർഗ്ഗനിർദ്ദേശവും വെളിച്ചവുമായി അവതരിപ്പിച്ച ഖുർആൻ 'കെട്ടിച്ചമച്ച നുണയും പൂർവ്വികന്മാരുടെ കെട്ടുകഥകളുമാണെ'ന്ന് അധിക്ഷേപിച്ചിട്ടും അള്ളാഹു ഒരു അത്ഭുതംപോലും ചെയ്തു കാണിക്കുന്നില്ല! എങ്കിലും നാട്ടുകാരുടെ അധിക്ഷേപശരങ്ങളിൽപെട്ട് മുഹമ്മദിന്റെ മനസ്സ് മടുത്തുപോകാതിരിക്കാൻ അള്ളാഹു ആയത്ത് അവതരിപ്പിക്കുന്നുണ്ട്: "നിന്റെ രക്ഷിതാവിന്റെ അനുഗ്രഹം കൊണ്ട് നീ ഒരു ഭ്രാന്തനല്ല". (സൂറ. 68:2) ഈ ഒരായത്തിറക്കി മുഹമ്മദിനെ ആശ്വസിപ്പിക്കുന്നതിനേക്കാൾ പതിനായിരം മടങ്ങ് ഫലം ചെയ്യുന്നതായിരുന്നില്ലേ ഒരത്ഭുതം, ഒരൊറ്റയത്ഭുതം ചെയ്തുകാണിക്കുന്നത്?

വാസ്തവത്തിൽ അള്ളാഹു അത്ഭുതം കാണിച്ചതായി അവകാശപ്പെടുന്നത് മുഴുവൻ ബൈബിളിലെ പ്രവാചകന്മാരുടെ കാര്യത്തിൽ മാത്രമാണ്. ബൈബിളിലെ പ്രവാചകന്മാരുടെ അത്ഭുതങ്ങളെക്കുറിച്ച് പല വിവരണങ്ങളും നല്കുന്ന ഖുറാനിൽ ബൈബിളിലില്ലാത്ത പ്രവാചകന്മാരുടെ അത്ഭുതങ്ങളെക്കുറിച്ചുള്ള വിവരണം വായിക്കുമ്പോൾ ചിരിവരും. അള്ളാഹു സാലിഹ് എന്ന ദൂതനെ 'ഥമൂദ്' എന്ന സമുദായത്തിലേക്ക് നിയോഗിച്ചതായി ഖുറാനിൽ പറയുന്നുണ്ട്. (ഥമൂദ് എന്ന സമുദായം കേവലം ഭാവനാസൃഷ്ടി മാത്രമാണെന്നാണ് പല പുരാവസ്തു ഗവേഷകരുടേയും അഭിപ്രായം!) സൂറ. 26:141–158 വരെയുള്ള ഭാഗത്ത് ആ വിവരണം കാണാം. സ്ഥല പരിമിതിമൂലം 153–158 വരെയുള്ള ഭാഗങ്ങൾ മാത്രം താഴെ കൊടുക്കുന്നുള്ളൂ: സാലിഹിനോടു ജനം പറയുന്നതു നോക്കുക.

"അവർ പറഞ്ഞു: 'നീ മാരണം ബാധിച്ചവരിൽപെട്ട ഒരാൾ മാത്രമാകുന്നു. നീ ഞങ്ങളെപ്പോലെയുള്ള ഒരു മനുഷ്യൻ മാത്രമാണ്. അതിനാൽ നീ സത്യവാന്മാരിൽപെട്ടവനാണെങ്കിൽ വല്ല ദൃഷ്ടാന്തവും കൊണ്ടുവരൂ' അദ്ദേഹം പറഞ്ഞു: 'ഇതാ ഒരു ഒട്ടകം. അതിന് വെള്ളം കുടിക്കാൻ ഒരു ഊഴമുണ്ട്. നിങ്ങൾക്കും ഒരു ഊഴമുണ്ട്; ഒരു നിശ്ചിത ദിവസത്തിൽ. നിങ്ങൾ അതിന് യാതൊരു ദ്രോഹവും ഏല്പിക്കരുത്. (അങ്ങനെ ചെയ്യുന്നപക്ഷം) ഭയങ്കരമായ ഒരു ദിവസത്തെ ശിക്ഷ നിങ്ങളെ പിടികൂടും' എന്നാൽ അവർ

അല്ലാഹു ഒരിക്കൽപോലും അറബികളുടെ മുമ്പാകെ മുഹമ്മദിലൂടെ ചെയ്തു കാണിച്ചതായി ഖുറാനിൽ ഇല്ല! ഈ അല്ലാഹു എങ്ങനെയാണ് ബൈബിളിലെ സത്യദൈവമാകുന്നത്?

ബൈബിളിലെ സത്യദൈവത്തേയും ഖുറാനിലെ അല്ലാഹുവിനേയും താരതമ്യപ്പെടുത്തി എഴുതുവാൻ ഇനിയും ധാരാളം കാര്യങ്ങൾ ഉണ്ടെങ്കിലും സ്ഥലപരിമിതി മൂലം കൂടുതൽ വിവരിക്കുന്നില്ല. മുഹമ്മദ് അല്ലാഹുവിന്റെ പ്രവാചകനാണ് എന്ന് അവകാശപ്പെടുന്നതിൽ ക്രിസ്ത്യാനികളായ ഞങ്ങൾക്ക് യാതൊരു എതിർപ്പുമില്ല. അല്ലാഹു ദൈവമാണെന്ന് മുസ്ലീങ്ങൾ വിശ്വസിക്കുന്നതിലും ഞങ്ങൾക്ക് പ്രതിഷേധമില്ല. ബ്രഹ്മാവും വിഷ്ണുവും ശിവനും രാമനും കൃഷ്ണനും ഗണപതിയും ഒക്കെ ദൈവമാണെന്ന് ഹിന്ദുക്കൾ വിശ്വസിക്കുന്നു. അഹൂരമസ്ദയാണ് ദൈവമെന്ന് പാഴ്സികൾ വിശ്വസിക്കുന്നു. സിയൂസ് ദേവനാണ് ദൈവമെന്ന് പുരാതന ഗ്രീക്കുകാർ വിശ്വസിച്ചിരുന്നു. ബാൽ ആണ് ദൈവമെന്ന് പഴയ കനാന്യരും ഫെലിസ്ത്യരും വിശ്വസിച്ചിരുന്നു. ഞങ്ങളെ സംബന്ധിച്ച് അത്രമാത്രമേയുള്ളൂ മുസ്ലീങ്ങൾ അല്ലാഹു ആണ് ദൈവമെന്ന് വിചാരിക്കുന്ന കാര്യവും. ഈ ജാതീയ ദേവന്മാർക്കുള്ള ശക്തിമാത്രമേ അല്ലാഹുവിനുമുള്ളതായി ഖുറാനിൽ ഞങ്ങൾക്കു കാണാൻ കഴിയുന്നുള്ളൂ. ഏത് മതത്തിലും ഏത് ദൈവത്തിലും വിശ്വസിക്കുവാനുള്ള സ്വാതന്ത്ര്യം ഇന്ത്യൻ ഭരണഘടന നൽകുന്നതുകൊണ്ട് തീർച്ചയായും

അതിനെ വെട്ടിക്കൊന്നു. അങ്ങനെ അവർ വേദക്കാരായിത്തീർന്നു. ഉടനെ ശിക്ഷ അവരെ പിടികൂടി. തീർച്ചയായും അതിൽ (മനുഷ്യർക്ക്) ഒരു ദൃഷ്ടാന്തമുണ്ട്. എന്നാൽ അവരിൽ അധികംപേരും വിശ്വസിക്കുന്നവരായില്ല."

ഇവിടെ ജനം അല്ലാഹുവിന്റെ ദൂതനായ സാലിഹിൽ വിശ്വസിക്കേണ്ടതിന് ഒരു ദൃഷ്ടാന്തം ആവശ്യപ്പെട്ടപ്പോൾ സാലിഹ് കൊണ്ടുകൊടുക്കുന്നത് ഒരു ഒട്ടകത്തെയാണ്. ആ ഒട്ടകത്തിൽ തീർച്ചയായും മനുഷ്യർക്ക് ഒരു ദൃഷ്ടാന്തമുണ്ടെന്ന് അല്ലാഹു പറയുകയും ചെയ്യുന്നു. തലക്ക് വെളിവുള്ള ആരെങ്കിലും ആ പ്രസ്താവനയെ അംഗീകരിക്കുമോ? ഞാൻ ദൈവത്തിന്റെ പ്രവാചകനാണെന്ന് നിങ്ങളോട് അവകാശപ്പെടുകയും പ്രവാചകത്വത്തിന്റെ തെളിവ് നിങ്ങൾ എന്നോട് ആവശ്യപ്പെടുമ്പോൾ ഞാൻ ഒരു പശുവിനേയോ എരുമയേയോ കാളയേയോ പോത്തിനേയോ അതുമല്ലെങ്കിൽ ഒരു ആനയേയോ കൊണ്ടുവന്ന് നിങ്ങളുടെ മുൻപാകെ നിർത്തി 'ഇതാണ് എന്റെ പ്രവാചകത്വത്തിന്റെ തെളിവ്, ഇതിൽ നിങ്ങൾക്ക് വേണ്ടുന്ന ദൃഷ്ടാന്തമുണ്ട്' എന്ന് പറയുകയും ചെയ്താൽ, നിങ്ങൾ എന്നെ വിശ്വസിക്കുമോ? വിശ്വസിക്കില്ല എന്നാണ് ഉത്തരമെങ്കിൽ, സാലിഹിൽ വിശ്വസിക്കാതിരുന്നവരെ കുറ്റംപറയാൻ എങ്ങനെ സാധിക്കും? ജനത്തിന് വേണ്ടുന്ന തെളിവ്, മനുഷ്യർക്ക് ഒരിക്കലും ചെയ്യാൻ കഴിയാത്തതും ദൈവത്തിന് മാത്രം ചെയ്യാൻ കഴിയുന്നതുമായിരിക്കണം. അപ്രകാരമുള്ള യാതൊരുവിധ അത്ഭുതങ്ങളും

അള്ളാഹു ദൈവമാണ് എന്ന് വിശ്വസിക്കാനുള്ള സ്വാതന്ത്ര്യം മുസ്ലീങ്ങൾക്കുണ്ട്. ഞങ്ങൾ, ക്രിസ്ത്യാനികൾക്ക് അതിൽ യാതൊരുവിധ എതിർപ്പുമില്ല.

എന്നാൽ, അറേബ്യൻ ഉപദ്വീപിലെ മെക്കാ നഗരിയിലുള്ള കഅബ എന്ന ജാതീയ ദേവാലയത്തിനകത്ത് സ്ഥാപിക്കപ്പെട്ടിരുന്ന 360 ജാതീയ ദേവന്മാരിലൊരാളും ഖുറൈഷി ഗോത്രത്തിന്റെ കുല ദൈവവുമായിരുന്ന അള്ളാഹു, യെഹൂദന്മാരും ക്രിസ്ത്യാനികളും വിശ്വസിക്കുന്ന ബൈബിളിലെ സത്യദൈവമാണ് എന്നവകാശപ്പെട്ടാൽ, ദൈവപുത്രനായ യേശുക്രിസ്തുവിന്റെ രക്തത്താൽ പാപത്തിന്റെ ശിക്ഷയായ നരകത്തിൽനിന്ന് വീണ്ടെടുക്കപ്പെട്ട ഞങ്ങൾക്ക് അത് അംഗീകരിച്ചു തരുവാൻ യാതൊരു നിർവ്വാഹവുമില്ല, അതിന്റെ ആവശ്യവുമില്ല! ബൈബിളിലെ സത്യദൈവം മനുഷ്യരെ സ്നേഹിക്കുന്നു എന്ന് കേവലം വാക്കുകളാൽ പറയുക മാത്രമല്ല, പ്രവൃത്തിയിലൂടെ ആ സ്നേഹം പ്രദർശിപ്പിക്കുകയും ചെയ്തിട്ടുള്ള ദൈവമാണ്. താൻ തിരഞ്ഞെടുത്ത തന്റെ ദാസനായ അബ്രഹാമിന്റെ മക്കളായ യിസ്രായേൽജനം ഈജിപ്ത് എന്ന ഇരുമ്പുലയിൽ പീഢിപ്പിക്കപ്പെട്ടുകൊണ്ടിരുന്നപ്പോൾ അവരെ രക്ഷിക്കാനായി ഭൂമിയിലേക്ക് ഇറങ്ങി വന്ന് മരുഭൂമിയിലെ മുൾപടർപ്പിനിടയിൽ വെച്ച് മോശെക്ക് പ്രത്യക്ഷനായ ദൈവമാണ് പഴയനിയമത്തിലെ യഹോവ (പുറ. 3:7,8). അവൻ തന്റെ ജനത്തിനിടയിൽ വസിക്കുവാനാഗ്രഹിക്കുന്ന ദൈവമാണ് (പുറപ്പാട് 25:8; യോഹന്നാൻ 1:14). അവൻ മിസ്രയീം ദേശത്ത് വെച്ച് യിസ്രായേലിലെ ലക്ഷക്കണക്കിനു ജനം കാൺകെ അത്ഭുതം പ്രവർത്തിച്ച ദൈവമാണ് (സങ്കീ. 78:12). അവൻ മിസ്രായീമിലെ ദുഷ്ടജനതയുടെ മേൽ മാത്രമല്ല, അവരുടെ ജീവനില്ലാത്ത സകല ജാതീയ ദേവന്മാരുടെ മേലും ന്യായവിധി നടത്തിയ യഹോവ ആകുന്നു (പുറ. 12:12). ചെങ്കടലിനെ വിഭാഗിച്ച് വെള്ളത്തെ ചിറപോലെ നിൽക്കുമാറാക്കിക്കൊണ്ട് ജനത്തെ അക്കരെയെത്തിച്ച സർവ്വശക്തനായ ദൈവമാണവൻ (സങ്കീ. 78:13). മരുഭൂമിയിൽ അവർ പകലും രാവും യാത്രചെയ്യുവാൻ തക്കവണ്ണം അവർക്കു വഴി കാണിക്കേണ്ടതിന് പകൽ മേഘസ്തംഭത്തിലും അവർക്ക് വെളിച്ചം കൊടുക്കേണ്ടതിന് രാത്രി അഗ്നിത്തൂണിലും അവർക്കുമുമ്പേ സഞ്ചരിച്ച ദൈവം (പുറ. 13:21), പാറയിൽനിന്ന് തേനും തീക്കല്ലിൽനിന്ന് എണ്ണയും (ആവർത്തനം 32:13), തീക്കൽപാറയിൽ നിന്നും വെള്ളവും (ആവ. 8:15), മരുഭൂപാറകളെ പിളർന്ന് നദികളെയും (സങ്കീ. 78: 16,17) അവർക്ക് വേണ്ടി ഒഴുക്കിക്കൊടുത്ത യഹോവക്ക് തുല്യനായി ആരുണ്ട്?

യിസ്രായേൽ മക്കൾ മരുഭൂമിയിൽ നാല്പത് വർഷം അലഞ്ഞ് നടന്നപ്പോൾ അവർക്കുവേണ്ടി ആകാശത്തുനിന്ന് മന്നയും (സംഖ്യാ. 11:9), കാടപ്പക്ഷിയും (പുറ. 13,14) വർഷിപ്പിച്ച ദൈവമാണ് ജീവനുള്ള സത്യദൈവമായ യഹോവ. നാല്പതു വർഷക്കാലത്തെ മരുഭൂമിയാത്രയിൽ അവരുടെ വസ്ത്രം ജീർണ്ണിക്കുവാനോ കാലിലെ ചെരുപ്പ് പഴകിപ്പോകുവാനോ അവൻ സമ്മതിച്ചില്ല

ഒരു ചെറിയ ഉദാഹരണത്തിലൂടെ ഇത് ഒന്നുകൂടി വ്യക്തമാക്കിത്തരാം. നമ്മുടെ കൈവശമെത്തിച്ചേർന്ന ഒരു 500 രൂപാനോട്ട് വ്യാജനാണോ എന്ന് സംശയമുണ്ടായാൽ നമ്മൾ ഒരു യഥാർത്ഥ 500 രൂപാനോട്ടുമായി അതിനെ താരതമ്യപ്പെടുത്തി നോക്കും. നമ്മുടെ കൈവശമുള്ള നോട്ട് യഥാർത്ഥ നോട്ടുമായി 99% സാദൃശ്യം ഉണ്ടായിരിക്കുകയും ഒരു ശതമാനം വ്യത്യാസം കാണിക്കുകയും ചെയ്താൽ, നമ്മൾ എന്തു നിഗമനത്തിലാണെത്തുക? അത് കള്ളനോട്ട് ആണെന്നു തന്നെയാണ്, അല്ലേ? 99% ഉള്ള സാദൃശ്യത്തെയല്ല നാം കണക്കിലെടുക്കുന്നത്. പകരം, ഒരു ശതമാനം മാത്രമുള്ള വ്യത്യാസത്തെയാണ്. നശിച്ചുപോകുന്ന ധനത്തിന്റെ കാര്യത്തിൽ നാം ഇപ്രകാരം ജാഗ്രത പുലർത്തുന്നു എങ്കിൽ, നശിച്ചു പോകാത്ത ആത്മാവിന്റെ ഉടയവനായ ദൈവത്തിന്റെ കാര്യത്തിൽ നാം അതിജാഗ്രത പുലർത്തേണ്ടതല്ലേ? അള്ളാഹുവും യഹോവയും തമ്മിലുള്ള സാദൃശ്യത്തേക്കാൾ പതിനായിരം മടങ്ങ് വരും അവർ തമ്മിലുള്ള വ്യത്യാസം. എന്നിട്ടും വ്യത്യാസങ്ങൾ അല്ല, സാമ്യങ്ങൾ അന്വേഷിച്ചുപോകാനാണ് ചിലർക്കു താല്പര്യം. എങ്കിലും യഥാർത്ഥ സത്യാന്വേഷിക്ക് സത്യം ഗ്രഹിക്കുവാൻ ഇത്രയധികം വ്യത്യാസങ്ങൾ ആവശ്യമില്ല, ഒരൊറ്റ വ്യത്യാസം മതിയാകും. നിങ്ങൾ യഥാർത്ഥ സത്യാന്വേഷിയാണോ?

യഥാർത്ഥത്തിൽ അള്ളാഹുവും യഹോവയും തമ്മിലുള്ള താരതമ്യപഠനത്തിന്റെ ഒരു ഭാഗം മാത്രമേ ആകുന്നുള്ളൂ ഇത്. 'അള്ളാഹുവിന്റെ

(ആവ. 29:4). തന്റെ വിശ്വസ്ത ദാസനായിരുന്ന മോശെ ഒരിക്കൽ തന്നോട് അനുസരണക്കേട് കാണിച്ചതിന് (സംഖ്യാ. 20:7-12) മുഖപക്ഷം കൂടാതെ ശിക്ഷിച്ച ദൈവമാണവൻ (ആവർത്തനം 3:23-28). കരകവിഞ്ഞൊഴുകിയ യോർദ്ദാൻ നദിയെ രണ്ടാക്കി വിഭാഗിച്ച് ഇരുഭാഗത്തുമുള്ള വെള്ളത്തെ ചിറപോലെ കെട്ടിനിർത്തി അതിനിടയിലൂടെ യിസ്രായേൽ ജനത്തെ പാലും തേനുമൊഴുകുന്ന വാഗ്ദത്ത നാട്ടിൽ പ്രവേശിപ്പിച്ചവനാണ് യഹോവ! (യോശുവ. 3:14-17). ഏലിയാവിലൂടെയും ഏലിശായിലൂടെയും യോശുവയിലൂടെയും അവൻ ചെയ്ത അത്ഭുതങ്ങൾ വിവരിക്കാൻ ഇവിടെ സ്ഥലംപോരാ!!

വായനക്കാരേ, നിങ്ങൾ ചിന്തിച്ചുനോക്കുക. മുഹമ്മദ് ദൈവദൂതനാണെന്ന് തെളിയിക്കാൻ അത്ഭുത പ്രവൃത്തികൾ ആവശ്യപ്പെട്ട ജനത്തിനു മുമ്പാകെ ഒരൊറ്റ അത്ഭുതം പോലും ചെയ്തു കാണിക്കാൻ കഴിയാത്ത അല്ലാഹുവും ഇത്രയധികം അത്ഭുതങ്ങൾ ചെയ്ത യഹോവയും ഒരാളാണെന്ന് ഇനിയും നിങ്ങൾ വിശ്വസിക്കുന്നുവോ? വഞ്ചിക്കപ്പെടാതിരിപ്പിൻ. ഇതു നിങ്ങളുടെ നിത്യതയെ ബാധിക്കുന്ന കാര്യമാണ്. ബൈബിളിലുള്ള പല വ്യക്തികളുടേയും പേരുകളും പല സംഭവങ്ങളും ഖുറാനിലുണ്ട് എന്ന ഏകകാരണത്താൽ രണ്ട് ഗ്രന്ഥങ്ങളുടേയും പുറകിൽ ഉള്ളത് ഒരേ ദൈവമാണ് എന്ന് തെറ്റിദ്ധരിക്കരുതേ. യാഥാർത്ഥ്യത്തെ തിരിച്ചറിയേണ്ടതിന് സാമ്യങ്ങളുണ്ടോ എന്നല്ല, വ്യത്യാസങ്ങൾ ഉണ്ടോ എന്നായിരിക്കണം നാം പരിശോധിക്കേണ്ടത്.

സർവ്വജ്ഞാനം' എന്ന വിഷയത്തിലും 'അള്ളാഹുവിന്റെ ധാർമ്മികത' എന്ന വിഷയത്തിലും യഹോവയോടൊപ്പം ഒരു താരതമ്യപഠനം നടത്തിയാൽ വെളിപ്പെടുന്ന സത്യങ്ങൾ തീർച്ചയായും നമ്മെ അത്ഭുതപരതന്ത്രരാക്കും!! സ്ഥലപരിമിതിമൂലമാണ് അതേപ്പറ്റിയുള്ള കാര്യങ്ങൾ ഇതിൽ ചേർക്കാതിരുന്നത്. എന്തായാലും നിങ്ങളുടെ കണ്ണ് തുറപ്പിക്കാൻ മതിയായ കാര്യങ്ങൾ ഇതിലുണ്ടെന്നാണ് എന്റെ വിശ്വാസം. വഞ്ചിക്കപ്പെടാതിരിപ്പിൻ! നിങ്ങളുടെ ആത്മാവ് നിങ്ങൾക്ക് മാത്രമല്ല, നിങ്ങളെ ഏറെ സ്നേഹിക്കുന്ന യേശുക്രിസ്തുവിനും വളരെ വിലയേറിയതാണ്. പാപത്തിനും മരണത്തിനും നരകത്തിനും പിശാചിനും അടിമപ്പെട്ട് എന്നെന്നേക്കുമായി നഷ്ടപ്പെട്ടിരുന്ന നിങ്ങളുടെ ആത്മാവ് വീണ്ടെടുത്ത് നിങ്ങൾക്ക് തരുവാൻ അഥവാ നിങ്ങളെ 'യഥാർത്ഥ ജീവനുള്ളവർ' ആക്കുവാൻ വേണ്ടിയാണ് കാൽവരിയിലെ പച്ചമരക്കുരിശിൽ കാൽകരങ്ങൾ കാരിരുമ്പാണികളാൽ കുത്തിത്തുളക്കപ്പെട്ട് യേശുക്രിസ്തു തന്റെ ജീവൻ കളഞ്ഞത്. നിങ്ങളോടുള്ള അവന്റെ നിർവ്യാജ സ്നേഹത്തിന്റെ തെളിവാണ് കാൽവരിയിലെ ബലിമരണം. പാപമില്ലാത്ത, പരിശുദ്ധനായ യേശുക്രിസ്തുവിന്റെ ക്രൂശുമരണം നിങ്ങളുടെ പാപത്തിന്റെ പരിഹാരത്തിനു വേണ്ടിയാണെന്ന് വിശ്വസിക്കുകയും മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റ യേശുക്രിസ്തുവിനെ നിങ്ങളുടെ കർത്താവായി ഹൃദയത്തിലേക്ക് സ്വീകരിക്കുകയും ചെയ്താൽ, നിങ്ങൾ രക്ഷിക്കപ്പെടും, അഥവാ പാപത്തിന്റെ ശിക്ഷയായ നരകത്തിൽ നിന്ന് വിടുവിക്കപ്പെടും. ഇതല്ലാതെ മറ്റൊരു രക്ഷാമാർഗ്ഗമില്ല, മറ്റൊരു രക്ഷകനുമില്ല! ബൈബിളിന്റെ അതിപ്രാധാന്യമുള്ള സന്ദേശമാണിത്.

'താൻ മാത്രം അത്ഭുതങ്ങളെ ചെയ്യുന്നവനായി യിസ്രായേലിന്റെ ദൈവമായി യഹോവയായ ദൈവം വാഴ്ത്തപ്പെടുമാറാകട്ടെ. അവന്റെ മഹത്വമുള്ള നാമം എന്നേക്കും വാഴ്ത്തപ്പെടുമാറാകട്ടെ. ഭൂമി മുഴുവനും അവന്റെ മഹത്വം കൊണ്ട് നിറയുമാറാകട്ടെ. ആമേൻ, ആമേൻ' (സങ്കീ. 72:18,19).

■


## വധുവിനെ ആവശ്യമുണ്ട്

ഇസ്ലാംമതത്തിൽ ജനിച്ചു വളർത്തപ്പെട്ട യുവാവ്. ഇപ്പോൾ ക്രിസ്തുമത വിശ്വാസി. 29 വയസ്സ്, വെളുത്ത നിറം, S.S. L.C., I.T.I. സൗദിയിൽ ജോലി, ആലോചന ക്ഷണിക്കുന്നു.

C/o **AL-NOOR**
Post Box No. 743
Thrissur - 680 005

# ഞാൻ എന്തുകൊണ്ട് ക്രിസ്തുവിൽ വിശ്വസിക്കുന്നു

## റവ. മൗലവി ഇമാദുദീൻ ലാഹിസി (AD 1830-1900)

1866 ഏപ്രിൽ 29നാണ് ആത്മരക്ഷക്കായി ഞാൻ ക്രിസ്തുവിൽ വിശ്വസിച്ചത്. ഈ തീരുമാനത്തോട് എന്റെ ബന്ധുമിത്രാദികളെല്ലാവരും വ്യത്യസ്തമായാണ് പ്രതികരിച്ചത്. ഇമാദുദ്ദീൻ ലൗകീക നേട്ടങ്ങൾക്കു വേണ്ടിയാണ് ക്രിസ്ത്യാനിയായതെന്ന് ചിലർ പറഞ്ഞു. പരോളിയിലുള്ള ചിലരാകട്ടെ ഇപ്പോഴും എനിക്കുണ്ടായമാറ്റം വിശ്വസിക്കുന്നില്ല. ഈ സാഹചര്യത്തിലാണ് എന്നെ അറിയുന്നവർക്കായി ഇതെഴുതുന്നത്.

എന്റെ പൂർവ്വികർ, ഹാൻസി നഗരക്കാരാണ്. അവിടെയുണ്ടായിരുന്ന 12 പുണ്യാത്മാക്കളിൽ ഒരാളായിരുന്ന ഷെയ്ഖ് ജമാലുദ്ദീനിന്റെ പരമ്പരയിൽപെട്ട ആളായിരുന്നു എന്റെ പിതാവായ മൗലവി സിറാജുദീൻ. ഷാജഹാൻ ചക്രവർത്തിയുടെ കാലത്ത് എന്റെ പൂർവ്വീകർക്ക് പ്രത്യേകമായി ചില പദവികൾ ലഭിച്ചിരുന്നതായി പഴമക്കാരിൽ നിന്ന് കേട്ടിട്ടുണ്ട്. മറാത്തികൾ ഭരിച്ചപ്പോഴും അതു തുടർന്നു. എന്റെ പിതാവിന്റെ കാലത്ത് ഭരണമാറ്റം വരികയും, ബ്രിട്ടീഷുകാർ അദ്ദേഹത്തിന്റെ സ്വത്തുക്കൾ കണ്ടുകെട്ടുകയും ചെയ്തു. പിന്നീട് അധ്യാപനം നടത്തിയാണ് ഞങ്ങളുടെ കുടുംബം ഉപജീവനം കഴിച്ചത്.

വസ്തുവകകൾ നഷ്ടപ്പെട്ട എന്റെ പിതാമഹൻ മുഹമ്മദ് ഫാസിൽ, ഹാൻസിയിൽ നിന്നും പാനിപ്പത്തിലേക്ക് താമസസ്ഥലംമാറ്റി, ധാരാളം നേതാക്കളെയും പണ്ഡിതരെയും സംഭാവനചെയ്ത കുലീന മുസ്ലീം കുടുംബങ്ങൾ അവിടെയുണ്ടായിരുന്നു, അറബി, പേർഷ്യൻ പുസ്തകങ്ങളുള്ള ഗ്രന്ഥശാലകളും. മുഗൾ ഭരണകാലം മുതൽ പാനിപ്പത്തിൽ ഉയർന്ന പദവി വഹിച്ചിരുന്ന ഗുലാം മുഹമ്മദ് ഖാൻ അഫ്ഗാൻ അവർകളുടെ ക്ഷണപ്രകാരമാണ് എന്റെ പിതാമഹൻ പാനിപ്പത്തിലെത്തിയത്. എന്റെ പിതാവ് മൗലവി സിറാജുദീനും, മതത്തിന്റെ പ്രമാണങ്ങളനുസരിച്ചും ആരാധന കഴിച്ചും അവിടെ തന്റെ ജീവിതകാലം ചിലവഴിച്ചു. ഗു. മു.ഖാ. അഫ്ഗാന്റെ മക്കളെയദ്ദേഹം വിദ്യയഭ്യസിപ്പിച്ചു. അദ്ദേഹത്തിന്റെ പുത്രനായ അബ്ദുള്ള ഖാൻഅഫ്ഗാൻ എന്റെ പിതാവിനെ ബഹുമാനിച്ചിരുപോന്നു. വയോധികനായ എന്റെ പിതാവ് പ്രാർത്ഥനകളും രാത്രികാല ആരാധനകളും മുറതെറ്റാതെ നിർവ്വഹിച്ചുപോന്നു. ക്രിസ്തീയവിശ്വാസിയായതിനു ശേഷം ഞാൻ അദ്ദേഹത്തോട് കത്തുമുഖാന്തിരം സുവിശേഷമറിയിച്ചിരുന്നു. തീരുമാനമെടുക്കേണ്ടത് അദ്ദേഹത്തിന്റെ ഇഷ്ടമനുസരിച്ചാണ്.

ആത്മീയ നേതാക്കൾ അജ്ഞതയുടെയും വഴിതെറ്റലിന്റെയും വലയിലകപ്പെട്ടവരാണ്. പ്രവാചകന്മാരുടെയും ദൈവീകപ്രമാണങ്ങളുടെയും രഹസ്യങ്ങളെല്ലാം ഹസ്രത്ത് മുഹമ്മദിലൂടെ വെളിപ്പെട്ടതായി അവർ വിശ്വസിക്കുന്നു. ക്രിസ്തീയ തിരുവെഴുത്തുകൾ, തിരുത്തപ്പെട്ടവയായി അവർ കരുതുന്നതിനാൽ അവയിരുന്നു വായിക്കാനിടയില്ല. ക്രിസ്ത്യാനികളെ പുച്ഛത്തോടെ നോക്കി കാണുന്നതിനാൽ അവരുമായി ബന്ധപ്പെടാനോ, അവരുടെ വേദഗ്രന്ഥങ്ങളുടെ സത്യാത്മകതയെക്കുറിച്ച് ഗ്രഹിക്കാനോ കഴിയാതെ, മുസ്ലീം പണ്ഡിതന്മാർ ആത്മവഞ്ചനയിൽ കഴിയുകയാണ്. എങ്കിലും കാലം പുരോഗമിച്ചതോടെ ഇത്തരം പൂർവ്വധാരണകളും, അജ്ഞതയും കുറഞ്ഞു തുടങ്ങിയിട്ടുണ്ട്.

എനിക്ക് നാലു സഹോദരങ്ങളാണ്. ഇളയവൻ മുയിനുദ്ദീൻ 1865ൽ മരിച്ചു. മൂത്തയാൾ മൗലവി കരിമുദ്ദീൻ എഴുത്തുക്കാരനും കുടുംബത്തിന്റെ അഭിമാനഭാജനവുമാണ്. ലാഹോർ ഡിവിഷനിൽ വിദ്യാഭ്യാസ വകുപ്പിൽ ഡെപ്യൂട്ടി ഇൻസ്പെക്ടർ ആയിരുന്ന അദ്ദേഹം അറബി, പേർഷ്യൻ, ഉറുദ്ദു ഭാഷകളിൽ പല ഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ട്. ഏതു കാര്യവും ശ്രദ്ധാപൂർവ്വം പരിശോധിക്കുന്ന ഒരു നിഷ്പക്ഷമതിയാണദ്ദേഹം. അടുത്ത സഹോദരൻ മുൻഷി ഖൈറുദിനും വിദ്യഭ്യാസ വകുപ്പിലെ ജോലിക്കാരനായിരുന്നു, പാനിപ്പത്തിൽ പിതാവിനോടൊപ്പം താമസിക്കുന്നു. മരണാനന്തര ജീവിതത്തെക്കുറിച്ച് സൂക്ഷമത പാലിച്ചിരുന്നുവെങ്കിൽ അദ്ദേഹം നേർപാത കണ്ടെത്തുമായിരുന്നു. പക്ഷെ, തെറ്റായ വിശ്വാസങ്ങളിൽ നിന്നും അവരെ വേർപ്പെടുത്താൻ ആരുമില്ലെന്നത് എത്ര ഖേദകരമാണ്. ആത്മവഞ്ചനയിൽ രാപ്പകലുകൾ കഴിച്ചുകൂട്ടുന്ന അവരെ ദൈവം തമ്പുരാൻ രക്ഷിക്കട്ടെ.

ഞാൻ, ഇമാദുദ്ദീൻ, 15-ാം വയസ്സിൽ സ്വന്തക്കാരെവിട്ട് ആഗ്രയിൽ പഠിക്കാൻപോയി. എന്റെ സഹോദരൻ മൗലവി കരിമുദ്ദീൻ അവിടുത്തെ ഗവ. കോളേജിൽ ഉറുദ്ദു അദ്ധ്യാപകനായിരുന്നു. അദ്ദേഹത്തിന്റെ കീഴിൽ ദീർഘകാലം ഞാൻ പഠിച്ചു. 'വിജ്ഞാനത്തിലൂടെ ദൈവത്തെ കണ്ടെത്താമെന്ന്' പണ്ഡിതരിൽ നിന്നു കേട്ടിട്ടുള്ളതിനാൽ ദൈവാന്വേഷണമെന്ന ഏകലക്ഷ്യത്തോടെയാണ് ഞാൻ പഠനം തുടർന്നത്. സമയം കിട്ടുന്നതനുസരിച്ച് ഭക്തരായ പണ്ഡിതരുടെ പക്കൽനിന്നും മതപഠനം നടത്തിപ്പോന്നു. പള്ളികൾ, മതപഠനകേന്ദ്രങ്ങൾ എന്നിവ സന്ദർശിച്ച്, മതപ്രമാണങ്ങൾ, വ്യാഖ്യാനങ്ങൾ, പാരമ്പര്യങ്ങൾ, ഗ്രന്ഥങ്ങൾ, യുക്തിജ്ഞാനം, തത്വചിന്ത എന്നിവയിലൊക്കെ പ്രാവീണ്യം നേടി, ഈ കാലത്ത് ക്രിസ്ത്യൻ സുഹൃത്തുക്കളുമായി അടുപ്പത്തിലായിരുന്നതിനാൽ, ഇസ്ലാം മതത്തിന്റെ സത്യാത്മകത സംബന്ധിച്ച് ചില അന്വേഷണങ്ങൾ നടത്താനിടയായി, എന്നാൽ മൗലവിമാരും മറ്റു മുസ്ലീംകളും നിരുത്സാഹപ്പെടുത്തിയതിനാൽ ഞാൻ ആ ശ്രമം ഉപേക്ഷിച്ചു.

കലാലയ സുഹൃത്തും ജബൽപ്പൂരിലെ ഡപ്യൂട്ടി ഇൻസ്പെക്ടറു (സ്കൂൾവകുപ്പ്) മായിരുന്ന സഫ്ദർ അലി എന്റെ ചില സംശയങ്ങൾ കേട്ട് നിരാശനായി. തീഷ്ണതയുള്ള ഒരു യാഥാസ്ഥിതിക മുസ്ലീമാ

യിരുന്നു അദ്ദേഹം. “നിനക്കു വഴി തെറ്റുകയാണോ? ഇസ്ലാമിക ഗ്രന്ഥങ്ങൾ വേണ്ടത്ര പഠിക്കാത്തതി നാൽ ക്രിസ്ത്യാനികൾ നിന്നെ വഴി തെറ്റിച്ചിരിക്കുന്നു. ആ വകയെല്ലാം കളഞ്ഞ്, ഇസ്ലാമികഗ്രന്ഥങ്ങൾ പഠിച്ച് ശരിയേതെന്നു കണ്ടെത്തു” എന്ന് അദ്ദേഹം എന്നെ ഉപദേശിച്ചു. സത്യ സന്ധനും, സൽസ്വഭാവിയും ജ്ഞാനിയും ആർജ്ജവവുമുള്ള അദ്ദേ ഹത്തെ ഞാൻ ഏറെ വിലമതിച്ചിരു ന്നു. അദ്ദേഹം എന്നെ പണ്ഡിതനായ മൗലവി അബ്ദുൾ ഹാലിമിനടുത്ത് കൊണ്ടുപോയി. അപ്പോൾ അദ്ദേഹം ‘കിതാബ് ഹംദുല്ല’ എന്ന ഗ്രന്ഥപാരാ യണത്തിലായിരുന്നു. ഞാനുന്നയിച്ച വിമർശനങ്ങൾക്ക് മറുപടി ലഭിച്ചില്ലെ ങ്കിലും, അദ്ദേഹം ഉദ്ധരിച്ച ഖുറാൻ സൂക്തങ്ങൾ എനിക്ക് പ്രയോജനകര മായി. അദ്ദേഹത്തിന് ഞങ്ങളോട് നീരസം തോന്നുകയും ഞങ്ങൾ നിരാ ശരാവുകയും ചെയ്തു. തുടർന്ന് മത താരതമ്യപഠനം നിർത്തിവെച്ച്, ഇസ്ലാ മിക വിഷയങ്ങളിൽ മാത്രം ശ്രദ്ധകേന്ദ്രീകരിച്ച് എട്ടുപത്തുകൊല്ല ത്തോളം ക്രമമായി പഠനം നടത്തി. മുഴുവൻ സമയവും പഠനം എന്ന ആരാധനയിൽ മുഴുകി.

വിവിധ ഇസ്ലാമിക വിഷയങ്ങ ളിൽ വേണ്ടത്ര അറിവ് സമ്പാദിച്ച്, മത കാര്യങ്ങളിൽ ഉൽസുകനായി വർത്തി ച്ചു. അന്വേഷിയായ ഇസ്ലാം വിദ്യാർത്ഥികൾക്കു മുന്നിൽ, പ്രത്യ ക്ഷപ്പെടുന്ന സൂഫിസമെന്ന കെണി യിൽ വീണാൽ ജീവിതം നഷ്ടശൂന്യ മാകാനിടയുണ്ട്. മതനിയമങ്ങളും ജീവിതചര്യകളും പാരമ്പര്യങ്ങളും വിധികളും എല്ലാം ബാഹ്യമായ അറി വുകളാണെന്നും, ദൈവത്തെക്കുറി ച്ചുള്ള യഥാർത്ഥ അറിവുലഭിക്കാൻ ഒരു സൂഫിവര്യന്റെ ശിഷ്യത്വം സ്വീക രിക്കണമെന്നും അവന് ഉപദേശം ലഭിക്കും. പ്രവാചകനിൽ നിന്നും പാര മ്പര്യമായി ലഭിച്ച ആദ്ധ്യാത്മിക ജ്ഞാനം, അവ കൈവരിച്ച സൂഫിവ ര്യന്മാരിൽ നിന്നും നേരിട്ട് പ്രാപിക്കു കയാണ് ഒരുവന്റെ ജീവിതത്തെ സഫ ലമാക്കുന്നത് എന്നു അവർ പറയും. ഞാനും ഇതേ കെണിയിലകപ്പെട്ടു. ആഗ്രയിലെ അസി. സർജ്ജനും സൂഫി ആചാര്യനുമായിരുന്നു ഡോ. വസീർഖാന്റെ കെണിയിൽ. ഒരു നിഗൂഢ ജ്ഞാനമാർഗ്ഗമാണ് തസ്വുഫ്. ഖുറാനും ഹദീസിനും പുറമെ, ഹിന്ദു, ക്രിസ്ത്യൻ, ജൂത, സൊറാസ്ട്രിയൻ മതവിജ്ഞാനങ്ങളെയും സൂഫിസം സ്വാംശീകരിച്ചിരിക്കുന്നു. സൂഫിസാ ഹിത്യങ്ങൾ ലോകത്തെമ്പാടും ലൈബ്രറികളിൽ സുലഭമാണ്. സത്യാ ന്വേഷികളായ സൂഫി പണ്ഡിതന്മാ രുടെ കൃതികളിൽ യാഥാർത്ഥ്യ ത്തിന്റെ മിന്നലാട്ടങ്ങൾ കാണാം. സൂഫിസത്തിന്റെ വേരുകൾ ചെന്നെ ത്തുന്നത് ആദ്ധ്യാത്മിക സത്യ ങ്ങൾക്കായുള്ള ആത്മാർത്ഥമായ അന്വേഷണങ്ങളിലാണ്. ഇസ്ലാമികാ ശയങ്ങളിൽ മാത്രം ഒതുങ്ങാതെ, ലോകത്തെങ്ങുമുള്ള ആത്മീകപാരമ്പ ര്യങ്ങളിൽ നിന്നും കോരിക്കുടിച്ച് ഈ വിജ്ഞാന ദാഹികൾ തങ്ങളുടെ ആത്മദാഹം ശമിപ്പിച്ചുപോന്നു. **തൗറാത്തും ഇൻജിലും അവർ വായി ച്ചിരുന്നുവെങ്കിൽ, പൂർവ്വ പ്രവാചക ന്മാരുടെ ജീവിതങ്ങളിലൂടെ ദൈവ ത്തെക്കുറിച്ചുള്ള യഥാർത്ഥ അറിവ് പ്രാപിക്കുകയും ഇസ്ലാ മതം ഉപേ ക്ഷിക്കുകയും ചെയ്തേനെ. ഈ സാധ്യതകൾ മുൻകൂട്ടി കണ്ടതി**

**നാൽ, തന്റെ അനുയായികൾ തൗറാത്തും ഇൻജീലും വായിക്കുന്നതു മുഹമ്മദ് നിരോധിച്ചിരുന്നു. തന്റെ സാന്നിധ്യത്തിൽ (ഖലീഫ) ഉമ്മർ തൗറാത്ത് വായിച്ചതുകേട്ട മുഹമ്മദ് കോപിഷ്ഠനായി, ഖുറാൻ മാത്രം പോരേ? എന്നു ചോദിച്ചു. ഇന്നും മുസ്ലീങ്ങൾ ഈ രീതി തുടരുന്നു. അവർ തൗറാത്തും ഇൻജിലും വായിക്കാറില്ല. അവ ഏതെങ്കിലും മുസ്ലീമിന്റെ കൈവശം കണ്ടാലുടനെ അവർ മോശമായിട്ടാകും പ്രതികരിക്കുക. ദൈവത്തിന്റെ വിശുദ്ധഗ്രന്ഥം വായിച്ചവർ പിന്നെ ഖുറാനെ വിലമതിക്കുകയില്ലെന്നു അദ്ദേഹമറിഞ്ഞിരുന്നു. അതിനാലാണ് മറ്റുള്ളവർ തൗറാത്തും ഇൻജീലും വായിക്കുന്നത് വിലക്കിയത്.**

ചുരുക്കത്തിൽ, ഞാനും സൂഫി ആദ്ധ്യാത്മിക വിദ്യയിൽ കുടുങ്ങിപ്പോയി സംസാരവും ഭക്ഷണവും ചുരുക്കി, ഏകനായി, ദേഹത്തെ പീഢിപ്പിച്ചും ഉറങ്ങാതെയും കഴിച്ചുകൂട്ടി. രാത്രികളിൽ നേരം പുലരും വരെ ഖുറാൻ വായിച്ചു കൊണ്ടിരുന്നു. ചാഹൽ ഖഹ്, ഹിസ്ബ-ഉൽ-ബഹർ എന്നീ ഗ്രന്ഥങ്ങൾ വായിച്ച്, ധ്യാന നിരതനാവുകയും ബ്രഹ്മചര്യമനുഷ്ഠിക്കുകയും ചെയ്തു. ഉറക്കെയും പതുക്കെയും ദിഖ്ർ ചൊല്ലികൊണ്ടിരുന്നു. ഷെയ്ഖ് അബ്ദുൽഖാദർ ഗിലാനിയുടെ ഗാവ്ത്ത് ഖാസിദ നിരന്തരം ഉരുവിട്ടു. കണ്ണടച്ച് ധ്യാനനിരതനായി, ഹൃദയഭിത്തിയിൽ മനകണ്ണുകൊണ്ട് അല്ലാഹു എന്ന നാമം എഴുതിക്കൊണ്ടിരുന്നു. ദിവ്യന്മാരുടെ കബറുകളിൽ നിന്നും പ്രചോദനം തേടി. സൂഫി സദസ്സുകളിൽ പങ്കെടുത്ത്, ജ്ഞാന പ്രകാശത്തിനായി അവരുടെ മുഖത്തേക്ക് ഉറ്റുനോക്കി. അവരുടെ മദ്ധ്യസ്ഥതയിൽ, ദൈവീക സാമീപ്യം തേടി. കൂടുതൽ തവണ നിസ്കരിച്ചു. കലിമചൊല്ലി, മുഹമ്മദിന്റെ അപദാനങ്ങൾ പ്രകീർത്തിച്ചുകൊണ്ടിരുന്നു. ചുരുക്കത്തിൽ, ഒരാൾക്ക് സഹിക്കാവുന്നിടത്തോളം ദുരിതങ്ങൾ അവയുടെ തീവ്രതയിൽ തന്നെ അനുഭവിച്ചു തീർത്തു. എന്നാൽ ആത്മവഞ്ചനയിൽ കവിഞ്ഞൊരു ഫലവുമുണ്ടായില്ലെന്നു മാത്രമല്ല എന്റെ മനഃസമാധാനവും നഷ്ടപ്പെട്ടു.

ഇങ്ങനെ കഠിനവ്രതങ്ങൾ അനുഷ്ഠിക്കുമ്പോഴാണ്, അക്ബരാബാദിലെ ജാമിമസ്ജിദിൽ വെച്ച്, പാതിരിമാരുടെ പ്രചരണങ്ങൾക്കെതിരെ, ഖുറാനും ഹദീസും, ഞാൻ പ്രസംഗിക്കണമെന്ന് ഡോ. വസീർഖാനും, മുഹമ്മദ് മസ്ഹാർ മൗലവിയും തീരുമാനിച്ചത്. ഖുറാൻ വ്യാഖ്യാനങ്ങളെയും പാരമ്പര്യങ്ങളെയുംക്കുറിച്ച് ഞാൻ മൂന്നുവർഷത്തോളം പ്രസംഗിച്ചു. എന്നാൽ ഖുറാനിലെ ഒരു സൂക്തം എന്റെ മനസ്സാക്ഷിയെ വല്ലാതെ മുറിപ്പെടുത്തി."......................" അതായത് എല്ലാ മനുഷ്യരും ഒരിക്കൽ നരകത്തിൽ പ്രവേശിക്കേണ്ടിവരും അവരെ നരക പ്രാപ്തരാക്കുന്നതും, പിന്നീട് താനിച്ഛിക്കുന്നവരെ അവിടെ നിന്നു മോചിപ്പിക്കുന്നതും അല്ലാഹുവിന്റെ നിശ്ചയത്തിൽപ്പെട്ട കാര്യമാണ്. ഈ സൂക്തത്തിന്റെ വിവിധ വ്യാഖ്യാനങ്ങൾ വിവരിച്ച പണ്ഡിതർ തന്നെ ആശയക്കുഴപ്പത്തിലാണ്. ഇതിനുപ്പുറമെ പ്രവാചക സഹായം കൊണ്ട് രക്ഷനേടാമെന്ന് പ്രത്യാശ

നൽകുന്ന ഒരു ഖുർആനിക സൂക്തവുമില്ലെന്നത്. മുസ്ലീം ഹൃദയങ്ങളെ നിരാശാഭരിതരാക്കുന്നു. ഈ വിഷയമെന്നെ പലവുരു പരിഭ്രമിപ്പിച്ചു. അന്ത്യനാളിൽ പ്രവാചകൻ മധ്യസ്ഥനാകുമെന്ന് ഖുർആനിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതും പാരമ്പര്യങ്ങളിൽ ഉണ്ടെന്ന് ചിലർ പറയുന്നതിന് വ്യക്തമായ തെളിവുകളില്ലാത്തതുമാണ്. പാരമ്പര്യങ്ങളുദ്ധരിച്ചുകൊണ്ട്, ജലാലുദീൻ സുയൂതി രചിച്ച ഒരു പ്രബന്ധം എന്നെ അല്പം ആശ്വസിപ്പിച്ചുവെന്നത് ശരിതന്നെ. എന്നാൽ ഉദ്ധൃത പാരമ്പര്യങ്ങൾ ദുർബലവും അവിശ്വസനീയവുമാണെന്ന് അപ്പോൾ ഞാൻ ഗ്രഹിച്ചിരുന്നില്ല.

മുഹമ്മദിന് അന്ത്യനാളിൽ മദ്ധ്യസ്ഥനാകാൻ കഴിവില്ലെന്ന് വാദിക്കുന്നവർ (വഹാബികൾ) ഖുറാനിൽനിന്നും ധാരാളം തെളിവു നൽകുന്നുണ്ട്. സുന്നി മുസ്ലിംകൾ ഈ തെളിവുകൾ അംഗീകരിക്കുന്നില്ല. ഈ കാര്യത്തിലുള്ള ഭിന്ന വാദഗതികൾ ആരെയും ആശയക്കുഴപ്പത്തിലെത്തിക്കും.

ഈ ആശങ്കകൾക്കിടയിലും, ആരാധനയിൽ മുഴുകി സ്വയം ആശ്വസിപ്പിച്ചു. സ്വകാര്യതയിൽ, പാപക്ഷമക്കായി കരഞ്ഞുപ്രാർത്ഥിച്ചു. ഷാ അബുൽ ആലയുടെ കബറിടം സന്ദർശിച്ചു. രാത്രി ഏറെസമയം ഏകാന്തമായി ധ്യാനിച്ചു. ബു ആലി ഖാലന്തർ പള്ളിയിലും, നിസാമുദ്ദീൻ ആവ്ലിയ ദർഗ്ഗയിലും മറ്റനേകം മഹത്തുക്കളുടെ കബറിടങ്ങളും സന്ദർശിച്ച് ആവശ്യങ്ങൾ ഉണർത്തിച്ചുകൊണ്ടിരുന്നു. സൂഫികളായ യാചകരെയും ചിത്തഭ്രമക്കാരെയും സമീപിച്ചും, ദൈവാഭിമുഖ്യത്തിനായി ശ്രമങ്ങൾ നടത്തി; ആ നാളുകളിൽ ഈ ലോകസുഖങ്ങൾ പരിത്യജിക്കാൻ ആഗ്രഹിച്ച്, വനത്തിലേക്ക് യാത്രയായി. കാവിവേഷധാരിയായ ഫക്കീറായി, ഗ്രാമങ്ങളിലും നഗരങ്ങളിലും കാൽനടയായി സഞ്ചരിച്ചു. ശാരീരിക മോഹങ്ങൾ പിന്നോക്കം വലിച്ചെങ്കിലും അവയെ കൂട്ടാക്കാതെ ദൈവാന്വേഷണം തുടർന്നു. കരോളി പട്ടണത്തിലെത്തി. അവിടത്തെ കുന്നിൻ ചരിവിലൂടൊഴുകുന്ന 'ചൂലേദാർ' നദിയിൽ ഹിസ്ബ് ഉൽബാഹർ എന്ന ചടങ്ങ് നിർവ്വഹിച്ചു. സൂഫി സിദ്ധാന്തങ്ങൾ വിവരിക്കുന്ന ഒരു ഗ്രന്ഥം എന്റെ ഗുരു എനിക്ക് സമ്മാനിച്ചിരുന്നു. യാത്രകളിലെല്ലാം ഈ ഗ്രന്ഥമെന്റെ സന്തതസഹചാരിയായിരുന്നു. മനക്ലേശങ്ങളിലും ഉറക്കത്തിലും അതെന്റെ നെഞ്ചോട് ചേർത്ത് വയ്ക്കുന്നത് എനിക്കാശ്വാസകരമായിരുന്നു. മറ്റാരെയും അത് കാണിക്കരുതെന്നും എന്നെ ഗുരു ഉപദേശിച്ചിരുന്നു. (ഇന്ന് ഈ ഗ്രന്ഥത്തിന് എന്റെ മുറിയുടെ ഒരു മൂലയിലാണ് സ്ഥാനം). ഈ പുസ്തകത്തിന്റെ സഹായത്തോടെ 'ചൂലേദാറി'ൽ ഒരു അനുഷ്ഠാനം നിർവ്വഹിക്കാനുണ്ടായിരുന്നു.

പല ഘട്ടങ്ങളിലായാണ്, ഈ പ്രത്യേക പ്രാർത്ഥനകൾ നിർവ്വഹിക്കുന്നത്. തുന്നലിടാത്ത ഒരു വസ്ത്രം ധരിച്ചുകൊണ്ട് പുഴയിൽനിന്നും അംഗശുദ്ധി വരുത്തി, ഒറ്റക്കാലിലിരുന്ന് 30 തവണ വീതം 12 ദിവസത്തോളം ചില പ്രത്യേക പ്രാർത്ഥനകൾ ഉറക്കെ ഉരുവിട്ടുകൊണ്ടിരുന്നു. സ്വയം വാങ്ങിയ ബാർലി മാവിൽനിന്നും ചുട്ടെടുക്കുന്ന ഉപ്പി

ടാത്ത റൊട്ടികൾ മാത്രമാണ് കഴിക്കാവുന്ന ഭക്ഷണം. പാകം ചെയ്യാനുള്ള വിറക് വനത്തിൽ നിന്നും സ്വയമായി ശേഖരിക്കണം. ഒരാളെയും തൊടരുത്. നഗ്നപാദനായിരിക്കണം. പുലരും മുമ്പെ നദിയിൽ സ്നാനം കഴിക്കണം. സംസാരംപോലും പാടില്ല. ഈ വ്രതത്തിന്റെ അന്തിമലക്ഷ്യം ദൈവത്തെ കണ്ടുമുട്ടലാണ്. ഈ സാഫല്യത്തിനായിട്ടാണ്, ഈ യാതനകളെല്ലാം ഞാൻ സഹിച്ചത്. ഇതിന്നും പുറമെ, 'അല്ലാഹു' എന്ന് 1,25,000 തവണ കടലാസ്സിൽ എഴുതി, ഓരോ വാക്കും കീറിയെടുത്ത്, ധാന്യമാവിൽ പൊതിഞ്ഞ്, മീനുകളെ ഊട്ടണം. രാത്രിയെ പകുത്ത്, ഒരു പകുതിയുറക്കത്തിന് നീക്കിവെച്ച് മറുപകുതി സമയത്ത് ഹൃദയത്തിൽ 'അല്ലാഹു' എന്ന് മനസാന്നിധ്യത്തോടെ എഴുതണം.

ഈ വ്രതം കഴിഞ്ഞപ്പോഴേക്കും ഞാൻ തളർന്ന് വിളറിപ്പോയി. ചെറിയ കാറ്റിന്നു നേർക്കുപോലും നിവർന്നു നിൽക്കാൻ എനിക്ക് കഴിയാതായി. കരോളിലെ അധികാരിയുടെ സഹായികളായ താജ് മുഹമ്മദും ഫസൽ റസൂൽഖാനും എന്റെ സഹായത്തിനെത്തി. ആ പട്ടണത്തിൽ, അവരടക്കം അനേകർ എന്റെ ശിഷ്യന്മാരായി. ധാരാളം പണം തന്നു ആദരിച്ചു തുടങ്ങി. പള്ളികളിലും വീടുകളിലും തെരുവുകളിലും ഞാൻ നടത്തിയ പ്രഭാഷണങ്ങളാൽ പലരും പാപപ്രവൃത്തികളിൽനിന്നു അനുതപിക്കുകയും, എന്നെ വിശുദ്ധനായി കരുതുകയും ചെയ്തു. എന്റെ കാൽ തൊട്ടുവന്ദിച്ചു. സംഗതികൾ ഇങ്ങനെയൊക്കെയാണെങ്കിലും എനിക്കു മനസ്സമാധാനം ഉണ്ടായിരുന്നില്ല. അനുഭവങ്ങൾകൊണ്ട് ശരിയത്ത് നിയമങ്ങളോട് എനിക്ക് ദിവസം ചെല്ലുന്തോറും അവജ്ഞ വർദ്ധിച്ചുവന്നു. അവിടെ നിന്നും എന്റെ ജന്മനാട്ടിലേക്ക് മടങ്ങി. ഖുർആൻ സൂക്തങ്ങൾ ഉരുവിടുന്നതിൽ താൽപ്പര്യം നഷ്ടമായി. എന്റെ ചുറ്റിലുമുള്ള മൗലവിമാർ, ഫക്കീറുകൾ, വിശ്വാസികൾ തുടങ്ങിയവരുടെ സ്വഭാവരീതികളും മുൻവിധികളും അജ്ഞതയും, ഭിന്നതകളും നേരിട്ടറിഞ്ഞപ്പോൾ, എനിക്ക് 'സത്യമത'ത്തിലുള്ള വിശ്വാസം നഷ്ടമായി. എന്റെ അതേ അനുഭവമുള്ള മുസ്ലീംപണ്ഡിതന്മാരെ എനിക്കറിയാം.

മൗലവി റഹ്മത്തുള്ളാ, അലിഹസൻ, വസീർഖാൻ തുടങ്ങിയവർ ക്രിസ്താനിത്വം വ്യാജമാണെന്ന് തങ്ങൾ തെളിയിച്ചതായി അവകാശപ്പെട്ടിരുന്നതിനാൽ, ലോകത്തിലേറ്റവും ശ്രേഷ്ഠമായ മതം ഇസ്ലാമാണെന്ന് ഞാൻ തുടക്കത്തിലേ കരുതിയിരുന്നു. കൂടാതെ, ആഗ്രയിൽവെച്ച് മുസ്ലീംപണ്ഡിതർ, ഫാ. പാന്തറുമായി സംവാദം നടത്തിയപ്പോഴും, ചില ക്രിസ്തുമതവിമർശനഗ്രന്ഥങ്ങൾ വായിച്ചതിനുശേഷവും, ക്രിസ്തുമതം മോശമാണെന്ന് ഞാൻ കരുതിപ്പോന്നിരുന്നു. എന്റെ മതപ്രഭാഷണങ്ങളിൽ ക്രിസ്തുമതത്തെ മോശമായി ചിത്രീകരിക്കുക പതിവായിരുന്നു. ഒരിക്കൽ, അക്ബറാബാദിലെ ജൂമാമസ്ജിദിൽ പ്രസംഗിക്കുമ്പോൾ, മി. ഹെൻഡേഴ്സനും മി. ഫാലനും (മീററ്റ് ഡിവിഷനിലെ വിദ്യാഭ്യാസവകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥർ) കരിമുദ്ദീൻ മൗലവിയോടൊപ്പം പ്രസംഗം ശ്രവിപ്പാൻ അവിടെവന്നു. അപ്പോൾ ക്രിസ്തുമത വിമർശനം നടത്തുകയാ

യിരുന്നു ഞാൻ. ഇവരുടെ സാന്നിധ്യം പോലും വിമർശനത്തിൽനിന്ന് പിന്തിരിപ്പിക്കാത്തത്ര ശക്തമായിരുന്നു എന്റെ മുൻധാരണ. ചുരുക്കത്തിൽ, ഞാൻ ഒരു കടുത്ത ക്രിസ്തുമതവിരോധിയായിരുന്നു മുസ്ലീങ്ങളെ നന്നായി മനസ്സിലാക്കിയതിനുശേഷം, എല്ലാ മതങ്ങളെയും ഒരുപോലെ പ്രയോജനരഹിതമായി കരുതി. അതിനാൽ, ഏകദൈവത്തിൽ വിശ്വസിക്കുകയും എല്ലാവർക്കും നന്മ ചെയ്യുകയുമാണെങ്കിൽ സ്വസ്ഥതയുള്ള ജീവിതം നയിക്കാമെന്ന ആശയത്തോടെ 6 വർഷത്തോളം ജീവിച്ചു. മുൻകാല അനുഭവങ്ങളുടെ വെളിച്ചത്തിൽ, എന്റെ മനസ്സിൽ രൂപപ്പെട്ട ആശയാദർശങ്ങളിൽ ഞാൻ വിശ്വാസമർപ്പിച്ചു. മതാചാരങ്ങൾ അനുഷ്ഠിക്കാതെയായി.

ഞാൻ ലാഹോറിൽ ചെന്നപ്പോൾ, മതനേതാക്കളോട് ഇക്കാര്യം ചിലർ ഉന്നയിച്ചു. ശരിയത്തിനെതിരായിരുന്നുവെങ്കിലും അപ്പോഴും ഇസ്ലാം സത്യമാണെന്ന് ഞാൻ വിശ്വസിച്ചിരുന്നു. എന്നാൽ മനുഷ്യന്റെ മരണം, ഇഹലോകത്തിൽനിന്നുള്ള വേർപാട്, കബറിലെ അവസ്ഥ, അന്ത്യന്യായവിധി എന്നിവയെക്കുറിച്ചെല്ലാം ആലോചിച്ചു. ഏകാന്തതയും ഭയവും ബാധിച്ച് എന്റെ ആത്മാവ് നിരാശ്രയവും ബലഹീനവുമായിതീർന്നു. ഹൃദയത്തിലെ കയ്പ് മുഖത്ത് പ്രകടമായി. അസ്വാസ്ഥതമൂലം തനിച്ചിരുന്നു കരയുവാൻ തുടങ്ങി. സ്വനിയന്ത്രണം നഷ്ടപ്പെടുമ്പോൾ, ആത്മഹത്യയെക്കുറിച്ച് ചിന്തിക്കുന്നതായി ഞാൻ ഡോക്ടർമാരോട് അറിയിച്ചു. മനസ്സ് പ്രക്ഷുബ്ധാവസ്ഥയിലായി, കുറെനേരം കരഞ്ഞാൽ അല്പം സമാധാനം കിട്ടുമെന്ന അവസ്ഥ. അവർ തന്ന ശമനൗഷധങ്ങളും ഫലിച്ചില്ല. ഞാൻ ഒരു അരിഷ്ടമനുഷ്യനായി തീർന്നു.

ഭൗതികജീവിതത്തിലേക്കു മടങ്ങിയ ഞാൻ, ലാഹോറിലെ ടീച്ചേഴ്സ് ട്രെയിനിങ്ങ് സ്കൂൾ ഹെഡ്മാസ്റ്ററായ ശ്രീ. മാക്കിന്റോഷിന്റെ കീഴിൽ ജോലി ചെയ്തു. ഇതിനിടയിൽ, ജബൽപൂരിൽ നിന്നും സഫ്ദർ അലി ക്രിസ്തുവിശ്വാസമവലംബിച്ചതായ വാർത്ത കേട്ട് ഞാനൽഭുതപ്പെട്ടു. സഫ്ദർ അലിയെക്കുറിച്ച് എന്റെ മനസ്സിൽ ദുർവിചാരങ്ങൾ ഉയരുകയും ചിലരോടെല്ലാം അയാളെപ്പറ്റി വിമർശിച്ച് സംസാരിക്കുകയും ചെയ്തു. ഈ നേരും നെറിയുമുള്ള മനുഷ്യൻ എന്തുകൊണ്ട് ഇസ്ലാം ഉപേക്ഷിച്ചുവെന്നത് എന്നെ അമ്പരിപ്പിച്ചു. സ്വമതത്യാഗം ചെയ്യാൻ മാത്രം ഇയാൾ ഭോഷനായല്ലോ. ഇതു സംബന്ധിച്ച് അയാളുമായി നിഷ്പക്ഷമായ ഒരു കത്തിടപാട് ഞാൻ ആരംഭിച്ചു ഈ ലക്ഷ്യത്തോടെ, തൗറാത്തിന്റെയും ഇൻജീലിന്റെയും കോപ്പികൾ സമ്പാദിച്ചു. സംവാദങ്ങൾക്കുപയോഗപ്പെടുത്തുന്ന ചില ക്രൈസ്തവ മതവിമർശന ഗ്രന്ഥങ്ങളും സംഘടിപ്പിച്ചു. എന്റെ അഭ്യർത്ഥന മാനിച്ച് ഇൻജീൽ പഠിപ്പിക്കുവാൻ മാക്കിന്റോഷ് സദയം സമ്മതിച്ചു.

വി. മത്തായി എഴുതിയ സുവിശേഷത്തിൽ നിന്ന് ചില അധ്യായങ്ങൾ വായിച്ചുകഴിഞ്ഞപ്പോൾ തന്നെ, എന്റെ മതത്തെക്കുറിച്ച് ചില സംശയങ്ങൾ എന്നെ പിടികൂടി. ഒരിക്കൽ കൂടി ഞാനാവേശപൂർവ്വം രാപകൽ

പുസ്തകപാരായണം തുടങ്ങി. മതവിഷയങ്ങൾ പാതിരിമാരോടും മൗലവിമാരോടും ചർച്ച ചെയ്തു. ഒരു വർഷം നീണ്ട സമർപ്പിതമായ **എന്റെ പഠനത്തിനൊടുവിൽ, ഇസ്ലാം ദൈവീക മതമല്ലെന്നും, മുസ്ലീങ്ങൾ തെറ്റായ വഴിയിലാണെന്നും ക്രിസ്തുമാത്രമാണ് ആത്മാവിന്റെ രക്ഷ വാഗ്ദാനം ചെയ്യുന്നതെന്നും ഞാൻ കണ്ടെത്തി.**

സുഹൃത്തുക്കളോടും അനുഭാവികളോടും എന്റെ നിഗമനം ഞാൻ പങ്കുവെച്ചത് സമ്മിശ്ര പ്രതികരണങ്ങളുണ്ടാക്കി. ചിലർ കോപിച്ചു, ചിലർ സ്വകാര്യമായി വന്ന് എന്റെ വാദഗതികൾ ശ്രദ്ധിച്ചു. എന്റേതിനേക്കാൾ മികച്ച ന്യായങ്ങൾ നിരത്താനും, അല്ലെങ്കിൽ എന്നോടൊപ്പം ചേരാനും ഞാൻ ആവശ്യപ്പെട്ടു. **"ഇസ്ലാം മതം സത്യമല്ലെന്ന് ഞങ്ങൾക്കറിയാം, പക്ഷെ ഞങ്ങളെന്തുചെയ്യും? മറ്റുള്ളവരുടെ അപവാദം ഞങ്ങൾ ഭയക്കുന്നു. ഈസാ മസിഹാണ് യഥാർത്ഥ രക്ഷകൻ എന്നും അന്ത്യവിധിനാളിൽ പാപികൾക്കുവേണ്ടി ഇടനിലക്കാരനാകാൻ മുഹമ്മദിന് കഴിയില്ലെന്നും ഞങ്ങൾക്കറിയാം. ലോകാപവാദം വിളിച്ചുവരുത്താൻ ഞങ്ങൾ തയ്യാറല്ല. ഈ പുതിയവിശ്വാസം ആരോടും വെളിപ്പെടുത്താതെ മുസ്ലീമായിരിക്കേ തന്നേ, ഹൃദയത്തിൽ ഈസാമസീഹിനെ സ്വീകരിച്ചു ജീവിച്ചാൽ പോരേ" എന്ന് അവരെന്നോട് തുറന്നു പറഞ്ഞു.**

"ക്രിസ്തുമതം ശരിയും യുക്തിക്കു നിരക്കുന്നതുമാണ്. എന്നാൽ ത്രിയേകത്വ വിശ്വാസവും ദൈവപുത്രത്വവും ഉൾക്കൊള്ളാനാവാത്തതിനാൽ ഞങ്ങൾക്ക് സ്വീകാര്യമല്ല" ചിലർ പറഞ്ഞു.

ഈ സുഹൃത്തുക്കളെ ദൈവകരങ്ങളിൽ പ്രാർത്ഥനയോടെ സമർപ്പിക്കാനേ എനിക്കു കഴിയൂ. പിന്നെ ഞാൻ അമൃതസറിലെത്തി. റവ. റോബർട്ട് ക്ലാർക്ക് (ചർച്ച് മിഷൻ സൊസൈറ്റി)ന്റെ കീഴിൽ ജ്ഞാനസ്നാനമേറ്റു. സുവിശേഷ സന്ദേശം ആദ്യമായി എനിക്കെഴുതിയത് ഇദ്ദേഹമായിരുന്നു. ഇസ്ലാമിൽ സംതൃപ്തരായി കഴിഞ്ഞു കൂടുന്ന മൗലവിമാരെ അഭിസംബോധന ചെയ്തുകൊണ്ട് ഞാൻ ഒരുകൃതി രചിച്ചിട്ടുണ്ട് (തഹ്ഖീക്-ഉൽ-ഈമാൻ) ഇപ്പോൾ ഞാൻ ലാഹോറിൽ പാർക്കുന്നു. റവ. ഫോർമാൻ, റവ.ഗുരുദാസ്, റവ.ന്യൂട്ടൺ എന്നിവർ എനിക്ക് കൂട്ടായ്മയുടെ വലതുകരം തന്ന് സഹായിച്ചു.

കർത്താവായ യേശുവിന്റെ കൂട്ടായ്മയിലേക്ക് പ്രവേശിച്ചതിനു ശേഷം ഞാൻ ധാരാളമായി ആത്മീക സംതൃപ്തി അനുഭവിച്ചു. മുൻപിലത്തെ എതിർപ്പും അസ്വസ്ഥതയും എന്നിൽ നിന്നു അപ്രത്യക്ഷമായി. പിന്നീട് എന്റെ മുഖം വിളറിയിട്ടില്ല. ഹൃദയത്തിൽ വലിയ ഉൽകണ്ഠ ഉണ്ടായിട്ടില്ല. ദൈവവചനം വായിക്കുന്നതിലൂടെ അതിയായ സന്തോഷം ഞാൻ കണ്ടെത്തി. മരണത്തെയും ശവകുഴിയെയും പറ്റിയുള്ള ഭയം എന്നെ വിട്ടുമാറി ഇപ്പോൾ ഞാൻ കർത്താവിൽ അത്ഭുതകരമായ സന്തോഷമനുഭവിക്കുന്നു. ദൈവം തമ്പുരാൻ തന്റെ ശാന്തി എന്റെ ഹൃദയത്തിൽ പകർന്നിരിക്കുന്നു.

തുടർന്ന് ബന്ധുമിത്രാദികളെല്ലാം ശത്രുക്കളായി തീർന്നു. എപ്പോഴും ഏതുവിധേനയും എന്നെ ഉപദ്രവിക്കാനാണവർക്കാഗ്രഹം. എന്നാൽ ദൈവീക സമാധാനം കണ്ടെത്തിയതിനാൽ യാതൊന്നുമെന്നെ അസഹ്യപ്പെടുത്തുന്നില്ല. നാഥനുവേണ്ടി സഹിക്കുന്തോറും എന്റെ ആത്മാവിൽ സന്തോഷവും ശാന്തിയും ഏറ്റം വർദ്ധിച്ചിരിക്കുന്നു. എന്റെ സഹോദരങ്ങളും പിതാവും എന്നെ ഇപ്പോഴും സ്നേഹിക്കുകയും എഴുതുകയും ചെയ്യുന്നു. മറ്റുള്ളവരെല്ലാം എന്നെ ഉപേക്ഷിച്ചിരിക്കുന്നു. കർത്താവായ യേശുക്രിസ്തുവിന്റെ കൃപയിലൂടെ, നമ്മുടെ ദൈവത്തിന്റെ നിത്യരക്ഷയിലേക്ക് ഏവരും പ്രവേശിക്കുവാൻ തക്കവണ്ണം അവരുടെ കണ്ണുകൾ തുറക്കപ്പെടട്ടെയെന്നും ദൈവത്തിന്റെ കരുണ അവരിൽ ചൊരിയപ്പെടണമെന്നുമാണ് എന്റെ പ്രാർത്ഥന.

വിശ്വാസിയായതിനുശേഷമുള്ള കഴിഞ്ഞ ഏഴു വർഷത്തിനുള്ളിൽ എനിക്കു സംഭവിച്ചതിനെല്ലാം ഞാൻ ദൈവത്തോട് കൃതജ്ഞതയുള്ളവനാണ്. ജലസ്നാനമേറ്റശേഷം, എന്റെ ഭാര്യക്ക് എന്നോട് അങ്ങേയറ്റം അതൃപ്തിയുണ്ടായി. മാത്രമല്ല, എന്റെ 'അഹംഭാവ'ത്താൽ ഭാര്യയെയും കുഞ്ഞുങ്ങളെയും തനിയെ വിടുവാൻ ഞാൻ നിർബന്ധിതനായി. ദൈവകൃപയാൽ, ക്രിസ്തുവിനെക്കുറിച്ച് അല്പം ജ്ഞാനമാർജ്ജിച്ച അവളും പിന്നീട് എന്റെ മാർഗ്ഗം സ്വീകരിച്ചു. എന്റെ 5 ആൺമക്കളും 4 പെൺമക്കളും സ്നാനമേറ്റ് മസീഹിന്റെ ദാസരായി തീർന്നു (അതിലൊരുവനായ ഹദീദുദീൻ ഞങ്ങളെ വേർപെട്ട് ദൈവവന്നിധിൽ ചെന്നിരിക്കുന്നു).

**അനുബന്ധം**

***1866 ലാണ് മൗലവി ഇമാദുദ്ദീൻ തന്റെ ലഘുജീവചരിത്രം രചിച്ചത്. 1873 ൽ ഈ അനുബന്ധം ചേർത്തു.***

എന്റെ പിതാവ്, വാർദ്ധക്യത്തിൽ സ്നാനമേറ്റെങ്കിലും, മരണസമയത്ത് അദ്ദേഹത്തെ മുസ്ലീമായിട്ടാണ് ബന്ധുക്കൾ കരുതിയത്. അവർ അദ്ദേഹത്തെ മതാചാരപ്രകാരം സംസ്കരിച്ചു. മൂത്ത സഹോദരൻ കരിമുദ്ദീൻ ഇസ്ലാമിൽതന്നെ തുടരുന്നു. ചിലർ മാത്രം ക്രിസ്തുവിൽ വിശ്വസിക്കാനിടയായി.

ലൗകിക പ്രവർത്തനങ്ങളിൽനിന്നും വിരമിച്ച് ദൈവവചനത്തിന്റെ ശുശ്രൂഷകനാകാൻ ദൈവമെന്നെ ആഗ്രഹിച്ചു. ഒരു പാതിരിയായി സേവനമനുഷ്ഠിക്കാൻ ഞാൻ ആഗ്രഹിച്ചിരുന്നില്ല. മസിഹായെക്കുറിച്ചുള്ള ജ്ഞാനംകൊണ്ട് ജനം നീതീകരിക്കപ്പെടുമെന്നുള്ള പ്രവാചകവചനത്തിൽ ഞാൻ വിശ്വസിക്കുന്നു (തൗറാത്ത് യെശയ്യ 53:11).

ക്രിസ്തുവിനെ (മസീഹ്) അറിയുവാൻ ഞാൻ മൂന്നു കാര്യങ്ങൾ ചെയ്തു. ഒന്ന്) പ്രാർത്ഥനാപൂർവ്വമുള്ള ദൈവവചന പാരായണം രണ്ട്) ദൈവവചനപ്രസംഗങ്ങളുടെ ശ്രദ്ധയോടുള്ള കേൾവി, മൂന്ന്) ദൈവത്തെ പിതാവേയെന്നു അഭിസംബോധന ചെയ്തുകൊണ്ടുള്ള പ്രാർത്ഥനകൾ.

സ്നാനശേഷം രണ്ടു വർഷത്തോളം ഗവ. സർവ്വീസിൽ തന്നെ തുടർന്നു. പിന്നീട്, തന്റെ ശുശ്രൂഷ

ക്കായി അവിടുന്ന് എന്നെ വിളിച്ചു വേർതിരിച്ചു.

ക്രിസ്തുയേശുവിനെക്കുറിച്ചുള്ള ദൈവീകപരിജ്ഞാനം ദിനന്തോറും പ്രാപിച്ചു വളരുവാൻ ഞാൻ ബദ്ധശ്രദ്ധനാണ്. ഇതിനിടയിൽ ചില ഗ്രന്ഥ രചനകൾ നടത്താൻ ദൈവമെന്നെ അനുഗ്രഹിച്ചു.

1. തഹ്ഖീഖ്-ഉൽ-ഈമാൻ
2. ഹിദായത്ത്-ഉൽ-മുസ്ലിമിൻ
3. ഹക്കീക്കി ഇർഫാൻ
4. താലിം-ഈ-മുഹമ്മദി
5. തരീക്കി മുഹമ്മദി
6. അത്തർ-ഈ ഖിയാമത്ത്
7. തഫ്സിരി മുഖാർഷഫാ
8. വാഖിഅത്ത്-ഈ-ഇമാദിയ

ഈ കഴിഞ്ഞ ഏഴു വർഷങ്ങളിൽ എന്റെ ജീവിതം സംഭവബഹുലമായിരുന്നു.

ഒന്നാമത്, ക്രിസ്തീയവിശ്വാസിയായതിനുശേഷം ഞാൻ നിരാശപ്പെട്ടിട്ടില്ല. സ്നാനസമയത്ത് എനിക്കുണ്ടായ സന്തോഷം വർദ്ധിച്ചിട്ടേയുള്ളൂ.

രണ്ട്, ലോകത്തിലെ സുഖദുഃഖങ്ങൾക്കൊന്നും ക്രിസ്തുവിലുള്ള എന്റെ സന്തോഷത്തെ കെടുത്തുവാനായില്ല. പത്രോസ് മസീഹിനോട് പറഞ്ഞതെത്ര ശരി. 'കർത്താവേ, നിന്നെ വിട്ട് ഞങ്ങൾ എങ്ങുപോകും. നിത്യജീവന്റെ മൊഴികൾ നിന്നിലുണ്ടല്ലോ! (ഇൻജിൽ യോഹന്നാൻ 6:68). ഞാനല്ല ദൈവസ്നേഹമാണ് എന്നെ ആദ്യം കണ്ടെത്തിയത്.

മൂന്ന്, ക്രിസ്തുവിന്റെ പരിജ്ഞാനത്തിൽ വളരുന്നതോടെ ഒരാളുടെ ആത്മജ്ഞാനവും വർദ്ധിക്കും. അവനിൽ, നമ്മുടെ പാപപ്രവൃത്തിയും ബലഹീനതകളും വെളിവാക്കപ്പെടും.

നാലാമത്, മസീഹിനെക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശക്തി എന്റെ ജീവിതത്തെ പരിവർത്തനം ചെയ്തിരിക്കുന്നു.

അഞ്ച്, നമ്മുടെ ആത്മരക്ഷയുടെ ഉറപ്പ് ക്രിസ്തുയേശുവിലുള്ള പ്രത്യാശയിൽ വേരൂന്നിയിരിക്കുന്നു.

പ്രിയവായനക്കാരെ, ദൈവം ഇവിടെയുണ്ട്, അവിടുന്ന് നമുക്കു നേരെ കരം നീട്ടിയിരിക്കുന്നു. തകർന്നും നുറുങ്ങിയതുമായ (പശ്ചാത്താപവിവശമായ) ഹൃദയത്തോടുകൂടി ഏകവഴിയായ അവനിലേക്ക് വരിക. നിങ്ങൾക്ക് ഈ ലോകത്ത് ആനന്ദവും പരലോകത്ത് നിത്യജീവനും അവിടുന്ന് നൽകും. ഇതിനു പുറത്തുനിന്നാൽ നിത്യനാശമേയുള്ളൂ. ■

**"നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ? ദൈവത്തിന്റെ മന്ദിരം നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കും; ദൈവത്തിന്റെ മന്ദിരം വിശുദ്ധമല്ലോ; നിങ്ങളും അങ്ങനെ തന്നേ."**
**(1 കൊരി. 3:16,17)**

## സാക്ഷി അപ്പോളജറ്റിക്സ് നെറ്റ്‌വർക്കിന്റെ (SAN) രണ്ടു DVD കൾ

### 1.'മസിഹ് ഈസായുടെ സുവിശേഷവും ഈസായുടെ കുരിശുമരണവും'

**എം.എം. അക്ബറിന്റെ എതിർവാദങ്ങൾക്കുള്ള മറുപടി**

പ്രഭാഷകർ: **ബ്രദർ ജെറി തോമസ്**
**റവ. ഡോ. ജോൺസൺ തേക്കടയിൽ**

. . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .

### 2. Debate (English)

## Sin and Salvation in Islam and Christianity

**Br. Jerry Thomas (SAN) Vs**

**Br. Asifudeen Muhammad**

(President, Islamic Academy of Comparitive Religion ~ IACR~ and desciple of Dr. Zakir Naik)

. . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .

**ഓരോന്നിനും തപാൽ ചാർജ്ജടക്കം 100 രൂപ.**

**രണ്ടും ഒരുമിച്ചെടുക്കുന്നവർക്ക് 175 രൂപ.**

*ആവശ്യപ്പെടേണ്ട വിലാസം:*

**അലി മുഹമ്മദ്**

**അൽ-നൂർ, പി.ബി.നമ്പർ 743, തൃശൂർ-680 005**

നിങ്ങളുടെ അഡ്രസ്സിനോടൊപ്പം ഫോൺ/മൊബൈൽ നമ്പർ നിർബന്ധമായും എഴുതിയിരിക്കണം. എങ്കിൽ മാത്രമേ കൊറിയർ അയയ്ക്കുവാൻ സാധ്യമാകൂ.

## പ്രത്യേക അറിയിപ്പ്

വിശുദ്ധ ഇഞ്ചീൽ
പഠനക്കുറിപ്പോടെ
തയ്യാറായിരിക്കുന്നു.

25 രൂപ പോസ്റ്റേജ് അയക്കുന്ന
മുസ്ലീം സഹോദരങ്ങൾക്ക്
സൗജന്യമായി അയച്ചു
കൊടുക്കുന്നതായിരിക്കും.
മൊബൈൽ നമ്പർ സഹിതം
ബന്ധപ്പെടുക.

മുസ്ലീങ്ങൾ അല്ലാത്തവർ
100 രൂപ അയക്കുക.

*ആവശ്യപ്പെടേണ്ടവിലാസം:*

**അൽ-നൂർ**
പി. ബി. നമ്പർ 743
മൂസ്പറ്റ് റോഡ്
എവർ ഗ്രീൻ ലൈൻ
തൃശൂർ – 680 005